# കോയിപ്രം ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



അധികാരം ജനങ്ങളിലേക്ക്

# ജനകീയ ആസൂത്രണം

അധികാരം ജനങ്ങളിലേക്ക്

## കോയിപ്രം ഗ്രാമപഞ്ചായത്ത്

# വികസന രേഖ

# കോയിപ്രം ഗ്രാമപഞ്ചായത്ത്




**കോയിപ്രം ഗ്രാമ പഞ്ചായത്ത്**

1. കാഞ്ഞിരപാറ വാട്ടർ ടാങ്ക്
2. വട്ടമല
3. ശാസ്താംകാവ് ക്ഷേത്രം
4. മുട്ടുമൺ
5. ചെള്ളേത്ത് മുക്ക്
6. കടപ്ര
7. വരാച്ചാൽ
8. നെല്ലിക്കൽ
9. പൂവത്തൂർ കടവ്

# കോയിപ്രം ഗ്രാമപഞ്ചായത്ത് കാര്യാലയം





"ഉറക്കം ഒന്നി ച്ചുണ്ടാന്നിരുന്നപ്പോഴും
ചെവിത്തണ്ടാന്നി"
കോയിപ്രം ഗ്രാമപഞ്ചായത്തിലെ സൈറൺ



**ഡോ. മേരിതോമസ് മാടോലിൽ**
ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്



**ജോർജ്ജ് വറുഗീസ് വടക്കേടത്ത്**
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



**കെ. എസ്. മോഹനൻ നായർ**
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# പഞ്ചായത്ത് ഭരണസമിതി



ജോർജ്ജ് വി. സഖറിയ
വൈസ്. പ്രസിഡൻറ്



കെ. പി. രാധക്കുട്ടിയമ്മ
പ്രസിഡൻറ്



എം. ബി. രാധാകൃഷ്ണപണ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ



പ്രൊഫ. പി. സി. തോമസ്



സി. റ്റി. അച്യുതൻ



നിർമ്മല മാത്യൂസ്



തോമസ് മാത്യു



ആർ. രാധാകൃഷ്ണപ



പി. എൻ. തങ്കപ്പൻനായർ



മേരിക്കുട്ടി ഫിലിപ്പ്



വത്സലാ പൊന്നപ്പ



കോയിപ്രം ഗ്രാമപഞ്ചായത്തു സെക്രട്ടറിയും
സഹപ്രവർത്തകരും

1. ആമുഖം
2. പഞ്ചായത്തു പൊതുവിവരണം
3. ചരിത്രപശ്ചാത്തലം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസനമേഖലകൾ
    - 5–1 കൃഷിയും ജലസേചനവും
    - 5–2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
    - 5–3 വിദ്യാഭ്യാസം
    - 5–4 കുടിവെള്ളവും പൊതുജനാരോഗ്യവും
    - 5–5 വ്യവസായം
    - 5–6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    - 5–7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
    - 5–8 സംസ്ക്കാരം
    - 5–9 വനിതാക്ഷേമം
    - 5–10 സഹകരണമേഖല
    - 5–11 പട്ടികജാതിപട്ടികവർഗ്ഗ ക്ഷേമം
    - 5–12 വിഭവസമാഹരണം

6 ഉപസംഹാരം

# എഡിറ്റോറിയൽ ബോർഡ്

പ്രൊഫ പി.സി. തോമസ്. ചീഫ് എഡിറ്റർ
ശ്രീ. വി.ജി. ശ്രിധരപണിക്കർ
ശ്രീ. പി.ജി. ചന്ദ്രശേഖരൻനായർ
ശ്രീ. എൻ. പ്രഭാകരൻ
ശ്രീ. വി.കെ. ശ്രീധരൻനായർ
ശ്രീ. എം.പി. ജോൺ
ശ്രീ. പി.കെ ചന്ദ്രശേഖരപണിക്കർ
ശ്രീ. പി.എ. ചെറിയാൻ
ശ്രീ. പി.എൻ. സോമൻ
ശ്രീ. കരുണാകരൻ
ശ്രീ പി.കെ. ഗംഗാധരൻ

# മുൻപ്രസിഡന്റുമാർ

1. ശ്രീ. നീലകണ്ഠപിള്ള
2. ശ്രീ. സി.കെ. ഭാസ്ക്കരപണിക്കർ
3. അഡ്വ: പി.കെ. ഗോപാലകൃഷ്ണപണിക്കർ
4. അഡ്വ: ഫിലിപ്പോസ് തോമസ്
5. ശ്രീ. മാത്യൂസ് പി. ഏബ്രഹാം
6. ശ്രീ. കെ.എസ്സ് മോഹനൻനായർ
7. ശ്രീ. എ.ആർ. സദാനന്ദൻ നായർ

# 1

# ആമുഖം

ഇൻഡ്യ സ്വാതന്ത്ര്യം സമ്പാദിച്ച് 49 വർഷങ്ങൾ പിന്നിട്ടെങ്കിലും മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ഇന്നും സാക്ഷാത്കരിക്ക പ്പെട്ടിട്ടില്ല. ഇൻഡ്യയുടെ ആത്മാവ് ഇൻഡ്യൻ ഗ്രാമങ്ങളിലാണന്നുള്ള രാഷ്ട്രപിതാവിന്റെ ആശയം പ്രാവർത്തികമാക്കാൻ ഇത്രനാളും കാത്തിരിക്കേണ്ടിവന്നു. സമ്പൂർണ്ണസാക്ഷരത കൈവരിച്ച കേരളം ജനാധിപത്യം എന്തെന്ന് അക്ഷരാർത്ഥത്തിൽ തന്നെ മനസ്സിലാക്കി ക്കൊണ്ട് ഒരു വികസനസംസ്ക്കാരത്തിലേക്ക് കാലൂന്നിയിരിക്കുന്നു ആ പ്രയാണം ധ്രുതഗതിയിലാക്കേണ്ടിയിരിക്കുന്നു എന്നു മനസിലാക്കി നമ്മുടെ ഗവൺമെന്റും ആസൂത്രണബോർഡും ചേർന്ന് ഒമ്പതാം പദ്ധതി [illegible]കിയ പദ്ധതിയാക്കി മാറ്റുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു കഴിഞ്ഞു.

കഴിഞ്ഞ 8 പഞ്ചവൽസരപദ്ധതികളും നടപ്പിലാക്കി നമ്മുടെ രാജ്യത്തു പലവികസനപ്രവർത്തനങ്ങളും നടന്നു. എന്നാൽ അവയ്ക്ക് പല പോരായ്മകളും ഉണ്ടായിരുന്നു. സാധാരണക്കാരന്റെ അഭിപ്രായത്തിനു വിലകൽപ്പിക്കാത്ത, കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരമായ പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നത്. എന്നാൽ വികസനപ്രക്രിയ താഴേതട്ടിൽ നിന്നുതന്നെഉള്ള അതായത് വികസനത്തിന്റെ ഫലം അനുഭവിക്കേണ്ടുന്ന ഗുണഭോക്താക്കളേ തന്നേ പങ്കാളികളാക്കിക്കൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. കക്ഷിരാഷ്ട്രീയത്തന് അതീതമായി ബഹുജനപങ്കാളിത്തത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരുവികസന സംസ്ക്കാരത്തിലേക്കുള്ള ചുവടുവയ്പ്പുകൾ ആരംഭിച്ചു. കോയിപ്രം പഞ്ചായത്തുപോലെ വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയും ജലസമ്പത്തും മനുഷ്യവിഭവശേഷിയും ഉള്ള ഒരു പഞ്ചായത്തിനെ ജനകീയാസൂത്രണ പരിപാടിയിലൂടെ വികസനത്തിന്റെ നഭോമൺഡലത്തിലേക്ക് കുതിച്ചുയരുവാൻ സാധിക്കും.

സാക്ഷരതയിലും വിദ്യാഭ്യാസ സാമൂഹ്യ സാംസ്ക്കാരീകരംഗങ്ങളിലും നമ്മുടെ പഞ്ചായത്തും മുൻപന്തിയിൽ നിൽക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനത്ത് ഇന്നുകാണപ്പെടുന്ന പല സ്ഥാപനങ്ങളും ഇവിടെ സ്ഥാപിക്കുന്നതിന്റ പിന്നിൽ പ്രവർത്തിച്ച ഏകവ്യക്തി വരിക്കണ്ണാമല വൈദ്യൻ എൽ.നാരായണ പണിക്കർ ആണെന്നുള്ളകാര്യം തർക്കമറ്റ സംഗതിയാണ്.

നമ്മുടെ പഞ്ചായത്ത് വിദേശപണം ഒഴുകിഎത്തുന്ന ഒരുപ്രദേശമായി കണക്കാക്കുന്നു. വിദേശപണത്തിന്റെ കാര്യത്തിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം കുമ്പനാടിനാണന്നുള്ളത് നിസ്തർക്കമാണ്. 39 വിമാനങ്ങളും, ഒരു ബോയിംഗ് 747 ജംബോജറ്റും സ്വന്തമായുള്ള ഏക മലയാളി എന്ന ബഹുമതി കരസ്ഥമാക്കിയ വാഷിംഗ്ടണിൽ താമസക്കാരനായ പുരക്കൽജോൺ ടൈറ്റസ് കുമ്പനാട്ടുകാരനാണ്. ലോകത്തിന്റെ ഏതുകോണിൽചെന്നാലും കോയിപ്രം പഞ്ചായത്തിൽ പെട്ട ഒരാളേയെങ്കിലും കാണുവാൻ സാധിക്കും.

പഞ്ചായത്തിന്റെ ഇന്നുവരെയുള ചരിത്രം പരിശോധിച്ചാൽ ഒരിക്കൽ പോലും വർഗ്ഗീയലഹളകളോ കലാപങ്ങളോ ഉണ്ടായതായികാണുവാൻ സാധിക്കുന്നില്ല. സ്വദേശീപ്രസ്ഥാനം ആഞ്ഞടിച്ചകാലത്തെ നമ്മുടെപഞ്ചായത്തിലെ ആളുകളും അതിൽ പങ്കാളികളായി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അഡ്വകെറ്റ് എ.സി. ജോർജ്ജ്, റ്റി.വി ജേക്കബ്, മനോരമ ചാക്കോച്ചൻ തുടങ്ങിയവരുടെ പേരുകൾ പ്രത്യേക പ്രസ്ഥാവ്യമത്രേ.

നൂറ്റാണ്ടുകളായി നമ്മൾകാത്തു സൂക്ഷിക്കുന്ന മതസൗഹാർദ്ദവും, സമാധാനവും, സാമൂഹിക സാംസ്ക്കാരീക രംഗങ്ങളിൽ പുലർത്തിപ്പോരുന്ന ഔന്നത്യവും കാത്തുസുക്ഷിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയും. ജനപങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതി ആവിഷ്ക്കരണം ലക്ഷ്യമാക്കി 5-10-96 ൽ പഞ്ചായത്തു തലപരിശീലനം ആനമല പള്ളിയോടനുബന്ധിച്ചുള്ള പാരീഷ് ഹാളിൽ വച്ചുനടന്നു.പിന്നീട് പതിനൊന്നു വാർഡുകളിലും കൂടിയ ഗ്രാമസഭകൾ 13-10-96 ൽ പൂർത്തിയാക്കി. ജനപങ്കാളിത്തം കൊണ്ട് ഗ്രാമസഭകൾ ശ്രദ്ധേയമായിരുന്നു. ഗ്രാമസഭകളിൽ 12 വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ചകൾ നടന്നു. തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പ് ലീഡറന്മാരുടെ യോഗം 26-10-96 ൽ ഗവ.യു.പി.ജി.എസിൽ കൂടി. യോഗത്തിൽ 206 പേർ പങ്കെടുത്തു. അവരിൽ നിന്നും 55 പേരടങ്ങുന്നകർമ്മസമിതി രൂപീകരിച്ചു. ദ്വതീയ വിവരശേഖരണത്തിനുള്ള ഗ്രൂപ്പുകൾ സംഘടിപ്പിച്ചു. 4-10-96 മുതൽ 16-11-96 വരെയുള്ള തീയതികളിൽ 12 വിഷയങ്ങളെകുറിച്ചുള്ള പഞ്ചായത്തുതല ക്രോഡീകരണം നടന്നു. 18-11-96 ൽ പഞ്ചായത്തുതലത്തിൽ രണ്ടാം ഘട്ട പരിശീലനം നടന്നു. 27-11-96 ൽ പഠനപര്യടനം നടത്തി, ഭൂമിയുടെ കിടപ്പ്, മണ്ണിന്റെ സ്വഭാവം, ജലലഭ്യത, വിളകൾ ഇവ മനസ്സിലാക്കാൻ സാധിച്ചു. 30-11-96 ൽ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വിവിധവിഷയ ങ്ങളുടെ ചർച്ച നടന്നു. 7-12-96 ൽ വിദഗ്ദസമിതി കൂട്ടി വികസന റിപ്പോർട്ടിന്റെ രൂപരേഖ തയ്യാറാക്കി, പഞ്ചായത്ത് കമ്മറ്റി പാസാക്കി. കോയിപ്രം പഞ്ചായത്തിന്റെ സമൂല വികസനം സാദ്ധ്യമാക്കുന്നതിനു വേണ്ടി ജനപങ്കാളിത്തത്തോടു കൂടി തയ്യാറാക്കിയ വികസന റിപ്പോർട്ട് പൊതുജനസമക്ഷം സവിനയം സമർപ്പിക്കുന്നു.

❖❖❖❖❖❖❖❖❖❖

2

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | കോയിപ്രം |
| പഞ്ചായത്ത് ആഫീസ് ആസ്ഥാനം | – | പുല്ലാട് |
| ഉൾപ്പെടുന്ന വില്ലേജ് | – | കോയിപ്രം |
| ബ്ലോക്ക്പഞ്ചായത്ത് | – | കോയിപ്രം |
| അസംബ്ലി മണ്ഡലം | – | ആറന്മുള |
| ലോകസഭാ മണ്ഡലം | – | മാവേലിക്കര |
| വിസ്തീർണ്ണം | – | 22.23 ച.കി.മി. |
| വാർഡ് | – | 11 |
| അതിരുകൾ | – | വടക്ക് – പുറമറ്റം, എഴുമറ്റൂർ ഗ്രാമപഞ്ചായത്തുകൾ കിഴക്ക് |
| | – | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്തെക്ക് – പമ്പാനദി |
| പടിഞ്ഞാറ് | – | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | – | 25517 |
| പുരുഷന്മാർ | – | 12203 |
| സ്ത്രീകൾ | – | 13314 |
| പ്രസിഡന്റിന്റെ പേര് | – | കെ.പി.രാധക്കുട്ടിയമ്മ |
| വൈസ് പ്രസിഡന്റിന്റെ പേര് | – | ജോർജ്ജ് വി. സഖറിയ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | – | എം.ബി.രാധാകൃഷ്ണ പണിക്കർ |

## നിലവിവുള്ള പ്രധാനസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | പഞ്ചായത്ത് ആഫീസ് | 3 | പുല്ലാട് |
| 2 | ബ്ലോക്ക് ആഫീസ് | 3 | പുല്ലാട് |
| 3 | വില്ലേജ് ആഫീസ് | 3 | പുല്ലാട് |
| 4 | പോലീസ് സ്റ്റേഷൻ | 3 | പുല്ലാട് |
| 5 | അസിസ്റ്റന്റ് എഡ്യുക്കേഷണൽ ആഫീസ് | 3 | പുല്ലാട് |
| 6 | ക്ഷീരവികസന ആഫീസ് | 3 | പുല്ലാട് |
| 7 | മൃഗാശുപത്രി | 3 | പുല്ലാട് |
| 8 | സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No:195 | 3 | പുല്ലാട് |
| 9 | സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No:1375 | 3 | പുല്ലാട് |
| 10 | പട്ടിക ജാതി - പട്ടിക വർഗ്ഗ സഹകരണ സംഘം P.T.2 | 3 | പുല്ലാട് |
| 11 | കോയിപ്രം ബ്ലോക്ക് വനിതാ സഹകരണ സംഘം P.T.65 | 3 | പുല്ലാട് |
| 12 | സ്റ്റേറ്റ് സീഡ് ഫാം | 3 | പുല്ലാട് |
| 13 | മാവേലി സ്റ്റോർ | 3 | പുല്ലാട് |
| 14 | വാട്ടർ അതോറിട്ടി ആഫീസ് | 3 | പുല്ലാട് |
| 15 | സബ്ട്രഷറി | 5 | കുമ്പനാട് |
| 16 | കൃഷിഭവൻ | 4 | പുല്ലാട് |
| 17 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് | 4 | പുല്ലാട് |
| 18 | ഇലക്ട്രിസിറ്റി ആഫീസ് | 4 | കുമ്പനാട് |
| 19 | പ്രൈമറി ഹെൽത്ത് സെന്റർ | 11 | കോയിപ്രം |
| 20 | ആയുർവേദ ഡിസ്പെൻസറി | 8 | കടപ്ര |
| 21 | ഫാമിലി വെൽഫെയർ സെന്റർ | 8 | കടപ്ര |
| | | 10 | പൂവത്തൂർ |
| | | 5 | ഐരാക്കാവ് |
| 22 | ഐ.സി.ഡി.പി. സെന്റർ | 10 | പൂവത്തൂർ |
| 23 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | 8 | കടപ്ര |
| | | 3 | പുല്ലാട് |
| 24 | ബാലവാടികൾ | 1 | കാഞ്ഞിരപ്പാറ |
| | | 2 | ആന്താലിമൺ |
| | | 3 | ആത്മാവ് ജംഗ്ഷൻ |
| | | 6 | നെല്ലിമല |

| | | | |
|---|---|---|---|
| | | 8 | കടപ്ര |
| 25 | ധർമ്മ സ്ഥാപനം | 4 | കുമ്പനാട് |
| 26 | സിനിമാശാല | 4 | കുമ്പനാട് |
| 27 | സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 875 | 6 | കടപ്ര |
| 28 | ടെലിഫോൺ ഓഫീസ് | 6 | കുമ്പനാട് |
| 29 | പോസ്റ്റ് ആഫീസുകൾ | 3 | പുല്ലാട് |
| | | 1 | കുറുങ്ങഴ ഭാഗം |
| | | 2 | കുറവൻ കുഴി |
| | | 9 | വരയന്നൂർ |
| | | 10 | പൂവത്തൂർ |
| | | 11 | കോയിപ്രം |
| | | 6 | കടപ്ര |
| | | 6 | കുമ്പനാട് |
| | | 4 | മുട്ടുമൺ |
| 30 | ബാങ്കുകൾ | 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പുല്ലാട്. |
| | | 5 | ' ' കുമ്പനാട്. |
| | | 6 | ' ' നെല്ലിമല. |
| | | 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കുമ്പനാട് |
| | | 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, കുമ്പനാട് |
| | | 3 | സൗത്ത് ഇൻഡ്യൻ ബാങ്ക്, പുല്ലാട് |
| | | 4 | സൗത്ത് ഇൻഡ്യൻ ബാങ്ക്,കുമ്പനാട് |
| | | 10 | ഫെഡറൽ ബാങ്ക്,പൂവത്തൂർ |
| | | 6 | ' ' കുമ്പനാട് |
| | | 4 | നെടുങ്ങാടി ബാങ്ക്,കുമ്പനാട് |
| | | 4 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്,കുമ്പനാട് |
| | | 5 | ബാങ്ക് ഓഫ് മധുര,കുമ്പനാട് |
| | | 3 | തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്,പുല്ലാട് |
| | | 5 | ' ' ബാങ്ക്,കുമ്പനാട് |
| | | 7 | ജില്ലാ സഹകരണ ബാങ്ക്,കരീലമുക്ക് |
| 31 | വിദ്യാലയങ്ങൾ | 3 | ശ്രീ വിവേകാനുന്താ ഹൈസ്കൂൾ പുല്ലാട് |
| | | 5 | നോവൽ മെമ്മോറിയൽ ഹൈസ്കൂൾ, കുമ്പനാട് |
| | | 11 | ഗവ. ഹൈസ്കൂൾ, കോയിപ്രം |
| | | 5 | ബ്രദറൻ ഇംഗ്ലീഷ്മിഡിയം സ്കൂൾ കുമ്പനാട് |

| | | | |
|---|---|---|---|
| | | 2 | ഗവ യു.പി. സ്കൂൾ, പുല്ലാട് |
| | | 3 | ഗവ യു.പി.ജി. സ്കൂൾപുല്ലാട് |
| | | 6 | ഗവ യു.പി.ബി. സ്കൂൾ, കുമ്പനാട് |
| | | 10 | സർവ്വോദയാ യു.പി. സ്കൂൾ, പൂവത്തൂർ |
| | | 1 | ഗവ. ന്യൂ എൽ.പി. സ്കൂൾ, കുറവൻകുഴി |
| | | 1 | എം.റ്റി.എൽ.പി. സ്കൂൾ, കുറുങ്ങഴ |
| | | 3 | എം.റ്റി.എൽ.പി. സ്കൂൾ, കുന്നന്താനം |
| | | 3 | എം.റ്റി.എൽ.പി. സ്കൂൾ, പുല്ലാട് |
| | | 3 | ഇ.എ.എൽ.പി സ്കൂൾ, പുല്ലാട് |
| | | 5 | എസ്സ്.എ.എൽ.പി. സ്കൂൾ, മഠത്തുംഭാഗം |
| | | 4 | ഗവ. മോഡൽ എൽ.പി.സ്കൂൾ, കുമ്പനാട് |
| | | 6 | ഇ.എ.എൽ.പി. സ്കൂൾ, നെല്ലിമല |
| | | 7 | സെന്റ് തോമസ് എൽ.പി.സ്കൂൾ, തട്ടയ്കാട് |
| | | 10 | എം.റ്റി.എൽ.പി. സ്കൂൾ, പൂവത്തൂർ |
| | | 10 | ഗവ. എൽ.പി. സ്കൂൾ, പൂവത്തൂർ |
| | | 9 | എം.റ്റി.എൽ.പി. സ്കൂൾ, വരയന്നൂർ |
| | | 8 | എം.റ്റി.എൽ.പി. സ്കൂൾ, കടപ്ര |
| | | 10 | സി.എം.എസ്സ്.എൽ.പി. സ്കൂൾ, പൂവത്തൂർ |
| 32 | ഷീരവ്യവസായ സഹകരണസംഘങ്ങൾ | 2 | വള്ളിക്കാലാ |
| | | 3 | പുല്ലാട് |
| | | 4 | കുമ്പനാട് |
| | | 11 | കോയിപ്രം |

✠✠✠✠✠✠✠✠✠✠✠✠✠✠

3

# ഗതകാല ചിത്രങ്ങൾ

മദ്ധ്യതിരുവതാംകൂർ പ്രദേശത്തെ ധനധാന്യ സമൃദ്ധമാക്കിക്കൊണ്ട് സഹസ്രാബ്ദങ്ങളായി പ്രവഹിച്ചു കൊണ്ടിരിക്കുന്ന പയസ്വിനിയായ പമ്പാനദിയുടെ ഉത്തര പാർശ്വത്തിൽ ചരിത്രാതീത കാലം മുതൽ നിലനിന്നിരുന്ന ഒരു ജനപദത്തിന്റെ ആവാസസ്ഥാനമായിരുന്നു ഇന്ന് കോയിപ്രം പഞ്ചായത്ത് എന്ന് അറിയപ്പെടുന്ന ഭൂവിഭാഗം. തിരുവിതാംകൂർ ചരിത്രത്തിന്റെ റവന്യൂ ഭരണത്തിന്റെ ഒരു സുപ്രധാന ഘടകമായിരുന്നു കോയിപ്രം ഗ്രാമപ്രദേശം. പുല്ലാട് കച്ചേരി സ്ഥലമായി സംഘടിപ്പിക്കപ്പെട്ടിരുന്ന ഒരു 'പ്രവൃത്തി ' പ്രദേശമായിരുന്നു കോയിപ്രം. താലൂക്കിന്റെ കീഴ് ഘടകമായിരുന്നു പ്രവൃത്തി എന്ന് അറിയപ്പെട്ടിരുന്നത്. പ്രവൃത്തിയുടെ ഭരണ ചുമതല നിർവഹിച്ചിരുന്ന ഉദ്യോഗസ്ഥനായിരുന്നു 'പ്രവൃത്തിയാർ' (ഇന്നത്തെ വില്ലേജ് ആഫീസർ). സിവിലും ക്രിമിനലുമായ കുറ്റങ്ങൾ വിചാരണ ചെയ്ത് ശിക്ഷ നൽകാൻ അധികാരം രാജകീയ കല്പന മൂലം അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഇന്നത്തെ കളക്ടർക്കുള്ളതിനേക്കാൾ കനത്ത അധികാരമുള്ള ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം.

ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായ മാർത്താണ്ഡവർമ്മയുടെ സൈന്യ നിരകൾ മലവെള്ളപ്പാച്ചിൽ പോലെ പത്മനാഭപുരത്തു നിന്ന് രാമയ്യൻ ദളവായുടെ നേതൃത്വത്തിൽ വടക്കോട്ട് തമ്പി കയറി ഓരോന്നോരോന്നായി ചെറിയ രാജ്യങ്ങളെ തോൽപിച്ച് പതം വരുത്തി രാജ്യം സ്ഥാപിച്ച് ഭരണം ഉറപ്പിച്ചതിന് ശേഷമാണ് ഇന്നത്തെ സർക്കാർഭരണത്തിന്റെ സമ്പ്രദായങ്ങൾ ഉറയ്ക്കാൻ തുടങ്ങിയത്. അദ്ദേഹത്തിനു ശേഷം രാജ്യം ഭരിച്ച ധർമ്മരാജാവും അദ്ദേഹത്തിന്റെ പ്രധാനമന്ത്രി ആയിരുന്ന 'മന്ത്രിമണ്ഡല ഭാസ്കരൻ' എന്ന ബിരുദം വഹിച്ചിരുന്ന ദിവാൻ കേശവപിള്ളയും (രാജാ കേശവദാസൻ), അടുത്ത തലമുറയിൽ വേലുത്തമ്പി ദളവായും മുൻകൈ എടുത്താണ് സർക്കാരിന്റെ ഘടന ഉറപ്പിച്ചതും ഭരണസമ്പ്രദായം കേന്ദ്രീകരിച്ചതും.

മഹോദയപുരം തലസ്ഥാനമാക്കി രണ്ടാം ചേരസാമ്രാജ്യം ഭരിച്ചിരുന്ന പെരുമാക്കന്മാരുടെ പതനത്തിനു ശേഷം മാർത്താണ്ഡ വർമ്മയുടെ കാലത്തിനു മുമ്പ്, ഇന്ന് കോയിപ്രം പഞ്ചായത്ത് ഉൾപ്പെടുന്ന തിരുവല്ലാ താലൂക്കും പരിസരങ്ങളും ചങ്ങനാശ്ശേരി തലസ്ഥാനമാക്കി ഭരിച്ചിരുന്ന തെക്കുംകൂർ രാജവംശത്തിന്റെ കീഴിലായിരുന്നു. സുശക്തമായ ഭരണകൂടമോ അധികാര കേന്ദ്രമോ നിലവിലില്ലാതെ പോയ ആ കാലഘട്ടത്തിൽ ഇടപ്രഭുക്കന്മാർ ചെറിയ ചെറിയ പ്രദേശങ്ങളിൽ അധികാരമുറപ്പിച്ച് സർവ്വതന്ത്രസ്വതന്ത്രമായി ഭരണം നടത്തിയിരുന്നു. 'കോവിലന്മാർ' എന്ന ഇടപ്രഭിക്കന്മാരുടെ നിയന്ത്രണത്തിൽ വന്ന ഭൂപ്രദേശത്തിന് 'കോവിൽപ്പുരം' എന്ന പേരു വന്നതായും അത് രൂപാന്തരപ്പെട്ട് കോയിപ്രം ആയതായും ചിലർ

അഭ്യൂഹിക്കുന്നു. മാർത്താണ്ഡവർമ്മയുടെ പടയോട്ടത്തിന്റെ കുത്തൊഴുക്കിൽപെട്ട് ഈ ഇടപ്രഭുക്കന്മാരുടെ അധികാരത്തിന്റെ കടലാസുതോണികൾ ഒഴുകിപ്പോയി. തന്ത്രപരമായി ആറന്മുളരാജസ്ഥാനം പിടിച്ചടക്കിയ ദളവാ രാമയ്യനാണ് പടനയിച്ച് 'പടമണ്ണ്' എന്നസ്ഥലത്തുവച്ച് കോവിലന്മാരെ അമർച്ച ചെയ്തു നിലം പരിശാക്കിയത് എന്ന് പറയപ്പെടുന്നു

കൊച്ചി രാജ്യത്തെ ഇടപ്പള്ളി രാജാവിന് ഈ പഞ്ചായത്തു പ്രദേശത്തുനിന്ന് കരം പിരിക്കുന്നതിനുള്ള അവകാശം നൂറ്റാണ്ടുകളായി നിലനിന്നിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമമാണ് ഈ അവകാശം അറ്റുപോയത്. ഇവിടുത്തെ ആദ്യത്തെ നിരത്ത് എഴുമറ്റൂരിൽ നിന്ന് തടിയൂർ വഴി, കോളഭാഗം മുക്കിലെത്തി മുണ്ടക്കോട്ടു വഴി, തോട്ടപ്പുഴശേരി പഞ്ചായത്തിന്റെയും കോയിപ്രം പഞ്ചായത്തിന്റെയും പൊതുഅതിരിൽ കൂടി പുല്ലാട് ഗവ: യു.പി.എസ് നു സമീപത്തു കൂടി കടന്ന് ഇളപ്പുങ്കൽ മുക്കിൽ എത്തി പടിഞ്ഞാറോട്ടു തിരിഞ്ഞ് ആത്മാവുകവല വഴി പടിഞ്ഞാറ്റേതിൽ ഊട്ടുപുരയ്ൽ അവസാനിക്കുന്ന മൺപാതയായിരുന്നു. ഇടപ്പള്ളി തമ്പുരാനെ പല്ലക്കിലേറ്റി പുല്ലാട് പൂവത്തൂർ പ്രദേശങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഈ പാത അക്കാലത്ത് വാഹനഗതാഗതയോഗ്യമല്ലായിരുന്നു. ഇപ്പോൾ അല്പം ചില വ്യതിയാനങ്ങളോടു കൂടി ഈ പാത ഉടനീളം ഗതാഗതക്ഷമമാക്കിയിട്ടുണ്ട്. തിരുവല്ലാ- കോഴഞ്ചേരി റോഡും, മുട്ടുമൺ- റാന്നി റോഡും, കുമ്പനാട് - ആറാട്ടുപുഴ റോഡും പുല്ലാടിന്റെ ഹൃദയഭാഗത്തു നിന്ന് വടക്കോട്ടു മല്ലപ്പള്ളിക്കുള്ള കൃഷ്ണൻ നായർ റോഡും മറ്റ് അനേകം ഉപറോഡുകളും കോയിപ്രം പഞ്ചായത്തിന്റെ തലങ്ങനും വിലങ്ങനും കടന്നുപോയി സഞ്ചാരസൗകര്യം വർദ്ധിപ്പിച്ചിരിക്കുന്നു. ഈ നിരത്തുകളെല്ലാം ജന സഹകരണത്തോടുകൂടി നിർമ്മിച്ചവയാണ്. വൈദ്യൻ എൻ. നാരായണപ്പണിക്കരുടെ നേതൃത്വത്തിൽ നിർമ്മിച്ച് തിരുവതാംകൂർ ദിവാൻ കൃഷ്ണൻനായരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിച്ചതാണ് കൃഷ്ണൻ നായർ റോഡ്.

കോയിപ്രം പഞ്ചായത്തിന്റെ തെക്കുവശത്തു കൂടി കിഴക്കുപടിഞ്ഞാറായി പമ്പാനദി ഒഴുകുന്നു. കിഴക്ക് തോട്ടപ്പുഴശേരിയും, പടിഞ്ഞാറ് ഇരവിപേരൂരും വടക്ക് എഴുമറ്റൂരും പുറമുറ്റവും പഞ്ചായത്തുകളുമാണ് അതിരുകൾ. പഞ്ചായത്ത് അതിർത്തിയിലുള്ള സ്ഥലങ്ങളുടെ പേരുകളുടെ നിഷ്പത്തിയെപ്പറ്റി ഒന്നും തീർത്തു പറയാൻപറ്റുകയില്ല. നൂറ്റാണ്ടുകളുടെ ഇഴഞ്ഞനീങ്ങലിൽ അവയുടെ രൂപഭാവങ്ങൾക്ക് തിരിച്ചറിയാൻ പറ്റാത്ത വേഷപ്പകർച്ചകൾ വന്നു പോയിട്ടുണ്ട്.

നാടിന്റെ ചരിത്രം അതിന്റെ ഭൂമിശാസ്ത്രവുമായി ഉറ്റബന്ധം പുലർത്തുന്നുണ്ട്. ചെറിയ കുന്നുകളും, താഴ്വാരങ്ങളും, പാടങ്ങളും ജലാശയങ്ങളും, തോടുകളും അവിടെ ജീവിക്കുന്ന ജനങ്ങളുടെ ജീവിതശൈലിയെ സ്വാധീനിക്കും. ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണിന്റെ സ്വഭാവും മഴയുടെ ലഭ്യതയും ഇവിടുത്തെ ജനങ്ങളെ കൃഷിയിലേക്ക് ആഭിമുഖ്യം വളർത്താൻ സഹായിച്ചിട്ടുണ്ട്. പമ്പാനദി ഒരു കാലത്ത് പുല്ലാട്ടുള്ള 'മണിയാർ' ഭാഗത്തുകൂടി ഒഴുകിയിരുന്നതായി ഐതിഹ്യമുണ്ട്. മണിയാർ ഭാഗത്ത് പാടത്ത് കുഴികുഴിച്ചുനോക്കിയാൽ ഇന്നും വെൺമണലിന്റെ അട്ടികൾ കാണാൻ കഴിയും. ചരിത്രാതീത കാലത്ത് കുറിയന്നൂരിനു തെക്ക് പ്രമാടം കടവിൽ ഉണ്ടായ പ്രകൃതി ക്ഷോഭത്തിന്റെ ഫലമായി ഉയർന്ന് വന്ന പ്രമാടത്തുപാറ നദിയെ തെക്കോട്ടു തിരിച്ചുവിട്ടതായി പഴമക്കാർ പറയുന്നുണ്ട്. ആത്മാവ് കവലയിൽ നിന്ന് 100 മീറ്റർ തെക്കുള്ള അരീക്കുഴി കുളത്തിലേക്ക്

കിഴക്കുനിന്ന് ഒരു ഭൂഗർഭ ജല സ്രോതസ് ഒഴുകിയിറങ്ങുന്നുണ്ട്. പ്രമാടം ഭാഗത്തിന്റെ ദിശയിൽ നിന്നും വരുന്ന ഈ ഭൂഗർഭജല പ്രവാഹം മൂലം അരീക്കുഴിക്കുളം ഒരിക്കലും നീരുവറ്റാത്ത ജലാശയമായി നില നിൽക്കുന്നു.

പ്രാചീന ജനജീവിതത്തെപ്പറ്റിയുള്ള വിവരങ്ങൾ വളരെ വിരളമാണ്. പുല്ലാടിന്റെ കിഴക്കേ അറ്റത്ത്, കുറവൻകുഴിചിറയ്ക്കു കിഴക്ക് ഇന്നും 'മരുതോണ്' എന്ന പേരിൽ ഒരു ഭാഗമുണ്ട്. പ്രതാപശാലികളായ മര്ത്തോൺ പോറ്റിമാരുടെ സമൂഹസ്ഥാനമായിരുന്നു അത്. പ്രവൃത്തി ദോഷം കൊണ്ട് ആ സമൂഹം അന്യം നിന്നുപോയെന്നു പറയപ്പെടുന്നു. ജന്മനാ ബ്രാഹ്മണനല്ലെങ്കിലും കർമ്മനാ ബ്രാഹ്മത്വം നേടിയിരുന്ന പട്ടികജാതിക്കാരനായ 'ഓമൽ' എന്ന സിദ്ധൻ കഴിഞ്ഞ നൂറ്റാണ്ടിൽ പ്രതിഷ്ഠിച്ച ശിവലിംഗ ശില്പാ സ്ഥാനത്ത് ഇന്ന് മയിലാടും പാറയിൽ ഒരു ക്ഷേത്രമുണ്ട്. അത് പുല്ലാടിനു കിഴക്ക് ചുരൽകുന്നിനോടു ചേർന്നു സ്ഥിതിചെയ്യുന്നു.

ജാതിപ്പിശാചിന്റെ കിരാതതാണ്ഡവത്തിന്റെ പെരുമ്പറ മുഴങ്ങിയിരുന്നു. കോയിപ്രം പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കൂലിയോ ഏതെങ്കിലും വേതനമോ കൂടാതെ മേലാളന്മാർക്ക് വേണ്ടി പകലിരവു പണിയെടുത്തിരുന്ന ഒരു സമൂഹം, അടിമകളായി, അധഃസ്ഥിതരായി, അജ്ഞതയുടെയും അവഗണനയുടെയും അന്ധകാരകുണ്ടുകളിൽ തളർന്ന് വലഞ്ഞു ജീവിച്ചിരുന്നു. അന്നത്തെ നിലയ്ക്ക് താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക സൗകര്യങ്ങളും പ്രാമാണ്യവും, അധീശത്വവും ഭൗതീകവിഭവസമ്പത്തുകളും സ്വായത്തമാക്കിയ ഒരു വരേണ്യ വർഗ്ഗം അവയ്ക്കുമേൽ മർദ്ദന ചൂഷണങ്ങൾ അടിച്ചേൽപ്പിച്ചിരുന്നു. ബ്രഹ്മശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ തന്റെ സ്മരണകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ അക്കാലത്ത് നിലവിലിരുന്ന അന്ധവിശ്വാസ ജഡിലമായ സാമൂഹ്യ ഘടനയെ ഇങ്ങനെ വിശകലനം ചെയ്യുന്നു. അത്യാഡംബരപൂർവ്വം നാലുദിവസം കൊണ്ട അവസാനിക്കുന്ന കെട്ടുകല്ല്യാണം, തിരണ്ടുകുളി, പുളികുടി, പിള്ളയൂണ്, പിണ്ഡഅടിയന്തിരം, സംക്രാന്തിക്കൂട്ടം, ദ്വാദശിക്കൂട്ടം എന്നീവിവിധപേരുകളിൽ വിഭവസമൃദ്ധമായ സദ്യകൾ നടത്താൻ ഓരോ കുടുബക്കാരും മൽസരബുദ്ധിയോടുകൂടി പരിശ്രമിച്ച് സാമ്പത്തികമായി ക്ഷയിച്ചുകൊണ്ടിരുന്നു. പടിഞ്ഞാറ്റേതിൽവച്ച് 28 ചുണ്ടൻവള്ളങ്ങൾക്ക് ആറന്മുള വള്ളസദ്യ നടത്തിയതു ഊന്നുപാറക്കൽ വച്ച 4 ദിവസത്തെ അത്യാഡംബര സദ്യയോടുകൂടി, പാലക്കാട്ടുകാരൻ പരദേശിബ്രാഹ്മണന്റെ പൗരോഹിത്യത്തിൽ നെല്ലിക്കല്ല്യാണം കഴിപ്പിച്ചതും അന്ന് പുണ്യകരവും, അഭിമാനകരമായി പലരും കരുതിയുരുന്നു.

(സന്താന ലബ്ധിക്ക് ഉതകുന്ന ഉത്തമകർമ്മമാണ് നെല്ലികല്ല്യാണം എന്ന് ബ്രാമണ്ർ അന്നത്തെ കാരണവൻമാരെ തെറ്റധരിപ്പിച്ച് സംഘടിപ്പിച്ചതാണ് ഈ ചടങ്ങ്. ഫലസമൃധമായ നെല്ലിവൃക്ഷം വധുവും പവിത്രമായ ഔഷവീര്യമുള്ള തുളസീചെടി വരനുമായി സങ്കൽപ്പിച്ച് അവർതമ്മിലുള്ള കല്ലാണം അത്യാർഭാട പുരസരം ആഘോഷിച്ച് വിഭവസമ്പന്നമായ സദ്യനടത്തുന്നതും ഭാരിച്ച ദക്ഷിണ വാങ്ങുന്നതുമായ ചടങ്ങാണ് ഇത് സവർണ്ണർക്കല്ലാതെ അധഃസ്ഥിതരായ താണജാതിക്കാർക്ക് ഇതിലെ അദ്ധ്വാന നിർവ്വഹണം ഒഴികെ മറ്റൊന്നനും പങ്കില്ലായിരുന്നു.

അഞ്ജാനത്തിന്റെയും അന്ധവിശ്വാസത്തിൻയും അതീസാരം പിടിച്ച വരേണ്യ സമൂഹം മറ്റുകർകളിലും ഇത്തരം ചടങ്ങുകൾ സംഘടിപ്പിച്ചിരന്നു. സമൂഹത്തിന്റെ ഏകതാനമായ വികസനത്തിനും അഖി

ലതലങ്ങളിലേക്കും ഉള്ള സമത്വസാഹോദര്യ വ്യാപനത്തിനും മാനുഷീകമൂല്യങ്ങളുടെ വളർച്ചക്കും ഏറ്റവും ഉതകുന്ന പ്രേരക ഘടകം വിദ്യാഭ്യാസമാണന്നുള്ള സൂര്യ തുല്ല്യം സുപ്രദമായ നിത്യസത്യം കണ്ടത്തി ഇരുട്ടിന്റെ ശക്തികളോടു പോരാടാൻ ഈ പഞ്ചായത്തു പ്രദേശത്തിന്റെ എല്ലാകോണുകളിലും മനുഷ്യമഹത്വത്തിന്റെ പതാകപിടിച്ച പടയാളികൾ അണി നിരക്കാൻ തുടങ്ങി. അവർക്ക് ശസ്ത്രവും ശാസ്ത്രവുമായി ഒരുങ്ങിനിന്ന് നേതൃത്വം നൽകിയത് പുല്ലാട്ട് വൈദ്യൻ എൻ നാരായണപണിക്കരായിരുന്നു. ആശക്തി സ്തംഭത്തോടുചേർന്നുനിന്ന് അടരാടാൻ ജാതിമത ഭേദചിന്തകൂടാതെ അങ്കകച്ച മുറുക്കിയ പൂർവ്വസൂരികളേ അനുസ്മരി ക്കുന്നതു തന്നേ അഭിമാനകരമായ കൃത്യമാണ്.

പട്ടകജാതിക്കാർക്ക് എതിരേ അതികർക്കശമായ വിവേചനവും വിദ്യാഭ്യാസ വിലക്കും നിലവിലിരുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നേ പകലന്ത്യോളം പണിഎടുത്തു തളർന്ന ആ ഹതഭാഗ്യർക്കുവേണ്ടി, യാഥാസ്ഥിതികരുടെ എതിർപ്പിനെ നേരിട്ടുകൊണ്ടുതന്നെ ഈ പഞ്ചായത്തിൽ ചരിത്രത്തിൽ ആദ്യമായി ഒരുനിശാപാഠശാല ഏർപ്പെടുത്തിയത് അദ്ദേഹമാണ്. അദ്ദേഹത്തിൽനിന്ന് അക്ഷര ത്തിന്റെ അഗ്നിപ്രഭാവം ഏറ്റുവാങ്ങാൻ സൗഭാഗ്യം സിദ്ധിച്ചിരുന്ന പഴേതലമുറയിൽ പെട്ട കാരണവൻമാർ ഈ വസ്തുത കണ്ണീരോടുകൂടി വിവരിക്കുന്നതു കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ വെള്ളി വെളിച്ചം സമൂഹത്തിന്റെ ഇരുളടഞ്ഞ കോണു കളിലെത്തിക്കാൻ ക്രസ്ത്യൻമിഷിനറിമാരും സഭകളും നിസ്തുലമായപങ്ക് വഹിച്ചിട്ടുണ്ട്. പത്തൊൻമ്പതാം നൂറ്റാണ്ടിൽതന്നേ സ്ഥാപിച്ചവിദ്യാലയങ്ങളാണ് പൂവത്തൂർ സി.എം.സ്സ്.എൽ.പി.എസ്സ്. പുലരികാട്ട് ഈ.എ.എൽ.പി.എസ്സ്. കുന്നന്താനം എം.റ്റി.എൽ.പി.എസ്സ്. പൂവത്തൂർ എം.റ്റി.എൽ.പി.എസ്സ്. പൂവത്തൂർ എം.റ്റി.എൽ.പി.എസ്സ്.ലെ അദ്ധ്യാപക നായിരുന്നു മഹാകവി കെ.വി. സൈമൻ സ്കൂളുകളുടെ സ്ഥാപനപോഷണങ്ങളിൽ പങ്കെടുത്ത ചില പുണ്യാത്മാക്കളുടെ വിവരങ്ങൾ

1. വൈദ്യൻ എൻ. നാരായണപണിക്കർ എസ്സ്.വി.ച്ച്.സ്. പുല്ലാട് പൗരസ്തൃകലാലയം, ഗവൺമെന്റ് യു.പി.എസ്സ്. പുല്ലാട്.
2. തെങ്ങും തോട്ടത്തിൽ ഇടിചേന്തൻ നായർ –ഗവൺമെന്റ് യു.പി.എസ്സ്. പുല്ലാട്.
3. വല്ല്യകാലായിൽ ഗീവർഗീസ് –ഗവൺമെന്റ് യു.പി.എസ്സ്.പുല്ലാട്.
4. ചട്ടക്കുളത്തുക്രിഷ്ണപണിക്കർ –ഗവൺമെന്റ് യു.പി.എസ്സ്. പുല്ലാട്.
5. അയ്യൻകോയിക്കൽ നാരായണപിള്ള –എസ്സ്.യു.പി.എസ്സ്. പൂവത്തൂർ.
6. കുഴുവാമണ്ണിൽ കൊച്ച് (സ്ഥലദാനം). –എൽ.പി.എസ്സ്. പുല്ലാട്.
7. എ.കെ. നാരായണപണിക്കർ (പ്രഥമ എച്ച്.എം.) –എൽ.പി.എസ്സ്. പുല്ലാട്.
8. അയ്യൻകോയിക്കൽ നാരായണപിള്ള (സ്ഥലദാനം) –ഗവ. എൽ.പി.എസ്സ്. പൂവത്തൂർ
9. റ്റി.കെ.എൻ. ഗോപാലപിള്ള പ്രഥമ എച്ച്.എം –ഗവ. എൽ.പി.എസ്സ്. പൂവത്തൂർ
10. എരുമതടത്തിൽ പീലിപ്പോസ്. കുന്നന്താനം– എൽ.പി.എസ്സ്.
11. റാവുസാഹിബ് വി. സക്കറിയാ –ഇ.എ.ൽ.പി.എസ്സ് നെല്ലിമല.
12. റ്റി.എം. ജോൺ പ്രഥമ എച്ച്.എം. –എം.റ്റി.എൽ.പി.എസ്സ്. കുറുങ്ങഴ.
13. സായംരത്തിനം പ്രഥമ എച്ച്.എം –മടത്തുംഭാഗം ഇ.എ.എൽ.പി.എസ്സ്.
14. എം.സി.ചാക്കോ പഥമ എച്ച്.എം –കടപ്ര എം.റ്റി.എൽ.പി.എസ്സ്.

അധഃസ്ഥിതികരുടെ വിദ്യാഭ്യാസസമ്പാദന

യജ്ഞവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന ചരിത്രവസ്തുവിലേക്ക് വിരൽചൂണ്ടുന്നത് ക്രത്യമായിരിക്കും പുല്ലാട് ലഹള എന്ന സർക്കാർരേഖകളിൽ കടന്നുകയറിയ വിപ്ലവകരമായസംഭവമായിരുന്നു അത്.

കൊല്ലവർഷം 1087ൽ (1912 എ.ഡി) വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡോക്ടർമിച്ചൽ എന്ന യൂറോപ്യൻ വിചക്ഷണന്റെ ഭരണകാലത്ത്, അദ്ധേഹം വരച്ചുനൽകിയ പ്ലാൻഅനുസരിച്ച് നാട്ടുകാർ കെട്ടിടം കെട്ടി, ചെങ്ങന്നൂർ വിദ്യാഭ്യാസ റേഞ്ച് ഇൻസ്പെക്ടർ ശ്രീ സി.ആർ. കൃഷ്ണ്ണപിള്ള ഉൽഘാടനംചെയിത് സർക്കാരിലേക്ക് സ്വീകരിച്ച വിദ്യാലയ മായിരുന്നു പുല്ലാട് ഗവൺമെന്റ് യു.പി. സ്ക്കൂൾ പുല്ലാട്ടുനിന്ന് വൈദ്യൻ എൻ. നാരായണപണിക്കർ, ഊന്നുപാറക്കൽ കൃഷ്ണ്ണപണിക്കർ, തെങ്ങും തോട്ടത്തിൽ ഇടിച്ചേനൻ നായർ എന്നിവരും കുറിയന്നൂരിൽ നിന്ന് വലിയകാലായിൽ ഗീവർഗീസ്, തച്ചിലേത്തുചാണ്ടി എന്നിവരും ചേർന്ന അംഗകമ്മറ്റിയായായിരുന്നു അത്. നിയമപ്രകാരം എല്ലാവിഭാഗക്കാർക്കും പ്രവേശനത്തിനർഹതകതയുള്ള സ്ഥാപനമായിരുന്നെങ്കിലും ഫലത്തിൽ സവർണ്ണർക്കുമാത്രം ചേർന്നുപഠിക്കാൻ സൗകര്യം നൽകുന്ന വിദ്യാലയമായിട്ടാണ് പ്രവർത്തനം ആരംഭിച്ചത് സർക്കാരിന്റെ ഉടമയിലുള്ള വിദ്യാലയത്തിൽ എല്ലാവിഭാഗ ങ്ങളിലും പെട്ട ജനങ്ങൾക്കും ചേർന്നു പഠിക്കാൻ സന്ദർഭം വേണം എന്ന് അയിത്തജാതികൾ എന്ന് വിശേഷ ക്കപ്പെട്ടിരുന്ന പട്ടികജാതിക്കാർ ആവിശ്യപെട്ടു. ഈ ആവിശ്യത്തെ വൈദ്യൻ എൻ. നാരായണപണിക്കർ ഒഴികെ മറ്റുള്ളവർ എതിർത്തു. സ്ക്കൂൾ പ്രവേശനം നേടി എടുക്കന്നതിന് അവശസമുദാ യാംഗങ്ങൾ സംഘടിതമായി പ്രവർത്തനം ആരംഭിച്ചു. വെള്ളിക്കര ചോതിയായിരുന്നു അവരുടെ നേതാവ്. എല്ലാജാതിക്കാരേയും സ്ക്കൂളിൽ പ്രവേശിപ്പിക്കണം എന്ന് സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവി ച്ചെങ്കിലും യാസ്ഥികത്വത്തിന്റെ വക്താ ക്കളായ സ്ക്കൂൾ നടത്തിപ്പുക്കാർവഴങ്ങി യില്ല. ആ സ്കൂളിൽ ചേർക്കാൻ കുട്ടികളുമായി നിരനിരയായിവന്ന അവശസമുദായക്കാരെ കൈയ്യേറ്റം നടത്തി ചോരചിന്തിയ ആസമരത്തിന്റ സന്തതിക ളായി അക്രമവും കൊള്ളി വയ്പ്പും ലഹലകളും പടർന്ന് നിയന്ത്രണാതീത മായപ്പോൾ തിരുവന്തപുരത്തുനിന്നും നായർ പട്ടാളം വന്ന് സ്കൂളിലും പരിസരത്തും കാവൽനിന്ന് അവശസമുദായക്കാർക്ക് സംരക്ഷണം നൽകി കുട്ടികളേ സ്കൂളിൽചേർക്കയുണ്ടായി. അങ്കത്തിൽ തോറ്റ യാഥാസ്ഥിതികർ സ്ക്കൂൾ തീവച്ചുനശിച്ചു. ക്രമേണസംഘട്ടനും സങ്കർഷവും അവസാനിക്കുകയും വൈദ്യൻ എൻനാരായണപണിക്കറുടെയും സഹകാരികളുടെയും സഹകരണ ത്തോടുകൂടി കെട്ടിടം പുതുതായി പണികഴിപ്പിച്ച് കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കുകയും ചെയ്യുതു. ഭപുല്ലാട്ടുലഹള' എന്ന് ചരിത്രത്തിൽ സ്ഥാനംപിടിച്ച ഈ സംഭവവികാസങ്ങളുടെ എല്ലാഘട്ടങ്ങളിലും അവശജനവിഭാഗങ്ങുടെ ചേരിയിൽനിന്ന് ഇടറാതെ സമരംചെയ്ത് അവകാശങ്ങൾ നേടിയെടുക്കുന്നതിന് മുൻകൈയ്യും പിൻബലവും നൽകിയത് വൈദ്യനദ്ദേഹമായിരുന്നു. അക്ഷരാർത്ഥ ത്തിലും ആശയതലത്തിലും ഇത് ഒരുസാമൂഹ്യ വിപ്ലവം തന്നേ ആയിരുന്നു. ആവിശ്യമില്ലാത്തിടത്തും അസ്ഥാനത്തും വിപ്ലവം എന്ന പദം എടുത്തു വെട്ടി അതിന്റെ മുനയുംമൂർച്ചയും ഇല്ലാതായി പോയ ഇക്കാലത്ത് ഈ യത്ഥാർഥവിപ്ലവ ത്തേപറ്റിയുള്ള വിശദപഠനം അത്യാവശ്യ മാണ്. ഇന്ന്പുല്ലാട് യു.പി.എസ്സ്. ൽ കുട്ടികളിൽ ഭൂരിപക്ഷം അവശ ജനവി ഭാഗങ്ങളിൽ പെട്ടവരാണ്. കരിഞ്ഞ കടലാസുകളും റിക്കാർഡുകളും ഒരു കറുത്ത കാലഘട്ടത്തെ ഓർമ്മിപ്പിച്ചുകൊണ്ട് ഇന്നും സ്ക്കൂളിൽ കാണാനുണ്ട്.

വൈദ്യൻ എൻ.നാരായണപണിക്കർ ഈ സംഭവം കഴിഞ്ഞ് അയ്യാൻകാളിയുമായി ആലോചിച്ച് മദ്ധ്യതിരുവിതാംകൂറിലെ അവശജനങ്ങളുടെ പ്രതിനിധിയായി വെള്ളിക്കരചോതിയെ ശ്രീമൂലം പ്രജാസഭയിലേക്ക് നാമനിർദ്ദേശം ചെയ്യിച്ച് അംഗമാക്കുകയുണ്ടയി.

അനുഷ്ഠാനകലയായ പടയണിയുടെ വേദികളായിരുന്നു പൂവത്തുരും പുല്ലാടും. കഥകളിവിദ്യാലയം കടപ്ര മലനട കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നു. പ്രൊഫഷണൽ നാടകസംഘങ്ങളും ആമച്ചർനാടക വേദികളും നിർത്തവിദ്യാലയങ്ങളും പയറ്റു വേദികളും കുടിപള്ളികൂടങ്ങളുമൊക്കെ കണ്ണിമുറിയാത് ഇന്നും ഈപഞ്ചായത്തിൽ സജീവങ്ങളാണ്.

സമ്പൂർണ്ണസാക്ഷരമാണ് ഈ പഞ്ചായത്ത്. വിദ്യാലയ സമൃദ്ധമാണ് ഇതിന്റെ എല്ലാവാർഡുകളും പൂർവ്വീകർ കത്തിച്ചുയർത്തിയ ചൈതന്യത്തിന്റെ ജ്വലിക്കുന്ന തീപന്തങ്ങൾ ഏറ്റുവാങ്ങാൻ ബാദ്ധ്യസ്ഥമാണ് ഇന്നത്തേ തലമുറ. അവരോടല്ലേ വൈലോപ്പള്ളി ആഹ്വാനം ചെയ്തത്.

"ചോരതുടിക്കും ചെറുകൈകളേ
പേറുകവന്നീപ്പന്തങ്ങൾ
ഏറിയതലമുറ വാനിലുയർത്തിയ
വാരൊളി ഹൃദയസ്പന്ദങ്ങൾ"

**നമ്മുടെ പഞ്ചായത്തിന്റെ ആദ്ധ്യാത്മികചരിത്രത്തിൽ എന്നെന്നും പ്രാകാശിച്ചുകൊണ്ട് നിൽക്കുന്ന ഒരു ഉജ്വലജ്യോതിസ്സാണ് ശ്രീമദ് വിദ്യാനന്ദതീർത്ഥ പാദസ്വാമികൾ പുല്ലാട് മഠത്തിലേത്തു ഭവനത്തിൽ ഉദിച്ച ആ ദീപം ഭാരത്തിന്റെ മണ്ണിൽ എന്നുമാത്രമല്ല ലോകത്താകമാനം ആദ്ധ്യത്മീകചൈതന്യം വിതറിയിരുന്നു എന്നുള്ളത് എന്നെന്നും സ്മരിക്കപ്പെടും.**

# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

കോയിപ്രം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് കിഴക്ക് തോട്ടപ്പുഴശ്ശേരി, പടിഞ്ഞാറ് ഇരവിപേരൂർ, വടക്ക് പുറമറ്റം, എഴുമറ്റൂർ എന്നീ ഗ്രാമപഞ്ചായത്തുകളാലും തെക്ക് ശബരിമല ശ്രീ അയ്യപ്പന്റെ തൃച്ചേവടികളിൽ നിന്നുത്ഭവിച്ച് ആറൻമുള പാർത്ഥസാരഥിയെ തഴുകി വേമ്പനാട്ടുകായലിൽ പതിക്കുന്ന പരിപാവനമായ പമ്പാനദിയാലും ചുറ്റപ്പെട്ട ഭൂപ്രദേശത്താണ്. ശബരിമല അയ്യപ്പസ്വാമിയുടെ പുണ്യദർശനത്തിനായി വർഷം തോറുമെത്തുന്ന ജനലക്ഷങ്ങളിൽ ഭൂരിഭാഗവും കടന്നുപോകുന്ന സ്റ്റേറ്റ്ഹൈവേ ആണ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നത്. ഈ സ്റ്റേറ്റ്ഹൈവേയുടെ തെക്കും വടക്കും ഭാഗങ്ങളിലായി കോയിപ്രം ഗ്രാമപഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. തെക്കുഭാഗത്തെ മിക്കവാറും സമതല പ്രദേശങ്ങളായും വടക്കുഭാഗത്തെ കുന്നുകളും കുന്നിൻചരിവുകളായും വിശേഷിപ്പിക്കാം.

മൊത്തമായ ഭൂപ്രദേശങ്ങളിൽ പുഞ്ചപാടങ്ങളൊഴികെ ബാക്കിയുള്ള ഭാഗത്ത് സാധാരണ കൃഷി ചെയ്തു വരുന്നത് റബ്ബർ, കശുമാവ്, തെങ്ങ്, കമുക്, ഏത്തവാഴ, കൊക്കൊ, കുരുമുളക്, ഇഞ്ചി, വെറ്റില എന്നിവയാണ്. റബ്ബർ, കശുമാവ് എന്നിവ ഒഴികെ മേൽപറഞ്ഞ കൃഷികൾ സമൃദ്ധിയായി ഉണ്ടാകുന്നത് സമതലപ്രദേശത്തുതന്നെയാണ്. കുന്നിൻ പ്രദേശങ്ങളേയും സമതലപ്രദേശങ്ങളേയും കൂടാതെ 3 കി.മി. ദൈർഘ്യമുള്ള പമ്പയുടെ തീരപ്രദേശങ്ങൾ പഞ്ചായത്തിന്റെ അനുഗ്രഹാതീതമായ ഒരു മുതൽകൂട്ടാണ്. വേനൽക്കാലത്ത് ഈ തീരപ്രദേശങ്ങളിൽ പച്ചക്കറികൃഷി ഉയർന്ന തോതിൽ സർവ്വസാധാരണമാണ്. തെങ്ങ്, ജാതി, കുടിവാഴ, എന്നീകൃഷികളും തീരപ്രദേശങ്ങളിൽ സമൃദ്ധിയായി വളരുന്നു.

പഞ്ചായത്തിലെ 11 വാർഡുകളിൽ സമതലപ്രദേശങ്ങളായ 3,8,9,10,11 വാർഡുകളിലായാണ് പ്രധാനവിളയായ നെൽകൃഷി ചെയ്യുന്ന പാടങ്ങൾ വ്യാപിച്ചുകിടക്കുന്നത്. കുളങ്ങളും, തോടുകളും കൊണ്ട് അനുഗ്രഹീതമായിരുന്ന പാടങ്ങൾ, നൂറുമേനിവിളവു തന്നിരുന്നതായപാടങ്ങൾ, പമ്പാജലസേചനപദ്ധതിയുടെ കനാൽ ചോർച്ചമൂലം ജലാശയങ്ങളായി തീരുമോ ?. ജലസേചനം ലഭിക്കാത്ത ഇടങ്ങൾ തരിശായികിടക്കുമോ?. പഞ്ചായത്തിനെ ഭാഗികമായി വേർതിരിക്കുന്ന സ്റ്റേറ്റ്ഹൈവേ പാലങ്ങളുടെ ഭീഷണിമൂലം അപ്രധാനമായിത്തീരുമോ ?. അമിതമായ മണൽവാരൽ മൂലം പുണ്യനദി പമ്പയുടെ മുഖം വികൃതമാവുമോ ?. ഭൂഗർഭജലവിതാനം പാതാളത്തിലാഴുമോ ?. നാം കാണുന്ന നമ്മുടെ പഞ്ചായത്തിന്റെ തന്നെ ഭൂപ്രകൃതി വിസ്മൃതിയിലാഴുമോ ?. ഇല്ല എന്ന് നമുക്കാശിക്കാം.

## കാലാവസ്ഥ

| | | | |
|---|---|---|---|
| കാലവർഷം | :- | ജൂൺ | – ഓഗസ്റ്റ് |
| തുലാവർഷം | :- | സെപ്റ്റംബർ | – നവംബർ |
| ശീതകാലം | :- | ഡിസംബർ | – ഫെബ്രുവരി |
| വേനൽ | :- | മാർച്ച് | – മെയ്. |

5.1

# കൃഷിയും ജലസേചനവും

പുണ്യനദിയായ പമ്പയുടെ വലതു കരയിൽ സ്ഥിതിചെയ്യുന്ന കോയിപ്രം പഞ്ചായത്തു മുഖ്യമായും ഒരുകാർഷീക ഗ്രാമമാണ്. വടക്കുഭാഗത്തുള്ള കുന്നിൻ പ്രദേശങ്ങൾ പച്ചവിരിച്ച കുന്നിൻ ചരിവുകൾ താഴ് വാരങ്ങളിലുള്ള നെൽവയലുകൾ, പമ്പാനദിയോടുചേർന്നുകിടക്കുന്ന തീരസമതലങ്ങൾ തൊട്ടുചേർന്നുള്ള പുഞ്ചപാടങ്ങൾ, ചതുപ്പുനില ങ്ങൾ ഇവ ഉൾപ്പെട്ടതാണ് പ്രകൃതി മനോഹരമായ ഈ ഭൂവിഭാഗം ഈ പഞ്ചായത്തിന്റെ ആകെ വിസ്ഥീർണ്ണം 2226.14 ഹെക്ടറാണ്. 5584 കുടുമ്പങ്ങൾ ഇവിടെ അധിവസിക്കുന്നു ജനസംഖ്യ 25517 ആണ്. അതിൽ 12203 പുരുഷൻമാരും 13314 സ്ത്രീകളുമാണ്.

ഭൂരിഭാഗം കുടുംബങ്ങൾക്കും ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| നമ്പർ | ഭൂപരിധി | ഉടമകളുടെ എണ്ണം |
|---|---|---|
| 1 | 1 മുതൽ 10 സെന്റുവരെ | 2223 |
| 2 | 10 മുതൽ 25 സെന്റുവരെ | 1714 |
| 3 | 25 മുതൽ 50 സെന്റുവരെ | 2906 |
| 4 | 50 മുതൽ 1 ഏക്കർവരെ | 1103 |
| 5 | 1 മുതൽ 2 ഏക്കർവരെ | 1402 |
| 6 | 2 മുതൽ 5 ഏക്കർവരെ | 326 |
| 7 | 5 ഏക്കറിൽ കൂടുതൽ | 20 |

ഈനൂറ്റാണ്ടിന്റെ ആദ്യകാലത്ത് ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളും ആയിരുന്നു. നെൽ കൃഷിക്കായിയിരുന്നു അന്നുകൂടുതൽ പ്രാധാന്യം നൽകിയിരുന്നത് മറ്റു പ്രധാനകൃഷികൾ തെങ്ങ്, മരച്ചീനി, പലതരം വാഴകൾ, കരിമ്പ് എന്നിവയായിരുന്നു. ഭൂമിയുടെ ഉടമസ്ഥർ അധികവും ജൻമികളായിരുന്നു. കുടിയാൻമാരായിരുന്ന കൃഷിക്കാർ ജൻമികളിൽ നിന്നുഭൂമി പാട്ടത്തിനോ വാരത്തിനോ എടുത്തുകൃഷി ചെയ്തിരുന്നു. കർഷകതൊഴിലാളികൾ സ്വന്തമായി ഭൂമിയില്ലാത്ത കുടിയിടപ്പു കാരായിരന്നു. ചുരുക്കത്തിൽ ഒരുതരം അടിമഉടമസമ്പ്രദായം അന്നുനിലനിന്നിരുന്നു എങ്കിലും കൃഷിക്കാരും കർഷകതൊഴി ലാളികളും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടായി രുന്നു. അക്കാലത്ത് ജൻമികളിൽ പ്രധാനികളായിരുന്നു കോവിൽ എന്ന്അറിയ പ്പെടുന്നവർ കൊടുങ്ങല്ലൂർ കോവിലകത്തേ സാമന്തൻമാരായിരുന്നു. ഈ പഞ്ചായത്തിന് കോയിപ്രം എന്ന പേരുവന്നത് കോവിൽ എന്നപേരും മായി ബന്ധപ്പെട്ടാണെന്ന് പറയപ്പെടുന്നു (കോവിൽ+പുരം = കോയിപ്രം)

ഉദ്ദേശം 16 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്തിരുന്നു മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. വെള്ളം വറ്റാത്ത തോടുകൾ, ചാലുകൾ, കുളങ്ങൾ എന്നിവ ജലസേചനത്തിനുപയോഗിച്ചിരുന്നു. കൊച്ചുവിത്ത്, ചേറാടി, മലയാര്യൻ, വൈക്കത്താര്യൻ, ചാമ്പക്കണ്ണൻ , മുന്നായകൻ, കറുത്തചുട്ടി തുടങ്ങിയ നാടൻവിത്തുകൾ ജൈവവളങ്ങൾ ഉപയോഗിച്ച് കൃഷിചെയി

തിരുന്നു. ചക്രം, തേക്കുതോണി എന്നീനാടൻ ഉപകരണങ്ങൾ ജലസേചനത്തിന് ഉപയോഗി ച്ചുപോന്നു.

1970 മുതൽ ഉൽപ്പാദനശേഷിയുള്ള സങ്കരയിനം നെൽ വിത്തുകൾ ഉപയോഗി ച്ചുതുടങ്ങി അതോടുകൂടി രാസവളങ്ങൾ കൃഷിക്ക് ആവശ്യമായിവന്നു. ജലസേചനത്തിന് പമ്പുസെറ്റുകൾ ആവശ്യമായിവന്നു. നെൽ പാടങ്ങളിൽ ഇടവിളയായി പയറ്, എള്ള്, ചാപ്പ, കപ്പ, മധുരകിഴങ്ങ്, പച്ചക്കറി എന്നിവകൃഷി ചെയിതു. ചുരുക്കത്തിൽ കാർഷീകരംഗത്ത് ഉൽപ്പാദനക്ഷമത വർധിച്ചു. സസ്യ സംരക്ഷ ണത്തിന് കീടനാശിനികൾ ഉപയോഗിച്ചു തുടങ്ങി. ചുരുക്കത്തിൽ കാർഷീകരംഗത്ത് ഹരിതവിപ്ലവം തന്നെ നടന്നു.

1969-ലെ ഭൂപരിഷ്കരണനിയമം നടപ്പാക്കിയതോടുകൂടി ഭൂഉടമാബന്ധങ്ങളിൽ മാറ്റങ്ങളുണ്ടായി . സ്വന്തമായി ഭൂമിലഭിച്ച നാമമാത്രകൃഷിക്കാരും നിലം നികത്തി തെങ്ങെ കമുക് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയിതു. ക്രമേണ നെൽ പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവന്നു. കപ്പ, വാഴ തുടങ്ങിയ ഭക്ഷ്യവിളകൾ ചെയിതിരുന്ന ഭാഗങ്ങളിൽ റബ്ബർ കൃഷി ആരംഭിച്ചു.

കൃഷി പൊതുവേ ലാഭകരമല്ലാത്തതും ഗൾഫ്പണത്തിന്റെ സ്വാധീനം വർധിച്ചതും വിദ്യാഭ്യാസം സാർവ്വത്രീകമായതുവഴി കാർഷീകരംഗത്ത് ആശ്രയിച്ചുജീവിച്ചിരുന്ന വരുടെ എണ്ണം കുറഞ്ഞതും, സമൂഹത്തിൽ ഒരുകാലത്തു കൃഷിക്കാരനുലഭിച്ചിരുന്ന മാന്യതകുറഞ്ഞതും കാർഷീകരംഗത്തു പൊതുവേ മുരടിപ്പു സൃഷ്ടിച്ചിരിക്കുന്നു. കൃഷിക്കാർ ഭൂമിതരിശിടുകയും ജീവനോപാ ധിയായി മറ്റു മേഘലകൾ തേടുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള തീരസമതലങ്ങളിൽ ഫലപൂഷ്ടിയുള്ള എക്കൽ മണ്ണ്, വടക്കുള്ളകുന്നിൻ പ്രദേശത്തും ചരിവുകളിലും ചെങ്കൽമണ്ണ് ചതിപ്പുനിലങ്ങളിൽ കളിമണ്ണ് എന്നിങ്ങനെ മണ്ണിന്റെ സ്വഭാവമനുസരിച്ച് തരംതിരിക്കാം. ഇവിടെ വെള്ളം ഒഴുകുന്ന അനേകം തോടുകളുണ്ട്. പ്രകൃതിദത്തമായ തോടുകൾ ഒരുകാലത്തു ജലസേചനത്തിനുപയോഗിച്ചിരുന്നു. മാത്രമല്ല പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മഴക്കാലത്ത്ഒഴുകി വരുന്ന ജലം പമ്പാ നദിയിലും മണിമലയാറ്റിലും കൊണ്ട് എത്തിക്കുന്നതിന് ഈ തോടുകൾ ഉപകരിച്ചിരുന്നു. ഇന്ന് ഈ തോടുകൾ വേണ്ടവണ്ണം സംരക്ഷിക്കപ്പെടാത്തതു മൂലം പ്രധാനപ്പെട്ട പാടശേഖരങ്ങളിൽ വെള്ളകെ ട്ടുണ്ടാക്കി നെൽകൃഷി അസാധ്യമാക്കി തീർക്കുന്നുണ്ട്. ഇപ്പോൾ പുതുതായി നിർമ്മിച്ചിരിക്കുന്ന പി.ഐ.പി. കനാൽ ചോർച്ചമൂലം പലസ്ഥലങ്ങളിലും കൃഷിക്കനു യോജ്യമല്ല എന്നുമാത്രമല്ല ജലം എത്തേണ്ട സ്ഥാനങ്ങളിൽ എത്തുന്നുമില്ല.

## പ്രധാനതോടുകൾ

1) കാഞ്ഞിരപ്പാറ - പാട്ടക്കാല - ആലുംതറ തോട്.

2) മുണ്ടക്കോട്ട് - പേക്കാവുങ്കൽപടി തോട്

3) ചാലുവാതുക്കൽ - കുന്നുങ്കൽ - പുല്ലാട്ജംഗ്ഷൻ - ചാത്തൻപാറവഴി വരാചാൽ തോട്.

4) പൂവണ്ണാപുഴ തോട്

5) പൊരിയിക്കൽ തോട് ഉള്ളൂർചിറവഴി - വരാച്ചാൽതോട്

6) അരുവിക്കുഴി തോട്

7) തത്തക്കുഴി മുട്ടുമൺ വരാച്ചാൽ തോട്

8) മണ്ണാർകോട്ട - കുറുങ്ങഴ പാടംവഴി ആലുംതറ തോട്

9) വരാച്ചാൽ – വരട്ടാർ തോട്

10) കാരക്കാട്ടുകുളം, മരങ്ങാട്ടുചിറ, കരിപ്പക്കുഴി വരാച്ചാൽ തോട്

11) പോളകത്തിൽ – വരാച്ചാൽ ചെറിയ തോട്

12) ചീക്കുഴി വെള്ളങ്ങൂർചാൽ തോട്

13) ചെമ്പിൻകുളം – പള്ളിത്തോട്

14) ചിറക്കതോട്

15) ഇരപ്പൻ തോട്

16) ചീരൻചെമ്പ് ഓവനാൽ തോട്

17) കൊല്ലർകുളം-കണിയാമുറ്റം വഴി കുറുന്തോട്ടത്തിൽപടി

മേൽപറഞ്ഞ തോടുകൾ എല്ലാംതന്നേ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നൊള്ള നീരൊഴുക്കുകൾ വരാചാലിൽ എത്തിക്കുന്നു. എന്നാൽ വരാചാലിൽ ഒഴുകുന്ന ജലം വേണ്ടവണ്ണം പമ്പയിലേക്ക് ഒഴുകി മാറാത്തതുകൊണ്ടാണ് വരാചാലും അതിനുചുറ്റുംമുള്ളനെൽ പാടങ്ങളും ഒരു വെള്ളകെട്ടുപ്രദേശമായി മാറിയിരിക്കുന്നത്. ഇതിൽ മൂന്നു തോടുകളിൽ ചീപ്പുണ്ടായിരുന്നു. അവയുടെ ഷട്ടറുകൾ നഷ്ടപ്പെട്ടിരിക്കുന്നു ഈ തോടുകളിൽ ഒന്നും തന്നേ വേണ്ടവണ്ണം സംരക്ഷിക്കപെടുകയോ ജലസേചനത്തിന് ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

## കുളങ്ങൾ

1. മണ്ണിൽ കുളം (വറ്റാത്തത്)
2. കുറവൻകുഴി (വറ്റുന്നത്) ചീപ്പുണ്ട്
3. കണ്ണൻപ്ലാവിൽ കുളം ,,
4. തയ്യിൽകുളം ,,
5. നടുക്കേക്കുളം (വറ്റാത്തത്)
6. ഇടത്തിൽകുളം (വറ്റാത്തത്)
7. പടിഞ്ഞാറ്റേതിൽ കുളം (വറ്റാത്തത്)
8. അരുവികുഴി (വറ്റാത്തത്)
9. കരീലകുളം (വറ്റാത്തത്)
10. മണിയാറ്റുകുളം (വറ്റാത്തത്)
11. കാലായിൽ കുളം (വറ്റാത്തത്)
12. കാരക്കാടുകുളം (വറ്റാത്തത്)
13. വരിക്കണ്ണാമലകുളം (വറ്റാത്തത്)
14. മണക്കുളം (വറ്റാത്തത്)
15. കണിയാമുറ്റത്തുകുളം (വറ്റാത്തത്)
16. കൊല്ലർകുളം (വറ്റാത്തത്)
17. മീനാറ്റും കുന്നുകുളം (വറ്റാത്തത്)
18. മുണ്ടുചാൽ കുളം (വറ്റാത്തത്)
19. പൊട്ടുകുളത്തിൻ കുളം (വറ്റുന്നത്)
20. പുത്തൻകുളം (വറ്റുന്നത്)
21. വരാചാൽ (വറ്റുന്നത്)
22. ചീക്കുഴി (വറ്റുന്നത്)
23. പോളകത്തിൻചാൽ (വറ്റുന്നത്)
24. ഉള്ളൂചിറ (വറ്റുന്നത്)
25. ചെമ്പിൽ കുളം (വറ്റുന്നത്)
26. ചാങ്കുളം (വറ്റുന്നത്)
27. നെടും ചാൽ (വറ്റുന്നത്)
28. മുടക്കണ്ടാചാൽ (വറ്റുന്നത്)
29. നെല്ലിക്കൽ പാറകുളം (വറ്റുന്നത്)
30. തെന്നടിച്ചാൽ (വറ്റുന്നത്)
31. ഇളമ്പാശ്ശേരികുളം (വറ്റുന്നത്)
32. കുട്ടേടത്തുമൂലകുളം (വറ്റുന്നത്)
33. പ്ലാവേലി കുളം (വറ്റുന്നത്)
34. വെട്ടുകുളം (വറ്റാത്തത്)

മേൽപറഞ്ഞ കുളങ്ങൾ വേണ്ടവണ്ണം സംരക്ഷിക്കപ്പെടുന്നില്ല..മുമ്പ് നെൽ കൃഷിക്കും വേനൽകാല പച്ചകറി കൃഷിക്കും

ജലസേചനത്തിന് ഉപയോഗിച്ചിരുന്നു. ഉൾനാടൻ മത്സകൃഷിനടത്തുന്നതിന് ഇതിൽ പലകുളങ്ങളും ഉപയോഗിക്കാവുന്നതാണ്.

## പുറംമ്പോക്ക്

| | | |
|---|---|---|
| റോഡ് | – | 372 ഏക്കർ |
| തോടുകൾ | – | 14 ഏക്കർ |
| കുളങ്ങൾ | – | 42 ഏക്കർ |
| പുഴ | – | 36 ഏക്കർ |
| ആകെ | – | 542ഏക്കർ |

## വിളകൾ

ഫലഭൂയിഷ്ടിയുള്ള എക്കൽ മണ്ണുള്ള പമ്പ, വരട്ടാർ തീരങ്ങളിൽ തെങ്ങ്, കമുക്, കരിമ്പ് നേന്ത്രവാഴ, കുടിവാഴ ജാതി, കുരുമുളക് എന്നിവ പരംമ്പരാഗതമായി കൃഷിചെയ്യുന്നു. ഈ പ്രദേശത്തിനു പൊതുവെ കുടി പുരേയിടങ്ങൾ എന്നുപറയുന്നു. ഇവിടെ ജനസാന്ദ്രതകൂടുതലാണ്. പശിമരാശിമണ്ണാണ് നിലങ്ങളിൽ പൊതുവെകാണപ്പെടുന്നത്. ഇവിടെ നെല്ല് പാരമ്പര്യമായി കൃഷി ചെയ്തുവരുന്നു. നെൽപ്പാടങ്ങളെ മൂന്നായി തരംതിരിക്കാം മൺവിരിപ്പുകളിൽ മുമ്പുമുതലേ നെൽകൃഷിഉണ്ടായിരുന്നു. വൈക്കാത്താര്യൻ തുടങ്ങിയ നാടൻ വിത്തുകൾ ഇവിടെ മേടമാസത്തിൽ കൃഷിഇറക്കി ചിങ്ങം കന്നിമാസങ്ങളിൽ കൊയ്തെടുത്തിരുന്നു. ഇന്ന് ഈകൃഷി പാടെ നിലച്ചിരിക്കുന്നു. ഒരു പൂവായി മഴയെആശ്രയിച്ചു ചെയ്തുകൊണ്ടിരുന്ന മുണ്ടകൻകൃഷിയും (ധനു മകരമാസങ്ങളിൽ വിളവെടുപ്പ്) അസ്തമിച്ചിരിക്കുന്നു. ഈ പ്രദേശങ്ങളിൽ ഇന്ന് തെങ്ങ്, കപ്പ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ പച്ചകറി, കരിമ്പ് എന്നിവ കൃഷിചെയ്യുന്നുണ്ട്. മുമ്പ് ഇവിടെ രണ്ടാം വിളയായി പയറ്, ഉഴുന്ന്, മധുരകിഴങ്ങ്, പഞ്ഞപ്പുല്ല്, മുതിര, എള്ള്,ചാമ, മുതലായവ ഇവിടെ കൃഷി ചെയ്തിരുന്നു. ഇന്ന് ആവക കൃഷികൾ ഇല്ലാതായിരിക്കുന്നു. നെൽ കൃഷി പ്രധാനമായി അവശേഷിച്ചിരിക്കുന്നത് ജലസേചന സൗകര്യമുള്ള മുണ്ടകൻ നിലങ്ങളിലും പുഞ്ചനിലങ്ങളിലും മാത്രമാണ്.

ചെങ്കൽ മണ്ണുള്ള ഉയർന്ന സമതല പ്രദേശങ്ങളിൽ (പഞ്ചായത്തിന്റെ വടക്കു ഭാഗം) തെങ്ങ്, കമുക്, റബ്ബർ, വാഴ, കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന ചെങ്കൽമണ്ണുള്ള കുന്നിൻപ്രദേശങ്ങളിൽ പ്രധാനകൃഷി കശുമാവ്, റബ്ബർ, തെങ്ങ്, കമുക് എന്നിവയാണ്. പമ്പാ, വരട്ടാർ എന്നിവയുടെ തീരങ്ങളിൽ വേനൽകാലത്തു പച്ചക്കറികൃഷി നടക്കുന്നുണ്ട്. ജലസേചനസൗകര്യമുള്ള വിരിപ്പുകളിൽപച്ചക്കറി രണ്ടാം വിളയായി കൃഷി ചെയ്തു വരുന്നു.

| | |
|---|---|
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | 2226.14 ഹെക്ടർ |
| പുരയിടം | 1796 ഹെക്ടർ |
| നിലം | 240 ഹെക്ടർ |
| തരിശ് | ഇല്ല |
| കൃഷിചെയ്യാതെകിടക്കുന്നത് | 110 ഹെക്ടർ |

**നെൽപാടങ്ങൾ**

| | |
|---|---|
| വിരിപ്പ്നിലം | 20 ഹെക്ടർ |
| മുണ്ടകൻ | 20 ഹെക്ടർ |
| പുഞ്ച | 200 ഹെക്ടർ |

വിരിപ്പിലും മുണ്ടകൻ നിലങ്ങളിലും നെൽകൃഷി പൂർണ്ണമായി നിലച്ചിരിക്കുന്നു. അവമണ്ണൊലിപ്പുമൂലം നികന്നു പോകുകയോ നാണ്യവിള കൃഷിക്കുവേണ്ടി നികത്തപെടുകയോ സംഭവിച്ചിരിക്കുന്നു. ഉദ്ദേശം 160 ഹെക്ടർ പുഞ്ചനിലങ്ങളിൽ നെൽകൃഷി ഒതുങ്ങിനിൽ ക്കുന്നു. 40 ഹെക്ടർ പുഞ്ചനിലങ്ങൾ വിവിധഭാഗങ്ങളിൽ വെള്ളകെട്ടായി മാറി കൃഷി ചെയ്യാതെ കിടക്കുന്നു.

**മറ്റുപ്രധാനവിളകൾ**

| | വിസ്തീർണ്ണം |
|---|---|
| തെങ്ങ് | 450 ഹെക്ടറിൽ |
| റബ്ബർ | 300 ഹെക്ടറിൽ |
| കുരുമുളക് | 50 ഹെക്ടറിൽ |
| കുടിവാഴ | 1.85 ഹെക്ടറിൽ |
| നേന്ത്രവാഴ | 120 ഹെക്ടറിൽ |
| മരച്ചിനി | 120 ഹെക്ടറിൽ |
| കരിമ്പ് | 50 ഹെക്ടറിൽ |
| ഇഞ്ചി | 10 ഹെക്ടറിൽ |
| പച്ചക്കറി | 50 ഹെക്ടറിൽ |
| പയറ് | 20 ഹെക്ടറിൽ |
| കൊക്കൊ | 25 ഹെക്ടറിൽ |
| കശുമാവ് | 10 ഹെക്ടറിൽ |
| ജാതി | 2 ഹെക്ടറിൽ |
| ഗ്രാമ്പു | 3 ഹെക്ടറിൽ |
| പ്ലാവ് | 8 ഹെക്ടറിൽ |
| കാപ്പി | 5 ഹെക്ടറിൽ |
| കമുക് | 25 ഹെക്ടറിൽ |
| കിഴങ്ങുവർഗ്ഗങ്ങൾ | 30 ഹെക്ടറിൽ |

ആകെ ഭക്ഷ്യവിളകൾ 671 ഏക്കർ സ്ഥലത്തും (268.4 ഹെക്ടർ) വൃക്ഷവിളകൾ 523 ഹെക്ടറിലും കൃഷിചെയ്യപ്പെടുന്നു. പഞ്ചായത്തിന്റെ വടക്കുഭാഗത്തുനെൽപ്പാടങ്ങൾ മുഴുവൻതന്നെ നികത്തി തെങ്ങും കപ്പയും മറ്റും കൃഷിചെയ്യുന്നു. പുല്ലാട്ടുകണ്ടത്തിലെകപ്പ ഗുണമേൻമയിലും സ്വാദിലും പ്രസിദ്ധമായിരുന്നു. മാരകമായ രോഗങ്ങൾ മൂലം തെങ്ങുകൃഷി പാടേ നശിച്ചുകൊണ്ടിരിക്കുന്നു. സാധാരണക്കാരുടെ ഭക്ഷ്യവസ്തുവായ കപ്പ ഇന്ന് കാർഷീകരംഗത്തുനിന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. റബ്ബർകൃഷി ഈ പ്രദേശത്തു വ്യാപകമായി ചുവടുപിടിപ്പിച്ചുവരുന്നു.

ഇടവിളകളായി കൃഷിചെയ്തുകൊണ്ടിരുന്ന പയറുവർഗ്ഗങ്ങൾ, പഞ്ഞപുല്ല്, ചാമ, എള്ള് എന്നീകൃഷികൾ ഉപേക്ഷിക്കപ്പെടുന്നു. പച്ചക്കറി കൃഷി അത്രകണ്ട് പിന്നോട്ടു പോയിട്ടില്ല.

പഞ്ചായത്തിന്റെ തെക്കുഭാഗത്തെ തീരപ്രദേശങ്ങളിലും വിരിപ്പുനിലങ്ങളിലും കരിമ്പുകൃഷി ഉണ്ടായി രുന്നു. പമ്പാ റിവർഫാക്ടറി അടച്ചുപൂട്ടിയതോടുകൂടി ആകൃഷി പാടേ അസ്തമിച്ചു. ആദ്യകാലങ്ങളിൽ നാടൻ ചക്കുകൾ ഉപയോഗച്ച് കരിമ്പാട്ടിശർക്കര ഉൽപ്പാദിപ്പിച്ചിരുന്നു. പിന്നീട് പവർചക്കുകൾ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. ധാരാളം പേർക്ക് ആറുമാസക്കാലം തൊഴിൽ നൽകിയിരുന്ന ശർക്കരനിർമ്മാണം പാടേ നശിച്ചു. വീട്ടാവശ്യത്തിന്ശർക്കരവേണമെങ്കൽ തമിഴുനാടിനെ ആശ്രയിക്കേണ്ട ഗതിവന്നിരിക്കുന്നു.

## വളം

സഹകരണമേഖലയിൽ മൂന്നു സ്വകാര്യ ഏജൻസികൾനടത്തുന്ന എഫ്.എ.സി.റ്റി. യുടെ നാലും ഷാവാലാസിന്റെ നാലും ഉൾപ്പെടെ 11 വളം വിൽപ്പനശാലകൾ ഈ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായ വളം പ്രയോഗം പൂർണ്ണമായി നടക്കുന്നില്ല. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ചെയ്യുന്നില്ല. ജൈവവളങ്ങൾ അപൂർവ്വമായിട്ടേ ഉപയോഗിക്കുന്നുള്ളു.

**ശരാശരിവളത്തിന്റെ ഉപയോഗം**

| | | |
|---|---|---|
| നൈട്രജൻ | (N) | 125 മെടിക്ടൺ |
| ഭാവകം | (P) | 110 മെടിക്ടൺ |
| പൊട്ടാഷ് | (K) | 100 മെട്രിക്ടൺ |

## കീടനാശിനി

നെല്ല്, പച്ചക്കറി, കുരുമുളക്,തെങ്ങ്,വാഴ

എന്നീവിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ കീടനാശിനിപ്രയോഗം പരിസ്ഥിതിമലിനീകരണത്തിനിടയാക്കുന്നു. കൃഷിക്കാർ ഇക്കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരല്ല.

## കാർഷീകോപകരണങ്ങൾ

മുമ്പ് നാടൻകൃഷി ഉപകരണങ്ങളായിരുന്നു ഉപയോഗിച്ചുവന്നിരുന്നത്. ഇന്ന് ട്രാക്ടർ, ട്രില്ലർ, പവർസ്പ്രെയർ എന്നിവധാരാളമായി ഉപയോഗിച്ചുവരുന്നു. ഇത്തരം യന്ത്രോപകരണങ്ങൾ കൃഷിക്കാർക്കും കർഷകസമിതികൾക്കും കുറഞ്ഞവിലക്ക് വിതരണം ചെയ്യുന്നുണ്ട്. ഉഴവിന് ഇന്ന് പോത്തും കാളയും ഇല്ലന്നു തന്നേപറയാം. കൊയ്ത്തിനും മെതിക്കും നടീലിനും തെങ്ങുകയറ്റത്തിനും എല്ലാം യന്ത്രങ്ങൾ ആവശ്യമായി തീർന്നിരിക്കുന്നു. ആവശ്യത്തിന് കർഷകതൊഴിലാളികളെ ഇന്ന് കിട്ടാനില്ല.

## പാടശേഖരണ സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തു കേന്ദ്രികരിച്ച് കർഷകരെ ഉൾപ്പെടുത്തി കൊണ്ട് കാർഷീക വികസനസമിതി, കേരവികസന സമിതി എന്നിവ ഇന്നു നിലവിലുണ്ട്. കൂടാതെ നെൽപാടങ്ങൾ കേന്ദ്രീ കരിച്ചുകൊണ്ടുള്ള നെല്ലുത്പാതനസമിതികളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളിൽ കർഷകർക്ക് വേണ്ടത്ര പ്രതിനിധ്യം ഉണ്ടെന്നു തോന്നുന്നില്ല. കൃഷി ഭവനിൽ നിന്നുലഭിക്കുന്ന ആനുകൂല്യങ്ങൾ ഈ സമതികളിലൂടെ ആണ് വിതരണം ചെയ്യുന്നത്. ഗ്രൂപ്പ് ഫാമിംക് വിജയകരമാക്കുന്നതിന് ഈ സമിതികളുടെ പുനസംഘടന ആവിശ്യമായിരിക്കുന്നു.

## പ്രധാന പാടശേഖരങ്ങൾ

1) പൂന്തക്കണ്ടം - നെല്ല്
2) പൈങ്ങാലോടി - നെല്ല്
3) പടിഞ്ഞാറ്റുവേലി - നെല്ല്
4) വരാച്ചാൽ - നെല്ല്
5) പൂവത്തൂർ - നെല്ല്
6) നെല്ലിക്കൽ - നെല്ല്
7) കോയിപ്രം - നെല്ല്
8) പോളകം - നെല്ല്
9) പടിഞ്ഞാറ്റിൻകര -നെല്ല് (ജലം ലഭിക്കാതെ തരിശായി കിടക്കുന്നു)
10) കുമ്പനാട് പാടം (ജലം ലഭിക്കാത്തതിനാൽ നാണ്യവിളകൾ കൃഷി ചെയ്യുന്നു.)

## കൂലിസേവനവ്യവസ്ഥകൾ

കാർഷീകമേഖലയിലേ തൊഴിലാളികളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നു. വിദ്യാഭ്യാസനിലവാരം ഉയർന്നത് കൃഷിയോടുള്ള ആഭിമുഖ്യകുറവ്, സാമൂഹ്യമാറ്റങ്ങൾ തുടങ്ങി പലതും ഇതിനു കാരണമാകുന്നു. ഉദ്ദേശം 6637 പേരാണ് കർഷക തൊഴിലാളികളായി ഈ പഞ്ചായത്തിലുള്ളത്. കൂടാതെ 545 പേർഭാഗികമായി ഈ രംഗത്ത് പണിയെടുക്കുന്നു. ഇവരുടെ ഇന്നത്തെ കൂലിനിരക്ക് പുഷന് 80 മുതൽ 100 രൂപയും സ്ത്രീകൾക്ക് 40 രൂപ മുതൽ 60 രൂപാവരെയും പ്രാദേശീകാഅടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഏകീകൃതമായ കൂലിനിരക്ക് നിലവിലില്ല. തെങ്ങുകയറ്റ തൊഴിലാളിക്ക് തെങ്ങ് ഒന്നിന് 3 രൂപാവരെ കൂലിയുണ്ട്. റബ്ബർടാപ്പിങ്ങിന് 20 പൈസാനിലവിലുണ്ട്. തൊഴിലാളികൾ ഏകപക്ഷികമായി കൂലിനിരക്ക് തീരുമാനി ക്കുന്ന പ്രവണതയാണ് ഇന്നുകാണുന്നത്.

## ഉൽപ്പാദനക്ഷമത

| | | |
|---|---|---|
| നെല്ല് | 2850 കി.ഗ്രാം. | 1 ഹെക്ടർ |
| പയറ് | 480 ,, | 1 ഹെക്ടർ |

| | | |
|---|---|---|
| കുരുമുളക് | 280 ,, | 1 ഹെക്ടർ |
| നേന്ത്രവാഴ | 15 മെട്രിക്ടൺ | 1 ഹെക്ടർ |
| റബ്ബർ | 1500 കി.ഗ്രാം | 1 ഹെക്ടർ |
| മരച്ചീനി | 20 മെട്രിക്ടൺ | 1 ഹെക്ടർ |
| പച്ചക്കറി | 10 ,, | 1 ഹെക്ടർ |
| ഇഞ്ചി | 2500 കി.ഗ്രാം | 1 ഹെക്ടർ |
| തെങ്ങ് | 90 നാളികേരം | 1 വർഷംഒരു തെങ്ങിൽ നിന്ന്. |

## കാർഷീകവായ്പ്പ

ഗൾഫ് പണം ഏറ്റവുകൂടുതൽ വന്നുചേരുന്ന പ്രദേശങ്ങളിൽ ഒന്നാണ് ഈ പഞ്ചായത്ത്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ദേശീകൃതവും അല്ലാത്തതുമായ 14 കാർഷീകബാങ്കുകളുടെ ശാഖകൾ ഈ പഞ്ചായത്ത് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഗൾഫ് ജോലിക്കാരിൽ നിന്നും ഡിപ്പോസിറ്റു ശേഖരിക്കുക എന്നുള്ളതാണ് ഈ ബാങ്കുകളുടെ പ്രധാനലക്ഷ്യം. ഇവ വിരളമായിട്ടേ കാർഷികവായ്പ്പകൾ കൊടുക്കാറുള്ളു, സഹകരണമേഖലയിൽ മൂന്നു സർവ്വീസ് സഹകരണബാങ്കുകളും തിരുവല്ലാ ഈസ്റ്റ് കോഓപ്രറ്റീവ് ബാങ്കിന്റെ രണ്ടുശാഖകളും ജില്ലാ സഹകരണബാങ്കിന്റെ ഒരുശാഖയും ഇവിടെപ്രവർത്തിക്കുന്നുണ്ട്. എന്നാൽ വായ്പ്പ എടുക്കുന്ന പണം കാർഷീകേതര ആവിശ്യങ്ങൾക്കാണ് അധികവും ഉപയോഗിക്കുന്നതെന്ന് ആക്ഷേപമുണ്ട്.

## ജലസേചനം

ഒരുകാലത്ത് മഴയെമാത്രം ആശ്രയിച്ചു കൃഷിചെയ്തിരിന്നു. ശരാശരി വർഷപാതം 2992.5 എം.എം. ആണ്. കുളങ്ങൾ തോടുകൾ ചാലുകൾ എന്നിവ ഉപയോഗിച്ചു നെൽകൃഷിക്കു ജലസേചനം നടത്തിയിരുന്നു. നെല്ല്, കരിമ്പ് എന്നീ കൃഷികൾക്കുവേണ്ടി പൂവത്തൂർ, കോയിപ്രം, പൂവണ്ണാപുഴ എന്ന് 3 ലിഫ്റ്റ് ഇറികേഷൻ പമ്പുകൾ പ്രവർത്തിച്ചിരുന്നു. പമ്പാ ജലസേചനപദ്ധതി യുടെ വലതുകരകനാൽ ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. കൂടാത് പൂവത്തൂർ, തട്ടക്കാട് എന്ന് രണ്ടു ബ്രാഞ്ചുകനാലുകളും കൂടാതെ സബ് കനാലുകളുമുണ്ട്. P.I.P പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ചുകനാലിന്റെ ആവിർഭാവം തികഞ്ഞ പരാജയമാണ്. ഇതുമൂലം കാര്യമാത്ര പ്രസക്തമായി പ്രവർത്തിച്ചിരുന്ന ലിഫ്റ്റ് ഇറിഗേഷൻ നിന്നു പോകുകയും കഴിഞ്ഞ 4 വർഷമായി, പടിഞ്ഞാറ്റിൻകര, പടമൺ, നെല്ലിക്കൽ പാടശേഖരങ്ങൾ ജലം ലഭിക്കാതെ തരിശായി കിടക്കയുമാണ്. പമ്പാ ജലസേചന പദ്ധതിയുടെ ഭാവിയിൽ കർഷകർ ജിജ്ഞാസരാണ്.

പമ്പാപദ്ധതിയുടെ പൂർണ്ണമായ പ്രയോജനം ഈ പഞ്ചായത്തിലുണ്ടാകുന്നില്ല. കനാൽ ചോർച്ചമൂലം നെൽ കൃഷിചെയ്തു കൊണ്ടിരുന്ന വെള്ളങ്ങൂർ പുഞ്ചയുടെ കുറേഭാഗങ്ങൾ, കല്ലുങ്കൽ ഭാഗം, വരാച്ചാൽ, ഉള്ളൂചിറ, പൂരാകണ്ടം പടിഞ്ഞാറ്റു വേലിയുടെ കുറേഭാഗം കരിപ്പാകുഴിയുടെ കുറേഭാഗം ഇങ്ങനെ 50 ഹെക്ടർ നിലം വെള്ളകെട്ടുകളായി മാറിയിരിക്കുന്നു. 18 വർഷത്തോളമായി ഈ ഭാഗത്ത് കൃഷിചെയിതിട്ട്. കൂടാതെ ബ്രാഞ്ചുകനാലിൽകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മുഴുവൻഭാഗത്തും വെള്ളമെത്തുന്നില്ല. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 2 ലിഫ്ട് ഇറിഗേഷൻ പമ്പുകൾ (പൂവത്തൂരും, പൂവണ്ണാപ്പുഴയും) നിർത്തലാക്കുകയും ചെയ്തു. അങ്ങനെ ലഭിച്ചുകൊണ്ടിരുന്ന ജലസേചന സൗകര്യം ഭാഗീകമായി നഷ്ടപെടുകയും ചെയ്തു. പുരയിടകൃഷിക്ക് പരിമിതമായ തോതിൽ കൃഷിഭവൻമുഖേന പമ്പുസെറ്റു നൽകിയിട്ടുണ്ടെങ്കിലും അവഫലപ്രദമായി കൃഷിക്ക് ഉപയോഗിക്കപെടുന്നില്ല. മിക്കവാറും വീട്ടാവിശ്യങ്ങൾക്കാണ് ഈ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നത്.

## വിപണനം

കാർഷീകോൽപന്നങ്ങളുടെ വിപണനം

പ്രധാനമായും ഇടത്തരക്കാരിൽ കൂടി പഞ്ചായത്തിനു വെളിയിലുള്ള കച്ചവടകേന്ദ്രങ്ങളിൽ നടക്കുന്നു. ഒരു ചെറിയ ശതമാനം ഉൽപ്പന്നങ്ങൾ മാത്രമേ ആഭ്യന്തരമായി വിറ്റഴിക്ക പ്പെടുന്നുള്ളു. കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കുന്നില്ല. അവർചൂഷണം ചെയ്യപ്പെടുകയാണ്.

## കൃഷിഭവൻ

1987 –ൽ കൃഷിഭവൻ പഞ്ചായത്തടി സ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടു. കാർഷികോന്ന മനമായിരുന്നു ലക്ഷ്യം. ഒരു കൃഷി ഓഫീസറും, മൂന്ന് കൃഷി അസിസ്റ്റന്റന്മാരും ഉള്ള ഈ ആഫീസിന്റെ സേവനം കൂടുതൽ ഫലവത്താക്കേണ്ടിയിരിക്കുന്നു. ഗ്രൂപ്പ് ഫാമിംഗ് വിജയിപ്പിക്കുന്നതിന് നെല്ലുൽപാദക സമിതികളെ സജ്ജമാക്കുന്നതിലും പ്രവർത്തി പ്പിക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതായുണ്ട്. കൃഷിക്കാർക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്. യഥാർത്ഥ കർഷകർക്കെല്ലാം അതുപ്രയോജന പ്പെടുന്നുണ്ടോ എന്ന് സംശയം ഇല്ലാതില്ല. മൂന്ന് നഴ്സറികൾ കൃഷിഭവ്വന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രധാന കാർഷിക പ്രശ്നങ്ങൾ

പി.ഐ.പി കനാലിന്റെ ചോർച്ച ഈ പഞ്ചായത്തിലെ നെൽകൃഷിക്കാർക്ക് ഭീഷണിയാണ്. നെല്ലുൽപാദനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഉത്പാദന ചിലവിന്റെ വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നത്, ഉത്പന്നങ്ങൾക്ക് ആദായകരമായ വില കിട്ടാത്തത്, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, കൃഷിയെ ആശ്രയിച്ച് ജീവിച്ചു പോരുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നത് എന്നിവ നെല്ലിന്റെ ഉത്പാദന കുറവിന് കാരണമാകുന്നു.

നാണ്യവിളകളിൽ മുഖ്യ സ്ഥാനം വഹിക്കുന്ന തെങ്ങുകൃഷി നശിച്ചുകൊണ്ടി രിക്കുന്നു. കാറ്റുവീഴ്ച, തെങ്ങോലപ്പുഴുവിന്റെ ആക്രമണം, ചുമന്ന ചെല്ലിയുടെ ശല്യം, കൂമ്പുചീയൽ തുടങ്ങിയവ വ്യാപകമായി തെങ്ങിനെ ബാധിച്ചിരിക്കുന്നു. തെങ്ങുരോഗ ങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയാത്തതും, നാളീകേരത്തിന്റെ വിലക്കുറവും, ജലസേചന സൗകര്യം ഇല്ലാത്തതും നാളീകേരോത്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ കണ്ടുവരുന്ന നെൽകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ബ്ലാസ്റ്റ്, പോളരോഗം, എന്നീ കുമിൾ രോഗങ്ങളും, മുഞ്ഞതണ്ടുതുരപ്പൻ ഓലപ്പുഴു എന്നീകീടങ്ങളും കണ്ടവരുന്നു ഏത്തവാഴയ്ക്ക് കുറുനാമ്പ്, കൊക്കാൻ എന്ന രോഗം, പുഴുശല്യം എന്നിവ കണ്ടുവരുന്നു. പച്ചക്കറിക്ക് പ്രാണിശല്യം, വൈറസ് രോഗങ്ങൾ എന്നിവ സാധാരണയാണ്. റബ്ബറിന് ചീക്ക, പട്ടമരപ്പ്, ഇലകൊഴിച്ചിൽ എന്നീ രോഗങ്ങൾ ബാധിക്കുന്നു. എലി ശല്യം കൃഷിയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നമാണ്.

മണ്ണൊലിപ്പ് പഞ്ചായത്തിന്റെ ഒന്നു മുതൽ അഞ്ചു വരെയുള്ള വാർഡുകളിൽ രൂക്ഷമായി അനുഭവപ്പെടുന്നു. അശാസ്ത്രിയമായ കൃഷി രീതി, അനിയന്ത്രിതമായ മരം മുറിക്കൽ എന്നിവയാണ് ഇതിന്റെ കാരണങ്ങൾ.

## നിർദേശങ്ങൾ

1. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട വരാത്തോട്, പുവണ്ണാപ്പുഴത്തോട്, ചിറക്കൽ ത്തോട് എന്നീ തോടുകളും, അവയോടു ബന്ധപ്പെട്ട മറ്റു ചെറുതോടുകളും വീതിയും ആഴവും കൂട്ടി പഞ്ചായത്തിന്റെ പലഭാഗത്തായി പി.ഐ.പി കനാലിന്റെ ചോർച്ച മൂലം ഉണ്ടായിട്ടുള്ള വെള്ളക്കെട്ടുകൾ വരാച്ചാലി ലേക്കും അവിടെ നിന്ന് വരട്ടാറ്റിലേക്കും ഒഴിച്ചു വിടുന്നതിനുള്ള പദ്ധതി നടപ്പാക്കുന്ന പക്ഷം 290

ഹെക്ടറോളം നെൽപ്പാടങ്ങൾ ഇരുപ്പൂനില ങ്ങളാക്കി മാറ്റാൻ കഴിയും.

2. വെള്ളങ്ങൂർ പുഞ്ചയും, കല്ലുങ്കൽ പുഞ്ചയും ബന്ധിപ്പിച്ച് തോടുണ്ടാക്കി കെട്ടിക്കിടക്കുന്ന ജലം വരാച്ചാൽ വഴി വരട്ടാറ്റിലേക്കു വിട്ടാൽ ഉദ്ദേശം 30 ഹെക്ടർ നിലങ്ങളിൽ ഇരുപ്പൂ നെൽകൃഷി ചെയ്യാവുന്നതാണ്. വെള്ളങ്ങൂർ, ഉള്ളൂച്ചിറ, വരാച്ചാൽ ഇവ ബന്ധിപ്പിക്കുകയും, ആഴം കൂട്ടി വരട്ടാറ്റിലേക്ക് നീരൊഴുക്കു നിയന്ത്രിക്കുകയും, ബണ്ടുകൾ കെട്ടിയുയർത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പ് സ്ഥാപിക്കുകയും ചെയ്ത് കൃഷി വികസിപ്പിക്കാവുന്നതാണ്.

3. ആവശ്യമായ തോടുകളിൽ ചീപ്പുകൾ നിർമ്മിച്ച് നീരൊഴുക്കു നിയന്ത്രിച്ച് നെൽപ്പാടങ്ങളിൽ മത്സ്യകൃഷി നടത്താവുന്ന താണ്.

4. അടുത്ത കാലം വരെ പ്രവർത്തിച്ചിരുന്ന പൂവത്തൂർ, പൂവണ്ണാപ്പുഴ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പുനസ്ഥാപി ക്കേണ്ടതാണ്. ഇതു മൂലം പി.ഐ.പി ജലം എത്താത്ത ഭാഗങ്ങളിൽ നെല്ല്, പച്ചക്കറി, തെങ്ങ, വാഴ തുടങ്ങിയ കൃഷികൾക്ക് ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

5. പി.ഐ.പി കനാലിന്റെ ചോർച്ച മൂലം വെള്ളക്കെട്ടുണ്ടായിട്ടുള്ള പാടങ്ങളിൽ നിന്ന് കരകൃഷികൾക്ക് വെള്ളം കൊണ്ടു പോകുന്നതിന് പമ്പു സെറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

6. പഞ്ചായത്തിലുള്ള കുളങ്ങൾ ആഴം കൂട്ടി ജലസേചനത്തിനും മത്സ്യകൃഷിക്കും ഉപയോഗിക്കാവുന്നതാണ്.

7. പി.ഐ.പി കനാലുകളുടെ ചോർച്ച മാറ്റുന്നതിനുള്ള പണികൾ നടത്തുക.

8. പി.ഐ.പി കനാലുകളിൽ നിന്ന് വീട്ടാവശ്യത്തിന് വെള്ളം പമ്പ് ചെയ്തെടുക്കു ന്നതിന് സൗകര്യങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുക.

9. നിലവിലുള്ള പ്രധാന തോടുകളിൽ തടയണകൾ കെട്ടി വേനൽക്കാലത്ത് ജലസേചനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ജലം ലഭ്യമാക്കുക.

10. എല്ലാ വിളകൾക്കും ജലസേചന സൗകര്യമുണ്ടാക്കുക.

11. പഞ്ചായത്തിലെ മണ്ണുപരിശോധന ഫലപ്രദമായ രീതിയിൽ നടപ്പാക്കുകയും അതനുസരിച്ച് വളപ്രയോഗം നടത്തുന്നതിന് കൃഷിക്കാരെ ബോധവത്ക്കരിക്കുകയും ചെയ്യുക.

12. മണ്ണ്, വിളകൾ, കാലികൾ ഇവയുടെ സംരകഷണത്തിന് ഈ പഞ്ചായത്ത് ഒരു നീർമുറി(water shed) വികസന പ്രദേശമായി മാറ്റേണ്ടതാണ്.

13. നെല്ല്, പച്ചക്കറി, തെങ്ങ് എന്നീ വിളകൾക്ക് ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

14. പച്ചക്കറി കൃഷി അടുക്കളത്തോട്ടം എന്ന നിലയിൽ വ്യാപകമായി പ്രോഹത്സാഹിപ്പി ക്കുക.

15. ഒരു കർഷകസംസ്കാരം വളർത്തി യെടുക്കുക എന്ന ലക്ഷ്യം വച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് മിനി കിറ്റുകൾ നൽകി പ്രോഹത്സാഹിപ്പിക്കുക.

16. ഒരു കുടുംബത്തിന് ഒന്ന് എന്ന തോതിൽ പപ്പായ, ചെറുനാരകം, പേര, മുന്തിരി, സപ്പോട്ട, കൈതച്ചക്ക എന്നീ പഴവർഗ്ഗ കൃഷി പ്രോഹത്സാഹിപ്പിക്കുക.

17. കൃഷിക്കാരുടെ ആവശ്യമനുസരിച്ച്

തൊഴിലാളികളെ വിട്ടുകൊടുക്കത്തക്കവണ്ണം പഞ്ചായത്ത് കേന്ദ്രീകരിച്ച് തൊഴിലാളികളുൾപ്പെട്ട ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുക.

18. കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് കൃഷിക്കാരും തൊഴിലാളികളും ചേർന്ന് ചർച്ചകളിലൂടെ തീരുമാനിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുക.

19. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ നടപ്പാക്കുക.

20. റബ്ബർ ടാപ്പിംഗ്, തെങ്ങുകയറ്റം എന്നിവയ്ക്ക് ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ലാത്തതു കൊണ്ട് യുവാക്കൾക്ക് ഈ രംഗത്ത് പരിശീലനം നൽകി നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

21. മണ്ണിന്റെ ഗുണമേൻമ്മ നിലനിർത്തുന്നതിന് ജൈവവളങ്ങളുടെ പങ്ക് പരമപ്രധാനമാണ്. കാലിവളം, പച്ചിലവളം, കമ്പോസ്റ്റ് എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും വർധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

22. പഞ്ചായത്തുകേന്ദ്രീകരിച്ച് ഒരു മണ്ണുപരിശോധനകേന്ദ്രം സ്ഥാപിക്കുക. കൂടാതെ നിലവിലുള്ള വിത്തുത്പാദനകേന്ദ്രം വികസിപ്പിച്ച് കൃഷിക്കാവിശ്യമുള്ള എല്ലാവിത്തുകളും ലഭ്യമാക്കുക.

23. ജൈവകീടനാശിനികളായ പുകയില കഷായം വേപ്പിൻ കഷായം തുടങ്ങിയവ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും കൃഷിക്കാരേ പരിശീലിപ്പിക്കുക.

24. കീടനാശിനികൾ തളിക്കുന്നതിന് പഞ്ചായത്തുകേന്ദ്രീകരിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകി ആവിശ്യമായ ഉപകരണങ്ങൾ സൗജന്യമായിനൽകുക.

25. കൃഷിക്കാർക്കുകുറഞ്ഞപലിശനിരക്കിൽ സഹകരണബാങ്കുകൾ വഴി വായ്പ്പ യഥാസമയം കിട്ടുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക.

26. കുറഞ്ഞചിലവിൽ ലാഭകരമായി ചെയ്യാവുന്ന കൂണ്, പുഷ്പങ്ങൾ, വെറ്റില മുതലായ കൃഷികൾ പ്രോത്സാഹിപ്പിക്കുക. അതിനുയോചിച്ച ഭൂമിയും സൗകര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്.

27. കർഷകനു സമൂഹത്തിലുണ്ടായിരുന്ന മാന്യതയും പദവിയും വീണ്ടെടുത്തുനിലനിർത്തുന്നതിന് പഞ്ചായത്തു തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുകയും ആണ്ടിലൊരിക്കൽ കർകമേളകൾ സംഘടിപ്പിച്ച് അവിടെവച്ച് അവവിതരണം ചെയ്ത് കൃഷിക്കാരനെ ആദരിക്കുകയും ചെയ്യുക. കൂടാതെ. കൃഷിക്കാർക്ക് പെൻഷൻനൽകുന്നതിന് ഉചിതമായ പദ്ധതി ആവിഷ്കരിക്കരിക്കണം.

28. നെടുപ്രം കരിമ്പുഗവേഷണ കേന്ദ്രവുംമായി ബന്ധപ്പെട്ട്, ഈ പഞ്ചായത്തിലേ നഷ്ടപ്പെട്ടുപോയ കരിമ്പു കൃഷിവികസിപ്പിച്ച് നാടൻശർക്കരയുടെ ഉൽപ്പാദനം പുനരുധരിക്കാവുന്നതാണ്.

29. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സിഡ് ഫാം എല്ലായിനം വിത്തുകളും ഉൽപ്പാദിപ്പിക്കന്ന ഒരു ഗവേഷണകേന്ദ്രമായി വികസിപ്പി ക്കേണ്ടതാണ്.

30. സിഡ് ഫാം മുമായിബന്ധപ്പെട്ട് ഒരുജില്ലാ ആഗ്രൊ എൻജിനീയറിംഗ് വർക്ക് ഷോപ്പ് സ്ഥാപിക്കാവുന്നതാണ്.

31 ഇഷ്ടിക ഉൽപ്പാതനത്തിനുവേണ്ടി അമിതമായി മണ്ണെടുക്കുന്നതുമൂലം കൃഷിനാശം സംഭവിക്കന്നതിനാൽ, മണ്ണെടുപ്പ് ഫലപ്രദമായി നിയന്ത്രിക്കേണ്ടതാണ്.

32. വരാച്ചാലിന്റെ പടിഞ്ഞാറുഭാഗത്ത് ക്രോസ്ബാർ ഇറിഗേഷൻ സ്ഥാപിച്ച്, പുഞ്ച വിരിപ്പുനിലം കൃഷിയോഗ്യമാക്കുക.

33. ശാലേപള്ളി ഭാഗത്തുനിന്നുള്ള മെയിൻകനാലിൻനിന്നും ഒരു സബ്ചാനൽ വെട്ടി കണിയാമുറ്റത്തുകുളത്തിൽ വരുത്തിയാൽ കുമ്പാടു പാടശേഖരം 25 ഹെക്ടർ വെള്ളം ലഭിക്കും.

34. പഞ്ചായത്തിലെ കേടുവന്ന തെങ്ങെല്ലാം പൂർണ്ണമായി വെട്ടിമാറ്റി രോഗപ്രദിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക. പഞ്ചായത്തടിസ്ഥാനത്തിൽ തെങ്ങനു സമാന്തരമായി മരുന്നടിപ്പിക്കുകയും ചെയ്യുക.



# 5.2 മൃഗസംരക്ഷണം

പഞ്ചായത്ത് പ്രദേശത്ത് പ്രധാന വളർത്തുമൃഗം പശു ആണ്. 1992 -93ൽ പത്തനംതിട്ട ജില്ലയിലെ ഡയറി പഞ്ചായത്തായി തെരഞ്ഞെടുത്തത് കോയിപ്രം പഞ്ചായത്താണ്. ഇപ്പോൾ ഉദ്ദേശം 3417 പശുക്കളുണ്ട്. ഇതിൽ 2820 എണ്ണം കറവയുള്ളതാണ്. എരുമകൾ നാമമാത്രമാണ്. ഒൻപതെണ്ണം മാത്രം. യന്ത്രവൽകൃത കൃഷി സമ്പ്രദായം മെച്ചപ്പെട്ടതോടെ ഉഴവുമാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പാലുല്പാദന ശേഷികൂടുതലുള്ള സങ്കരയിനം പശുക്കളുടെ വരവാണ് പ്രധാനമായും എരുമകളുടെ എണ്ണംകുറയാൻ കാരണം. ആടുവളർത്തൽ മുൻപുണ്ടായിരുന്നതുപോലെ വ്യാപകമല്ല. എന്നാൽ അടുത്തകാലത്ത് ആളുകർക്ക് ആടുവളർത്തലിൽ താല്പര്യം കണ്ടുതുടങ്ങിയിട്ടുണ്ട്. സങ്കരയിനം ആടുകളുടെ പെട്ടന്നുള്ള വളർച്ചയും പ്രത്യുല്പാദനശേഷി കൂടുതലും, ആട്ടിറച്ചിയുടെ ഗണ്യമായ വില വർദ്ധനവും, താരതമ്യേന മെച്ചപ്പെട്ടരീതിയിലുള്ള പാലിന്റെ ലഭ്യതയും ആണ് ആടുവളർത്താൻ പ്രോത്സാഹനജനകമായി തീരുവാൻ കാരണം.

പഞ്ചായത്തിൽ ചുരുക്കമായി പന്നി വളർത്തലും, മുയൽ വളർത്തലും നടക്കുന്നുണ്ട്. വ്യാപകമായരീതിയിൽ നടന്നുകാണുന്നില്ല. പന്നികളെ സമീപവാസികൾക്ക് അസൗകര്യമുണ്ടാക്കാതെ ശാസ്ത്രീയമായരീതിയിൽ വളർത്തുന്നതിന് ഏർപ്പാടുണ്ടായാൽ പന്നിവളർത്തൽ ഒരു ആദായകരമായ തൊഴിൽ മേഖല ആക്കാവുന്നതാണ്. മുയൽ വളർത്തലും അത്ര വ്യാപകമല്ല. കോഴിയിറച്ചിയേക്കാൾ മുയലിറച്ചി രോഗികൾക്ക് പ്രയോജനകരമാണെന്ന വസ്തുത പലർക്കും അറിവില്ലാത്തതാകാം കാരണം. ശാസ്ത്രീയമായരിതിയിൽ മുയൽ വളർത്തലിന് പ്രോത്സാഹനം നൽകിയാൽ അതും ആദായകരമാക്കാവുന്ന മേഖലയാണ്. എല്ലാവീടുകളിലും മുട്ടകോഴികളെ വളർത്തുന്ന സമ്പ്രദായം വ്യാപകമായിരിക്കുന്നു. എന്നാൽ അടുത്ത കാലത്ത് അതിന് കുറവു സംഭവിച്ചിട്ടുണ്ട്. പ്രധാനകാരണം അടിക്കടിയുണ്ടാകുന്ന കോഴിവസന്തയാണ്. സ്വന്തം ആവശ്യത്തിലേക്ക് ഇറച്ചികോഴിയെ വളർത്തിവരുന്നു. കൂടുതലും വളർച്ച എത്തിയ കോഴികളെ തമിഴ്നാട്ടിൽനിന്നും കൊണ്ടുവന്ന് വിപണനം നടത്തുകയാണ് പതിവ്.താറാവു വളർത്തൽ ഉപജീവനമാർഗ്ഗമായി ചുരുക്കം വ്യക്തികൾ നടത്തുന്നുണ്ടെങ്കിലും വ്യാപകമല്ല. താറാവുകൾക്കുണ്ടാകുന്ന സാംക്രമിക രോഗംവും, പാടങ്ങളിലെ നെൽകൃഷിയുടെ കുറവുമാണ് താറാവുകളെ അധികം വളർത്താതിരിക്കാൻ കാരണം. കോഴി മുട്ടയും, താറാവിൻ മുട്ടയും, തമിഴ് നാട്ടിൽനിന്നും കൊണ്ടുവന്ന് വില്പനനടത്തുകയാണ് പതിവ് ചുരുക്കം ചില വിടുകളിൽ ടർക്കികോഴികളെയും, ഗിനികോഴികളെയും വളർത്തുന്നതായി കാണപ്പെടുന്നു. ജലാശയങ്ങൾ പഞ്ചായത്ത് പ്രദേശത്ത് കൂടുതലുള്ളത് താറാവുകൃഷിക്ക് സാധ്യതകാണുന്നു. കോഴിഇറച്ചിയുടെ വർദ്ധിച്ചുവരുന്ന ഉഭഭോഗം ഇറച്ചികോഴിവളർത്തലിന് സാദ്യതനൽകുന്നു. നാടൻ ശീരോത്പാദകനിർമ്മാണം പ്രോത്സാഹിപ്പിക്കുക വഴി മായംചേരാത്ത ക്ഷീരോത്പന്നങ്ങൾ ഗ്രാമപ്രദേശങ്ങളിൽ ലഭിക്കുന്നതിനും, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാകുന്നു.

പഞ്ചായത്തിൽ 4 പാൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളും പാൽ സംഭരിച്ച് വിതരണം

ചെയ്യുന്നുണ്ട്. പഞ്ചായത്തിലാകമാനം പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിക്കുന്നുണ്ട്. എങ്കിലും കാലിവളർത്തൽ മേഖലയിൽനിന്ന് പല കർഷകരും പിൻമാറുന്നതായി കാണാൻ കഴിയുന്നു. പല വീടുകളിലും ഒഴിഞ്ഞ തൊഴുത്ത് കാണുവാൻ സാധിക്കുന്നുണ്ട്. കാലിവളർത്തൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ നിരവധി പ്രശ്നങ്ങളെ നേരിടേണ്ടതായി വരുന്നതാണ് ഇതിന് കാരണം. കാലിതീറ്റയുടെ അമിതമായ വിലവർദ്ധനവ്, പച്ചപ്പുല്ലിന്റേയും, വൈക്കോലിന്റേയും ദൗർലഭ്യം, കറവമാടുകളിൽ സാധാരണയായി കണ്ടുവരുന്ന അകിടുവീക്കം, ഉദരരോഗങ്ങൾ, കറവക്കാരുടെ അഭാവം, ചിലയിടങ്ങളിൽ വിപണനത്തിനുള്ള വൈഷമ്യം മുതലായവയാണ് പ്രധാനമായും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ.

പഞ്ചായത്തിലധികവും നാമമാത്ര കർഷകരാണ്. പലർക്കും പുൽകൃഷിക്കുവേണ്ടി മാറ്റിയിടാൻതക്ക സ്ഥലസൗകര്യമില്ല. നെൽകൃഷി പൊതുവെ കുറവായതിനാൽ വൈക്കോലിന്റെ ലഭ്യതയും കുറവാണ്. തമിഴ് നാട്ടിൽനിന്നും വരുന്ന വൈക്കോലിന് അമിതവിലയാണ്. പഞ്ചായത്തിലെ 4 പാൽ സഹകരണസംഘങ്ങളിൽ 3 എണ്ണം മിൽമയിൽ അഫിലിയേറ്റ് ചെയ്തതാണ്. നാമമാത്രമായ സബ്സിഡിയോടും കൂടി ലഭിക്കുന്ന മിൽമാ കാലിതീറ്റ പ്രസ്തുത സംഘങ്ങളിലെ അംഗങ്ങൾക്കുമാത്രമേ വിതരണം ചെയ്യാറുള്ളു. ആയതിനാൽ ഭൂരിഭാഗം വരുന്ന കർഷകർക്കും ഗുണമേൻമയുള്ള സമികൃത ആഹാരമായ കാലിതീറ്റയ്ക്കുപകരം വില വളരെഅധികം കൂടുതലുള്ള പിണ്ണാക്ക് മുതലായ സന്ദ്രീകൃത തീറ്റ വാങ്ങേണ്ടിവരുന്നു. ഒരുമൃഗാശുപത്രിയുള്ളവർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രവർത്തനം എത്തിക്കുന്നതിന് പര്യാപ്തമല്ല. മേൽപറഞ്ഞ 4 പാൽ സഹകരണസംഘങ്ങളുടെയും പ്രവർത്തനമേഖല ക്ലിപ്തപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവരുടെ സേവനം എല്ലാവാർഡിലുമുള്ള കർഷകർക്ക് പ്രയോജനകരമല്ല. പാൽഉല്പാദനം ലാഭകരമാക്കുവാൻ 6 കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

1. പശുക്കളുടെ ഉല്പാദനക്ഷമത 2. ശാസ്ത്രീയമായ തീറ്റക്രമം 3. പശുകുട്ടിയുടെ പരിചരണം 4. പ്രസവങ്ങൾതമ്മിലുള്ള ഇടവേള 5. പ്രതിരോധ കുത്തിവെയ്പ് 6. പാലിന്റെ സ്ഥിരമായ വിപണി.

മുൻകാലത്തെപ്പോലെ കർഷകർ ജൈവവളം ഉപയോഗിക്കാത്തതും, കാലിവളം നീക്കം ചെയ്യുന്നതിലുള്ള തൊഴിലാളികളുടെ അഭാവവും, കാലിവളം കെട്ടികെടക്കാൻ കാരണമാവുന്നു. അത് പരിസര മലിനീകരണത്തിനും, കൊതുകുവർദ്ധനവിനും കാരണമാകുന്നു. ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ ഗോവർഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം ഉപയുക്തമാണ്.

ലോകത്തിൽ പല വികസിതരാജ്യവും കന്നുകാലി വളർത്തൽവഴി അധികം ധനം സംമ്പാദിച്ചിട്ടുള്ളവരാണ്. സ്വീഡൻ, ഡെൻമാർക്ക്, പോളണ്ട് മുതലായവ മുൽപന്തിയിലാണെന്നുമാത്രം. ഒപ്പം അവികസിതരാജ്യങ്ങളിൽ ഒന്നായ ക്യൂബയിൽനിന്നുള്ള വാർത്ത പശുവിന് നൽകപ്പെടുന്ന ദേശീയ ബഹുമതിയുടെതാണ്.

## പ്രധാനപ്രശ്നങ്ങൾ

1. കാലിതീറ്റയുടെ അമിതവില.
2. പശുപുല്ലിന്റെയും, വൈക്കോലിന്റെയും ദൗൻലഭ്യം.
3. കറവക്കാരുടെ അഭാവം.
4. മൃഗചികിത്സാ സൗകര്യത്തിന്റെ കുറവ്.
5. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളുടെ ലഭ്യതകുറവ്.
6. കൃത്യമബീജസങ്കലന കേന്ദ്രങ്ങളുടെ അപര്യാപ്തത.
7. പാൽ സംഭരണത്തിനും വിതരണത്തിനും ഉള്ള അസൗകര്യം.
8. ബോധവൽക്കരണത്തിന്റെ കുറവ്.
9. പാലിനെ ഉല്പാദനവിലയുമായി താരതമ്യംചെയ്യുമ്പോഴുള്ള വിലക്കുറവ്.
10. മാതൃകാ കാലിതൊഴുത്തിന്റെ അഭാവം.
11. മേൽത്തരം കോഴികുഞ്ഞുങ്ങളുടെ അഭാവം.

12. കോഴിവസന്തയ്ക്കുള്ള ഫലപ്രദമായ പ്രതിരോധ സൗകര്യം ഇല്ലായ്മ.

13. കോഴിതീറ്റയുടെ അമിതവില.

14. മുട്ടയുടെ വിപണനത്തിനുള്ള വൈഷമ്യം.

15. പേപട്ടി ശല്ല്യം.

## നിർദ്ധേശങ്ങൾ.

1. വാണിജ്യഅടിസ്ഥാനത്തിലുള്ള ഉൽകൃഷി വികസിപ്പിക്കണം.

2. സഹകരണസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് കാലിരീറ്റ, മീനെണ്ണ, മിനറൽ, മിക്ലച്ചർ തുടങ്ങിയവ സംബ്സിഡിയോട് കൂടി ലഭ്യമാക്കുക.

3. കന്നുകുട്ടി പരിപാലനം വ്യാപകമാക്കുക.

4. ബീജസങ്കലന സൗകര്യത്തോടുകൂടിയ മെബൈയിൽ മൃഗാശുപത്രി പ്രവർത്തിപ്പിക്കുക.

5. 4, 5, 6, 7, 8 എന്നീവാർഡുകൾക്ക് പ്രയോജനകരമായരീതിയിൽ ചെമ്പകശ്ശേരിപടിക്ക് ഒരു ബീജസങ്കലനകേന്ദ്രവും, പാൽ സംഭരണകേന്ദ്രവും സ്ഥാപിക്കുക.

6. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കുടുംബമൊന്നിന് 2 കറവമാടുകൾക്കും, കാലിതൊഴുത്തു നിർമ്മാണത്തിനും പലിശരഹിത വായ്പ നൽകാൻ ഏർപ്പാട് ചെയ്യുക.

7. പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് ചെറുകിട കാലിതീറ്റാ ഫാക്ടറി ആരംഭിക്കുക.

8. മാതൃകാ കാലിതൊഴുത്ത് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

9. തൊഴിൽരഹിതരായ ചെറുപ്പക്കാരെ പശുക്കറവ അഭ്യസിപ്പിക്കുക.

10. നാടൻ ക്ഷീരേല്പാദനനിൻമ്മാണ യൂണിറ്റ് ആരംഭിക്കുക.

11. ക്ഷീരസംഘങ്ങളിലൂടെയും ഐ. സി. ഡി. പി. സെന്ററുകളിലൂടെയും പച്ചപ്പുല്ലിന്റെ വിപണനം നടത്തുക.

12. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി വ്യാപകമാക്കുക.

13. പുൽവിത്ത്, പുൽകടകൾ ആദിയായവയുടെ ഉല്പാദനകേന്ദ്രങ്ങൾ ആരംഭിക്കുക.

14. അ്ഗൻവാടി, പ്രൈമറിസ്ക്കൂൾ എന്നിവവഴി ക്ഷീരേല്പന്നങ്ങൾ വിതരണം ചെയ്യുക.

15. മാതൃകാ ഡയറിഫോം യൂണിറ്റുകൾ ആരംഭിക്കുക.

16. കന്നുകാലി പ്രദർശനവും വന്ധ്യതാ നിവാരണ ക്യാമ്പുകളും സംഘടിപ്പിക്കുക.

17. ക്ഷീരകർഷക സമ്പർക്ക പരിപാടിയും ക്ഷീരോല്പന്ന നിർമ്മാണ ക്ലാസുകളും നടത്തുക.

18. യൂറിയചേർത്ത് വൈക്കോൽ സംപുഷ്ടമാക്കുന്ന പദ്ധതി നടപ്പാക്കുക.

19. കെമിക്കൽസ്, മിൽക്ക്കൂളർ, ഫ്രിഡ്ജ്, കെട്ടിടനിർമ്മാണം, പ്രവർത്തനമൂലധനം, മാനേജീരിയൽ ഗ്രാന്റ്, ഫർണ്ണിച്ചർ, മിൽക്ക്ക്യൻ, മിൽക്ക് ടെസ്റ്റിംഗ് ഉപകരണം, ക്രീംസപ്പറേറ്റർ മുതലായവയ്ക്കുള്ള സബ്സിഡി പാൽ സഹകരണസംഘങ്ങൾക്ക് ലഭ്യമാക്കുക.

20. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ 2 ആട്ടിൽ കുട്ടികളെ വീതം വിതരണംചെയ്യുക.

21. സബ്സിഡിയോടുകൂടി പന്നിവളർത്തൽ, മുയൽവളർത്തൽ, ആട്വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

22. ഒരുദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ ഹാച്ചറികളിൽനിന്നും വാങ്ങി മൂന്നുമാസം വളർത്തി വിതരണം ചെയ്യുന്നതിനുള്ള നേഴ്സറി സ്ഥാപിക്കുക.

23. 5 മുട്ടകോഴികളെ വീതം സൗജന്യനിരക്കിൽ വിതരണംചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.

24. ഇറച്ചികോഴികളെ വളർത്തുന്നതിന് 250 കോഴികൾവീതമുള്ള യൂമിറ്റുകൾ ആരംഭിക്കുക.

25. 20 താറാവുകളെ വീതം ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

26. പാൽ വിപണനത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന വാർഡുകളിൽനിന്നും പാൽ സംഭരണത്തിന് അടുത്തുള്ള പാൽ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുക.

27. പഞ്ചായത്ത് പ്രദേശത്ത് മാത്രം

പ്രവർത്തനം കേന്ദ്രീകരിച്ച് ഡയറി എക്സ്റ്റൻഷൻ യൂണിറ്റ് ആരംഭിക്കുക.

28. പഞ്ചായത്തിൽ ഒരുമുട്ട സംഭരണ വിപണന കേന്ദ്രം ആരംഭിക്കുക.

29. വീടുകളിൽ കെട്ടിയിട്ട് വളർത്താതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന യാസ്ക്കളെ കണ്ടെത്തി കൊല്ലുക.

## മത്സ്യബന്ധനം

കോയിപ്രം പഞ്ചായത്തിന്റെ IX, X,XI വാർഡുകളുടെ തെക്കേ അതിൽത്തിയിൽകൂടിയാണ് പമ്പാ നദി ഒവുകുന്നത്. പഞ്ചായത്തിലെ മറ്റു വാർഡുകളിൽ പ്രധാനപ്പെട്ട കുളങ്ങളും, പാടശേരങ്ങളും ഉണ്ട്. അതിൽതന്നെ പ്രധാന്യം അർഹിക്കുന്നത് ഏകദേശം 20 ഏക്കർവിസ്തീർണ്ണമുള്ള 9ാം വാർഡിലെ ഉള്ളൂർചിറ, 7ാം വാർഡിൽപെടുന്ന 75 സെന്റ് വരുന്ന പ്ലാവേലിൽ കുളം, 50 സെന്റ് വരുന്ന പൊട്ടുകുളം, 6ാം വാർഡിൽപ്പെടുന്ന 2 1/2 ഏക്കറുള്ള മണൽക്കുളവും 1/2 വരുന്ന കൊല്ലരുകുളവും, 5ാം വാർഡിലെ കാരയ്ക്കാട്ടു കുളവും 10ാം വാർഡിൽപ്പെടുന്ന നെല്ലിക്കൽ പാറക്കുളം, 11ാം വാർഡിലെ ചീക്കുഴിചാൽ ഒരേക്കറിൽ കൂടുതൽ വരുന്ന Xാം വാർഡിലെ ചാംകുളം, ഏകദേശം 2 കിലോമീറ്റർ നീളമുള്ള വരാൽചാൽ, 6ഉം 7ഉം വാർഡിൽ വരുന്ന പമ്പാകനാലിന്റെ സമീപത്തുള്ള പടിഞ്ഞാറ്റുവേലി പുഞ്ച മുതലായവ, കൂടാതെ പഞ്ചായത്ത് പ്രദേശത്തുകൂടെ പ്രധാനമായ 2 തോടുകൾ (പൂവണ്ണാപ്പുഴ തോട്, വരാൽ തോട്) പമ്പാനദി യേയും പുഞ്ച പ്രദേശത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്.

പമ്പാ നദിയിൽനിന്ന് ലഭിക്കുന്ന കുറച്ചു മൽസ്യവും ബാക്കി കടൽ മൽസ്യവുമാണ് പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുന്നത്. പഞ്ചായത്ത് പ്രദേശത്ത് പ്രധാനമായും കുമ്പനാടും, ചെറിയതോതിൽ കരീലമുക്കിനും (7ാം വാർഡ്) ആമ് മൽസ്യ വിപണനം നടക്കുന്നത്. കൂടാതെ സൈക്കിൽ കച്ചവടക്കാർ വീടുകളിലും മൽസ്യം എത്തിച്ചുതരുന്നുണ്ട്. ശരിക്കും ലഭിക്കാവുന്ന മൽസ്യം പമ്പാനദിയിൽനിന്ന് ദേശവാസികൾ ശേഖരിച്ച് ഉപയോഗിക്കുന്നില്ല. മൽസ്യബന്ധനം തൊഴിലാക്കിയിട്ടുള്ള ഒരു കുടുംബമേ പഞ്ചായത്ത് പ്രദേശത്തുള്ളു. പഞ്ചായത്തു പ്രദേശത്തുള്ള മുകളിൽ പ്രതിപാദിച്ച കുളങ്ങലിലും, ചാലുകളിലും മൽസ്യകൃഷിക്ക് വളരെ സാധ്യതയുണ്ട്. പഞ്ചായത്തിൽപ്പെടുന്ന കുമ്പനാട് പ്രദേശത്തെ റോഡ് സൈഡിലുള്ള മൽസ്യ വില്പന കേന്ദ്രം വളരെ ശോചനീയമായ നിലയിനാണ്. അവിടെ നിന്നതുമാറ്റി സൗകര്യപ്രദമായി ആദുനിക സൗകര്യങ്ങളോട് സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായ ഒന്നാണ്.

### പ്രധാന പ്രശ്നങ്ങൾ

1. മൽസ്യകുഞ്ഞുങ്ങളുടെ ദൗർലഭ്യം.
2. കുളങ്ങൾക്കും, ചാലുകൾക്കും സംരക്ഷണഭിത്തികളില്ലായ്മ.
3. വേനൽകാലത്ത് വെള്ളമില്ലായ്മയും, വർഷകാലത്ത് വെള്ളപ്പൊക്കവും.
4. മത്സ്യബന്ധനത്തിന് ആളുകളുടെ അപര്യാപ്തത.
5. പമ്പാ നദിയിലെ അനിയന്ത്രിതമായ തോട്ടാ ഇടീൽ.
6. മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗം.
7. മത്സ്യകൃഷിയെ കുറിച്ചുള്ള അരിവില്ലായ്മ.

### നിർദേശങ്ങൾ

1. ഉള്ളൂർചിറയിൽ ആഴംവർദ്ധിപ്പിച്ച് സൈഡ്കെട്ടി മത്സ്യകൃഷി വ്യാപകമാക്കാവുന്നതാണ്. ശ്രദ്ധിച്ചാൽ സമീപപ്രദേശങ്ങളിലേക്ക് വിതരണംചെയ്യാൻ മത്സ്യ കുഞ്ഞുങ്ങളേയും ഇവിടെ ഉത്പാദിപ്പിക്കാം.
2. 7ാം വാർഡിലെ പ്ലാവേലികുളവും, പൊട്ടുകുളവും ക്രമപ്പെടുത്തി മീൻവളർത്താൻ ഏർപ്പാടുചെയ്യുക.
3. 6ാം വാർഡിലെ മണക്കുളവും, കൊല്ലരുകുളവും മീൻവളർത്തലിന് പ്രയോജനപ്പെടുത്തുക.

4. XI വാർഡിലെ നെല്ലിക്കൽ പാറകുളത്തിലും IX ാം വാർഡിലെ ചീക്കുഴിചാലിലും മീൻവളർത്തൽ നടപ്പിലാക്കുക.

5. 2 കിലോമീറ്റർ നീളമുള്ള വരാൽചാൽ ക്രമീകരിച്ച് ചെമ്മീൻ വളർത്താൻ ഏർപ്പാട് ചെയ്യുക.

6. പടിഞ്ഞാറ്റുവേലി പുഞ്ചയിൽ പമ്പാ കനാലിന്റെ സമീപം തരിശായികിടക്കുന്ന പാടത്ത് ചെമ്മീൻ കൃഷി നടപ്പിലാക്കുക.

7. മത്സ്യബന്ധനത്തിന് പഞ്ചായത്ത്പ്രദേശത്ത് തിരഞ്ഞെടുത്ത ആളുകൾക്ക് പരിശീലനം നൽകുക.

8. മത്സ്യബന്ധനത്തിനുള്ള വളവും, വലയും സബ്സിഡിയോടുകൂടി ലഭ്യമാക്കാൻ ഏർപ്പാടുണ്ടാക്കുക.

9. മത്സ്യബന്ധനത്തിന് തടികൊണ്ടുള്ള വള്ളത്തിനു പകരം ഫൈബർഗ്ലാസ് വള്ളങ്ങൾ ലഭ്യമാക്കുക.

10. പഞ്ചായത്ത് പ്രദേശങ്ങളിൽപ്പെട്ട കുമ്പനാട്, പുല്ലാട്, പൂവത്തൂർ, കരീലമുക്ക് ഈ സ്ഥലങ്ങളിൽ മത്സ്യ വിപണന സ്റ്റാളുകൾ ഏർപ്പെടുത്തുക.

11. ഫിഷറീസ് വകുപ്പിന്റെ എക്സ്റ്റൻഷൻ യൂണിറ്റ് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനം ആരംഭിക്കുക.

## വളർത്തുമൃഗങ്ങൾ

| | |
|---|---|
| പശുക്കൾ | 3417 |
| എരുമ | 9 |
| ഉഴവുകാള | 14 |
| ആട് | 1980 |
| പോത്ത് | 4 |
| പട്ടി | 2424 |
| കോഴി | 22653 |
| താറാവ് | 1290 |



# 5.3 വിദ്യാഭ്യാസം

**ആമുഖം**

അന്തർദേശീയ വിദ്യാഭ്യാസ വിചക്ഷണ ന്മാർ അടങ്ങിയ 1964ലെ വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കിയ സർവ്വം സ്പർശിയായ റിപ്പോർട്ട് ആരംഭിക്കുന്നത് സുപ്രസിദ്ധമായ ഒരു വാക്യത്തോടു കൂടിയാണ്. 'ഭാരതത്തിന്റെ ഭാഗധേയം രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് അവളുടെ ക്ലാസ്സ് മുറികളിലാണ്.' ( The denstiny of India is being shaped in her class rooms )ഒരു രാജ്യത്തിന്റെ വികാസപരിണാമ പ്രക്രീയയിൽ വിദ്യാഭാസത്തിന്റെ പങ്ക് എന്താണെന്ന് ഈ വാക്യം ഉച്ചത്തിൽ ഉൽഘോഷിക്കുന്നു. ശാസ്ത്രീയമായ പ്ലാനിംഗിന്റെ മാർഗ്ഗത്തിൽ വിരചിതമായ ആ റിപ്പോർട്ട് ഉൾക്കൊള്ളാനോ ഉപയോഗിക്കാനോ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു ദുഃഖ സത്യമാണ്.

പ്രാചീനകാലം മുതൽ ഈ പ്രദേശത്ത് പ്രബുദ്ധമായ ഒരു വിദ്യാഭ്യാസാന്തരീക്ഷം നിലവിലിരുന്നു. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ വിമോചനപ്പോരിൽ, വിദ്യാഭ്യാസമെന്ന മൂർച്ചയുള്ള ആയുധം ഈപ്രദേശത്തെ പുർവ്വസൂരികൾ ക്രാന്തദർശനത്തോടു കൂടി ഉപയോഗിച്ചിരുന്നു. അവർണ്ണരുടെ വിദ്യാലയ പ്രവേശത്തെ തടയുന്നതിന് യഥാസ്ഥിതികർ ആയുധമെടുത്തു പയറ്റുകയും പരാജയമടഞ്ഞപ്പോൾ വിദ്യാലയം തീയിട്ടു നശിപ്പിക്കുകയും ചെയ്ത സംഭവങ്ങൾ പുല്ലാട്ട് നടന്നിട്ടുണ്ട്. പിന്നോക്ക സമുദായക്കാർ ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങളിലുംപെട്ട കുട്ടികൾക്ക് വിദ്യാലയത്തിൽ ചേർന്നുപഠിക്കാൻ സർക്കാർ നൽകിയ അവകാശം അവഗണിച്ച് ക്ഷോഭിച്ചിളകിയ യഥാസ്ഥിതികരിൽ നിന്ന് അവരെ രക്ഷിച്ച് സ്കൂൾപ്രവേശനം നേടിയെടുക്കാൻ ആവശ്യമായ സംരക്ഷണം നല്കുന്നതിന് തിരുവന്തപുരത്തുനിന്ന് അന്നത്തേ നായർപട്ടാളം ഇവിടെ എത്തിയിരുന്ന കാര്യം ചരിത്രവസ്തുതയാണ്.

സ്വജനങ്ങളെയും സ്വന്തം കാരണവന്മാരേയും പോലും എതിർത്തുകൊണ്ട്, അധഃസ്ഥിതരുടെ ചേരിയിൽ ഉറച്ചുനിന്ന്, കച്ചമുറുക്കി അന്ന് അങ്കം കുറിച്ചത് വരിക്കണ്ണാമല വൈദ്യൻ നാരായണപ്പണിക്കർ എന്ന വലിയ മനുഷ്യനായിരുന്നു. അര നൂറ്റാണ്ടുമുമ്പ് നിന്നുപോയ പ്രസിദ്ധമായ 'പൗരസ്ത്യ കലാലയം'എന്ന സംസ്കൃത വിദ്യാലയം അദ്ദേഹമായിരുന്നു സ്ഥാപിച്ചത്. ഇന്ന് മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ശ്രീ വിവേകാനന്ദ ഹൈസ്കൂൾസ്ഥാപിച്ചതും അദ്ദേഹംതന്നെ. പുല്ലാട്ടും പരിസരപ്രദേശങ്ങളിലുമുള്ള പല സ്കുളുകളുടെയും സ്ഥാപനത്തിലും വളർച്ചയിലും അദ്ദേഹം വഹിച്ച പങ്ക് അത്യന്തം മഹത്തരമായിരുന്നു.

ഔപചാരികവിദ്യാലയങ്ങളുടെ ആവിർഭാവത്തിനു വളരെ മുമ്പ്തന്നെ, ഈ പ്രദേശത്തെ അധഃസ്ഥിതരുടെ അക്ഷരാഭ്യാസത്തിനുവേണ്ടി വൈദ്യൻ അവർക്കുവേണ്ടി ഒരു നൈറ്റ് സ്കൂൾ ആരംഭിച്ചിരുന്നു. രാത്രിയിൽ പ്രവർത്തിച്ചിരുന്ന ആ സ്കൂളിൽ, സ്ത്രീകളടക്കം വിവിധ പ്രായപരധിയിലുള്ള പിന്നോക്കവിഭാഗക്കാർ അക്ഷരവും ആശയവും അദ്ദേഹത്തിൽനിന്നു പഠിച്ചിരുന്നതായി രേഖകളുണ്ട്. ഉദ്ദേശം 150 വർഷങ്ങൾക്കുമുമ്പ് പുല്ലാട്ട് കുളത്തുങ്കൽ ജംഗ്ഷനിൽ ആരംഭിച്ച ഒരു നാട്ടുപള്ളിക്കൂടം 90 വർഷം മുമ്പ് നിന്നുപോയതായി പഴമക്കാർ പറഞ്ഞു

കെട്ടിട്ടുണ്ട്. പുല്ലാട്ടുള്ള പല വിദ്യാലയങ്ങളും ആരംഭിച്ചത് ഈ പള്ളിക്കൂടത്തിന്റെ കെട്ടിടത്തിലാണ്.

കോയിപ്രം പഞ്ചായത്തിലെ മിക്കവാറും എല്ലാ വിദ്യാലയങ്ങളും ജനകീയസഹകരണത്തിന്റെ കഥ പറയുന്നവയാണ്. എയിഡഡ് സ്കൂളിൽ ഭൂരിപക്ഷവും ക്രിസ്ത്യൻമിഷ്യനറിമാരുടെ ഉത്സാഹത്തിൽ നിന്ന് ഉയിർകൊണ്ടതാണ്. ക്രിസ്ത്യൻ സഭകളും, മിഷ്യനറിമാരും, ക്രിസ്ത്യൻസന്നദ്ധസംഘങ്ങളും ഇവിടെ വിദ്യാഭ്യാസം വികസിപ്പിച്ചെടുക്കാൻ അക്ഷീണം യത്നിച്ചിട്ടുണ്ട്.

പ്രസിദ്ധനായ നോയൽ സായ്പ് സ്ഥാപിച്ചതാണ് കുമ്പനാട് നോയൽ മെമ്മോറിയൽ ഹൈസ്ക്കൂൾ. അദ്ദേഹം സ്ഥാപിച്ച മറ്റു ചില സ്കൂളുകൾ നിന്നുപോയി. ഉദാ. ആന്താലിമണ്ണിൽ പാറയിലെ രണ്ടു ക്ലാസുകൾ മാത്രമുള്ള സ്കുൾ.

വിദ്യാലയങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ

ഈ പഞ്ചായത്തിൽ ഉള്ള 22 ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും (പട്ടിക 1) 13 ശിശുവിദ്യാഭ്യാസങ്ങളുടെയും (പട്ടിക 2 ) ഭൗതീകസാഹചര്യങ്ങളും അക്കാദമീയ നിലവാരവും സംബന്ധിച്ചുള്ള വിശദമായ വിശകലനം അന്യത്ര ചേർത്തിരിക്കുന്നു.

കോയിപ്രം പഞ്ചായത്തിലെ ഒരു കുട്ടിപോലും അടുത്ത പ്രൈമറിസ്കൂളിലെത്താൻ ഒരു കി.മി–ൽ കൂടുതൽ നടക്കേണ്ടതില്ല. ചില സ്ഥലങ്ങളിൽ ഹൈസ്കൂളിൽ എത്താൻ 2 മുതൽ 3 വരെ കിലോമീറ്റർ നടക്കേണ്ടി വരുന്നു.

## ഔപചാരിക സ്കൂളുകൾ

പട്ടിക 1

### ഗവർമ്മെൻഡ്

| ക്രമ നമ്പർ | സ്കൂൾ | സ്ഥാപിച്ച വർഷം |
|---|---|---|
| 1. | ഗവ.എച്ച്.എസ്സ് കോയിപ്രം | 1913 |
| 2. | ഗവ.യു.പി.ജി.എസ്സ് പുല്ലാട് | 1918 |
| 3. | ഗവ.യു.പി.എസ്സ്.പുല്ലാട് | 1912 |
| 4. | ഗവ.യു.പി.ബി.എസ്സ്.കുമ്പനാട് | 1912 |
| 5. | ഗവ.എൽ.പി.ജി.എസ്സ് കുമ്പനാട് | 1909 |
| 6. | ഗവ.ന്യൂ എൽ.പി.എസ്സ് പുല്ലാട് | 1961 |
| 7. | ഗവ.എൽ.പി.എസ്സ്.പൂവത്തൂർ | 1948 |

### പ്രൈവറ്റ്

| | | |
|---|---|---|
| 1. | SVHS പുല്ലാട് | 1921 |
| 2. | NMHS കുമ്പനാട് | |
| 3. | ബ്രദറൻ ഇംഗ്ലീഷ്മീഡിയം ഹൈസ്കൂൾ കുമ്പനാട് | |
| 4. | SUPS പൂവത്തൂർ | 1951 |
| 5. | MTLPS പുല്ലാട് | 1915 |
| 6. | EALPS പുലരികാട് | 1893 |
| 7. | MTLPS കുറുങ്ങഴ ഭാഗം | 1923 |
| 8. | MTLPS കുന്നന്താനം | 1895 |
| 9. | MTLPS കടപ്ര | 1915 |
| 10. | CMS LPS പൂവത്തൂർ | 1872 |
| 11. | EALPS നെല്ലിമല | 1921 |
| 12. | MTLPS പൂവത്തൂർ | 1894 |
| 13. | MTLPS തട്ടയ്ക്കാട് | 1925 |

| | | |
|---|---|---|
| 14. | MTLPS മടത്തുംഭാഗം | 1905 |
| 15. | ഗ്രേസ് മൗണ്ട് (eng.medium LPS) | 1992 |
| | ആകെ 22. | |

പട്ടിക 2

ശിശുവിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നംമ്പർ | സ്ഥാപനം | ഗവ: പ്രൈവറ്റ | വാർഡ് | മാദ്ധ്യമം |
|---|---|---|---|---|
| 1. | Day Care Centre കാഞ്ഞിരപ്പാറ | G | 1 | മലയാളം |
| 2. | ബാലവാടി ആന്താലി മണ്ണിൽ പാറ | G | 2 | മലയാളം |
| 3. | ബാലവികാസ്, പുല്ലാട് | P | 3 | ഇംഗ്ലീഷ് |
| 4. | ബാലവാടി, പുല്ലാട് | G | 3 | മലയാളം |
| 5. | സെന്റ്. ജോൺസ്, മുട്ടുമൺ | P | 4 | മലയാളം |
| 6. | നഴ്സറി സ്കൂൾ | P | 5 | ഇംഗ്ലീഷ് |
| 7. | നഴ്സറി സ്കൂൾ | P | 5 | ഇംഗ്ലീഷ് |
| 8. | പ്രീപ്രൈമറി സ്കൂൾ കുമ്പനാട് | G | 6 | മലയാളം |
| 9. | ബാലവാടി മോളിക്കൻമല | G | 6 | മലയാളം |
| 10. | ബാലവാടി കടപ്ര | P | 8 | മലയാളം |
| 11. | നഴ്സറി പൂവത്തൂർ | P | 9 | മലയാളം & ഇംഗ്ലീഷ് |
| 12. | നഴ്സറി സ്കൂൾ | P | 9 | മലയാളം |
| 13. | നിഴ്സറി സ്കൂൾ | P | 9 | മലയാളം |
| 14. | പ്രീപ്രൈമറി കോയിപ്രം | G | 9 | മലയാളം |

കാര്യക്ഷമമായ വിദ്യാഭ്യാസപ്രക്രിയ വികസിപ്പിച്ചുവരുന്നതിന് അനുകൂലമായ ഭൗതീകസാഹചര്യങ്ങൾ പല സ്കൂളുകളിലും ലഭ്യമല്ല. സർക്കാർ സ്കൂളുകളുടെ സ്ഥിതിയും പ്രൈവറ്റ് സ്കൂളുകളുടെ സ്ഥിതിയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. സർക്കാർ സ്കൂളിന്റെ വികസനം സാധിക്കേണ്ടത് സർക്കാരും പി.ടി.എ യും പൊതുജനങ്ങളും ചേർന്നാണ്.പ്രൈവറ്റ് സ്കൂൾ വികസനത്തിന്റെ ചുമതല മാനേജ്മെന്റിനും ഒരു അളവുവരെ സർക്കാരിനുമാണ്.

***സ്കൂളിനടുത്തു നിന്ന് അന്യസ്ഥലങ്ങളിലേക്ക് പഠിക്കാൻ വേണ്ടി കുട്ടികളുടെ കൂടുമാറ്റം***

കോയിപ്രം പഞ്ചായത്തിലെ മിക്കവാറും എല്ലാ സ്ക്കുളുകളുടേയും സമീപത്തുനിന്ന് മറ്റു സ്ഥലങ്ങളിലെ ഇംഗ്ലിഷ് മീഡിയം സ്ക്കുളുകളിലേക്ക്, മെച്ചപ്പെട്ട സാമ്പത്തിക സൗകര്യങ്ങളുള്ള കുട്ടികൾ പഠിക്കുവാൻ പോകുന്നുണ്ട്. ഫീസ്, സംഭാവനകൾ, ഗതാഗതചിലവ്, യൂണിഫോറം തുടങ്ങിയ ഒട്ടേറെ ഇനങ്ങളിൽ വമ്പിച്ച തുകകൾ ചെലവാക്കിയാണ് ഈ സ്കൂളുകൾ നൽകുന്ന സൗകര്യങ്ങൾക്കു പിന്നാലെ രക്ഷിതാക്കൾ പരക്കം പായുന്നത്. ഇതിന് വകയില്ലാത്ത

സാധാരണക്കാരുടെ കുട്ടികൾ സാധാരണ സ്കൂളുകളിൽ അടിഞ്ഞു കൂടുന്നു. രണ്ടു തരം സ്കൂകളുകളിൽ പഠിക്കുന്ന രണ്ടു തരം വിദ്യാർത്ഥികളാണ് ഈ നാട്ടിലുള്ളത്. ഇത് ദേശീയോത്ഗ്രഥനത്തിനു പോലും ഭീഷണിയാണ്. സമത്വബോധവും സാമൂഹിക ദൃഢതയും സാഹോദര്യ ഭാവവും വളരാൻ ആവശ്യമായ ചൈതന്യം ഈ അന്തരീക്ഷത്തിൽ ഇല്ലാതായി പോകുന്നു. പ്രവേശനം തൊട്ട് നിർഗ്ഗമനം വരെ എല്ലാ സ്കൂളുകളിലും എല്ലാവർക്കും സന്ദർഭങ്ങൾ സമമായി ലഭിക്കണം. ദൂരെയുള്ള പഞ്ചായത്തുകളിൽ നിന്ന് ഈ പഞ്ചായത്തിലേക്ക് ഇപ്രകാരമുള്ള കൂടുമാറ്റം അധികം ഉണ്ടാകാറില്ല.

## *പാഠ്യേതരപ്രവർത്തനങ്ങൾ*

യുവജനോത്സവത്തിൽ സംസ്ഥാന തലത്തിൽ വിജയിച്ച അപർണ്ണ.എസ്സ് എന്ന കുട്ടി കോയിപ്രം ഹൈസ്കൂളിലുണ്ട്. മൂന്നു ഹൈസ്കൂളുകളിലേയും ഏതാനും പ്രൈമറി സ്കൂളുകളിലെയും ചില കുട്ടികൾ ജില്ലാ യുവജനോത്സവം, സയൻസ്ഫെയർ, പ്രവൃത്തി പരിചയമേള എന്നിവയിൽ പങ്കെടുത്തു ജയിച്ചിട്ടുണ്ട്. യുവജനോത്സവത്തിന്റെയും ബാലകലോത്സവത്തിന്റെയും ട്രോഫികൾ തന്നാണ്ടിൽപുല്ലാട്ട് യു. പി. ജി. എസ്സ്. നേടിയിട്ടുണ്ട്.എല്ലാ ഹൈസ്കൂളിലും യു. പി. സ്കൂളിലും സ്കൗട്ട് ട്രൂപ്പ് ആരംഭിക്കണം.

### വിദ്യാർത്ഥികളും അധ്യാപകരും
### പട്ടിക 3
### ഗവ. സ്കൂളുകൾ

| ക്രമ നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | | | SC/ST | | | സ്റ്റാഫ് | അധ്യാപക വിദ്യാർത്ഥി അനുപാതം |
|---|---|---|---|---|---|---|---|---|---|
| | | B | G | ആകെ | B | G | ആകെ | | |
| | **ഹൈസ്കൂൾ** | | | | | | | | |
| 1. | ഗവ.എച്ച്.എസ്സ് കോയിപ്രം | 203 | 203 | 406 | 76 | 73 | 149 | 20 | 1 :20 |
| | **യു.പി. സ്കൂൾ** | | | | | | | | |
| 2. | ഗവ.യു.പി.ജി.എസ്സ് പുല്ലാട് | 190 | 177 | 367 | | | 81 | 13 | 1 : 28 |
| 3. | ഗവ.യു.പി.എസ്സ്.പുല്ലാട് | 80 | 83 | 163 | | | 38 | 9 | 1 :18 |
| 4. | ഗവ.യു.പി.ബി.എസ്സ്.കുമ്പനാട് | 64 | 72 | 136 | | | 23 | 8 | 1 :17 |
| | **എൽ.പി.സ്കൂൾ** | | | | | | | | |
| 5. | ഗവ.എൽ.പി.ജി.എസ്സ് കുമ്പനാട് | 27 | 27 | 54 | 2 | 4 | 6 | 5 | 1 :11 |
| 6. | ഗവ.ന്യൂ എൽ.പി.എസ്സ് പുല്ലാട് | 34 | 40 | 74 | 4 | 12 | 16 | 4 | 1 :19 |
| 7. | ഗവ.എൽ.പി.എസ്സ്.പൂവത്തൂർ | 27 | 34 | 61 | 3 | 3 | 6 | 3 | 1 :20(ഷിഫ്റ്റ്) |
| | ആകെ | 625 | 636 | 1261 | | | 319 | 62 | 1 :20 |

## സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ വന്നു കൂടുന്ന ഇടിവ്

പല സ്കൂളുകളിലും കുട്ടികളുടെ എണ്ണം അടുത്ത കാലത്ത് കുറഞ്ഞു വരുന്നു. ചിലതിൽഗണ്യമായ കുറവുതന്നെ ഉണ്ടായി ട്ടുണ്ട്. ഉദാ.പുല്ലാട് ന്യൂ എൽ.പി.എസ്, കുമ്പനാട് എൽ.പി.ജി.എസ്. ജനസംഖ്യാ വർദ്ധനവ് മുരടിച്ചത് ഒരു കാരണമാകാം.അനുവാദമോ അംഗീകാരമോ കൂടാതെ സ്ഥാനത്തും അസ്ഥാനത്തും കുരുത്തു വരുന്ന വരേണ്യ വിദ്യാലയങ്ങളിലേക്ക് സാധാരണ സ്കൂളു കളിൽ നിന്ന് കുട്ടികൾ ഒഴുകിപ്പോകുന്നതാകാം. ആറാം ക്ലാസ്സ് വരെ പ്രൈവറ്റ് സ്റ്റഡിക്കുവേണ്ടി നടത്തുന്ന പ്രൈവറ്റ് പരീക്ഷകൾ സാധാരണ സ്കൂളുകളിലെ പഠനപ്രവാഹത്തിൽ നിന്നു കുട്ടികളെ അടർത്തി മാറ്റുന്നു.

## സാക്ഷരത

തീരെ കുറച്ചു നിരക്ഷരർ മാത്രമേ ഈ പഞ്ചായത്തിലുള്ളു. സാക്ഷരതാ യജ്ഞത്തിൽ കൂടി ലഭിച്ച അക്ഷരജ്ഞാന സമ്പത്തുപയോഗിച്ച് യഥാർത്ഥ വിദ്യാഭ്യാസത്തിലേക്ക് കടന്നു കയറാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടിയുള്ള പരിപാടികൾ ആവിഷകരിക്കണം. തൊട്ടടുത്ത രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന കണക്കിന് ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിച്ച്, നവ സാക്ഷരരെ നിരക്ഷതയിലേക്ക് വഴുതി പോകാതിരിക്കാൻ സഹായിക്കണം. കേന്ദ്രത്തിൽ ലഘു ഗ്രന്ഥങ്ങൾ, ആനുകൂലികങ്ങൾ, പത്രങ്ങൾ തുടങ്ങിയവ ശേഖരിക്കണം. കേന്ദ്രത്തിന്റെ ചുമതലക്കാരന് ഒരു ഓണറേറിയം നൽകണം. ഈ ഓണറേറിയം കേന്ദ്രങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടുന്നവർക്ക് മത്സരപ്പരീക്ഷകളും, കലാ കായിക മത്സരങ്ങളും നടത്തി സമ്മാനങ്ങൾ നൽകണം.

**പട്ടിക 4**

**പ്രൈവറ്റ് സ്കൂളുകൾ**

| ക്രമ നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | | | SC/ST | | | Staff | Teacher pupil rates |
|---|---|---|---|---|---|---|---|---|---|
| | | B | G | Total | B | G | Total | | |
| | **ഹൈസ്കൂൾ** | | | | | | | | |
| 1. | SVHS പുല്ലാട് | 452 | 458 | 910 | | | 311 | 36 | 1:25 |
| 2. | NMHS കുമ്പനാട് | 197 | 150 | 347 | 27 | 27 | 54 | 18 | 1:19 |
| 3. | ബ്രദറൻ (eng.medium HS) | 255 | 191 | 446 | Nil | Nil | Nil | 19 | 1:23 |
| | **യു.പി സ്കൂൾ** | | | | | | | | |
| 4. | SUPS പൂവത്തൂർ | 60 | 64 | 124 | 9 | 10 | 19 | 6 | 1:21 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ലോവർ പ്രൈമറി സ്കൂൾ | | | | | | | | | |
| 5. | MTLPS പുല്ലാട് | 36 | 25 | 71 | 2 | 1 | 3 | 3 | 1 : 24 | ഷിഫ്ട് |
| 6. | EALPS പുലരികാട് | 30 | 46 | 76 | 5 | 7 | 12 | 3 | 1 : 25 | ഷിഫ്ട് |
| 7. | MTLPS കുറുങ്ങഴ ഭാഗം | 57 | 55 | 112 | 20 | 15 | 35 | 4 | 1 : 28 | |
| 8. | MTLPS കുന്നന്താനം | 30 | 30 | 60 | 12 | 8 | 20 | 3 | 1 : 20 | ഷിഫ്ട് |
| 9. | MTLPS കടപ്ര | 66 | 57 | 123 | | | 17 | 4 | 1 : 31 | |
| 10. | CMS LPS പൂവത്തൂർ | 27 | 31 | 58 | Nil | Nil | Nil | 3 | 1 : 19 | ഷിഫ്ട് |
| 11. | EALPS നെല്ലിമല | 51 | 32 | 83 | 5 | 1 | 6 | 3 | 1 : 28 | ഷിഫ്ട് |
| 12. | MTLPS പൂവത്തൂർ | 34 | 30 | 64 | 5 | 2 | 7 | 3 | 1 : 21 | ഷിഫ്ട് |
| 13. | MTLPSതട്ടയ്ക്കാട് | 26 | 34 | 60 | 3 | 3 | 6 | 3 | 1 : 20 | ഷിഫ്ട് |
| 14. | SALPS മടത്തുംഭാഗം | 23 | 21 | 44 | 4 | 3 | 7 | 3 | 1 : 15 | ഷിഫ്ട് |
| 15. | ഗ്രേസ് മൗണ്ട് (eng.medium LPS) | 32 | 14 | 46 | Nil | Nil | Nil | 6 | 1 : 8 | അംഗീകാരമില്ല |
| | ആകെ | 1376 | 1248 | 2624 | | | 497 | 117 | 1 : 3 | |

## മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഔപചാരിക വിദ്യാഭ്യാസ മേഖലയ്ക്കു പുറത്ത് മറ്റു ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏതാനും തൊഴിൽ പരിശീലന വിദ്യാലയങ്ങളും ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ആണ് അവ. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 5**

**ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | | കുട്ടികൾ | | | പി.ഡി.സി | | | ആകെ വിദ്യാർഥികൾ | സ്റ്റാഫ് ward | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| | | B | G | T | 1yr | 2yr | T | | | |
| 1. | അഥീന ട്യൂട്ടോറിയൽസ് | 22 | 25 | 47 | | | | 63 | 6 | 3 |
| 2. | അഥീന പാരലൽ | | | | 9 | 7 | 16 | | | 3 |
| 3. | ത്രിവേണി അക്കാദമി | 25 | 25 | 50 | | | | 50 | 6 | 3 |
| 4. | ഔവർ,കരീലമുക്ക് | 40 | 30 | 70 | | | | 70 | 6 | 7 |
| 5. | സ്റ്റുഡന്റ്സ് സെന്റർ | 12 | 15 | 27 | | | | 27 | 6 | 3 |
| | ആകെ | 99 | 95 | 194 | 9 | 7 | 16 | 210 | | |

പട്ടിക 6

### കുടിപ്പള്ളിക്കൂടങ്ങൾ, തയ്യൽപരിശീലന സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| 1. | കുടിപ്പള്ളിക്കൂടം | 20 |
| 2. | ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 6 |
| 3. | തയ്യൽ പരിശീലനം | 5 |
| 4. | സർവേ & സിവിൽ എഞ്ചിനിയറിംഗ് | 1 |
| 5. | നേഴ്സിംഗ് സെന്റർ | 3 |
| 6. | കമ്പ്യൂട്ടർ സെന്റർ | 1 |
| | ആകെ | 36 |

## ഓരോ വാർഡിലെയും ഭൗതീകസാഹചര്യ വിശകലനം

വാർഡ് 1.

**1. ഗവ. ന്യൂ എൽ. പി. എസ് പുല്ലാട്(സ്ഥാപനം.1961)**

വേണ്ടത്ര സ്ഥലമില്ല. ഒരു മൂത്രപ്പുരയുണ്ട്. സ്കൂളിലെ ഫർണീച്ചറുകളും പഠനസാമഗ്രികളും തീരെ കുറവാണ്. ചുറ്റുമതിലില്ല. കക്കൂസ് ഇല്ല. കുടിവെള്ളസൗകര്യം ഇല്ല. എം. എൽ. എൽ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**2.എം. ടി. എൽ. പി. എസ് കുറുങ്ങഴ ഭാഗം(സ്ഥാപനം 1923)**

പഠനസാമഗ്രികൾ കുറവ്. മൂത്രപ്പുരയുണ്ട്. സ്ഥലസൗകര്യം പരിമിതം. കെട്ടിടമുണ്ട്.

വാർഡ് 2.

**ഗവ. യു. പി. എസ് പുല്ലാട് (സ്ഥാപനം1912)**

വേണ്ടത്ര സ്ഥലസൗകര്യമില്ല. ചുറ്റുമതിലില്ല. പഠനോപകരണങ്ങൾ തീരെ കുറവാണ്.കുടിവെള്ളത്തിനു കിണറുണ്ട്. കെട്ടിടസൗകര്യമുണ്ട്. എം. എൽ. എൽ സ്കീമിൽ പെട്ട സ്കൂളാണ്.

വാർഡ് 3.

**1. എസ്. വി. എച്ച്. എസ് പുല്ലാട്(സ്ഥാപിതം1921)**

കെട്ടിടങ്ങളും ഫർണീച്ചറുകളും ഉണ്ട്. വേണ്ടത്ര പഠനോപകരണങ്ങളോ ലാബറട്ടറി സൗകര്യമോ ഇല്ല. വെള്ളവും വൈദ്യുതിയുമുണ്ട്.

**2. ഗവ. യു. പി. എച്ച്. എസ് പുല്ലാട്(സ്ഥാപിതം1918)**

കെട്ടിടസൗകര്യം തൃപ്തികരം. 80 അടി നീളമുള്ള പഴയ കെട്ടിടത്തിന്റെ വടക്കുപടിഞ്ഞാറേ മൂല തകർന്നുപോയി. എം. പി സ്കീമിൽ ഒരു ലാബറട്ടറിമുറിയും ക്ലാസ്മുറിയും ചേർന്ന സയൻസ് ബ്ളോക്ക് പണിതുകൊണ്ടിരിക്കുന്നു. അവിടെ വൈദ്യുതിയില്ല. സയൻസ് ബോധനത്തിനു വേണ്ട ഉപകരണങ്ങൾ കുറവാണ്. ആ കെട്ടിടം തുറന്ന ഷെഡ് ആണ്. ചുറ്റുമതിൽ ഇല്ല.

**3. എം. ടി. എൽ. പി. എസ് പുല്ലാട്(സ്ഥാപിതം1915)**

**4. എം. ടി. എൽ. പി. എസ്. കുന്നന്താനം(സ്ഥാപനം1895)**

**5. ഈ. എ. എൽ. പി. എസ് പുലരിക്കാട്ട്(സ്ഥാപനം1893)**

ഈ സ്കൂളുകളിൽ കെട്ടിടസൗകര്യം ഉണ്ട്. ഫർണീച്ചറുകൾ ഉണ്ട്.പഠനോപക രണങ്ങൾ കുറവാണ്. ചുറ്റുമതിൽ ഇല്ല.

വാർഡ് 4.

**ഗവ. എൽ. പി. ജി. എസ്**
**കുമ്പനാട്(സ്ഥാപനം1909)**

1 മുതൽ 5 വരെ ക്ലാസുകളുണ്ട്. മൊത്തം 54 കുട്ടികളേയുള്ളു. Uneconomic ആണ്. കെട്ടിടസൗകര്യമുണ്ട്. ഉപകണങ്ങളും ഫർണ്ണീച്ചറുകളും കുറവാണ്.

വാർഡ് 5.

**NMHS കുമ്പനാട്**

1. ഭൗതിക സാഹചര്യങ്ങൾ നല്ല നിലയിലുണ്ട്.

2. ബ്രദറൺ ഇംഗ്ലീഷ് മീഡിയം HS കുമ്പനാട്. അപൂർണ്ണ, അൺ എയ്ഡഡ് സ്കൂളാണ്. ഭൗതീക സാഹചര്യങ്ങളുണ്ട്.

3. SALPS മാമൂട്ടുംഭാഗം (സ്ഥാപനം 1905). സാഹചര്യം ശരാശരി.

വാർഡ് 6.

**ഗവ.UPBS കുമ്പനാട് (സ്ഥാപനം 1912).** 1.കെട്ടിടം, മൂത്രപ്പുര, കിണറ് എന്നിവയുണ്ട്. ബോധനസാമഗ്രികൾ വേണ്ടത്ര ഇല്ല. പഴയ കെട്ടിടത്തിനും വാട്ടർ ടാങ്കിനും അറ്റകുറ്റപ്പണി ആവശ്യമുണ്ട് ചുറ്റുമതിലില്ല.

**EALPS നെല്ലിമല(സ്ഥാപനം 1921).**
2.കെട്ടിടമുണ്ട്, ഒരു മൂത്രപ്പുര വേണം, കിണർ ഇല്ല ചുറ്റുമതിൽ ഇല്ല, സാഹചര്യങ്ങൾ ശരാശരിക്കു താഴെ.

വാർഡ് 7.

**സെന്റ് തോമസ് LPS തട്ടയ്ക്കാട് (സ്ഥാപനം 1925).**
ഭൗതിക സാഹചര്യങ്ങൾ തീരെ മോശം, സ്കൂളിലേക്കുള്ള വഴികൾ സുഗമമല്ല.

വാർഡ് 8.

**MTLPS കടപ്ര (സ്ഥാപനം 1915).** പൊതു സ്ഥിതി തരക്കേടില്ല. വാട്ടർ കണക്ഷൻ, വൈദ്യുതി, ചുറ്റുമതിൽ എന്നിവയില്ല.

വാർഡ് 9.

**1. SUPS പൂവത്തൂർ (സ്ഥാപനം 1953).** ഭൗതീക സാഹചര്യങ്ങൾ തരക്കേടില്ല. ബോധനോപകരണങ്ങൾ പോരാ, വൈദ്യുതി ഇല്ല.

**2. ഗവ.LPS പൂവത്തൂർ (സ്ഥാപനം 1948).** സൗകര്യങ്ങൾ ശരാശരി. ചുറ്റുമതിലില്ല.

**3. MTLPS പൂവത്തൂർ (സ്ഥാപനം 1894).** സൗകര്യങ്ങൾ ശരാശരി.

വാർഡ് 10.

**CMS LPS പൂവത്തൂർ (സ്ഥാപനം 1872).** ഷിഫ്റ്റ് ഉണ്ട്. ചുറ്റുമതിലില്ല, സൗകര്യങ്ങൾ കുറവ്.

വാർഡ് 11.

ഗവ.HS കോയിപ്രം (സ്ഥാപനം 1913). ഒരു കെട്ടിടം ഓല മേഞ്ഞതാണ്. കളി സ്ഥലം നിരപ്പല്ല. ചുറ്റുമതിൽ ചില ഭാഗങ്ങളിലില്ല. പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വേണ്ട പോലെ ഇല്ല. രണ്ട് കെട്ടിടങ്ങൾ തുറന്ന ഷെഡ്ഡുകളാണ്. സ്ക്രീൻ വേണം. ശരിയായ വികസനം നടന്നിട്ടില്ല.

## സ്കൂളിലെ പഠനനിലവാരം

സ്ഥിതി വിവരക്കണക്കുകളും പൊതുജനാഭിപ്രായവും, പഞ്ചായത്തിലെ സ്കൂളുകളിൽ നിലവിലിരിക്കുന്ന താണനിലവാരത്തിനെതിരെ വിരൽ ചൂണ്ടുന്നു. തീരെ ചെറിയ ഒരു ന്യൂനപക്ഷത്തെ ഒഴിച്ചു നിർത്തിയാൽ എല്ലാ മേഖലകളിലും തെളിഞ്ഞു നിൽക്കുന്ന ഒരു

പ്രതിഭാസമാണ് ഇത്. സുചിന്തതവും സുസംഘടിതവുമായ ഒരു ജനകീയപ്രവർത്തന പ്രക്രീയ കൊണ്ടു മാത്രമെ അടിയന്തിര ശ്രദ്ധയർപ്പിക്കേണ്ട ഈ പ്രശ്നത്തിന് സാവധാനമെങ്കിലും അഭിലഷണീയമായ ഉത്തരം കണ്ടുപിടിക്കാൻ കഴിയുകയുള്ളു. വാർഡ് തിരിച്ചുള്ള വികശകലനം താഴെ നൽകുന്നു.

**വാർഡ് 1.**

രണ്ട് LPS ലും നിലവാരം ശരാശരിയോട് അടുക്കുന്നതേയുള്ളു. ന്യു LPS MLL സ്കീമിലാണ്.

**വാർഡ് 2.**

MLL സ്കീമിലാണ് ഗവ.UPS പുല്ലാട്. നിലവാരം ശരാശരി.

**വാർഡ് 3.**

1. SVHS പുല്ലാട്

SVHS ൽ നിലവാരം ശരാശരിക്കു താഴെയാണ്. SSLC പരീക്ഷാ ഫലം. 31.3% മാത്രം. വേണ്ടത്ര അദ്ധ്യാപകരും ഭൗതിക സാഹചര്യങ്ങളുമുണ്ട്.

2. ഗവ.UPGS പുല്ലാട്.
MLL സ്കീമിലാണ്. ശക്തമായ PTA യും മാതൃ സംഗമവും ഉണ്ട്. ബോധന പ്രക്രീയയിൽ അദ്ധ്യാപകർ സുശിക്ഷിതരാണ്. DIET ന്റെ മേൽനോട്ടമുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടണം. പഠനനിലവാരം നന്നായിരിക്കുന്നു.

3. EALPS പുലരികാട്.

4. MTLPS പുല്ലാട്.

5. MTLPS കുന്നന്താനം.

മൂന്ന് LPS കളിലും പഠന നിലവാരം ശരാശരി.

**വാർഡ് 4.**

ഗവ. LPGS കുമ്പനാട്.
കുട്ടികൾ 54 മാത്രം. നിലവാരം ശരാശരിക്കു താഴെയാണ്.

**വാർഡ് 5.**

1. NMHS കുമ്പനാട്.
നിലവാരം ശരാശരിയിലേക്ക് അടുക്കുന്നു. SSLC ഫലം 32 %.

**പട്ടിക 7.**

SSLC ഫലം

| No | സ്കൂൾ | വാർഡ് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|
| 1. | ഗവ.HS കോയിപ്രം | 11 | 39 | 24 | 63.7 | 43.4 | 39.7 |
| 2. | NMHS കുമ്പനാട് | 5 | 33.9 | 42.3 | 36.3 | 41 | 32 |
| 3. | SVHS പുല്ലാട് | 3 | 43.5 | 44.6 | 27 | 31.6 | 31.3 |

2. ബ്രദറൺ ഇംഗ്ലീഷ് മീഡിയം HS .
നല്ല നിലവാരം.

3. SALPS മടത്തുംഭാഗം.
പഠന നിലവാരം താഴ്ന്നതാണ്.

**വാർഡ് 6.**

1. ഗവ.UPBS കുമ്പനാട്.
നിലവാരം താഴ്ന്നതാണ്.

2. EALPS നെല്ലിമല.
താണ നിലവാരം പുലർത്തുന്നു.

**വാർഡ് 7.**

സെന്റ് തോമസ് LPS തട്ടയ്ക്കാട്.
നിലവാരം താണതാണ്.

**വാർഡ് 8.**

MTLPS കടപ്ര.
നിലവാരം ശരാശരിക്കു മുകളിൽ.

**വാർഡ് 9.**

1. SUPS പൂവത്തൂർ. നിലവാരം ശരാശരി.

2. ഗവ.LPS പൂവത്തൂർ. നിലവാരം മോശം.

3. MTLPS പൂവത്തൂർ . നിലവാരം താണതാണ്.

**വാർഡ് 10.**

CMS LPS പൂവത്തൂർ. നിലവാരം ശരാശരി.

**വാർഡ് 11.**

ഗവ.HS കോയിപ്രം.

ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ കൊണ്ട് പഠന നിലവാരം ശരാശരിയി ലൊതുങ്ങുന്നു.

**സ്കൂളുകളിലെ SSLC വിജയം.**

ഈ പഞ്ചായത്തിലെ മൂന്ന ഹൈസ്കൂളുകളിലെ SSLC വിജയത്തിന്റെ അഞ്ചു കൊല്ലത്തെ വിവരങ്ങൾ പട്ടിക 7-ൽ കൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തെ അളക്കാൻ ഉപയോഗിക്കാവുന്ന കൃത്യമായ അളവു.

SSLC പരീക്ഷ.പക്ഷേ തുടർച്ചയായി വിജയശതമാനം കുറയുന്നത്, കുട്ടിക്കു ലഭിച്ച വിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവിലേക്ക് വിരൽ ചൂണ്ടുന്ന അപകട സൂചനയാണ്. താഴത്തേ ക്ലാസുകളിൽ കുട്ടിക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ മൂല്യക്കുറവ് SSLC പരീക്ഷാ ഫലത്തേയും ബാധിക്കും. കുറഞ്ഞ പക്ഷം എട്ടാം ക്ലാസ് മുതലെങ്കിലും നിയതമായ കോച്ചിംഗ് സമ്പ്രദായം കൂടി സ്വീകരിക്കണം. കുട്ടികൾക്ക് പരിഹാരബോധനവും തുടർച്ച യായ മൂല്യനിർണ്ണയനവും നൽകണം.

## വായനശാലകൾ

പഞ്ചായത്ത് ആസ്ഥാനത്തും, പത്താം വാർഡിലും ഗ്രന്ഥശാലകളും, 1,6,8,9,10,11 വാർഡുകളിൽ വായനശാലകളും ഉണ്ട്. ആകെ എട്ട് സ്ഥാപനങ്ങൾ. ഒന്നിന്റെയും പ്രവർത്തനം പ്രയോജനപ്രദമല്ല. പഞ്ചായത്ത് ലൈബ്രറി യെങ്കിലും പുനഃസംഘടിപ്പിക്കണം.

**സ്കൂൾ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ**

a) ഭൗതിക സാഹചര്യങ്ങളുടെ മേന്മക്കുറവു മൂലം പഠനപ്രക്രീയയിലുണ്ടാകുന്ന മേന്മക്കുറവ്.

b) അദ്ധ്യാപക പരിശീലനത്തിന്റെ അപര്യാ പ്തത.

c) അക്കാദമീയ പ്രവർത്തനങ്ങളുടെ ഗുണക്കുറവ്.

d) പ്രീ പ്രൈമറി വിദ്യാഭ്യാസസ്ഥാപ നങ്ങളുടെ കുറവ്.

e) പാഠ്യാനുബന്ധപ്രവർത്തനങ്ങളുടെ അഭാവം.

f) വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങളുടെ കുറവ്.

g) സാങ്കേതിക വിദ്യാലയങ്ങളുടെ അസാന്നിദ്ധ്യം.

**സ്ക്കൂൾ വിദ്യാഭ്യാസരംഗത്തെ പ്രശ്നപരിഹാരങ്ങൾ സാദ്ധ്യതകൾ**

a) ഭൗതീകസാഹചര്യപരം

1. മുൻഗണന നൽകി എല്ലാവിദ്യാല യങ്ങക്കും ചുറ്റുമതിൽ കെട്ടുക.

2. കെട്ടിടം ആവശ്യമുള്ളത് പണിയിക്കുക യും നന്നാക്കേണ്ടിയിടത്ത് നന്നാക്കുകയും ചെയ്യുക.

3. വർഷാരംഭത്തിനു മുൻമ്പുതന്നേ വാർഷീകമെയിന്റെൻസ് നടത്തുക.

4, ചുമരുകളില്ലാത്ത s.p. ഷെഡുകൾക്ക് ഭിത്തികെട്ടിയുയർത്തി കതകും ജനാലകളും വയ്ക്കുക.(ഉദാ: ഗവ: H.S കോയിപ്രം, U. P.G. S.പുല്ലാട് )

5. ആവശ്യമുള്ളിടത്തോളം സ്ക്രീൻ നൽകി ക്ലാസുകൾ വേർതിരിക്കുക.

6. ലാബററ്ററി, ലൈബ്രറി, ക്ലാസ്സ്മുറികൾ എന്നിവിടങ്ങളിൽ ആവിശ്യത്തിനു ഫർണ്ണിച്ചർ നൽകുക.

7. എല്ലാ ക്ലാസുകളിലും ബ്ലാക്ക്ബോർഡ് നൽകുക.

8. എല്ലാസ്ക്കുളുകളിലും സയൻസ്ഉപക രണങ്ങൾ എത്തിക്കുക.

9. ഓരോസ്ക്കുളുകളിലും ഓരോമൂത്ര പ്പുരക്കും ഫ്ഷ്ഔട്ട് കക്കുസും പണിയിച്ചു കൊടുക്കുക.

10, ബോധനോപകരണങ്ങൾ സ്ക്കുളിനു കൊടുക്കുക.

11. ഭിത്തികളിൽ ബ്ലാക്ക്ബോർഡു നിർമ്മി ക്കുക.

12. എല്ലാസ്ക്കുളുകളും വൈദ്യുതീകരിക്കുക.

13. വാട്ടർ അതോർട്ടിയുടെ പൈപ്പ്ലൈൻ സ്കൂളിനടുത്തുണ്ടങ്കിൽ കണക്ഷൻ എടുക്കുക.

14. ഇല്ലെങ്കിൽ പമ്പുസെറ്റും ക്രമീകര ണങ്ങളും ചെയ്തുകൊടുക്കുക.

15. കുട്ടിഒന്നുക്ക് 10 പുസ്തകമെങ്കിലും ലൈബ്രറിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

## B അധ്യാപകപരിശിലനപരം

16. എല്ലാ അധ്യാപകർക്കും അദ്ധ്യാപന ഗുണമേൻമ വർദ്ധനവിനുവേണ്ടി ഹ്രസ്വകാല പരിശീലന ക്ലാസുകൾ വർഷാരംഭത്തിൽ തന്നേ സംഘടിപ്പിക്കുക.

17. എല്ലാ അധ്യാപകർക്കും മാസത്തി ലൊരിക്കൽ മാതൃകാക്ലാസുകൾ കാണാനും ചർച്ചകളിൽ പങ്കെടുക്കാനും സന്ദർഭം ഉണ്ടാക്കുക.

18. ഹൈസ്ക്കുളുകൾ കേന്ദ്രമാക്കി, പ്രൈമറിസ്കൂളുകൾ അംഗങ്ങളായുള്ള സ്കൂൾ കോപ്ലക്സുകൾ സംഘടിപ്പിക്കുക. എല്ലാ അധ്യാപക പരിശീലനപരിപാടികളും ഈ കേൻന്ദ്രങ്ങളിൽ വച്ചും നടത്താം.

19. ടേമിൽ ഒരിക്കൽ DIET ന്റെ നേതൃത്വത്തിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുക.

20. മലയാളം, ഇംഗ്ലീഷ്, ഹിന്ദി അക്ഷരങ്ങൾ ശരിയായി എഴുതുന്നതിന് കുട്ടികൾക്കാ വിശ്യമായ പ്രായോഗീക · പരിശിലനം നിർബന്ധമായിനൽകുക.

NB: 16 മുതൽ 20 വരെയുള്ള പരിപാടികൾ പഞ്ചായത്തും വിദ്യാഭ്യാസവകുപ്പും വേണ്ടവണ്ണം സഹകരിച്ച് അദ്ധ്യാ പകസഹകരണത്തോടുകൂടി നിർവ്വഹിക്കണം.

## C അക്കാടമീയ പ്രവർത്തനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക.

21. അദ്ധ്യാപകർ സ്വയം ചോദ്യക്കടലാ

സുകൾ നിർമ്മിച്ചും മാസത്തിലൊരിക്കൽ ടെസ്റ്റ് പേപ്പർ നടത്തി മാർക്ക് റജിസ്റ്ററിൽ മാർക്കുചേർക്കുക.

22. വർഷാരഭത്തിൽത്തന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് എത്തിച്ചു കൊടുക്കുക.

23. പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്നകുട്ടികൾക്ക് അതാതുസ്ക്കുളിൽവച്ച് അദ്ധ്യാപകർ അവധി ദിവസങ്ങളിൽ ട്യൂഷ്യൻക്ലാസുകൾ നടത്തുക. പഠിപ്പിക്കുന്ന അദ്ധ്യാപർക്കും ഹെഡ്മാസ്റ്റർക്കും പ്രത്യേകം ഓണറേറിയം നൽകുക.

24. എല്ലാസ്കൂളുകളിലും എം.എൽ.എൽ പരിപാടി നടപ്പാക്കുക.

25. യു.എസ്സ്.എസ്സ്., എൽ.എസ്സ്.എസ്സ്., പരീക്ഷകൾക്ക് ചേരുന്ന കുട്ടികൾക്ക് അവസാന ടേമിൽ കോച്ചിംഗ് നടത്തുക.

26. പരീക്ഷയിൽ ഉയർന്ന സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക്പാരിതോഷികങ്ങൾ നൽകുക.

27. പ്രൈമറിക്ലാസുകളിലെ ഷിഫ്ട് സമ്പ്രദായം നിർത്തുക. (9 സ്കൂളുകളിൽ – പട്ടിക 3,4 കാണുക.)

## D പ്രീപ്രൈമറിവിദ്യാഭ്യാസം

28. എല്ലാപ്രൈമറീസ്ക്കുളുകളിലും പ്രീപ്രൈമറീ ക്ലാസുകൾ സ്ഥാപിക്കുക.

29. എല്ലാവാർഡുകളിലു ഓരോഅംഗണ വാഡികൾ സ്ഥാപിക്കുക.

30. എല്ലാ പ്രിപ്രൈമറി, നഴ്സറി, അംഗണവാടീസ്ഥാപനങ്ങൾക്കും വാർഷീക ഗ്രാന്റുനൽകുക. ഗവർമെൻറ്റ് പ്രീപൈമറീ സ്ക്കുളുകളിലേ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

## E പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

31. സ്കുളുകളിൽ ലഭ്യമായകളിസ്ഥലം മെച്ചപ്പെടുത്തുക.

32. ഗെയിംസിനും സ്പോർസിനും വേണ്ട ഉപകരണങ്ങൾ u.p സ്കൂളുകൾക്കും ഹൈസ്ക്കുളുകൾക്കും നൽകുക.

33. U.P. സ്കുളുകൾക്കും ഹൈസ്ക്കുളുകൾക്കും സ്കൗട്ട്ട്രൂപ്പുകൾ സംഘടിപ്പിക്കുക.

## F. ക്ഷേമപ്രവർത്തനങ്ങൾ

34. വർഷാരംഭത്തിൽ, നിർദ്ധനരായ കുട്ടികൾക്ക് P.T.A. യുടെയും മാതൃസംഗമത്തിന്റെയും സഹകരണത്തോടു കൂടി കുട, വസ്ത്രങ്ങൾ, പാഠപുസ്തകൾ, നോട്ടുബുക്കുകൾ മറ്റുപഠനോപകരണങ്ങൾ എന്നിവനൽ കുക.

35. ആണ്ടിലൊരിക്കൽ എല്ലാകുട്ടികളുടേയും മെഡിക്കൽ പരിശോധന നടത്തുക.

36. 1 മുതൽ 7 വരെ ഉള്ള ക്ലാസുകളിലേയും, പ്രീപ്രൈമറീ ക്ലാസുകളിലേയും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.

37. സ്പോർട്സ്, ബാലകലോൽസവം, യുവജനോൽസവം, സയൻസ്ഫെയർ, പ്രവൃത്തി പരിചയമേള എന്നിവയിൽ സബ്ജില്ലാ, ജില്ലാ, സ്റ്റേറ്റ്തലങ്ങളിൽ ജയിക്കുന്നകുട്ടികൾക്ക് കാഷ് അവാർഡ് നൽകുക.

## G. സാങ്കേതിക, തൊഴിൽ പരിശീലന വിദ്യാഭ്യാസം.

38. പഞ്ചായത്തിലുള്ള 3 ഹൈസ്ക്കുളുകളി ലും, ഹയർസെക്കൻഡറിയോ, വൊക്കേഷണൽ ഹയർ സെക്കൻഡറിയൊ കോഴ്സുകൾ 1997 –

98 മുതൽ ആരംഭിക്കുക.

39. പഞ്ചായത്തുടമയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു I.T.I. സ്ഥാപിക്കുക.

40. പഞ്ചായത്തുടമയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു J.T.S. സ്ഥാപിക്കുക.

41. പഞ്ചായത്തുടമയിൽ വെൽഡിംഗ്, പ്ലംബിംഗ്, വയറിംഗ്, തയ്യൽ, സർവ്വേയിംഗ്, നേഴ്സിംഗ്പരിശീലനം, നോട്ടുബുക്കു നിർമ്മാണം, ചോക്കുനിർമ്മാണം, കളിക്കോപ്പുനിർമ്മാണം, സോപ്പുനിർമ്മാണം, മെഴുകുതിരിനിർമ്മാണം, ഭക്ഷ്യസംസ്ക്കരണം, എന്നിവയിൽ ഏതെങ്കിലും ഒന്നിൽ പരിശീലനം നൽകുന്നതിനുള്ള ഒരു സ്ഥാപനം ഓരോവാർഡിലും സ്ഥാപിക്കണം. ഭാവിയിൽ വ്യവസായീക അടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്താൻ അവയെ വികസിപ്പിക്കാവുന്നതാണ്.

## H. പരിശോധനോദ്യോഗസ്ഥൻ (A.E.O.) നൽകിയ നിർദേശങ്ങൾ

42. വൈദ്യുതി എല്ലാസ്ക്കുളുകളിലും എത്തിക്കണം,(1. M.T.L.P. S. പുല്ലാട്, 2. L.P.G.S. കുമ്പനാട്. 3.Govt. L.P.S പൂവത്തൂർ 4. Govt. New L.P.S പുല്ലാട് 5. E.A. L.P.S. പുലരികാട്ട്, 6. M.T.L.P. S കടപ്ര 7. M.T.L.P. S പൂവത്തൂർ 8. St. തോമസ് M.T.L.P. S തട്ടക്കാട്, 9. M.T.L.P.S കുറുങ്ങഴഭാഗം 10. E.A.L.P. S . നെല്ലിമല.)

43. അധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തുക.

44.എല്ലാസ്ക്കുളുകളിലും സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുക.

45. എല്ലായു.പി.എസ്.ലും ക്ലാർക്കിനേ നിയമിക്കുക.

46. എല്ലാസ്ക്കുളുകളിലും കൺടിജൻസി മീനിയൽ നിയനം നടത്തുക.

47. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ മദ്ധ്യവേനൽ അവധിക്കാലത്തുതന്നെ നടത്തുക.

48. പുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നേസ്ക്കുളുകളിൽ എത്തിക്കുക.

49, H.S, U.P.S. L.P.S വ്യത്യാസം കൂടാതെ ഉച്ചഭക്ഷണത്തിന്റെ മുഴുവൻ ചിലവും അനുവദിക്കുക,

50. വർഷംതോറും അദ്യാപകപരിശീലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.

51. സ്ക്കുളുകളിലേക്കുള്ള വഴികൾ സുഗമംമാക്കുക. (St. തോമസ് M.T.L.P.S. തട്ടക്കാട്. M.T.L.P. S കടപ്ര. S.A.L.P.S മാമുട്ടംഭാഗം.)

❄❄❄❄❄❄❄❄❄❄❄

5.4

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും പരിപൂർണ്ണമായ ആരോഗ്യം, ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം ഇതാണ്.

ഒരു ജനതയുടെ ആരോഗ്യത്തിന്റെ പ്രധാന രഹസ്യം ശുദ്ധമായ ജലം, ശുദ്ധമായ വായു, ശുചിത്വമുള്ള പാർപ്പിടം എന്നിവയാണ്. കുടിവെള്ളത്തിനായി പഞ്ചായത്തു നിവാസികൾ കിണറുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. എന്നാൽ വേനൽക്കാലമാകുമ്പോൾ ഏതാണ്ട് 80 ശതമാനം. കിണറുകളും വറ്റിവരണ്ടു പോകുന്നു.

ഈ ദുസ്ഥിതി മാറുന്നതിന് അഡ്വക്കേറ്റ് പീലിപ്പോസ്സ് തോമസ് പ്രസിഡന്റായിരുന്ന പഞ്ചായത്തു കമ്മറ്റി മുൻകൈ എടുത്ത് ഡച്ചു ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോട് കാഞ്ഞിരപ്പാറ വാട്ടർ സപ്ളൈ സ്കീം നിലവിൽ വന്നു.

ശുദ്ധജല വാഹിനിയായ പമ്പാ നദിയിൽ നിന്നും ശുദ്ധജലം കാഞ്ഞിരപ്പാറ മലയിലുള്ള ടാങ്കിലെത്തിച്ച് കോയിപ്രം പഞ്ചായത്തു മുഴുവൻ എത്തിക്കുന്നു. എന്നാൽ ഇത് തികച്ചും തദ്ദേശ വാസികൾക്ക് അപര്യാപ്തമാണ്. പല സ്ഥലങ്ങളിലും പൈപ്പു ലൈൻ സ്ഥാപിച്ചും പൊട്ടിപോകുന്ന ലൈൻ യഥാസമയം റിപ്പയർ ചെയ്തും ഇതിനു പരിഹാരം കാണേണ്ടതാണ്. വരയന്നൂർ, പൂവത്തൂർ, കോയിപ്രം, നെല്ലിക്കൽ എന്നീ പമ്പാതീര പ്രദേശങ്ങൾ വേനൽക്കാലത്ത് അതിരൂക്ഷമായ വെള്ള ക്ഷാമം ഉണ്ടാകാറുണ്ട്. ഇതിന്റെ പ്രധാന കാരണം മണൽവാരി നദിയുടെ ആഴം വർദ്ധിപ്പിച്ചതാണ്. ആയതിന് പരിഹാരമായി ചെറിയ തടയണകൾ ആറ്റിൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ വേനൽക്കാലത്ത് ശുദ്ധജല വിതരണം പലപ്പോഴും മുടങ്ങാറുണ്ട്. അതിന്റെ പ്രധാന കാരണം, വെള്ളം പമ്പ് ചെയ്യുന്നതിനാവശ്യമായ വൈദ്യുതി ലഭിക്കാത്തതാണ്.

കോയിപ്രം പഞ്ചായത്തിൽ 5 ാം വാർഡിൽപ്പെട്ട ഉയർന്ന പ്രദേശമായ വെള്ളിക്കര പ്രദേശത്ത് ഒരു ടാങ്കുകൂടി നിർമ്മിച്ച് വിതരണം ചെയ്യാൻ 5,6,7,8 എന്നീവാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. പഞ്ചായത്തിന്റെ ഉൾ പ്രദേശങ്ങളിലുള്ള ജലാശയങ്ങൾ താഴ്ത്തി വെട്ടിയാൽ പൊതുജനങ്ങൾക്ക് വളരെയുപകാരപ്രദമായിരിക്കും.

## പൊതുജനാരോഗ്യം

ഓരോ പഞ്ചായത്തിന്റേയും പരമപ്രധാനമായ കർത്തവ്യമാണ് ആ പ്രദേശത്തെ ആരോഗ്യസംരക്ഷണം. ആരോഗ്യമുള്ള ശരീരത്തിനു മാത്രമേ കരുത്തുറ്റ ഒരു മനസ്സിനെ സൃഷ്ടിക്കുവാൻ സാധിക്കു.

കോയിപ്രം പഞ്ചായത്തിൽ 11ാം വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും 8ാം വാർഡിൽ ഒരു ആയൂർവേദ ആശുപത്രിയും മാത്രമേ ഗവൺമെൻറ് ഉടമസ്ഥതയിൽ ആരോഗ്യ സംരക്ഷണ മാധ്യമങ്ങളായുള്ളു. ദേശീയ പോളിയോ നിർമ്മാർജ്ജന യജ്ഞത്തിന്റ ഭാഗമായി ഈ പഞ്ചായത്ത് പോളിയോ വിമുക്തമാക്കുവാൻ കോയിപ്രം പ്രൈമറി ഹെൽത്ത് സെന്ററിലെ ജീവനക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്.

ഈ രണ്ടു സ്ഥാപനങ്ങൾ പഞ്ചായത്തിലെ 30,000 വരുന്ന ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണത്തിന് തീരെ പര്യാപ്തമല്ല. ഈ അപര്യാപ്തത പരിഹരിക്കുന്നത് ഏതാനും സ്വകാര്യ ആശുപത്രികളാണ്. ഈ പഞ്ചായത്തിൽ 10ം വാർഡിൽ പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപാർക്കുന്നുണ്ട്. ഭൂരിഭാഗവും 4 സെന്റേ ഭൂമിയിലാണ് വസിക്കുന്നത്. ആകെയാൽ ഈ പ്രദേശത്ത് ഒരു ശ്മശാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ സോഷ്യോ ഇക്കോണമിക്ക് യൂണിറ്റ്കൾ ജെ. ആർ. വൈ, അൺറ്റൈഡ് എന്നീ പദ്ധതികളിൽ കൂടിയും നിർമ്മിച്ച ഏതാനും കക്കൂസുകൾ മാത്രമാണ് താണവരുമാനക്കാർക്ക് ഉള്ളത്. ഇത് പഞ്ചായത്തിലെ താണവരുമാനക്കാർക്ക് ആവശ്യത്തിന് ഉതകുന്നില്ല.

പരിസരശുചീകരണം ഒരു പരിധിവരെ നന്നായി നടക്കുന്നുണ്ട്. എന്നാൽ പുല്ലാട്, കുമ്പനാട് എന്നീ ജംഗ്ഷനുകൾ ശുചിത്വത്തിന് പിന്നോട്ടാണ്.

ചപ്പുചവറുകൾ നിക്ഷേപിക്കാൻ സ്ഥലം കിട്ടുവാനില്ല എന്നതാണ് പ്രധാന കാരണം. അതുപോലെ കമ്പനി ജംഗ്ഷനിലുള്ള മത്സ്യ മാർക്കറ്റ് കുമ്പ[illegible]ത്തിന് ഒരു ഭീഷണിയാണ്.

മാരകമായ രോഗങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്ത് പിടിച്ചില്ല. ഇവിടെ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ വാതവും പ്രമേഹവുമാണ്.

കൂടാതെ ആരോഗ്യപരമായ സമൂഹത്തെ വാർത്തെടുക്കുന്നതിന് പഞ്ചായത്തിൽ ഒരു പ്രകൃതി ചികിൽസാകേന്ദ്രവും ഒരു യോഗാകേന്ദ്രവും തുടങ്ങേണ്ടതാണ്.

കൊതുകുശല്യം പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. റബ്ബർ കൃഷിയും, നിർഗ്ഗമന മാർഗ്ഗങ്ങളില്ലാതെ കെട്ടികിടക്കുന്ന ജലാശയങ്ങളുമാണ് ഇവയ്ക്കുള്ള പ്രധാനകാരണങ്ങൾ.

5.5

# വ്യവസായം

കോയിപ്രം പഞ്ചായത്ത് കാർഷികരംഗത്ത് പേരും പ്രശസ്തിയും ഉള്ള ഒരു പഞ്ചായത്താണെങ്കിലും വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. ഇരുമ്പും, തടിയും ഉപയോഗിച്ചുള്ള കാർഷിക ഉപകരണങ്ങളുടെ നിർമ്മാണം ഒരുകാലത്ത് പരമ്പരാഗത വ്യസായങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവ ആയിരുന്നു. കൂടാതെ കുട്ട, പരമ്പ്, പറ, ചങ്ങഴി, കളിമൺപാത്രങ്ങൾ, കറിപിച്ചാത്തി, വെട്ടുകത്തി തുടങ്ങിയ സാധനസാമഗ്രികളും നിർമ്മിച്ചിരുന്നു. കുടിൽ വ്യവസായമായി ചെയ്തുവന്നിരുന്ന നാടൻ പലഹാര നിൻമ്മാണവും, മുകളിൽ പറഞ്ഞ ഉല്പന്നങ്ങളും സമീപപ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽപ്പോലും വ്യാപകമായ മതിപ്പും അംഗീകാരവും നേടിയിരുന്നു.

നാമമാത്രമായെങ്കിലും നിലനിന്നിരുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ കഴിഞ്ഞകുറെ വർഷങ്ങളായി കടുത്ത പ്രതിസന്ധികളെ നേരിട്ട് തകർന്നുകൊണ്ടിരിക്കുന്നു. ഇതിനുള്ള പ്രധാനകാരണങ്ങൾ.

1. മാറിയ സാഹചര്യത്തിൽ പരമ്പരാഗതമായി ചെയ്തുവന്നിരുന്ന തൊഴിലുകൾ പലതും ഉപജീവനത്തിനാവശ്യമായ വരുമാനംപോലും നൽകുന്നവയല്ല.

2. പരമ്പരാഗത കുടിൽ വ്യവസായരംഗത്തു നിലനിന്നിരുന്ന തൊഴിലാളികൾ വരുമാനം കൂടുതലുള്ള വേറെ തൊഴിൽ മേഖലയിൽ പ്രവേശിക്കുകയും, പുതിയ തലമുറയെ ഇതിൽനിന്നും അകറ്റുകയും ചെയ്തു.

3. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും, അമിതവിലയും മറ്റൊരുഘടകമാണ്.

4. ഈ മേഖലയുടെ വികസനത്തിനാവശ്യമായ ആസൂത്രിത സർക്കാർ പദ്ധതിയുടെ അഭാവം.

## പരിഹാരമാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കരകൗശല, മൺപാത്രനിർമ്മാണ രംഗത്തും മറ്റുമുള്ള തൊഴിലാളികൾക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുകയും സർക്കാർ സാമ്പത്തിക സഹായം ചെയ്ത് ഇവരുടെ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും വേണം.

2. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ തലത്തിൽ ഓരേ ഗ്രാമത്തിലും പ്രത്യക ഏജൻസികൾ രൂപീകരിക്കുക.

3. ഇത്തരം തൊഴിൽ സംസ്കാരത്തിനു മാന്യതയും പദവിയും നൽകുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമതലത്തിൽ തന്നെ തുടങ്ങുക.

അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കോ, അവിദഗ്ദ്ധ തൊഴിലാളികൾക്കോ ധാരാളമായി തൊഴിൽ സാദ്ധ്യതയുള്ള ഒരു വ്യവസായ യൂണിറ്റും നിലവിലില്ല. വ്യവസായങ്ങളുടെ വളർച്ചയും ആരോഗ്യകരമായ നിലനില്പും ദേശത്തിന്റെ സമഗ്രവികസനത്തിനും, തങ്ങളുടെ തന്ന ഭാവിശേഭനമാക്കുന്നതിനും ഏറ്റവും അവശ്യമായ ഘടകമാണ് എന്ന ബോധം ജനങ്ങളിൽ കാണാൻ കഴിയുന്നു. ഇത് പുതിയ പ്രവണതയാണ്. ധാരാളം ചെറുപ്പക്കാർ പുതിയതായി ബിസിനസ്സിലും മറ്റു സേവന, വ്യവസായ മേഖലകളിലേക്കും കടന്നുവരുന്നുണ്ട്. ഇവരുടെ

കർമ്മോൽസുകതയുടെയും, ആത്മവിശ്വാസ ത്തിന്റെയും ഫലമായി കോയിപ്രം പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ ഉയർന്നുവന്നിട്ടുള്ള ചില വ്യവസായ സംരംഭങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഓരോ വാർഡിലും നിലവിലുള്ള സംരംഭങ്ങളെപ്പറ്റിയും, സാദ്ധ്യതയെപറ്റിയും സംക്ഷിപ്ത സൂചന.

ഒന്നാം വാർഡിൽ ഓട്ടോമൊബൈൽ ബാറ്ററി നിർമ്മാണ യൂണിറ്റ് അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചു.

2ഉം 3ഉം വാർഡുകളിൽ റബ്ബർ ബാന്റു നിർമ്മിക്കുന്നയൂണിറ്റും മൂന്നാം വാർഡിൽ കോൺക്രീറ്റ് ബ്ലോക് നിർമ്മിക്കുന്നയൂണിറ്റും മൊസൈക്ക് ഫാക്ടറിയും പ്രവർത്തിക്കുന്നു.

4ാം വാർഡിൽ കറി പൗഡർ നിർമ്മാണ വിതരണ യൂണിറ്റും, സിമന്റ്, ഇഷ്ടിക നിർമ്മാണയൂണിറ്റും , കോൺക്രീറ്റ് കട്ടിള നിർമ്മാണയൂണിറ്റും സാമാന്യം നന്നായി പ്രവർത്തിക്കുന്നു.

5ഉം, 6ഉം വാർഡുകളിൽ എടുത്തുപറയത്തക്ക വ്യവസായങ്ങൾ നിലവിലില്ലങ്കിലും അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാരും തങ്ങളുടെതായ പഠിപ്പിനും, കഴിവിനും, സാമ്പത്തിക ലഭ്യതയ്ക്കും അനുസൃതമായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള തയ്യാറെടുപ്പിലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

7ാം വാർഡിൽ ഫൈബർ ഗ്ലാസ് ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുണ്ട്.

8ാം വാർഡിൽ തീപ്പെട്ടി നിർമ്മാണരംഗത്ത് ഒരു വനിതാ വ്യവസായ യൂണിറ്റും, ഇലക്ട്രിക് ഹോൾഡർ നിർമ്മിക്കുന്ന യൂണിറ്റും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

9ാം വാർഡിൽ വ്യവസായ സംരംഭങ്ങൾ നിലവിലില്ല. എന്നാൽ സാമ്പത്തികശേഷിയും സാങ്കേതിക ജ്ഞാനവും ഉള്ള ഒട്ടേറെപ്പേർ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം സംരംഭകരാകാൻ അറച്ചുനിൽക്കുന്നു. അനുകൂലമായ സാഹചര്യം ഉണ്ടാക്കാനുള്ള ശ്രമം പഞ്ചായത്ത് തലത്തിലും സർക്കാർ തലത്തിലും ഉണ്ടാകണം എന്നതാണ് ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ അഭിപ്രായം.

10ാം വാർഡിൽ ഒരു ചെറുകിട പ്ലാസ്റ്റിക്ക് ബോക്സ് നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഉള്ളൂർ ചിറയിലെ വിശാലമായ തടാകത്തിൽ മത്സ്യകൃഷി വ്യാവസായികാടിസ്ഥാനത്തിൽ നടത്തി വിജയിപ്പിക്കാവുന്നതാണ്.

11ാം വാർഡിൽ ചെറുകിട ചുടുകട്ട വ്യവസായം നിലവിലുണ്ട്.

ഈ പഞ്ചായത്തിലെ ധാരാളം തൊഴിലാളികൾ കരിങ്കൽ ക്വാറികളിലും, നിർമ്മാണപ്രവർത്തനങ്ങളിലും, ആറ്റുമണൽ വാരുന്നതിലും തങ്ങളുടെ ഉപജീവനം കണ്ടെത്തുന്നു.

## ചെറുകിട വ്യവസായങ്ങൾ

| വ്യവസായം | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികൾ |
|---|---|---|
| 1 സൺ ഇലക്ട്രിക്കൽസ്& അക്യൂമിലേറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (ഓട്ടോമൊബൈൽ ബാറ്ററി) | 1 | 11 |
| 2 തടി വ്യവസായം | 2 | 4 |
| 3 ഇലക്ട്രിക്കൽ | 3 | 6 |
| 4 ഹോളോബ്രിക്സ് | 2 | 5 |
| 5 ഇലക്ട്രോണിക്സ് | 3 | 6 |
| 6 വസ്ത്രനിർമ്മാണം | 4 | 5 |
| 7 സോഡാ നിൾമ്മാണം | 1 | 4 |
| 8 ഇഞ്ചിനിയറിംഗ് വ്യവസായം | 1 | 3 |
| 9 പ്രിന്റിംഗ് പ്രസ്സ് | 4 | 9 |
| 10 കരിങ്കൽ പൊട്ടിക്കൽ പൊടിക്കൽ വ്യവസായം | 1 | 15 |

| വ്യവസായം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികൾ |
|---|---|---|
| 11. പ്ലാസ്റ്റിക്ക് ബോക്സ് നിർമ്മാണം | 1 | 1 |
| 12. ഫ്ളവർ മില്ല് | 4 | 4 |
| 13. എണ്ണ മില്ല് | 5 | 5 |
| 14. ഓട്ടോ വർക്ക് ഷോപ്പ് | 2 | 5 |
| 15. ബേക്കറി | 4 | 8 |
| 16 മൊസൈക്ക് ഫാക്ടറി | 2 | 7 |
| 17 കറി പൗഡർ യൂണിറ്റ് | 1 | 2 |

## പരമ്പരാഗത കുടിൽ വ്യവസായം

| ഇനം | എണ്ണം | തൊഴിലാളികൾ സ്വയം തൊഴിൽ |
|---|---|---|
| 1 പർപ്പടക നിർമ്മാണം | 5 | 10 |
| 2 കുട്ട, മുറം, പായ് തുടങ്ങിയവ നിർമ്മാണം | 4 | 8 |

## അസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിക്കാവുന്ന പ്രകൃതി സമ്പത്ത്

| | |
|---|---|
| 1 | ആറ്റുമണൽ |
| 2 | കരിങ്കൽ |
| 3 | കളിമണ്ണ് |
| 4 | ചെങ്കല്ല് ( വെട്ടുകല്ല് ചെത്താൻ പറ്റിയത്) |
| 5 | ചെറുതും വലുതുമായ കുളങ്ങൾ |

പൊതുമേഖലയിൽ വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സഹകരണ മേഖലയിലാകട്ടെ ഒന്ന് രണ്ട് ക്ഷീരോത്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിലെ തന്നെ സഹകരണ ബാങ്കുകൾക്കൊക്കെ മാതൃകയായി വളർന്നു വികസിച്ച തിരുവല്ല ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ശില്പികളിൽ പലരും നമ്മുടെ പഞ്ചായത്തുകളിൽ തന്നെ ഉള്ളവർ ആയിരുന്നതിനാൽ ഇവിടെ സഹകരണ അടിസ്ഥാനത്തിലുള്ള വലിയ വ്യവസായയൂണിറ്റുകൾ തന്നെ തുടങ്ങുവാൻ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ തന്നെ ലഭ്യമായ വിലക്കുറവുള്ള കാർഷികോല്പന്നങ്ങളും മറ്റ് അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിച്ച് കാലിതീറ്റ നിർമ്മാണം തുടങ്ങാവുന്നതാണ്. ധാരാളം പാൽ ഉല്പാദകർ ഈ പ്രദേശത്തുള്ളതിനാൽ പാലിൽനിന്നും സംസ്കരിച്ചെടുക്കുന്ന ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റും സഹകരണാടിസ്ഥാനത്തിൽ തുടങ്ങുവാനും വിജയകരമായി നടത്തികൊണ്ടു പോകുവാനും സാദ്ധ്യതകൾ ഉണ്ട്. ഈ മേഖലയിൽ പിക്കിൾസ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പുഷ്പകൃഷി എന്നിവയ്ക്കും നല്ല സാദ്ധ്യതകൾ ഉണ്ട്.

## വനിതാ വ്യവസായയൂണിറ്റ്.

വനിതാ വ്യവസായ യൂണിറ്റുകളായി ഒരു കരിപൗഡർ നിർമ്മാണയൂണിറ്റും, ചെറുകിട തീപ്പെട്ടി

നിർമ്മാണയൂണിറ്റും, ബ്യൂട്ടി പാർലറുകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിദ്യാസമ്പന്നരായ ധാരാളം യുവതികൾ ഈ മേഖലയിൽ തൊഴിൽ രഹിതരായിട്ടുള്ളതിനാൽ റ്റിഷ്യൂകൾച്ചർ, ഓർക്കിഡ്, ആന്തൂറിയം ചെടികളുടെ പരിചരണം എന്നിവ പരിശീലിപ്പിച്ച് ഒരു വനിതാ സഹകരണസംഘം തുടങ്ങാവുന്നതാണ്. ഇവിടെ മേൽത്തരം കാർഷിക നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാനും, അങ്ങനെ കർഷകർക്കും തൊഴിൽ രഹിതർക്കും ഒരുപോലെ പ്രയോജനപ്രദമായി തീർക്കാനും കഴിയും.

## പ്രശ്നങ്ങൾ

നമ്മുടെ സംസ്ഥാനത്തും, മറ്റ് സംസ്ഥാനങ്ങളിലും ഉണ്ടാക്കുന്ന ഉപഭോഗവസ്തുക്കളുടെ വലിയ ഒരു വിപണിയാണ് നമ്മുടെ പഞ്ചായത്ത്. വലിയ സാങ്കേതിക പരിജ്ഞാനവും മുതൽ മുടക്കും ഇല്ലാത്ത നമ്മുടെ നിത്യോപയോഗത്തിനാവശ്യമായ പല വസ്തുക്കളും ഇവിടെ തന്നെ ഉണ്ടാക്കാമെങ്കിലും നമ്മുടെ ആൾക്കാർക്കിടക്ക് ഒരു വ്യാവസായിക സംസ്കാരം നിലവിലില്ലാത്തതിനാൽ കാണപ്പെടുന്ന വിമുഖത പ്രധാന പ്രശ്നം തന്നെയാണ്. വ്യാവസായിക വളർച്ചക്ക് ആവശ്യമായ അനുകൂല ഘടകങ്ങളായ ഉയർന്ന സാക്ഷരതാ നിരക്ക്, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപയോഗനിലവാരം, സാമ്പത്തികശേഷി എന്നിവയെല്ലാം ഇവിടെയുണ്ടെങ്കിലും ഈ ഘടകങ്ങളെ മുതലെടുത്ത് മുന്നോട്ടിറങ്ങുവാൻ കഴിയുന്ന നല്ല ആസൂത്രകരായ സംരംഭകരുടെ കുറവ് വലിയ ഒരു പ്രശ്നമാണ്.

താഴെ പറയുന്നവയും നിലവിലുള്ള പ്രധാന പ്രശ്നങ്ങളാണ്.

1 വ്യവസായം തുടങ്ങാനാവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവും, അമിതമായ വിലയും സംരഭകരെ പിന്തിരിപ്പിക്കുന്നു.

2 വൈദ്യുതി ക്ഷാമവും, വോൾട്ടേജ് കുറവും.

3 പൊതുജനങ്ങളിൽ വ്യവസായ സംരഭങ്ങളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനക്കുറവ്.

4 പരമ്പരാഗത കുടിൽ വ്യവസായ മേഖലകളിൽ അസംസ്കൃത വസ്തുക്കളുടെ കുറവ്.

5 പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ വേണ്ടിവരുന്ന നിയമന നടപടിക്രമങ്ങളുടെ ഊരാക്കുടുക്ക് ഇതിനാവശ്യമായ ധനസഹായം ലഭിക്കാനുള്ള പ്രയാസങ്ങൾ.

6 ഉയർന്ന കൂലിനിരക്ക്.

7 ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രബലരായ വൻകിടക്കാർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളോട് കിടപിടിക്കാൽ പരമ്പരാഗത വ്യവസായ രംഗത്തുപ്രവർത്തിക്കുന്ന ഇടത്തരക്കാരന്റെ ശേഷി ഇല്ലായ്മ.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങളും, ആവശ്യങ്ങളും.

വ്യാവസായിക അടിസ്ഥാനത്തിലുള്ള മത്സ്യകൃഷി.

പുതുതായി വ്യവസായങ്ങൾ തുടങ്ങുന്നതിന് സ്ഥല ദൗർലഭ്യം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ നിലവിലുള്ള ചെറുതും വലുതുമായ കുളങ്ങളിൽ മത്സ്യകൃഷി വ്യാവസായികാടിസ്ഥാനത്തിൽ തന്നെ തുടങ്ങാവുന്നതാണ്. പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാകാത്തതും എന്നാൽ നമ്മുടെ കാർഷിക പാരമ്പര്യത്തിനനുസൃതവുമായ ഈ വ്യവസായത്തിന് പ്രോൽസാഹനം ആവശ്യമാണ്. കൂടാതെ നല്ല തൊഴിൽ സാദ്ധ്യതയും വിപണന സാദ്ധ്യതയും ഉണ്ട്. ശാസ്ത്രീയമായ മത്സ്യകൃഷിക്കു പുറമെ ആവശ്യക്കാർ കൂടുതലുള്ള മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു വിതരണം നടത്തുന്നതിനും ഏറ്റവും അനുയോജ്യമായ വലിയൊരു ജലാശയം പഞ്ചായത്തിലെ ഉള്ളൂർ ചിറയിൽ ലഭ്യമാണ്. നിലവിലുള്ള ചിറയോടു ചേർന്നു കിടക്കുന്ന പുറമ്പോക്കുഭൂമികൂടി ഏറ്റെടുത്ത് ചിറപിടിച്ച് ഭാവിയിൽ ഈ യൂണിറ്റിന് വികസനസാദ്ധ്യതകൾ ഏറെയാണ്. നല്ല വിലയുള്ളതും അപൂർവ്വങ്ങളുമായ

ഔഷധസസ്യങ്ങൾ ശാസ്ത്രീയമായി ഈ ചിറയിൽ കൃഷി ചെയ്യാം ഇത് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതും, പഞ്ചായത്തിൽ ആയുർവ്വേദ ഔഷധ നിർമ്മാണയൂണിറ്റ് തുടങ്ങുന്നതിന് പ്രോത്സാഹനവും ആയിത്തീരും.

ചിലവുകുറഞ്ഞ നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നത് നിർമ്മാണ മേഖലയാണ്. സാധാരണക്കാരന് വീട് ഒരു സ്വപ്നം മാത്രമായി പരിണമിക്കുമാറ് നിർമ്മാണ വസ്തുക്കളുടെ ചിലവ് അനുദിനം വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ഇടത്തരക്കാരനും, ദരിദ്രവിഭാഗത്തിൽപ്പെട്ടവർക്കും തലചായ്ക്കാനൊരിടം ഉണ്ടാക്കേണ്ടത് സമൂഹത്തിന്റെ മൊത്തം ബാദ്ധ്യതയാണ്. അതിനുവേണ്ടി ചിലവുകുറഞ്ഞ നിർമ്മാണ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കേണ്ടത് ആവശ്യമാകുന്നു.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി താഴെപ്പറയുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. വേണ്ട അസംസ്കൃത പദാർത്ഥങ്ങളായ ആറ്റുമണൽ, കളിമണ്ണ് എന്നിവ പ്രദേശികമായി ലഭ്യമാണ്. കൂടാതെ ധാരാളം തൊഴിൽ സാദ്ധ്യതയും ഉണ്ടാകും.

1 ഭിത്തി കെട്ടുന്നതിനുള്ള ഹോളോ ബ്രിക്സുകൾ, ചരൽക്കട്ടകൾ, ബലപ്പെടുത്തിയ മണൽക്കട്ടകൾ മുതലായവ.

2 മേൽക്കൂരക്ക് ഫ്യൂണിക്കുലർ ഷെൽസ്, ഫില്ലർ സ്ലാബ് മുതലായവ.

3 തറയ്ക്ക് ചിലവുകുറഞ്ഞ തറയോടുകൾ, ഇതിനുപുറമേ കോൺക്രീറ്റിൽ നിർമ്മിച്ച കട്ടിളകൾ, ഫെറോ സിമിന്റ് കതകുകൾ, സംസ്ക്കരിച്ച റബ്ബർ തടിയിൽ നിർമ്മിച്ച വസ്തുക്കൾ, കളിമണ്ണിൽ നിർമ്മിക്കുന്ന ജാളി കൈവരികൾ, ഗൃഹാലങ്കാര വസ്തുക്കൾ തുടങ്ങിയവ ഇവിടുന്ന് ഉല്പാദിപ്പിക്കാം ഇത്തരം വസ്തുക്കൾക്ക് അനുദിനം വിപണി വർദ്ധിച്ചു വരുന്നതിനാൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പഞ്ചായത്തിന്റെ ലാഭവും ഉണ്ടാക്കാം.

ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ വർഷത്തിൽ മിക്കവാറും ജല ദൗർലഭ്യം അനുഭവപ്പെടുന്നു. വൈദ്യുതിക്ഷാമവും അതിരൂക്ഷമാണ്. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും വളരുന്നതിനും ആവശ്യമായ ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പഞ്ചായത്തുതന്നെ സ്ഥലം കണ്ടെത്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ചാൽ വ്യാവസായികമായി മുന്നേറുന്നതിനും ചില പ്രദേശങ്ങൾക്കുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനും സന്തുലിതമായ വളർച്ച കൈവരിക്കാനും കഴിയും.

വിദേശത്തു ജോലിയുള്ള ധാരാളം ആൾക്കാർ പാർക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ അവരുടെ കൈവശമുള്ള മൂലധനം ഇത്തരം സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിലൂടെ വ്യവസായ രംഗത്തേക്ക് നിക്ഷേപിക്കുവാൻ കഴിയും. പല രാജ്യങ്ങളിൽ നിന്ന് ഇവർ നേടിയ സാങ്കേതിക പരിജ്ഞാനവും പരിചയവും നമ്മുടെ പ്രദേശത്തിന്റെ തന്നെ വികസനത്തിന് ഉപയോഗിക്കാൻ കഴിയും. വിദേശത്തുനിന്നും മടങ്ങി വരുന്നവർക്കും ഇവിടെ തന്നെയുള്ള തൊഴിൽരഹിതർക്കും മാന്യമായ തൊഴിലുകൾ ഇത്തരം യൂണിറ്റുകളിലൂടെ ആരംഭിക്കാൻ കഴിയും. ഇത്തരം യൂണിറ്റുകൾ തുടങ്ങുന്നവർക്ക് ആനുകൂല്യങ്ങളും, പ്രോത്സാഹനങ്ങളും സർക്കാർ തലത്തിൽ നൽകി ഒരു വ്യവസായ സംസ്ക്കാരം വളർത്തി എടുക്കണം.

## മറ്റു നിർദ്ദേശങ്ങൾ

1 കേര കർഷകർക്ക് കരിക്ക് ഉല്പാദനം വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്നതിന് മികച്ച ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്തും, സാമ്പത്തിക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചും പ്രോത്സാഹിപ്പിക്കണം.

2 മണ്ണിന്റെ വീര്യം കെടുത്തുന്ന അമിത രാസവള പ്രയോഗം നിയന്ത്രിക്കുന്നതിന് ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുകയും ജൈവവസ്തു

നിർമ്മാണ യൂണിറ്റ് വ്യവസായഅടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്യുന്നു.

3 പാൽ ഉല്പാദനം വർദ്ധിപ്പിച്ച് ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ യൂണിറ്റുകൾ ആരംഭിക്കണം.

4 റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് വളരെയേറെ സാദ്ധ്യതകൾ ഈ പഞ്ചായത്തിലുള്ളതിനാൽ ഈ രംഗത്ത് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കണം.

5 റബ്ബർ തടി ആധുനികരീതിയിൽ സംസ്ക്കരിച്ചാൽ മെച്ചപ്പെട്ട ഇനം ഫർണീച്ചറുകളും മറ്റും നിർമ്മിക്കാവുന്നതാണ്. ഈ രംഗത്ത് പുതിയ തടി സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കണം.

6 പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യാനും ധനസഹായം ലഭിക്കാനും ഇന്നെ നിലവിനുള്ള നടപടി ക്രമം ലഘൂകരിക്കുക.

7 ആധുനിക രീതിയിലുള്ള വെൽഡിംഗ്, വാഹനങ്ങളുടെ ബോഡി ബിൽഡിംഗ് എന്നിവ നടത്തുന്ന എഞ്ചിനിയറിംഗ് യൂണിറ്റുകൾ പുതിയതായി തുടങ്ങുക.

8 നെല്ല് പുഴുങ്ങിക്കുത്തുന്ന മോഡേൺ റൈസ് മില്ലുകൾ ആരംഭിക്കുക.

9 കറി പൗഡർ, അച്ചാർ, ബേക്കറി യൂണിറ്റ്, പഴം സംസ്ക്കരണ യൂണിറ്റ് എന്നിവ സഹകരണ മേഘലയിൽ ആരംഭിക്കുക.

10 മെഴുകുതിരി, സോപ്പ്, പേപ്പർ കവറുകൾ, പോളിത്തീൻ കവറുകൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കുക.

11 വൈക്കോൽ, ചിരട്ട, വേരുകൾ ഇവ ഉപയോഗിച്ചുള്ള കര കൗശലവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ തുടങ്ങുക.

## ഖാദി വില്ലേജ് ഇൻഡസ്ട്രീസ്

ഗ്രാമീണ മേഖലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ നൽകാൻ കഴിയുന്ന ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ പ്രവർത്തനം പഞ്ചായത്തിൽ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്.

ആരംഭിക്കാവുന്ന യൂണിറ്റുകൾ

1 കൊപ്രാ സംസ്ക്കരണം.

2 വെളിച്ചെണ്ണ നിർമ്മാണം.

3 കന്നുകാലി തീറ്റ.

4 ചിപ്സ്, അച്ചാർ, കറി പൗഡർ നിർമ്മാണം.

5 ചിരട്ടക്കരി നിർമ്മാണം.

6 പെട്ടിപ്പലക, പാക്കിംഗ് കേസ്.

7 റബ്ബർഫോം മെത്തകൾ.

8 കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാധനങ്ങൾ.

9 പഴം കൊണ്ടുള്ള ജാമുകൾ.

## ടൂറിസം വികസനം

ഇച്ഛാശക്തിയോടും, ലക്ഷ്യബോധത്തോടും കൂടിയ പ്രവർത്തനം ഉണ്ടാവുമെങ്കിൽ കോയിപ്രം പഞ്ചായത്തിൽ ടൂറിസം വികസനത്തിന് നല്ല സാദ്ധ്യതകൾ ഉണ്ട്. ഒരു ടൂറിസ്റ്റുകേന്ദ്രം എന്ന നിലയിൽ വളർന്നു വരുന്ന ആറൻമുള നമ്മുടെ പഞ്ചായത്തിന് തൊട്ടു കിടക്കുന്നു എങ്കിലും ആരൻമുളയിൽ നിന്നോ അതിനു സമീപത്തുനിന്നെങ്കിലുമോ നമ്മുടെ പഞ്ചായ ത്തിലേക്ക് കടക്കുന്നതിനുള്ള പാലം പമ്പാ നദിക്കു കുറുകെയുണ്ടായാൽ കോയിപ്രം പഞ്ചായത്തിന് വികസനം ഉണ്ടാകും. ആറൻമുള വള്ളം കളി, ശബരിമല സീസൺ ഈ കാലങ്ങളിൽ ആറൻമുളയിൽ എത്തിച്ചേരുന്ന തീർത്ഥാടകരിൽ ഒരു പങ്കിനെ നമ്മുടെ പഞ്ചായത്തിലേക്ക് ആകർഷിക്കാനും, അങ്ങനെ ഇവിടെ പുതിയ ഹോട്ടലുകൾക്കും വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കും സാദ്ധ്യതയുണ്ടാകും. കൂടാതെ ആറൻമുളയിൽ നിന്നും എരുമേലി തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ദൂരം ഗണ്യമായി കുറക്കുന്നതിനും സാധിക്കും.

## സഹകരണ മേഖലയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| വിഭാഗം | ഇനം |
|---|---|
| പട്ടികജാതി / പട്ടികവർഗ്ഗ സഹകരണസംഘം | ചൂരൽ ഉല്പന്ന നിർമ്മാണം |
| വനിത | 1 പൂക്കളുടെ വ്യവസായം<br>2 തയ്യൽ, ഗാർമെന്റ്<br>3 ബാഗ്, റെയിൻകോട്ട് നിർമ്മാണം. |
| ജനറൽ | 1 ഇഷ്ടിക നിർമ്മാണം.<br>2 സിമിന്റുകൊണ്ടുള്ള വാതിൽ,ജനൽനിർമ്മാണം<br>3 കോഴിവളർത്തൽ<br>4 കന്നുകാലി ഫാം<br>5 സോളാർ ലൈറ്റുകളുടെ പ്ലേറ്റുകളുംഅനുബന്ധ ഉപകരണങ്ങളും.<br>6 ഡി.റ്റി.പി. |



# 5.6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഒരു ഗ്രാമത്തെ സംബന്ധിച്ചിടത്തോളം കുടിവെള്ള സൗകര്യവും പാർപ്പിട സൗകര്യവും കഴിഞ്ഞാൽ പ്രാധാന്യ മർഹിക്കുന്ന മേഖലകളാണ് ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ഇവ റോഡുകളുടെ നിലവാരം, മറ്റുഗതാഗത സൗകര്യങ്ങൾ, ഊർജ്ജ സ്രോതസ്സുകൾ, വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങ ളായ മാർക്കറ്റുകൾ ഇവ ഗ്രാമത്തിന്റെ വികസനം ഏതളവുവരെ എത്തിച്ചേർന്നു എന്നെടുത്തു കാണിക്കുന്ന താണ്.

## A. ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ മുഖ്യമായും കരമാർഗ്ഗമുള്ള ഗതാഗതമാണുള്ളത്. വരാചാൽ കടക്കുന്നതിനും, പൂവത്തൂർഭാഗത്തുനിന്നു ഇടയാറൻമുളയിലേക്ക് പമ്പാനദി കടന്നുപോ കുന്നതിനുമുള്ള കടത്തും ഒഴിച്ചാൽ എല്ലാം തന്നെ കരമാർഗ്ഗമുള്ള സഞ്ചാരസൗക ര്യങ്ങളാണ്. പഞ്ചായത്തിലെ ബസ്റൂട്ടുള്ള റോഡുകൾ താഴെ പറയുന്നവയാണ്.

1. കുന്നന്താനം മുതൽ കുമ്പനാട്, കല്ലുമാലി ഭാഗംവരെയുള്ള തിരുവല്ലാ-കോഴഞ്ചേരി റോഡിന്റെ ഭാഗം.
2. കുമ്പനാട് ആറാട്ടുപുഴറോഡ്
3. പുല്ലാട് മല്ലപ്പള്ളി റോഡ്
4. ആറാട്ടുപുഴ - പൂവത്തൂർ, കോഴഞ്ചേരി റോഡ്
5. പുല്ലാട് കരീയിലമുക്ക് റോഡ്
6. പുല്ലാട് വള്ളിക്കാലാ റോഡ്
7. കുമ്പനാട് പുറമുറ്റം റോഡ്
8. കുമ്പനാട് ഓതറ റോഡ്
9. കുന്നന്താനം കിഴവറക്കടവ് റോഡ്

### മറ്റു ടാർ റോഡുകൾ.

10. ഇളപ്പുങ്കൽ-കുറവൻകുഴി റോഡ്.
11. പുല്ലാട്-പോലീസ് സ്റ്റേഷൻ-കോന്നാത്തുകടവ് റോഡ്.
12. പുല്ലാട്-ഉള്ളൂർചിറ റോഡ്.
13. ഓവനാലി മുക്ക്-ഓതറ റോഡ്.
14. കടപ്ര-ഡൈമുക്ക് റോഡ്.
15. ചെമ്പകശ്ശേരിപ്പടി-ഓതറ റോഡ്.
16. കരീലമുക്ക്-ഓതറ റോഡ്.
17. തൈക്കുട്ടത്തിൽ പടി-കണ്ടം റോഡ്
18. കുമ്പനാട്-ഫെലോഷിപ്പ് റോഡ്.
19. കുമ്പനാട്-വട്ടക്കോട്ടാൽ റോഡ്.
20. മണ്ണിൽപടി-കണമൂട്ടിൽപടി റോഡ്.
21. കുമ്പനാട്-ശാലേം പള്ളി റോഡ്.
22. ധർമ്മഗിരി മന്ദിരം റോഡ്.
23. ഐരാക്കാവ് മേടേപടി റോഡ്
24. മരങ്ങാട്ടു ജംഗ്ഷൻ-പൊട്ടക്കുളത്തിൽപടി റോഡ്
25. പാലാംപറമ്പ്-തഴുമ്പിൽപടി റോഡ്
26. മീനാറംകുന്ന്-ചെമ്പകശ്ശേരിപടി റോഡ്

## പഞ്ചായത്തിലെ ടാറിടാത്ത റോഡുകൾ

വാർഡ് 1.

1.കുറവൻകുഴി -എൽ.പി സ്കൂൾ കണ്ണൻ പ്ലാവിൽപടി റോഡ്.
2.ആനക്കുഴിക്കൽപടി -ന്യൂ എൽ.പി സ്കൂൾ റോഡ്.
3.അമ്പലത്തുങ്കൽപടി -ചമതയ്ക്കൽ റോഡ്.
4. അരുവിക്കുഴി -കണ്ണൻപ്ലാവിൽപടി റോഡ്.
5. ആലുംതറ -ചമതയ്ക്കൽ റോഡ്.
6. ചാലുങ്കൽ -പാലത്താനം റോഡ്.
7.കുറുങ്ങഴ എം.റ്റി.എൽ.പി.എസ്സ്-കിഴവറ മണ്ണിൽപടി റോഡ്
8. കാഞ്ഞിരപ്പാറ ഹരിജൻ കോളനി റോഡ്.
9. ചമതയ്ക്കൽ കോട്ടുഞാലിൽപടി റോഡ്.
10. മുളഞ്ചുവട്-ആലുന്തറപടി റോഡ്.
11. പുരയിടത്തിൻകാവ് -ചമതയ്ക്കൽ റോഡ്.
12. ചമതയ്ക്കൽപടി-ഇരപ്പുഴിയ്ക്കൽ റോഡ്.
13. പുരയിടത്തിൻകാവ് കാഞ്ഞിരപ്പാറ റോഡ്.
14. ചാലുവാതുക്കൽ-കുറവൻകുഴി

വാർഡ് 2.

1. മേമനപടി മുണ്ടക്കോട്ടുപടി റോഡ്.
2. പുളിച്ചമാങ്കൽപടി -പാണ്ടിശ്ശേരിപടി റോഡ്
3.കാലായിമലയിൽപടി പാറയിടയിൽ-ഭഗവതി കാവ് റോഡ്
4. കാലായിമലയിൽപടി-മലയിൽപറമ്പ് റോഡ്
5. പാണ്ടിശ്ശേരിപടി-മണ്ണിൽപടി റോഡ്
6. പാറടേൽ-ചിരട്ടോലിക്കൽ റോഡ്
7. കുഴുവോംമണ്ണിൽപടി-പെന്തക്കോസ്തു പള്ളി പടി റോഡ്.
8. കുറവൻകുഴി-ചിർട്ടോലിക്കൽ റോഡ്

വാർഡ് 3

(ടാർ ചെയ്യാത്ത റോഡുകൾ)

1. ചിത്തിരമന്ദിരം -പോലീസ് സ്റ്റേഷൻ റോഡ്.
2. വടക്കത്രപടി-ഓവനാലിൽപടി(പുലരികാട് കോളനി റോഡ്).
3. ശ്രുതി റോഡ്.
4. മാടോലിൽപടി -പൊര്യക്കൽ കോളനി റോഡ്.
5. ചക്കുതറ തെറ്റുപാറ റോഡ്.
6.വാളന്റയ്യത്തു പൂവത്തുംമൂട്ടിൽപടി റോഡ്.
7. പഞ്ചായത്തുപടി തെറ്റുപാറ റോഡ്.
8. പുല്ലാട് വടക്കേകവല-പടിഞ്ഞാറേക്കുളം കോക്കാട് തുണ്ടി റോഡ്.
9. പുത്തൻപുരയ്ക്കൽ പടി-കോക്കാട് കോളനി റോഡ്.
10.വടക്കത്രപടി മുണ്ടപറമ്പിൽ റോഡ്.

വാർഡ് 4

(ടാർ ചെയ്യാത്ത റോഡുകൾ)

1. തടിശ്ശേരിൽ പടി ബഥേൽ ചാപ്പൽ റോഡ്.
2. കുറ്റിക്കാലാ കോളനി റോഡ്.
3. ശാലേം പള്ളി ചെള്ളേത്തുപടി റോഡ്.
4. കുമ്പനാട് വലിയപള്ളി ശാലേം പള്ളി റോഡ്.
5. കുമ്പനാട് വൈസ്മെൻ റോഡ്.
6. ധർമ്മഗിരി മന്ദിരം കുറ്റീപടി റോഡ്.
7. ആനമല പള്ളി പുത്തേടത്തുപടി റോഡ്.
8. ചേന്നമല കോളനി റോഡ്.
9. മണ്ണിൽപടി പ്ലാന്തോട്ടത്തിൽ പടി(കനാൽ) റോഡ്.
10.കിഴക്കേടത്ത് വടക്കേപടി ചേന്നമല റോഡ്.

11. ചേന്നമല കോളനി മങ്ങാട്ടുപടി റോഡ്.

12. മുട്ടുമൺ തത്തക്കുഴി റോഡ്.

13. തേക്കിൽപടി പുത്തേടത്തുപടി റോഡ്.

**വാർഡ് 5**

**(ടാറിടാത്ത റോഡുകൾ)**

1. മുട്ടുമൺ-ഐരാക്കാവ് റോഡ്
2. പൈങ്ങാലോടി-മാവുട്ടംപാറ റോഡ്
3. മുട്ടുമൺ സി.എസ്സ്.ഐ പള്ളിപടി-അണ്ടത്തോത്തു റോഡ്.
4. മേടേൽപടി-തത്തക്കുഴി റോഡ്.
5. കൊല്ലൻപടി-ആന്താലിൽപടി-അമ്പലം റോഡ്.
6. മുല്ലശ്ശേരി ലക്ഷം വീട് റോഡ്(പുരയിടത്തിൻ കാവ് റോഡ്).
7. ഫെലോഷിപ്പ് വരത്രപ്പള്ളത്തു റോഡ്.
8. വെള്ളിക്കര-ഊര്യേപ്പടി റോഡ്.
9. പുരയിടത്തിൻകാവ്-അമ്പലം-തത്തക്കുഴി റോഡ്.
10. വെള്ളിക്കര പടിഞ്ഞാറ് വെള്ളിക്കര കിഴക്ക് റോഡ്..

**വാർഡ് - 6**

**ടാർഇടാത്ത റോഡുകൾ**

1. കുമ്പനാട്-C.S.I കോളനി റോഡ്
2. കുമ്പനാട്-C.S.I പള്ളിറോഡ്
3. കുമ്പനാട്-ശവക്കോട്ടറോഡ്
4. പുത്തൻവീട്ടിൽപടി-ചിറമുഖത്തു-നെല്ലിമലസ്കൂൾ റോഡ്
5. കുമ്പനാട് കണ്ടം-കൊച്ചുപറമ്പ്-ചെമ്പനാൻ റോഡ്
6. ആറങ്ങാട്ടു പടി-മാത്തുംപടി റോഡ്.
7. പാടിപ്പുറത്ത്-മലേപറമ്പ്റോഡ്
8. പുത്തൻ പീടികപടി-മല്ലപ്പള്ളിപടി മണകുളം റോസ്
9. ചെള്ളേത്ത് റോഡ്
10. വെട്ടിത്തറ-മല്ലപ്പള്ളി കണ്ടം റോഡ്
11. പുത്തൻ പീടികപടി കണ്ടം റോഡ്
12. ചുണ്ടമണ്ണിൻ-മണകുളം റോഡ്
13. S.N.D.P. മന്ദിരം-കണ്ടം റോഡ്
14. പുളിമൂട്ടിൽ പടി-പുത്തൻ വീട്ടിൽ പടി റോഡ്

**വാർഡ് 7**

**(ടാർചെയ്യാത്തറോഡുകൾ)**

1) മണക്കണ്ടം വടക്കേകുന്നത്തുംകര വാകൃപടി റോഡ് - തെക്കേകുന്നത്തും കര റോഡ്

2) കാഞ്ഞിരം നിൽക്കുന്നതിൽ വടികുളം റോഡ്

3) വടികുളം കുന്നത്തും കര കോളനിറോഡ്

4)മലനട അമ്പലംജംഗ്ഷൻ - തെള്ളിക്കുഴി ചിറ, കരീലമുക്ക്റോഡ്

5) മലനട - പാറേൽ പടി റോഡ്

**വാർഡ്-8**

**(ടാർചെയ്യാത്തറോഡുകൾ)**

1) കെന്നഡി റോഡ്

2) ചെള്ളേത്തുമുക്ക്-താനത്തോടത്തിൽ പടി റോഡ്

3) പുളിക്കകുഴിപടി-തോലുംകുഴപടി റോഡ്

4) കിഴക്കേകുഴിപടി-നടുക്കോത്തിൽപടി റോഡ്

5) കിഴക്കെകുഴി പടി-ചിറയിൽപടി റോഡ്

6) ചെമ്പകശേരിപടി കുളത്തുങ്കൽപടിപടി റോഡ്

7) കുറ്റിയിൽപടി റോഡ്

8) മാവുനിൽക്കുന്നതിൽപടി ചിരക്കരക്കടനവ് റോഡ്

9) മലനടക്ഷേത്രറോഡ്

10)താഴത്തേത്തിൽപടി-സ്കൂൾ-കുറ്റിക്കാട്ടുപടി

11) കൊച്ചുപുരയക്കൽപടി-തുണ്ടിൽ പടി

12) ചക്കച്ചേരിൽ പടി-കടത്തുകടവ്

13) കുഴിയുഴത്തിൽ പടി-പുളിമൂട്ടിൽ കടവ്

14) ഇടത്തിൽപടി-അയിക്കരപടി

15) മരങ്ങാട്ടുചിറ-നുകത്തലകോളനി

വാർഡ് - 9

1) ആനിക്കാട്-വല്യത്തുപടി റോഡ്

2) പൂവത്തുംമൂട്ടിൽപടി-കക്കാടുറോഡ്

3) ചൊട്ടിപ്പാറ - കുറ്റിയിൽപടി റോഡ്

4) തോട്ടത്തിൽ പടി - കടക്കേത്തുപറമ്പിൽ പടി റോഡ്

5) പരുത്തൻപാറ - പടമൺ പുള്ളിശ്ശേരി പടി റോഡ്

6) ശവക്കോട്ട - കുണ്ടേത്തുകാല, മണിയാർ റോഡ്

7) മോളുപറമ്പിൽപടി കല്ലുങ്കൽ റോഡ്

വാർഡ്-10

**ടാർചെയ്യാത്തറോഡുകൾ**

1) കല്ലുങ്കൽ വരാപുഴേത്തുറോഡ്

2) പോസ്റ്റോഫീസ് ഗുരുമന്ദിരം റോഡ്

3) കോളായിക്കര-ശാസ്താംകാവ് റോഡ്

4) ശാസ്താക്കാവ്-വള്ളക്കടവ്റോഡ്

5)കുന്നം വള്ളകടവ് റോഡ്

6) ഉള്ളൂർക്കാവ് റോഡ്

7) സി.എസ്സ്.ഐ. പള്ളി റോഡ്

8) മാങ്ങാട്ടുപടി റോഡ്

വാർഡ്-11

**ടാർചെയ്യാത്ത റോഡിന്റെ പേര്**

1) പാലംജംഗ്ഷൻ പ്ലാന്താനത്തുപടി

2) ക്ഷേത്രപടി - ചുങ്കംകാവ് റോഡ്

3) പെരുമേത്തുപടി-കാവുംപടി (ഭാഗീകം)

4) ഇലവങ്ങാട്ടുപടി-ഇളംതോട്ടത്തിൽപടി

5) പനംപള്ളിപടി-കുര്യയക്കൽ പടി

6) മായാലിപടി-കാരക്കൽപടി

7) കാരക്കൽപടി-ഐക്കരപടി

8) തൈക്കൂട്ടത്തിൽപടി-കല്ലൂർകടവ്റോഡ്

9) വരയന്നൂർപടി-പാലാകുഴിറോഡ്

10) ഐക്കരപടി-ചിട്ടക്കാട്ട് കടവ് ബ്രാഞ്ച് കാരക്കൽ

11) കുറുമ്പനങ്ങാട്ടുപടി-ചുണ്ടമണ്ണിൽകടവ്

12) പാക്കാട്ട് ചിറ്റേടത്തുകടവ് റോഡ്

13) തെക്കേവഞ്ചിപ്പത്ര ഐക്കരപടി

14) പെരുമേത്ത്പടി ചാങ്ങയിൽപടി റോഡ്

15) കാവുംപടി കനാൽജംഗ്ഷൻ റോഡ്

**ടാർചെയ്തു എങ്കിലും അറ്റകുറ്റപണികൾ ചെയ്യാതെ മോശമായി കിടക്കുന്ന റോഡുകൾ**

1) കുറവൻകുഴി ആന്താലിമൺ ഹരിജൻ കോളനി ബ്രാഞ്ച് ഇളപ്പുങ്കൽ

2) പൊട്ടുകുളത്തിൽ പടി കുറ്റിക്കാടുപടി

3) മീനാറും കുന്ന് മൈലാടുംപാറ

4) മരങ്ങാട്ടുപടി കുറ്റിക്കാട്ടുപടി

5) മരങ്ങാട്ടുപടി ഡൈമുക്ക്

6) ചേന്നംകുഴി ഉള്ളൂർചിറ റോഡ്

7) ചെമ്പകശേരിപടി നെല്ലിമല പള്ളി റോഡ്

**ഭാഗീകമായിടാർചെയ്തറോഡുകൾ**

1. ആന്താലിമൺ-ചേറ്റുതടം
2. പണ്ടിച്ചേരിപടി-പുളിച്ചിമാങ്ങൽ പടി
3. തെറ്റുപാറ ആത്മാവു ജംഗ്ഷൻ
4. നമ്പൂതിരിവിലാസം റോഡ്
5. ധർമ്മഗിരിമന്ദിരം-കുറ്റിപടി റോഡ്
6. മുട്ടുമൺ മേമല റോഡ്
7. വെള്ളിക്കര-പൈങ്ങാലോടി റോഡ്
8. മാതിരംപള്ളി-കല്ലേലിവാലാ റോഡ്
9. പുളിമൂട്ടിൽ പടി -പുത്തൻവീട്ടിൽപടി റോഡ്

**കലുങ്കുകൾ/പാലങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ**

1. ലക്ഷംവീട് ചമതക്കൽപ്പടി റോഡിൽ ചമതക്കൽ പടി ഭാഗം
2. പാണ്ടിച്ചേരി ഭഗവതിക്കാവ് റോഡിൽ പാണ്ടിച്ചേരിപടിയിൽ
3. പൊര്യക്കൽകോളിനിറോഡിൽ
4. പുലരികാട്ട് കോളനിറോഡിൽ
5. തെറ്റുപാറ റോഡിൽ പഞ്ചായത്തിനോട് അടുത്തഭാഗം
6. തത്തകുഴിറോഡിൽ കൗങ്ങേലിൽ ഭാഗം
7. ഐരാക്കാവ് കുറുങ്ങഴ റോഡിൽ മുല്ലശേരി കോളനിക്കുസമീപം
8. വെള്ളിക്കര കുമ്പനാടുറോഡിൽ
9. കൊച്ചുപറമ്പ് കരീലമുക്ക് റോഡിൽ ഇരപ്പൻകുഴിഭാഗം
10. കടപ്രയും പൂവത്തൂരും ബന്ധിപ്പിക്കുവാൻ വരാച്ചാലിൽ പാലംപണിയുക
11. കുറ്റിപടി റോഡിൽ പൊയ്കയിൽ ഭാഗം
12. ഇടത്തിൽ പടി
13. മന്നത്തുപടി
14. കൊച്ചാപ്പശ്ശേരിപടി

## ഗതാഗതസൗകര്യങ്ങൾ

ബസ്സ്, ടാക്സികാറുകൾ, ജീപ്പ്, ഓട്ടോറിക്ഷ എന്നിവയാണ് ജനങ്ങൾ യാത്രാസൗകര്യത്തിനായി ആശ്രയിക്കുന്ന മാർഗ്ഗങ്ങൾ. മെയിൻ റോഡ് ഒഴികെയുള്ള സ്ഥലങ്ങളിൽ നാമമാത്രമായിട്ടേ ബസ്സ് സൗകര്യമുള്ളു. കുമ്പനാട്ടുജംഗഷനിലും പുല്ലാട്ജംഗഷനിലുമാണ് ടാക്സികാറുകൾ പാർക്കു ചെയ്യുന്നത്. കുമ്പനാട്, പുല്ലാട് വടക്കേകവല തെക്കേകവല, പൂവത്തൂർ ഇവിടെ ഓട്ടോ പാർക്കിംഗ് ഉണ്ട്. രാത്രികാലങ്ങളിൽ ഓട്ടോ ടാക്സി സൗകര്യങ്ങൾ മെയിൻ റോഡുകളിൽ പോലും ഇല്ല. കടപ്ര നിന്നും കുന്നത്തേക്കും പൂവത്തൂരിൽനിന്നും ഇടയാറൻമുളയിലേക്കും കടത്തുവള്ളസൗകര്യം ഉണ്ട്. ചരക്കുഗതാഗതത്തിനായി ടെമ്പോ, ലോറി, ജീപ്പ്, പെട്ടിഓട്ടോ, ഉന്തുവണ്ടി, കാളവണ്ടി, ഇവയെആശ്രയിക്കുന്നു. പഞ്ചായത്തിൽ ഒരുഭാഗത്തും ഓട്ടോ, ടാക്സി സ്റ്റാൻഡുകളോ, ചരക്കുവണ്ടി പാർക്കുചെയ്യുന്നതിനുള്ള സ്റ്റാൻഡുകളോ ഇല്ല.

## പ്രശ്നങ്ങൾ

1. റോഡുകളിൽ ഓടയില്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടികിടന്നാൽ ഗതാഗതടസം സൃഷ്ടിക്കുന്നു.

2. കൊടും വളവുകൾ അപകടങ്ങൾ ഉണ്ടാക്കുന്നു.

3. ടാക്സി, ഓട്ടോ, മറ്റുചരക്കുവാഹനങ്ങൾ അമിതമായി ചാർജ്ഈടാക്കുന്നു.

4. ടാക്സി, ഓട്ടോ, ചരക്കുവണ്ടി സ്റ്റാൻഡുകൾ ഇല്ല.

5. സ്കൂൾസമയങ്ങളിൽ ജംഗ്ഷനുകളിലൂടെ അമിത സ്പീഡിൽ വാഹനങ്ങൾ ഓടിക്കുന്നു.

6. അപകടമായനിലയിൽ പോസ്റ്റുകൾ റോഡിന്റെ മധ്യഭാഗത്തോട് അടുത്തുനിൽക്കുന്നു.

7. പലപോസ്റ്റുകളും ജീർണ്ണിച്ചുനിൽക്കുന്നു.

8. പഞ്ചായത്തുറോഡിൽ കല്ല്, തടി തുടങ്ങിയ സാധനങ്ങൾ ഇറക്കിയിട്ട് തടസം സൃഷ്ടിക്കുന്നു.

9.കലുങ്കുകളുടെ അടിഭാഗം വൃത്തിയാക്കാത്തതിനാൽ ജലനിർഗ്ഗമന അസാധ്യമാകുന്നു.

10. P.W.D. പഞ്ചായത്തുറോഡുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്താത് ഇടുന്നു.

11. ജലം ഒഴുകിപോകുന്നതിന് കലുങ്കുകൾ ചപ്പാത്തുകൾ ഇവനിർമ്മിക്കുകയൊ പൈപ്പുകൾ ഇടുകയൊ ചെയ്യുന്നില്ല.

12. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനും നശിപ്പിക്കുന്നതിനും പ്രത്യേകസൗകര്യങ്ങളില്ല.

13. നിർത്തിയ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കണം

## സാദ്ധ്യതകൾ

1. റോഡുകളിൽ ജലനിർഗ്ഗമന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരി ക്കുക.

2. പൊതുജനസഹകരണത്തോട് റോഡ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക

3. സ്കൂൾസമയങ്ങളിൽ ട്രാഫിക്ക് നിയന്ത്രണത്തിനായി പോലീസ് സഹായത്തോടു സ്കൂൾ കുട്ടികൾക്കും ജനങ്ങൾക്കും ട്രാഫിക്ക് നിയന്ത്രണ പരിശീലനം നൽകുക

4. റോഡു മെയിന്റൻസ് സമയാസമയങ്ങളിൽ നടന്നു എന്ന് ജനങ്ങൾക്ക് ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ ഒരുറോഡുരജിസ്റ്ററും പരാതി പുസ്തകവും പഞ്ചായത്തിൽ സൂക്ഷിക്കുക.

## ഊർജ്ജം

ഭൂരിപക്ഷം വീടുകൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്തവർ പ്രധാനമായു മണ്ണെണ്ണയെ ആശ്രയിക്കുന്നു വൈദ്യുതിയുള്ളവർ പവർക്കട്ടുവേളയിൽ വെളിച്ചം കാണുവാനായി മെഴുകുതിരിയും മണ്ണെണ്ണയുമാണ് ഉപയോഗിക്കുന്നത്. എമർജൻസി വിളക്കുകൾ വ്യാപകമായി കൊണ്ടിരിക്കുന്നു. മെഴുകുതിരിക്ക് അടുത്തകാലത്തായി ക്ഷാമം നേരിടുന്നു. സ്വന്തമായി വീട്ടാവശ്യത്തിനും ജനറേറ്ററുകൾ ഉള്ളവർ നന്നേകുറവാണ്. പാചകാവശ്യത്തിനായി വിറക്, പെട്രോളിയം ഗ്യാസ്, ഗോവർഗ്യാസ്, മണ്ണെണ്ണ ഇവയാണ് ഉപയോഗിക്കുന്നത്. ഭൂരിപക്ഷം ആളുകളും വിറകാണ് പാചകാവിശ്യത്തിനായുള്ള ഇന്ധനമായി ഉപയോഗിക്കുന്നത്. വിറക് ഉപയോഗിക്കുന്നവർക്ക് കാര്യക്ഷമതയുള്ള അടുപ്പുകളില്ല. ഗോവർഗ്യാസ് കാർഷീക മേഖലയിലുള്ള ഭവനങ്ങളാണ് കൂടുതലായി ഉപയോഗിക്കുന്നത്. കന്നുകാലിവളർത്തലും, കാർഷികമേഖല യുമായി നിരന്തരം ബന്ധമുള്ളവർക്കു മാത്രമേ ഗോവർഗ്യാസ് ഉൽപ്പാദനം തുടർന്നുകൊണ്ടുപോകുവാൻ കഴിയുകയുള്ളു. ഈമാർഗ്ഗത്തിലൂടെ പാചകവാതകം ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങിയ ചിലർ അതിൽനിന്നും പിൻവാങ്ങി പോയിരിക്കുന്നു. വിറകിന്റെ ലഭ്യതകുറവും, വിലകൂടുതലും ഗോവർഗ്യാസ് ഉൽപ്പാദന രംഗത്തുള്ളഅദ്ധ്വാനവും കണക്കിലെടുത്ത് ആളുകൾ പെട്രോളിയം ഗ്യാസിനോടും കൂടുതൽ താൽപ്പര്യം കാട്ടുന്നു. എന്നാൽ

പഞ്ചായത്തിൽ ഒരു പാചകവാതകവിതരണ കേന്ദ്രമില്ല. വൈദ്യുതിയുടെ കാര്യത്തിൽ വോൾട്ടതകുറവാണ് മുഖ്യപ്രശനം പഞ്ചായത്തിൽ ഇന്ന് ആകെയുള്ള 26 ട്രാൻസ്ഫോർമറുകൾ വൈദ്യുതവിതരണ രംഗത്ത് അപര്യാപ്തമാണ്. വഴിവിളക്കുകൾ ഭൂരിപക്ഷവും പ്രകാശിക്കുന്നില്ല. താണവരുമാനക്കാർക്കുള്ള സൗജന്യ വൈദ്യുത കണക്ഷൻ ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. വിറകുക്ഷാമം അനുഭവപ്പെടുന്നു

2 പാവപ്പെട്ടവർക്ക് വൈദ്യുതകണക്ഷൻ ലഭിക്കുന്നില്ല.

3. വോൾട്ടതാക്ഷാമം രൂക്ഷമാകുന്നു ആവശ്യത്തിനു ട്രാൻസ് ഫോർമറുകളില്ല.

4. ഇലക്ട്രോണിക്ക്ചോക്ക്, കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പുകൾ ഇവ ലഭ്യമാക്കണം.

5. മെഴുകുതിരിക്ഷാമം അനുഭവപ്പെടുന്നു.

6. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ കുറഞ്ഞവിലക്കെ ലഭിക്കന്നില്ല.

7. പാചകവാതകത്തിനായി ബഹുദൂര യാത്രചെയ്യേണ്ടിവരുന്നു.

8.സൗരോർജ്ജ ഉപകരണങ്ങൾ ലഭ്യമാകുന്നില്ല.

## സാദ്ധ്യതകൾ

1. പാചകവാതക വിതരണകേന്ദ്രം തുറക്കുക

2. സൗരോർജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതീക വിദ്യാകേന്ദ്രം ആരംഭിക്കുക.

3.സാമൂഹ്യവനവൽക്കരണം പ്രോത്സാഹിപ്പിച്ചു വിറകുക്ഷാമംപരിഹരിക്കുക.

4. മെഴുകുതിരി നിർമ്മാണകേന്ദ്രം തുറക്കുക

## മാർക്കറ്റ്

ജനങ്ങളുടെ ക്രയവിക്രയസൗകര്യം മാർക്കറ്റിംഗ് സൗകര്യമാശ്രയിച്ചാണ് നിലകൊള്ളുന്നത്. പുല്ലാട് മാർക്കറ്റാണ് പഞ്ചായത്തിലേ ഏകവിപണനകേന്ദ്രം. പൂവത്തൂർചന്ത, കടപ്രമാർക്കറ്റ് ഇവനിന്നു പോയി. പുല്ലാട് സീഡ്ഫാം വസ്തുവിൽ വർഷങ്ങൾക്കുമുൻമ്പ് സ്വകാര്യ വ്യക്തി ഒരു കാളചന്ത നടത്തിയിരുന്നു. എന്നാലത് ക്രമേണനിന്നുപോയി. കുമ്പനാട് P.W.D. റോഡരുകിലാണ് മത്സ്യവിപണനം നടക്കുന്നത്. ഇത് പരിസ്ഥിതിക്കും ആരോഗ്യത്തിനും ഭീഷണിയായിതീർന്നിരിക്കുന്നു. കാർഷീകമേഖലയെ പരിപോഷിപ്പിക്കുന്നതിനും പച്ചക്കറിവിപണന കേന്ദ്രങ്ങൾ തുറക്കേണ്ടി ഇരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വേണ്ടത്രവിപണന സൗകര്യമില്ല.

2. റോഡരുകിൽ നടത്തുന്ന വ്യാപാരങ്ങൾ ആരോഗ്യത്തിനും പരിസരശുചീകരണത്തിനും ഭീഷണിയാകുന്നു.

3.പഞ്ചായത്തിന്റെ പടിഞ്ഞാറേഭാഗത്തുഉള്ളവർക്കു മാർക്കറ്റുസൗകര്യമില്ല.

4. കുമ്പനാട് ഒരു മാർക്കറ്റുതുടങ്ങണം.

# 5.7

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവന നിർമ്മാണം

കോയിപ്രം ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ കണക്കുകൾ പ്രകാരം 6883 വീടുകളുണ്ട്. വിവിധ നിലവാരത്തിലുള്ള വീടുകൾ സംബന്ധിച്ച പട്ടിക ചുവടെ ചേർത്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗ ക്കാരുടേതായി ഏതാണ്ട് 600 വീടുകളുണ്ട്. 30,000 ത്തോളം വരുന്ന ജനസംഖ്യയിൽ ഏകദേശം 4000 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടുന്നവരാണ്. ഈ വിഭാഗത്തിൽ നിന്നും മതപരിവർത്തനം ചെയ്തവരെ ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അവരും പഞ്ചായത്തിൽ അവശതയനുഭവിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. 1992 മുതൽ 1996 വരെയുള്ള കാലയളവിലായി IAY,MWS, തുടങ്ങിയ വിവിധ സ്കീമുകളിലായി 115 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഒന്ന്, അഞ്ച്, പതിനൊന്ന് വാർഡുകളിലായി നാല് ലക്ഷംവീട് കോളനികളും, ഒന്ന്, മൂന്ന്, അഞ്ച്, എട്ട് വാർഡുകളിലായി പുനരധിവാസപദ്ധതി പ്രകാരമുള്ള നാല് പഞ്ചായത്ത് കോളനി കളുമുണ്ട് (4 സെന്റ് കോളനികൾ). വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരും, സ്വന്തമായി ഭവനമില്ലാത്തവരുമായ കുടുംബ ങ്ങളുടെ എണ്ണം ലഭിച്ച കണക്കുകൾ പ്രകാരം 1250– ഓളം വരും. താണവരുമാന വിഭാഗത്തിൽ പെട്ട പലർക്കും താമസിക്കുവാൻ ഭവനമുണ്ടെങ്കിലും സ്വന്തം പേരിൽ വസ്തു ഇല്ല. അതുകൊണ്ട് ഇങ്ങനെയുള്ളവർക്ക് അടുത്ത തലമുറയ്ക്ക് വസ്തു കൈമാറുന്നതിനോ ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ കഴിയുന്നില്ല. വസ്തുവി ന്റെയും, കെട്ടിടനിർമ്മാണ സാമഗ്രികളുടെയും വിലക്കയറ്റം സാധാരണക്കാരനെ സംബന്ധി ച്ചിടത്തോളം ഭവനനിർമ്മാണ രംഗത്തെ മുഖ്യ തടസ്സങ്ങളായി നിലകൊള്ളുന്നു. നിലങ്ങൾ നികത്തി വീടുകൾ വയ്ക്കുന്നതാണ് അടുത്ത കാലത്തുണ്ടായിരിക്കുന്ന ഏറ്റവും വലിയ പ്രവണത.

ആകർഷണീയമായ കൂലി ലഭിക്കുന്ന മേഖലയാണ് കെട്ടിട നിർമ്മാണ രംഗം ; എന്നാൽ ഈ മേഖലയിൽ പണിയെടുക്കുന്ന ഭൂരിപക്ഷമാളുകളും അന്യസംസ്ഥാനത്തു നിന്നുള്ളവരാണ്. കോളനികളിൽ വെള്ളവും, വെളിച്ചവും മറ്റ് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങളും കുറവാണ്. കാഞ്ഞിരപ്പാറ കോളനിയിൽ മാത്രമാണ് ഒരു ഡേകെയർ സെന്റർ ഉള്ളത്.

പല വീടുകളിലും പ്രായമായവരെ സംരക്ഷിക്കുവാൻ ഉറ്റവർ സ്ഥലത്തില്ല. മാർത്തോമ്മാ സഭ നടത്തുന്ന അഗതി മന്ദിരവും, വൃദ്ധ മന്ദിരവും, നാലാം വാർഡിലെ കുമ്പനാട്ടാണുള്ളത്.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം മാത്രമാണുള്ളത്.

***പ്രശ്നങ്ങൾ***

1. ആയിരത്തോളം കുടിലുകളുണ്ട്.

2.സ്വന്തം പേരിലേക്ക് വസ്തു മാറ്റിക്കി ട്ടുന്നതിനും, പട്ടയം ലഭിക്കുന്നതിനും താണ വരുമാനക്കാർക്ക് തടസ്സമുണ്ടാകുന്നു.

3. ദുർബല ജനവിഭാഗങ്ങൾക്ക് വസ്തു വാങ്ങിക്കുന്നതിനും, ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും ഏജൻസികളില്ല.

4. കോളനികളിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്ക്, അർഹരായവർക്ക് ധനസഹായം ലഭിക്കുന്നില്ല.

5. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്നില്ല.

6. സ്വന്തം പേരിൽ വസ്തു ഇല്ല എന്ന നിയമതടസ്സം അർഹരായ പലർക്കും ഭവനനിർമ്മാണ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാകുന്നു.

7. ഭവന നിർമ്മാണ വായ്പാ സംഘങ്ങളില്ല.

8. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളില്ല.

9 വൃദ്ധമന്ദിരം ആവശ്യമാണ്.

10. പൊതുശ്മശാനം കൂടുതൽ ഉണ്ടാകണം.

11. ശ്മശാനങ്ങൾക്ക് മതിൽകെട്ടില്ല.

12. ഹൗസിംഗ് ബോർഡിന്റെ പദ്ധതി പ്രകാരം വീടുകൾ വച്ചു കൊടുക്കുന്ന ഹൗസിംഗ് കോളനിയില്ല.

13. താണ വരുമാനക്കാർക്ക് കുടിൽ ജ്യോതി തുടങ്ങിയ പദ്ധതിപ്രകാരമുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല.

## സാമൂഹ്യ ക്ഷേമം

ഐ.ആർ.ഡി.പി സർവേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 792 കുടുംബങ്ങളെ കണ്ടെത്തി. വിവിധ സാമ്പത്തിക സഹായങ്ങളിലൂടെ 53 കുടുംബങ്ങളെ ദാരിദ്ര രേഖയ്ക്കു മുകളിൽ കൊണ്ടുവരുവാൻ കഴിഞ്ഞു. ഇപ്പോൾ 739 കുടുംബങ്ങളാണ് ദാരിദ്ര രേഖയ്ക്ക് താഴെയുള്ളത്. ട്രൈസം തൊഴിൽ പരിശീലന പദ്ധതിയിലൂടെ ഹാന്റിക്രാഫ്റ്റ്, റേഡിയോ, ടി.വി മെക്കാനിസം, മാറ്റ് വീവിംഗ്, തുടങ്ങിയ മേഖലകളിൽ 6 പേർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു. അവരിൽ രണ്ട് പേരൊഴികെ ബാക്കി നാലു പേരും അതത് മേഖലകളിൽ പ്രവർത്തിക്കുന്നു. DWCRA പദ്ധതി പ്രകാരം 12 കുടുംബങ്ങൾ ആടുവളർത്തൽ രംഗത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ 46 പേർ ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 'സുബല' പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭിക്കത്തക്കവണ്ണമുള്ള പ്രത്യേക നിക്ഷേപ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ രണ്ട് വനിതകൾ ഓട്ടോ ഡ്രൈവിംഗ് പരിശീലനം വിജയകരമായി പൂർത്തിയാക്കി, ലൈസൻസും ബാഡ്ജും നേടുകയുണ്ടായി. കടപ്ര പറങ്കി നിൽക്കുന്നതിൽ കോളനിയിൽ ഒരു മെറ്റൽ ക്രഷർ യൂണിറ്റ് വനിതകൾ നടത്തുന്നുണ്ട്. ക്ഷീര വികസന വകുപ്പ് നാല് വനിതകൾക്ക് പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ പൊതുവെ തൊഴിലവസരം കുറവുള്ളതായി കാണുന്നു. കുട്ടികൾക്ക് വിനോദത്തിനും വിശ്രമത്തിനുമായി പാർക്കുകൾ ഇല്ല. ബാലവാടി അദ്ധ്യാപകർക്ക് ലഭിക്കുന്ന വേതനം നാമമാത്രമാണ്. കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ വികലാംഗ പെൻഷൻ തുടങ്ങിയവ അർഹരായവർക്ക്

ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. 750 കുടുംബങ്ങൾ ദാരിദ്ര രേഖക്ക് താഴെ കഴിയുന്നു.

2. തൊഴിൽ ശാലകളില്ല.
3. തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.
4. ബാലവാടി അദ്ധ്യാപകർക്ക് മതിയായ വേതനം ലഭിക്കുന്നില്ല.

5. കുട്ടികൾക്കായി പാർക്കോ, കളിസ്ഥലങ്ങളോ ഇല്ല.

6. അവധിക്കാലത്ത് കുട്ടികൾക്ക് പാട്ട്, ഡ്രോയിംഗ്, മറ്റു പരിശീലനങ്ങൾ തുടങ്ങിയവ നൽകുന്നതിനുള്ള കേന്ദ്രങ്ങളില്ല.
7. വിവിധ പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല.

8. വിവിധ പെൻഷനുകൾ അർഹതപ്പെട്ട വർക്ക് ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുറക്കാം.

2. പഞ്ചായത്ത് ചുമതലയിൽ അവധിക്കാല ങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്ന തിനുള്ള കേന്ദ്രങ്ങൾ തുറക്കാം.

5.8

# സംസ്കാരം

ഏതു പേരിന്റെ പിന്നിലും ഒരുകഥ, അല്ലെങ്കിൽ ഒരു ഐതീഹ്യമുണ്ടാവും.

കോയിപ്രം ഗ്രാമത്തിനുമുണ്ടൊരുകഥ. തിരുവിതാംകൂർ രാജകുടുബത്തിൽപ്പെട്ട കോവിലൻ എന്ന സ്ഥാനപ്പേരുണ്ടായിരുന്ന ഒരു കുടുബം, ആറന്മുളയുടെ വടക്ക്, പമ്പാനദിയുടെ വലതുഭാഗത്ത്, ഫലഭൂയിഷ്ഠമായ കരയിൽ, കൊട്ടാരം മെനഞ്ഞ് താമസിച്ചിരുന്നു. കോവിലൻ താമസിച്ചിരുന്ന പുരയായതിനാൽ കോവിലൻപുര എന്നതിനെ വിളിച്ചു. അത് ലോപിച്ച് കോയിപ്രം ആയിതീർന്നു. അതാണ് ഈ ഗ്രാമത്തിന്റെ പേര്.

ഫലഭൂയിഷ്ഠമായ പമ്പാനദീതടങ്ങൾ ഉൾപ്പെട്ട ഈ പ്രദേശം കോവിലൻ കുടുബത്തിന്റെ ഭരണത്തിൻകീഴിലായിരുന്നു. നാടുവാഴികളായി, പ്രതാപശാലികളായി, ജീവിച്ചകാലമൊക്കെപോയി. കാലത്തിന്റെ ഒഴുക്കിലും, മാറ്റത്തിലും, അധികാരവും സമ്പത്തും നഷ്ടപ്പെടേണ്ടിവന്നു. നെല്ലിക്കൽ ഗ്രാമത്തിൽ കൊച്ചെടത്തിൽ, വല്ല്യയിടത്തിൽ എന്ന് രണ്ടു കുടുബങ്ങൾ ഈ പരമ്പരയിലുണ്ട്. പഴയപ്രതാപത്തിന്റെ അവശിഷ്ടങ്ങൾ ഇന്നവിടെ കാണാം. ക്ഷേത്രം, നാലുകെട്ട്, പടിപ്പുര, കുളം, കിണറ്, കാവ് എല്ലാം.

ഈ ഗ്രാമപഞ്ചായത്തിലെ സ്ഥല പ്പേരുകൾക്ക് പലതിനും പല ഐതീഹ്യങ്ങൾ പറഞ്ഞു കേൾക്കുന്നു. ലഭ്യമായവ ഇവിടെ കുറിക്കട്ടെ.

### പുല്ലാട്

പുല്ലാട് എന്ന പേര് പുല്ലു കാട് ലോപിച്ച് പല്ലാടായി. ഒരുകാലത്ത് മേച്ചിൽപുല്ല് വളർത്തിയിരുന്ന കാടായിരുന്നു.

### കുമ്പനാട്

കുംഭികളുടെ കാട് (ആനക്കാട്) ലോപിച്ച് കുമ്പനാട് ആയി.

### തട്ടയ്ക്കാട്

പാടശേഖരത്തിനും മലകൾക്കുമിടയ്ക്ക് തട്ടുകാടുകളായി കാടുപിടിച്ചുകിടക്കുന്ന ഭൂവിഭാഗത്തെ തട്ടുകാട് എന്നുവിളിച്ചു. പിന്നീട് തട്ടയ്ക്കാട് ആയി.

### കൂർത്തമല

ഒരു കാലത്ത് വനപ്രദേശമായിരുന്നു. വേടർ താമസിച്ചിരുന്ന സ്ഥലം, കരുപ്പു പാട്ടവ്യവസ്ഥയിൽ സർക്കാർ നൽകിയ സ്ഥലം, പിൽകാലത്ത് കുരുപ്പ് വലയായി. പിന്നീട് അത് കൂർത്തവല ആയി.

അവിടൊരു കൃസ്ത്യൻ ദേവാലയമുണ്ട്. യാക്കോബാസഭക്കാരും, മർത്തോമാ സഭക്കാരും, തവണവെച്ച് ആരാധന നടത്തുന്ന കേരളത്തിലെ രണ്ട് പള്ളികളിലൊന്നാണത്.

### കടപ്ര

സമൃദ്ധിയുടെ നാട്, കായൽപോലെ വരാചാൽ, അതിലെ മത്സ്യസമ്പത്ത്. എല്ലായിനം കൃഷികൾ, മനേഹരമായ ഗ്രാമം.

കാലം കഴിഞ്ഞു. സമൃദ്ധിയിൽ മനുഷ്യൻ അഹങ്കരിച്ചു. മത്സ്യങ്ങളെല്ലാം ചത്തൊടുങ്ങി. ജലം മലിനമായി, കാലാവസ്ഥ കൃഷിക്ക് പറ്റാതായി. കൃഷികളെല്ലാം നശിച്ചു. ദാരിദ്രം മനുഷ്യനെ കാർന്നുതിന്നുവാൻ തുടങ്ങി. പകർച്ചവ്യാധിയും, അകാലമരണവും ഈ ഗ്രാമത്തെ ഗ്രസിക്കുവാൻ തുടങ്ങി.

ഇതിന്റെ കാരണവും, പ്രതിവിധിയും അറിയാൻ പ്രമാണിമാർ ശ്രമിച്ചു. ഈശ്വരകോപം കാരണമെന്നും, ശബരിമലയിൽ ചെന്ന് തപസ്സുചെയ്ത് ദേവിപ്രീതി നേടുകയാണിതിനു പരിഹാരമെന്നും മനസിലാക്കിയ പ്രമാണിമാർ ചിറക്കര കുടുബത്തിലെ കാർണ്ണവരുടെ നേതൃത്വത്തിൽ ശബരിമലയിൽ ചെന്ന് തപസ്സനുഷ്ഠിച്ചു. അഗാദമായ ഭക്തിയിൽ ദേവൻ അവരുടെ കൈയ്യിലുണ്ടായിരുന്ന കുടപ്പുറത്ത് ശക്തിപകർന്നു. കുടപ്പുറത്തു കേന്ദ്രീകരിച്ച ദേവിശക്തി മലദേവനാണെന്ന് ബോദ്ധ്യപ്പെട്ടു. കുടയുടെ പുറത്ത് കേന്ദ്രീകരിച്ചു വന്നതുകൊണ്ട് കുടപ്പുറത്തു മലദേവൻ എന്ന പേര് വിളിച്ച് ആരാധിച്ചു. അത് പ്രതിഷ്ഠിച്ച സ്ഥലത്തെ കുടപ്പുറത്തു മല എന്നുവിളിച്ചു. കുടപ്പുറത്തുമല ലോപിച്ച് കടപ്ര മലയായി. കടപ്രമല പിന്നെ കടപ്ര ആയി എന്നാണ് ഐതീഹ്യം.

പിന്നെയും പറഞ്ഞുകേൾക്കുന്നു കടപ്രയെപ്പറ്റി, കടുപ്പമുള്ള പാറകൾകൊണ്ട് നിറഞ്ഞ ഒരു പ്രദേശമാണ്. കടുപ്പമുള്ള ചിറഉള്ള പ്രദേശമായതിനാൽ കടുപ്പാറ എന്നുവിളിച്ച് കടപ്ര എന്നനാമം ഉണ്ടായി എന്നു പറയുന്നു.

ഒരു കാലത്ത് പമ്പാനദി തോട്ടപുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രമാടത്തു പാറയുടെ തെക്കുവശത്തുകൂടി ഇരപ്പൻതോടുവഴി കോയിപ്രം പഞ്ചായത്തിൽ തൊറ്റുപാറ, പുല്ലാട്, മണിയാറ്റുപാടം, ഐരാർ, വരാച്ചാൽ വഴി ആറാട്ടുപുഴ പടിഞ്ഞാറുകൂടി ഒഴുകിയിരുന്നതായി ഐതീഹ്യം പറയുന്നു. ഈ പ്രദേശങ്ങൾ കുഴിച്ചാൽ അധികം ആവത്തിലല്ലാതെ തരിമണൽ കാണാം. നദി ഒവുകിയതായ ലക്ഷണങ്ങളുണ്ടായതായി പറയപ്പെടുന്നു.

പൂവത്തൂർ ആസ്ഥാനമായി കുലാന്മാർ എന്നൊരുവർഗ്ഗം ജീവിച്ചിരുന്നു. ഇവർ നിർമ്മിച്ചിരുന്ന മൺപാത്രങ്ങൾക്ക് വളരെ പ്രശസ്തി ഉണ്ടായിരുന്നു. ഇപ്പോൾ ആ മൺപാത്ര നിർമ്മാണം നിശേഷം ഇല്ലാതായിരിക്കുന്നു. പൂവത്തൂർ കലം പ്രസിദ്ധമാണ്.

മനുഷ്യൻ അദ്ധ്വാനിച്ചു. കൂട്ടായ അദ്ധ്വാനഭാരം കുറയ്ക്കുവാൻ വേണ്ടി, മൺമറഞ്ഞവരെ കുറിച്ചും, പ്രകൃതി ശക്തികളെ കുറിച്ചും ചിന്തിച്ചാരാധിക്കാൻ തുടങ്ങി. ആ ആരാധന കലാരൂപത്തിലായിരുന്നു. അങ്ങനെ അനുഷ്ഠാന കലകളുണ്ടായി.

അനുഷ്ഠാന കലകളിൽ ചിലതുമാത്രം ഇന്നും ഈ ഗ്രാമത്തിന് നഷ്ടമാകാതെ നില്ക്കുന്നു. അവ, വേലകളിയും, കോൽകളിയും, പടയണിയും, തിരുവാതിരയും, വഞ്ചിപ്പാട്ടും, ഞാറ്റുപാട്ട്, തേക്കുപാട്ട്, കൊയ്ത്തുപാട്ട് എന്നീ അടിസ്ഥാന കലകൾ നമ്മുടെ വയലുകളിൽനിന്ന് എന്നോ മറഞ്ഞുകഴിഞ്ഞു.

**വള്ളംകളി**

പ്രസിദ്ധമായ ആറന്മുള ക്ഷേത്രം. ആ ക്ഷേത്രവുമായി ബന്ധപ്പെട്ട ഉതൃട്ടാതി വള്ളംകളിക്കും ഈ ഗ്രാമപഞ്ചായത്തിനും വലിയ പങ്കുണ്ട്. ചിങ്ങമാസത്തിലെ ഉതൃട്ടാതിനാളിൽ പാർത്ഥ സാരഥിയായ ശ്രീകൃഷ്ണ ഭഗവാനെ, ഭക്തോത്തവനായ അർജ്ജുനൻ പ്രതിഷ്ഠിച്ച ദിനത്തിന്റെ സ്മരണയ്ക്കായി പുരാതന ഹിന്ദുക്കൾ ആഘോഷിച്ചുവരുന്നതാണ് ഉതൃട്ടാതി ദിവസത്തെ വള്ളംകളി എന്ന് ഐതീഹ്യം പറയുന്നു.

തിരുവാറന്മുളയപ്പന്റെ തിരുമുറ്റത്ത് തൊട്ടൊഴുകുന്ന ഈ നാടിന്റേയും ഐശ്വര്യ ദേവതയായ പമ്പാനദിയുടെ വിരിമാറിൽ, ജാതിമത ചിന്തകൾക്കതീതമായി തിരുവാറന്മുളയപ്പന്റെ തിരുമുമ്പിൽ കളിച്ചുതിമിർക്കാൻ. ഈ ഗ്രാമപഞ്ചായത്തിൽ നാല് പള്ളിയോടങ്ങൾ ഉണ്ട്. നെല്ലിക്കൽ, കോയിപ്രം, പൂവത്തൂർപടിഞ്ഞാറ്, പൂവത്തൂർകിഴക്ക് എന്നിവയാണ്.





നൂറുവർഷത്തിലധികം പഴക്കമുള്ള പൂവത്തൂർ പടിഞ്ഞാറ് ചുണ്ടൻവള്ളം അഞ്ചുവർഷം മുമ്പ് ഭോപ്പാൽ നാഷണൽ മ്യൂസിയത്തിന് കൊടുത്തു. കേരളത്തിന്റെ സാംസ്ക്കാരികത വിളിച്ചറിയിച്ചുകൊണ്ട് ചരിത്രസ്മാരകമായി ഭോപ്പാൽ നാഷണൽ മ്യൂസിയത്തിൽ പ്രൗഢിയോടെ നിൽക്കുന്നത് നമുക്കഭിമാനിക്കാം.

ചിങ്ങമാസത്തിലെ അവിട്ടംനാളിൽ ആറന്മുള പള്ളിയോടങ്ങളെ സംഘടിപ്പിച്ചുകൊണ്ട് പമ്പാനദിയിൽ മാലക്കര നെട്ടായത്തിൽ നടക്കുന്ന വള്ളംകളി മത്സരത്തിന് ആഥിധേയത്വം വഹിക്കുന്നത് ഈ ഗ്രാമപഞ്ചായത്താണ്.

**പടയണി**

പടയണിയെക്കുറിച്ചു പറയുമ്പോൾ കുറച്ചുവാക്കുകളിൽ ഒതുക്കി വിവരിക്കാൻ കഴിയില്ല. പണ്ടുമുതലേ മദ്ധ്യതിരുവിതാംകൂറിലെ ഭദ്രകാളി ക്ഷേത്രങ്ങളിൽ ആഘോഷിച്ചുവരുന്ന അനുഷ്ഠാന പരമായ ഒരു ഉത്സവമാണ് പടയണി. മതപരവും, സാംസ്ക്കാരികപരവും, കായികാഭ്യാസവും, സാമൂഹികവുമായ പലയിനങ്ങൾ പടയണിക്കുണ്ട്. നൃത്തം, അഭിനയം, താണ്ഡവം, വാദ്യമേളം, ചിത്രകല, കവിത, ഗാനാലാപം തുടങ്ങിയ കലാംശങ്ങൾ ഇതിൽ സമ്മേളിക്കുന്നു.

ഇതിനുമുണ്ട് ഐതീഹ്യം. പരമശിവന്റെ തൃക്കണ്ണിൽനിന്ന് ഉതിർന്ന അതിപ്രളയത്തിൽ നിന്ന് അവതരിച്ച ഭദ്രകാളി, ലോക കണ്ടകനായ ദാരുകൻ എന്ന അസുരനെ വധിച്ച് അങ്കക്കലി അടങ്ങാതെ ഉരഞ്ഞുതുള്ളി ഉലകുവിറപ്പിച്ചു തിമിർന്ന ഭദ്രകാളിയുടെ കലി അടങ്ങുന്നതിനുവേണ്ടി ശിവഭൂതങ്ങൾ വിവിധ ദേവതകളുടെ കോലങ്ങൾ തലയിൽ വെച്ചുകെട്ടി ആടികളിച്ചതിന്റെ പ്രതീകമാണ് ഈ ഉത്സവമെന്ന് പറയപ്പെടുന്നു.

കോയിപ്രം ഗ്രാമ പഞ്ചായത്തിൽ പുല്ലാട്, പൂവത്തൂർ എന്നീ കരകളിലെ ദേവീ ക്ഷേത്രങ്ങളിൽ ചിലതിൽ ചുരുങ്ങിയ തോതിലെങ്കിലും ഈ അനുഷ്ഠാനപരമായ ഉത്സവം നടന്നുവരുന്നു. പുല്ലാട് പടയണി കളരി തന്നെ ഉണ്ടായിരുന്നു. തെങ്ങും തോട്ടത്തിൽ ശ്രീ. തുടിച്ചേന്നൽ നായർ, വൈക്കരപറമ്പിൽ ആശാൻ, കൊയ്ക്കാട്ടു ശ്രീ. ശങ്കരപ്പിള്ള, കാരയ്ക്കാട്ടു ശ്രീ. കേശവപിള്ള, കാലായി മലയിൽ ശ്രീ. നീലകണ്ഠൻ നായർ, കണ്ടപ്ലാങ്കൽ ശ്രീ. കൃഷ്ണപിള്ള ഇന്നും പടയണി പഠിപ്പിക്കലും തുള്ളലുമായി ഈ കലയുടെ അഗ്നിനാളം കെട്ടുപോകാതെ കാത്തുസൂക്ഷിക്കുന്ന പുല്ലാട് കണ്ടപ്ലാങ്കൽ ശ്രീ. ഗോപാലൻനായരെ ഈ അവസരം വിസ്മരിക്കാൻ കഴിയില്ല. പടയണി സംഘവും, വേലകളിസംഘവും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുല്ലാട് പ്രവർത്തിക്കുന്നു.

പച്ച കമുകിൻ പാളയിൽ ഇലച്ചായങ്ങൾ, കരി, മഞ്ഞൾ, ഒക്കെയും ചാലിച്ച് മനോഹരമായി വരച്ച കോലങ്ങൾ, കമുകിൻ ചട്ടത്തിൽ തുന്നിച്ചേർത്തെടുത്ത കലാസൃഷ്ടി, അതൊരുക്കുന്ന കലാകാരന്മാരെ സ്മരിക്കാതിരിക്കാനാവുന്നില്ല. കത്തിച്ച ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്ന ആ കോലങ്ങൾ അവ, വരച്ചെടുത്ത കലാകാരന്മാരുടെ സൗന്ദര്യ ബോധത്തിന്റെ ഉത്തമ നിദർശങ്ങളാണ്.

കടപ്ര ആലുനിൽക്കുന്നതിൽ ശ്രീ. കുമാരുഗണകൻ (കുമാരുആശാൻ) പടയണി ക്കോലങ്ങൾ മെനയുന്നതിൽ പ്രസിദ്ധനാണ്.

ഈ അടിസ്ഥാനകലയ്ക്ക് വേണ്ടത്ര പ്രോത്സാഹനം നൽകി പരിപോഷിപ്പിച്ചില്ലാ എന്നുവന്നാൽ, പടയണി എന്ന കലാരൂപം ക്ഷേത്രമുറ്റം വിട്ടും, പുസ്തകത്തിന്റെ ഏടുകളിൽ മാത്രം ഒതുങ്ങികൂടേണ്ടിവരുമെന്ന് ദുഃഖത്തോടെ സ്മരിക്കുന്നു.

ഈ ഗ്രാമ പഞ്ചായത്തിലെ ആളുകൾ രണ്ടു മതവിഭാഗത്തിൽപ്പെട്ടവരാണ് അധികവും. ഹിന്ദുക്കളും, കൃസ്ത്യാനികളും. ഇസ്ലാം മതക്കാർ ഇവിടെ നാമമാത്രമേയുള്ളു. മുസ്ലീം ദേവാലയങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതുമതുകന്നെ.

മതവിഭാഗങ്ങൾ തമ്മിൽ വൈര്യമില്ലാതെ സഹോദരതുല്ല്യമായ ജീവിതം നയിക്കുന്നു എന്നത് ഈ നാടിന്റെ പ്രത്യേകതയാണ്. ലോകത്തുള്ള ഒട്ടുമിക്ക ക്രൂസ്തീയ സഭകളുടെയും ആരാധനാലയങ്ങൾ ഈ ഗ്രാമ പഞ്ചായത്തിലുമുണ്ട്. എല്ലാ സഭകളുടെയും കൺവെൻഷനുകളും ഇവിടെ നടത്തുന്നു.

യുയോമയ സമുദായം (അഞ്ചരസഭ) ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ആ സഭയുടെ സ്ഥാപകൻ വിദ്വാൻ കുട്ടിയച്ചൻ ആയിരുന്നു. ബ്രാഹ്മണവിഭാഗത്തിന്റെ ആചാര്യമര്യാദകൾ ഇവർ പുലർത്തിയിരുന്നു. മത്സ്യമാസ്യം ഒന്നും ഇവർ കഴിച്ചിരുന്നില്ല. അതിൽപ്പെട്ട പല ക്രൂസ്തീയ കുടുബങ്ങളും ഇന്നും ഉണ്ട്.

## ധർമ്മഗിരിമന്ദിരം

മർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിൽ ആശ്രിതർ ആരുമില്ലാത്തവരെ താമസിപ്പിച്ച് അവരുടെ ക്ഷേമകാര്യങ്ങൾ നടത്തുന്ന ധർമ്മഗിരിമന്ദിരം എന്ന സ്ഥാപനം ഈ ഗ്രാമ പഞ്ചായത്തിൽ കുമ്പനാട്ട് പ്രവർത്തിക്കുന്നു. നൂറിലധികംപേർ ഇപ്പോൾ തന്നെ ഇവിടെ താമസിക്കുന്നു. ഈ സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തകനായ ശ്രീ. വറുഗീസ്സാറിനെ (കുട്ടിസാർ) ഈ അവസരം സ്മരിക്കുന്നു.

അയിത്താചാരം ഒരുകാലത്ത് നടമാടിയിരുന്ന ഈ നാട്ടിൽ അകറ്റിനിർത്തിയവരെ അമമ്പുചേർത്തുകൊണ്ടുള്ള കൂട്ടായ്മകൾ, ഈ നാട്ടിൽ സ്ഥാപിതമായ ക്രൂസ്തീയ ദേവാലയങ്ങളിലൂടെ, ക്രൂസ്തീയ പാതിരിമാർ യാഥാർത്ഥ്യമാക്കി തീർത്തു എന്നത് മനുഷ്യവർഗ്ഗത്തിന്റെ മോചനചരിത്രത്തിൽ തിളക്കമാർന്ന ഒരദ്ധ്യായമാണ്. അതിലൂടെ ഈ നാട് സാംസ്ക്കാരിക വികസനത്തിലേക്ക് ഉയരുകയായിരുന്നു.

കലയുടെയും, സാംസ്ക്കാരിക പ്രവർത്തനത്തിന്റേയും വിളനിലങ്ങളായിരുന്ന ഈ നാട്ടിലെ ഹൈന്ദവ ക്ഷേത്രങ്ങൾ സാംസ്ക്കാരിക പുരോഗതിക്ക് നൽകിയിട്ടുള്ള സംഭാവനകൾ ചെറുതല്ല. എന്നാൽ സൗന്ദര്യം സൃഷ്ടിക്കുന്നവന് ആ സൃഷ്ടിയെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം ഒരുകാലത്ത് നിഷേധിച്ചിരുന്നു. ക്ഷേത്രങ്ങളിലെ അതിമനോഹരമായ ദാരു ശില്പങ്ങളും, പ്രതിഷ്ഠകളും, ചിത്രഗോപുരങ്ങളും നിർമ്മിച്ചവരിൽ ഒരുവിഭാഗത്തിന് ക്ഷേത്രമതിൽകെട്ടിനുള്ളിൽ കയറുവാനോ, ആരാധനയിൽ പങ്കെടുക്കുവാനോ ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന കാലംമാറി, യാതനയ്ക്കും, വേദനയ്ക്കും, രക്തച്ചൊരിച്ചിലിനും ശേഷം കൊല്ലവർഷം 1112 തുലാമാസം 27ാം തീയതി വ്യാഴാഴ്ച (12.11.1936) തിരുവിതാംകൂർ മഹാരാജാവ് ബാലരാമവർമ്മ ശ്രീചിത്തിരതിരുന്നാൾ തിരുമനസുകൊണ്ടു ചരിത്ര പ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം നടത്തിയതുമുതൽ അന്നുവരെ ഒരുവിഭാഗം ആളുകൾക്ക് നിഷേധിച്ചിരുന്ന ക്ഷേത്രകവാടങ്ങൾ തുറക്കപ്പെട്ടു. ഇതും ഈ നാടിന്റെ സാംസ്ക്കാരിക പുരോഗതിയുടെ നാഴികകല്ലാണ്.

## സാംസ്ക്കാരിക നായകന്മാരും പ്രവർത്തനവും

മുൻകാല സാംസ്ക്കാരിക നായകന്മാരെ സ്മരിക്കുമ്പോൾ, തിരുവിതാംകൂർ കൊട്ടാരം വൈദ്യൻ, വൈദ്യൻ എൻ. നാരായണപ്പണിക്കരെ ഓർക്കാതിരിക്കാൻ കഴിയില്ല. അയിത്താചാരത്തിനെതിരെയും, അധഃസ്ഥിത വർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടിയും, പാവപ്പെട്ടവരെ സൗജന്യമായി ചികിത്സിക്കുന്നതിലും വിദ്യാഭ്യാസരംഗത്തും വർണ്ണ വിവേചനം കാണിക്കാതെ ജീവിതവസാനംവരെ മനസും ശരീരവും ഉവിഞ്ഞുവെച്ച അതുല്ല്യനായ മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. സ്വാമി വിവേകാനന്ദന്റെ പേരിൽ അദ്ദേഹം സ്ഥാപിച്ച ശ്രീ വിവേകാനന്ദ ഹൈസ്ക്കൂൾ ഇന്നും ഈ നാടിന്റെ അഭിമാന സ്തംഭമായി തലയുയർത്തി നിൽക്കുന്നു.

അദ്ദേഹം തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭാംഗമായിരുന്നു. പുല്ലാട് സർക്കാർ സ്ഥാപനങ്ങൾ അനുവദിപ്പിക്കുകയും അതിനുള്ള സ്ഥലം സൗജന്യമായി സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. വൈദ്യന്റെ സേവനം വിലമതിക്കാനാവാത്തതാണ്.

പുല്ലാട് ഒരു സംസ്കൃത സ്ക്കൂളും, ഒരു ആയൂർവേദ സ്ക്കൂളും അദ്ദേഹം സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയവർ കേരളത്തിൽ അധികം പേരുണ്ട്. ഇന്ന് ഈ രണ്ടു സ്ഥാപനങ്ങളും ഇല്ലാ എന്നത് ദുഃഖത്തോടെ സ്മരിക്കുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നോയൽ സായിപ്പിന്റേയും പത്നിയുടേയും സേവനം ഇത്തരുണത്തിൽ സ്മരണീയമാണ്. അവരുടെ പ്രവർത്തനത്തിന്റെ പ്രതീകമായി ഇന്നും കുമ്പനാട്ടുള്ള നോയൽ മെമ്മോറിയൽ ഹൈസ്ക്കൂൾ ആഭിജാത്യം വിളിച്ചറിയിച്ച് നിലകൊള്ളുന്നു. അയിത്താചാരത്തിനെതിരെയും നോയൽ സായിപ്പിന്റെ സേവനം വിസ്മരിക്കാവുന്നതല്ല. അദ്ദേഹത്തിന്റെ പത്നി വനിതകളുടെ പുരോഗതിക്കും, വിദ്യാഭ്യാസ പുരോഗതിക്കും, ആതുരശിശ്രൂഷാ രംഗത്തും ചെയ്ത സേവനങ്ങൾ ഈ നാടിന് മറക്കുവാനാവില്ല.

അധസ്ഥിത വർഗ്ഗത്തിന്റ വിദ്യാഭ്യാസത്തിനും, മോചനത്തിനും വേണ്ടി തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭാ അ്ഗമായിരുന്ന ശ്രീ. വെള്ളിക്കര ചോതിയേയും ഈ അവസരം സ്മരിക്കുന്നു. അദ്ദേഹം നയിച്ച പ്രക്ഷോഭപരിപാടികളുടെ ഫലമായി അധഃസ്ഥിത വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് 1914 ലെ ഉത്തരവനുസരിച്ച് പുല്ലാട് സ്ക്കൂളിൽ പ്രവേശം ലഭിച്ചവരാണ്. ശ്രീ. റ്റിറ്റി തേവൻ (കേരളാ നിയമസഭാ സ്പീക്കറായിരുന്ന ശ്രീ. റ്റിറ്റി.കേശവൻ ശാസ്ത്രി) പൈങ്കൻ, എം.റ്റി.തേവൻ ഈ പ്രക്ഷേഭപരിപാടിയുടെ വിജയത്തിന് പിന്നിൽ പുല്ലാട് വരിക്കണ്ണാമല വൈദ്യൻ എൻ. നാരായണപണിക്കരുടെ സേവനവും, സഹകരണവും എടുത്തു പറയേണ്ടതുതന്നെ. ദളിത് വിഭാഗത്തിൽപ്പട്ട ആദ്യകാല വിദ്യാർത്ഥികളിൽ പ്രധാനിയായിരുന്ന മുൻ M. L. A ആയിരുന്ന ശ്രീ. പി. ചാക്കോ.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ ഈ നാടിന്റെ പങ്കും ചെറുതല്ല. യശഃശരീരനായ അഡ്വ: ഏ. സി. ജോർഇജ്ജ് (ആറങ്ങാട്ടുവീട്ടിൽ) ശ്രീ. കെ. സി. ചാക്കോ (കണികുളം) ശ്രീ. റ്റ. വി. ജേക്കബ് (മനോരമ ചാക്കോച്ചൻ) ശ്രീ. ഏ. കെ. രാമകൃഷ്ണപണിക്കർ, ശ്രീ. പി. റ്റി.വേലായുധൻ എന്നിവരുടെ പേരുകൾ ഇവിടെ സ്മരിക്കുന്നു.

ഇന്ത്യാ ചൈനാ യുദ്ധത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച്, ജിവിച്ചിരിക്കുമ്പോൾ തന്നെ വീരചക്രം ലഭിച്ച യശഃശരീരനായ ഗോപാലകൃഷ്ണൻനായർ (പുല്ലാട് കളമ്പാട് കുടുംബാംഗം) ഈ നാടിന് എന്നും അഭിമാനമായിരുന്നു. വീരചക്രം ലഭിച്ച അദ്ദേഹത്തെ ജന്മനാടായ കോയിപ്രം പഞ്ചായത്തിന്റെ വകയായി സ്വീകരണം നൽകി ആദരിച്ചു.

ഈ ഗ്രാമ പഞ്ചായത്തിലെ പാഠശാലകളിൽനിന്നും ബാലപാഠംപഠിച്ച് ലോകത്തിന്റെ മുക്കിലും മൂലയിലും വിവിധതുറകളിൽ കയറിപറ്റിയവരെക്കുറിച്ചും പറയുമ്പോൾ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പ്രധാനസ്ഥാനം ഈ ഗ്രാമപഞ്ചായത്തിനുണ്ട്. വിദേശമലയാളികൾ എന്നുവിളിക്കുമ്പോൾ തിരുവല്ലാ താലൂക്കിൽ കുമ്പനാടും, ചുറ്റുമുള്ള സ്ഥലങ്ങളും ശ്രദ്ധേയമാണ്. വിദ്യാഭ്യാസ പുരേഗതിയിൽ ഒട്ടും പിന്നില്ല. സർവ്വശ്രീ. സി. കെ. കൊച്ചുകോശി, കൊച്ചുകോശി കൊച്ചുകോശി, ആർ. വി. പിള്ള, പി. എം. ഏബ്രഹാം (പഞ്ചായത്ത് രാജ് ഫിനാൻസ് കമ്മീഷൻ ചെയർമാൻ) എന്നീ ഐ. എ. എസ്സ് ഓഫീസർമാരും ശ്രീ. തോമസ്സ് ഏബ്രഹാം ഐ. എഫ്. എസ് ഓഫീസറും, കേരളാ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ചീഫ് എൻജിനിയറായി റിട്ടയർ ചെയ്ത കൂമ്പളൂർ ശ്രീ. കെ. കെ. മാത്യൂ എന്നിവർ ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക വളർച്ചയുടെ നേട്ടങ്ങളാണ്. ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, സാങ്കേതിക വിദ്യയിൽ ഉന്നതർ സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന ഈ ഗ്രാമ

പഞ്ചായത്തിൽ നിരവധിയാണ്.

മലയാള സാഹിത്യരംഗത്ത് ശോഭിച്ചിരുന്ന മഹത് വ്യക്തികളാണ് പുതുപ്പറമ്പിൽ ശ്രീ. പി. എ. ജോൺ, കടപ്ര കണനിൽക്കുന്നതിൽ പ്രഫ: കെ. എൻ. വാസു, വിദ്വാൻ ശ്രീ. കെ. പി. ചാക്കോ, കുളത്തിങ്കൽ വൈദ്യകലാനിധി ശ്രീ. കെ. വി. ജോസഫ്, ശ്രീ. കുട്ടമത്ത് മാധവൻനായർ, എന്നിവരെ ആദരവോടെ സ്മരിക്കുന്നു.

ഡോക്ടർ നെല്ലിക്കൽ മുരളീധരൻ, അനുഗ്രഹീതകവിയും പണ്ഡിതനുമായ അദ്ദേഹം ഈ പഞ്ചായത്തിൽ നെല്ലിക്കൽ ഗ്രാമത്തിന്റെ സംഭാവനയാണ്. കലാകേരളത്തിന്റെ സാംസ്ക്കാരിക ഗോപുരത്തിൽ താഴികകുടമായി മാറിയ അദ്ദേഹം ഈ നാടിന്റെ അഭിമാനമാണ്.

സാഹിത്യകാരനും, സാംസ്ക്കാരിക പ്രവണനുമായ ശ്രീ. തെള്ളിയൂർ ഗോപാലകൃഷ്ണൻ ഈ പഞ്ചായത്തിൽ തട്ടയ്ക്കാട് താമസിക്കുന്നു. അദ്ദേഹത്തിന്റെ രചനയിലൊന്നായ മണിപ്പൂരി നൃത്തമണ്ഡപം എന്ന പുസ്തകത്തിന് സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്.

അദ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഉന്നതനിലയിലെത്തി സർവ്വീസിൽ നിന്ന് വിരമിച്ച ശേഷവും ഈ നാടിന്റെ കലാസാംസ്ക്കാരിക രംഗങ്ങളിൽ കർമ്മയോഗിയായി കാണുന്ന ബഹുമാന്യനായ പുല്ലാട് ശ്രീവിഹാരിൽ ശ്രീ. ശ്രീധരപ്പണിക്കർ ഈ പഞ്ചായത്തിൽ നിറഞ്ഞുനിൽക്കുന്നു.

കോയിപ്രം പഞ്ചായത്തിലെ ജീവനക്കാരനായി സർക്കാർ ജീവനം ആരംഭിച്ച് സർവ്വീസിൽനിന്ന് വിരമിച്ച കളക്കുടിൽ ജോയി തന്റെ കലാസാംസ്ക്കാരിക, സാമൂഹിക ജീവിതം അനശ്വരമാക്കിക്കൊണ്ട്, ഈ നാട്ടിലെ ഒട്ടനവധി കലാകാരന്മാരെ കൈപിടിച്ചുയർത്തിയ മഹത്വ്യക്തിയാണ്.

വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ച് രാഷ്ട്രപതിയുടെ മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡ് നേടിയ, മാർത്തോമ്മാ സ്ക്കൂൾ മാനേജരായി റിട്ടയർ ചെയ്ത കൂമ്പളൂർ ശ്രീ. കെ. സി. ഫിലിപ്പ് ഈ പഞ്ചായത്തിലെ ൧൦ം വാർഡിൽ താമസിക്കുന്ന ഒരു മഹത് വ്യക്തിയാണ്.

അതുല്ല്യരായ കലാപ്രതിഭകളെ സംഭാവന ചെയ്ത നാടാണ് ഈ ഗ്രാമപഞ്ചായത്ത്. അതിൽ ലഭ്യമായവരുടെ പേരുകൾ ഇവിടെ കുറിക്കുന്നു.

നാടക സിനിമാ രംഗങ്ങളിൽ നടനും, ഗായകനുമായിരുന്ന യശഃശരീരനായ ശ്രീ. കെ. കെ. കുട്ടപ്പൻ ഭാഗവതർ (കുയിൽനാദം കുട്ടപ്പൻ ഭാഗവതർ), ശ്രീ. തോട്ടത്തിൽ മത്തായി ഭാഗവതർ, കുറവൻ പ്ലാവിൽ കുഞ്ഞുകുഞ്ഞു ഭാഗവതർ, ഊന്നുപാറയ്ക്കൽ കുട്ടപ്പ ഭാഗവതർ എന്നിവർ ഈ നാടിന്റെ സംഭാവനയാണ്.

പൂവത്തൂർ കേന്ദ്രമായി, കിഴക്കേടത്ത് വടക്കേതിൽ നാരായണപ്പണിക്കർ, വൈക്കര കുഞ്ഞൂഞ്ഞ് ആശാൻ എന്നിവരുടെ നേതൃത്വത്തിൽ കാക്കരശി നാടകം പഠിപ്പിക്കുകയും, അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഈ അവസരം അവരെയും സ്മരിക്കുന്നു.

നൃത്തവേദിയിലും, കഥാപ്രസംഗ വേദികളിലും ഇന്നും സജീവമായി നിൽക്കുന്ന കടപ്ര എൻ. പൊന്നമ്മയും ഈ ഗ്രാമ പഞ്ചായത്ത് കേരളകലാരംഗത്തിന് നൻകിയ സംഭാവനയാണ്.

മാവേലിക്കര രവിവർമ്മ ആർട്ട്സ് സ്ക്കൂളിൽനിന്നും ചിത്രരചന പഠിച്ച് ആ വിഷയത്തിൽ ഉന്നത സ്ഥാനത്ത് എത്തിയവരാണ് കുമ്പനാട് കുഞ്ചോംകാലായിൽ ശ്രീ. കെ. പി. ജോൺ, കുഴിയുഴത്തിൽ ശ്രീ. ജോൺ തോമസ്സ് എന്നിവർ. കൂർത്തമല പഴയപള്ളിയിലെ ചുവർ ചിത്രങ്ങൾ ശ്രീ. കെ. പി. ജോൺസാറിന്റെ രചനകളിലൊന്നാണ്.

നാൽപ്പതു വർഷം മുൻപ് പുല്ലാട്ട് ഒരു നാടക കളരി ഉണ്ടായിരുന്നു. അക്കരെപ്പുറത്ത്

രാഘവൻനായർ, തെക്കേക്കര കേശവൻനായർ, സി. കെ. നാണു, നെടുമണ്ണിൽ രാമകൃഷ്ണപ്പണിക്കർ, നെടുമണ്ണിൽ ജാനകി എന്നിവർ ആ നാടക കളരിയിലെ പ്രധാന കലാ പ്രതിഭകളായിരുന്നു.

ഇതേ തുടർന്ന് ശ്രീ പാർത്ഥസാരഥി നൃത്ത കലാലയം എന്ന പേരിൽ പുല്ലാട്ട് ഒരു കലാസംഘടന ഉണ്ടായിരുന്നു. കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും ഈ കലാസമിതി നൃത്ത നൃത്ത്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇന്ന് സിനിമാ വേദിയിൽ നിറഞ്ഞുനിൽക്കുന്ന കലാരഞ്ജിനി, ഉർവ്വശി, കൽപ്പന സഹോദരിമാർ ചെറുപ്പത്തിൽ നൃത്തത്തിന്റെ ബാലപാഠം പഠിച്ചത് ഈ നൃത്ത കലാലയത്തിലായിരുന്നു.

1970 80 കാലഘട്ടങ്ങളിൽ ശ്രീ മഹേശ്വരി നൃത്തകലാലയം എന്ന കലാസമിതി പുല്ലാട്ട് പ്രവർത്തിച്ചിരുന്നു. നൃത്ത നൃത്ത്യങ്ങളും ബാലേകളും ഈ കലാസംഘം കേരളമൊട്ടാകെ അവതരിപ്പിച്ചിരുന്നു. പുല്ലാട് പടിഞ്ഞാറ്റേതിൽ ശ്രീ. റ്റി.കെ.നാരായണപ്പണിക്കരായിരുന്നു ഈ കലാസമിതിയുടെ ഉടമ.

പ്രസിദ്ധ നർത്തകനായ ശ്രീ. അമ്പലപ്പുഴ കൃഷ്ണൻകുട്ടിയും, സിനിമാ നാടക സംഗീത സംവിധായകനായ ശ്രീ. ആലപ്പി രംഗനാഥും, പ്രസിദ്ധ സിനിമാ പിന്നണി ഗായകനായ അയിരൂർ സദാശിവൻ, ഗായകരായ പുല്ലങ്ങഴി വിശ്വൻ, കെ. ജെ. പീറ്റർ എന്നിവരും ഈ കലാസമിതിയിൽ പ്രവർത്തിച്ചിരുന്നു.

ഈ കലാസമിതിക്കുവേണ്ടി ബാലേ കഥകളും, ഗാനങ്ങളും എഴുതിയിരുന്നത് യശഃശരീരനായ ശ്രീ. പി.റ്റി.എൻ. പുല്ലാടും ശ്രീ. പുലരിക്കാട് ദിവാകരനുമാണ്.

1960-61 കാലഘട്ടത്തിൽ ആരംഭിച്ച അജന്ത ആർട്ട് ക്ലബ്ബ് പിന്നീട് "സർഗ്ഗ അഴം" എന്ന പേര് സ്വീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ നാട്ടിലെ പഴക്കമുള്ളതും, ഇന്നും പ്രവർത്തിക്കുന്ന കലാ സമിതിയാണിത്. ബാലെകളും, നാടകങ്ങളും കേരളത്തിലെ മിക്ക സ്ഥലങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്.

ഈ കലാസമിതിക്കു വേണ്ടി ബാലെ കഥകളും, നാടകങ്ങളും രചിച്ചിട്ടുളളത് കഴിഞ്ഞ വർഷം അന്തരിച്ച ശ്രീ.പി.റ്റി.എൻ.പുല്ലാട് ആയിരുന്നു. അദ്ദേഹത്തെ ഈ അവസരം സ്മരിക്കുന്നു. ബാല്യകാലം മുതൽ തന്നെ കഥാരചനയിലും, കവിതാരചനയിലും ശ്രദ്ധേയനായ പുലരിക്കാട് ദിവാകരൻ ഈ നാട്ടിലെ കലാ സാംസ്ക്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചു വരുന്നു. ഒട്ടനവധി കവിതകളും,കഥകളും രചിച്ചിട്ടുണ്ട്.

മോഹം എനിക്കില്ലൊരല്പവുമുത്തുംഗ
മേഘ പഥത്തിലെ താരമാവാൻ
ഭാഗമാണൂഷര ഭൂവിൻ മടിയിലെ
താമരച്ചോലയ തായ്മാറാൻ
( പുലരിക്കാട് ദിവാകരൻ)

ഒത്തിരി മോഹങ്ങളില്ലാതെ,ജീവിത യാത്ര നടത്തുന്ന അദ്ദേഹം കലാ കേരളത്തിന് ഈ നാടിന്റെ സംഭാവനയാണ്.

കേരളത്തിലെ മിക്ക പ്രൊഫഷണൽ നാടക സമിതികളിൽ മികച്ച അഭിനയം കാഴ്ച വെച്ച് ഇന്നും നാടക ലോകത്ത് ശ്രദ്ധേയനായി നില്ക്കുന്ന മുരളികൃഷ്ണ ഈ ഗ്രാമ പഞ്ചായത്തിൽ ഐരാക്കാവിൽ താമസിക്കുന്നു. ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം,സ്വാതന്ത്ര്യ സമരസേനാനി ശ്രീ.ഏ.കെ.രാമകൃഷ്ണ പണിക്കരുടെ പുത്രനാണ്.

## ആയുർവേദ ചികിത്സാ രംഗം

ആയുർവേദ ചികിത്സാ രംഗത്ത് പ്രഗത്ഭരായ ഒട്ടനവധി ആളുകൾക്ക് ജന്മം നൽകിയ നാടാണ് ഈ ഗ്രാമപഞ്ചായത്ത്.

യശ:ശരീരരായ വരിക്കണ്ണാമലവൈദ്യൻ, എൻ.നാരായണ പണിക്കർ,കുളത്തുങ്കൽ വൈദ്യശാല

എന്ന പേരിൽ മർമ്മ ചികിത്സാലയം നടത്തിയിരുന്ന വറുഗ്ഗീസ് വൈദ്യൻ,മഞ്ഞപിത്ത രോഗചികിത്സക്ക് കേരളമൊട്ടാകെ കേഴ്വികേട്ട കഴിഞ്ഞ ദിവസം അന്തരിച്ച പുല്ലാട് മണ്ണിൽ പത്മനാഭൻ വൈദ്യൻ കുട്ടികളുടെ ചികിത്സാ രംഗത്ത് പ്രസിദ്ധനായിരുന്ന ഐരാകാവുങ്കൽ കൃഷ്ണക്കുറുപ്പ് എന്നിവരേയും ഇവിടെ ആദരവോടെ സ്മരിക്കുന്നു.

ആയുർവേദ ചികിത്സാ രംഗത്ത് പാരമ്പര്യമായി ചികിത്സ നടത്തിയിരുന്ന പഴമ്പള്ളി കുടുംബത്തിലെ വൈദ്യന്മാരുടെ പിൻഗാമികൾ അലോപ്പതി ചികിത്സാ രംഗത്താണ്.

പഴമ്പള്ളി കുടുംബ ബന്ധമുള്ള മാടോലിൽ വൈദ്യന്മാരായ മൂത്തകുഞ്ഞ് വൈദ്യൻ,ചാക്കോ വൈദ്യൻ എന്നിവർ ആയുർവേദ ചികിത്സയിൽ പ്രധാനികളായിരുന്നു. അവരേയും ഈ അവസരം ആദരവോടെ സ്മരിക്കുന്നു. മാടോലിൽ വൈദ്യശാലയുടെ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, മാടോലിൽ വൈദ്യൻ ശ്രീ.പി.സി.തോമസ് (കുഞ്ഞുമോൻ), പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൂടിയായ ഡോക്ടർ മേരി തോമസ് മാടോലിൽ എന്നിവർ ഔഷധ നിർമ്മാണവും, ചികിത്സയും തുടരുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഗ്രന്ഥശാലകൾ - വായനശാലകൾ.

കോയിപ്രം ഗ്രാമ പഞ്ചായത്തിൽ ആറു ഗ്രന്ഥശാലകളും അതിനോടനുബന്ധിച്ച് വായനശാലകളുമുണ്ട്. മുമ്പ് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന പലതും നിർജ്ജീവാവസ്ഥയിലാണ്. കഴിഞ്ഞ കാല പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, കലാസാംസ്ക്കാരിക സംഘടനകൾ എല്ലാം ഒട്ടും മുമ്പോട്ടു പോയിട്ടില്ല എന്നു കാണുന്നു.

ഗ്രന്ഥശാലാ സംഘം,സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, സംഗീത നാടകഅക്കാദമി തുടങ്ങിയവ സർക്കാർ നിയന്ത്രണത്തിൽ കലാസാംസ്ക്കാരിക സാഹിത്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് തുടങ്ങി വെച്ചവയാണ്. ഇതിനെയെല്ലാം നിയന്ത്രിക്കുന്നതിന് സാംസ്ക്കാരിക വകുപ്പും, അതിനു പ്രത്യേക മന്ത്രിയും, മന്ത്രി മന്ദിരവും ഒക്കെയുണ്ടെങ്കിലും സാമൂഹ്യ മാറ്റത്തിനു വേണ്ടി ഉള്ള സംസ്ക്കാരം നിലനിർത്തുന്നതിനു വേണ്ടിയുള്ള സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലായെന്നതാണ് പൊതുവെയുള്ള അഭിപ്രായം.

ഈ ഗ്രാമ പഞ്ചായത്തിൽ ആറു ഗ്രന്ഥശാലകളുണ്ട്.

1 പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാല, പുല്ലാട്.
2 ഡോ.അംബേദ്കർ സാംസ്ക്കാരിക നിലയം.
3 ശ്രീചിത്തിര തിരുനാൾ സാംസ്ക്കാരിക നിലയം.
4 വൈ.എം.എ ലൈബ്രറി ആന്റ് റീഡിംഗ് റൂം, പൂവത്തൂർ.
5 വിശ്വഭാരതി ഗ്രന്ഥശാല, കോയിപ്രം.
6 സർവ്വോദയാ ഗ്രന്ഥശാല, വരയന്നൂർ.

ഇതിൽ പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാലയും, വൈ.എം.എ ലൈബ്രറിയും, സർവ്വോദയാ ഗ്രന്ഥശാലയും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

1 നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2 ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
3 തൊഴിലാളികൾക്കും, വനിതകൾക്കും വായനാശീലം വളർത്തുന്നതിന് ഗ്രാമീണ പുസ്തക വിതരണ പദ്ധതി ഓരോ ഗ്രന്ഥശാലയും നടപ്പാക്കുക.
4 ഓരോ ഗ്രന്ഥശാലകളിൽ നിന്നും രണ്ട് പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഗ്രന്ഥശാലാ പ്രവർത്തന ഉപദേശക

സമിതി രൂപീകരിക്കുക.

5 ഗ്രന്ഥശാലകൾക്ക് പുസ്തക ശേഖരണ വാരാഘോഷങ്ങൾ സംഘടിപ്പിക്കുക.

6 നല്ല പ്രവർത്തനത്തിന് ഗ്രന്ഥശാലക്കും വ്യക്തികൾക്കും അവാർഡുകൾ നൽകുക.

7 സാഹിത്യരചനാ മത്സരങ്ങൾ ഗ്രന്ഥശാലാ ഉപദേശക സമിതിയുടെ നേതൃത്വത്തിൽ നടത്തുക.

കലാകായിക സാംസ്ക്കാരിക സംഘടനകൾ.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

കോയിപ്രം ഗ്രാമപഞ്ചായത്തിൽ മുപ്പത്തൊമ്പത് ആർട്ട്സ്,സ്പോർട്ട്സ് ക്ലബ്ബുകളുണ്ട്.അവ ചുവടെ രേഖപ്പെടുത്തുന്നു. കൂടാതെ വൈ.എം.സി.എ, വൈസ് മെൻസ് ക്ലബ്ബ്, പുരോഗമന കലാസാഹിത്യസംഘം, ഇൻഡ്യൻ പീപ്പിൾ തിയേറ്റർ അസോസിയേഷൻ (ഇപ്റ്റ ), ശാസ്ത്രസാഹിത്യ പരിഷത്ത് എന്നീ സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നു.

കോയിപ്രം ഗ്രാമപഞ്ചായത്തിലെ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളുടെ പേരും വാർഡ് നമ്പറും ചുവടെ ചേർക്കുന്നു.

1 അർച്ചനാ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കാഞ്ഞിരപ്പാറ 1

2 കൈരളി ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കാഞ്ഞിരപ്പാറ 1

3 വൈ.എം.എ കുറവൻകുഴി.

4 ഫ്രണ്ട്സ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കുറവൻകുഴി 2

5 അർച്ചന ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പുല്ലാട് 3

6 ലക്കിസ്റ്റാർ, വള്ളിക്കാല 2

7 ദിവ്യ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പുല്ലാട് 3

8 സർഗ്ഗരംഗം പുല്ലാട് 3

9 റിവഞ്ച് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കുന്നന്താനം 3

10 കോസ്കോ ക്ലബ്ബ് മുടവനാൽ 4

11 അർച്ചനാ ക്ലബ്ബ് കുമ്പനാട് 4.

12 ന്യൂ വേസ്റ്റ് കുറ്റിക്കാലാ പുല്ലാട് 4

13 ഗോസിൽ ക്ലബ്ബ് കുമ്പനാട് 5

14 നയൻസ് ക്ലബ്ബ് കുമ്പനാട് 5

15 വൈ.എം.എ കുമ്പനാട് 5

16 യുവരശ്മി ക്ലബ്ബ് ഐരാക്കാവ് 5

17 കെ. ബി. സി. കുമ്പനാട് 6

18 കുമ്പനാട് ക്രിക്കറ്റ് ക്ലബ്ബ് 6

19 നവോദയാ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് നെല്ലിമല 6

20 യൂത്ത് കോറസ് മോളിക്കൽ 6

21 സാറ്റോ 11 തട്ടയ്ക്കാട് 6

22 റൈസർ 7 കൂർത്തമല 7

23 വിക്ടറി ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കുന്നത്തുംകര 7

24 യുവഗാഥ കലാസമിതി തട്ടയ്ക്കാട് 7

25 ദേവീവിലാസം കഥകളിയോഗം കടപ്ര 7

26 ചലഞ്ചേഴ്സ് ക്ലബ്ബ് കരിയിലമുക്ക് 7

27 സിറ്റിസൺ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കടപ്ര 8

28 വൈസ് മെൻ ക്ലബ്ബ് കുമ്പനാട് 8

29 സംഗമം കലാവേദി കടപ്ര 8

30 അർച്ചനാ ക്ലബ്ബ് കടപ്ര 8

31 വൈ.എം.എ. ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പൂവത്തൂർ 9

32 സർവ്വോദയ വോളി ക്ലബ്ബ് വരയന്നൂർ 9

33 ദീപ്തി ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കുന്നം 10

34 സോക്കാർ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് ഉള്ളൂർ 10

35 ഫ്രണ്ട്സ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് പൂവത്തൂർ 10

36 യുണൈറ്റഡ് പീപ്പിൾസ് ക്ലബ്ബ് കോയിപ്രം 11

37 യുവവേദി നെല്ലിക്കൽ 11

38 സുരഭി ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് കുന്നം 11

39 സാന്റോസ് ക്ലബ്ബ് കോയിപ്രം 11

40 ലിയോ ക്ലബ്ബ് കോയിപ്രം 11

ഗ്രാമ സഭകളിൽ കൂടിയും, പറഞ്ഞു കേട്ടതൊക്കെയും ഇവിടെ കുറിച്ചു. ഒട്ടനവധി കാര്യങ്ങൾ, ഒട്ടനവധി സംഭവങ്ങൾ, ഒട്ടനവധി ആളുകളുടെ പേരുകൾ ലഭ്യമാകാഞ്ഞതിനാൽ ഇതിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. നല്ല നിർദ്ദേശങ്ങൾക്കു വേണ്ടി ഇവിടെ അവസാനിപ്പിക്കുന്നു.

## ഉപസംഹാരം

മനുഷ്യമനസിലെ കൂരിരുട്ടു നീക്കി ഘനം കുറഞ്ഞു പ്രകാശിക്കണമെങ്കിൽ നാം സാംസ്ക്കാരികമായി ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. ഇവിടെ നിന്നും അതിനുള്ള ശംഖുനാദം ഇനിയും മുഴങ്ങേണ്ടിയിരിക്കുന്നു. ഇന്നാട്ടിൽ ഇനിയും സാംസ്ക്കാരിക സൗഗന്ധികൾ വിരിയേണ്ടിയിരിക്കുന്നു. നാളയുടെ സംസ്ക്കാരിക വികാസം അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

5.9

# വനിതാക്ഷേമം

പഞ്ചായത്ത് രാജ് സംവിധാനം സ്ത്രീകൾക്ക് വർദ്ധിച്ച പ്രാധിനിത്യം നൽകി പൊതുരംഗത്തു പ്രവേശിപ്പിച്ചിരിക്കുന്ന ഈ കാലഘട്ടത്തിനു വളരെ മുമ്പു തന്നെ കോയിപ്രം പഞ്ചായത്തിൽ പൊതുരംഗത്തു പ്രവർത്തിച്ചിരുന്ന വനിതകൾ ഉണ്ടായിരുന്നു.

കോയിപ്രം പഞ്ചായത്തിലെ ജനസംഖ്യയിൽ 52.2% സ്ത്രീകളാണ്. അഭ്യസ്തവിദ്യരായ വനിതകൾ ഈ പഞ്ചായത്തിൽ പുരാതനകാലം മുതൽക്കേ ഉണ്ടായിരുന്നു. ചികിത്സാരംഗത്ത് വനിതാ ഡോക്ടർമാർ അപൂർവ്വമായിരുന്ന അക്കാലത്ത് ഡോക്ടർബിരുദംനേടി ആതുരശുശ്രൂഷാരംഗത്ത് പ്രവേശിച്ച വനിതയാണ് പുല്ലാട് വരിക്കണ്ണാമല ശ്രീമതി. ചന്ദ്രിക കെ. പണിക്കർ.

സ്വാതന്ത്ര്യ സമരരംഗത്തും പൊതുരംഗത്തും പ്രവർത്തിച്ചിരുന്ന വനിതകൾ ഈ പഞ്ചായത്തിലുണ്ട്. അതിന് ഉദാഹരണമാണ് നിര്യാതയായ തെക്കോലിൽ അമ്മാമ്മ. കോയിപ്രം പഞ്ചായത്തിലെ ആദ്യ വനിതാ മെമ്പറായിരുന്ന ശ്രീമതി ചിന്നമ്മ അലക്സാണ്ടർ മങ്ങാട്ട് അന്നമ്മകോശി ബീനാജേക്കബ്. പത്തനംതിട്ടജില്ലയുടെ പ്രഥമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡോ: മേരീതോമസ് മാടോലിൽ ഈ പഞ്ചായത്തിലെ ഒമ്പതാം വാർഡ് അംഗമാണ്. കോയിപ്രം പഞ്ചായത്ത് തന്നേ ഇപ്പോൾ ഒരു വനിതാ പഞ്ചായത്താണ്. രണ്ടാം വാർഡു മെമ്പർ ശ്രീമതി കെ. പി. രാധക്കുട്ടിയമ്മയാണ് ഈ പഞ്ചായത്തിലെ പ്രഥമ വനിതാ പ്രസിഡന്റ്. വളരെ മുമ്പു തന്നെ വനിതാസംഘടനകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. 1954 – ൽ പുത്തൻപറമ്പിൽ ശ്രീമതി സുകുമാരിയമ്മ പ്രസിഡന്റായി ഒരു ബ്ലോക്ക് ലെവൽ മഹിളാസമാജം സ്ഥാപിച്ചു. അത് ഇന്നും പ്രവർത്തിച്ചുവരുന്നു. ഈ സമാചത്തിന്റെ കീഴിൽ ഒരു ബാലവാടി സമാജത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും ഇവിടെ നൽകുന്നു. മറ്റു മഹിളാസമാജങ്ങളും വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്നു.

### മഹിളാസമാജങ്ങൾ

ഒന്നാം വാർഡിൽ അമ്പിളി ഹരിജൻ മഹിളാസമാജം കാഞ്ഞിരപ്പാറ, മൂന്നാം വാർഡിൽ പുല്ലാട് മഹിളാസമാജം, എട്ടാം വാർഡിൽ ദീപ്തി മഹിളാസമാജം കടപ്ര, തട്ടക്കാട്, ആറാം വാർഡിൽ ദേശസേവിനി മഹിളാസമാജം, നാലാം വാർഡിൽ ഗ്രാമീണ മഹിളാ സമാജം ചേന്നമല, കുമ്പനാട്. ഈ കേന്ദ്രങ്ങളിൽ എല്ലാം പോഷകാഹാര വിതരണവും നടക്കുന്നുണ്ട്.

പഞ്ചായത്തിൽ വനിതകൾ മുൻകൈ എടുത്തു പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നുള്ളതും അഭിമാനാർഹമാണ്. അവയൂടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ജയശ്രീ പി. –ജയശ്രീ പ്രിന്റേഴ്സ്
2. ഡോ. മേരീതോമസ് മാടോലിൽ – ആയൂർവ്വേദ ഔഷധം

3. എലിസബേത്ത് അലക്സ്, കടപ്ര – ഫൈബർ ഗ്ലാസ്
4. മണിയമ്മ, വല്ല്യത്ത്, പുല്ലാട് – കാപ്പിപ്പൊടിനിർമ്മാണം
5. ഏലിക്കുട്ടി സ്കറിയാ, വടക്കേടത്ത് പുല്ലാട് – മൊസൈക്
6. അക്കാമ്മ ഫിലിപ്പ്, പടിഞ്ഞാറ്റുംകര, മുട്ടുമൺ – സ്റ്റീൽ, ഫൈബർഗ്ലാസ്സ്.
7. വി.ഷൈലജ, കോന്തശ്ശേരിൽ – തീപ്പെട്ടികൊള്ളി നിർമ്മാണം
8. അമ്മിണി ഫിലിപ്പ്, നെടിയകാലായിൽ, മുട്ടുമൺ – തടിമില്ല്
9. റ്റി.ആർ രാധാമണി, കൗങ്ങേലിൽ, പുല്ലാട് – പ്രിന്റിംഗ് പ്രസ്സ്
10. കെ.സി. ജയശ്രീ, ആന്താലിമണ്ണിൽ, കുറവൻകുഴി – റബ്ബർബാന്റ്
11. ആഷാ രാജേന്ദ്രൻ, ടെൻസിൽ പോളിമേഴ്സ്. PVT. LTD, ഇലാസ്റ്റിക്ക് ത്രെഡ്

ഇനിയും കൂടുതൽ സ്ത്രീകൾ ഈ രംഗത്ത് കടന്നുവരേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൽ ഭൂരിപക്ഷവും വനിതകളാണെങ്കിൽ തന്നേയും പഞ്ചായത്തിലേ സ്ത്രീകളുടെ നില പൊതുവേ മെച്ചപ്പെട്ടതല്ല. നിയമപരമായി ലഭിച്ചിട്ടുള്ളതല്ലാതെ മറ്റു പ്രത്യേക പരിഗണനകളൊന്നും തന്നേ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സ്ത്രീകൾ നേരിട്ടു നിയന്ത്രിക്കുന്ന ഭവനങ്ങളെ പ്രധാനമായും 6 വിഭാഗങ്ങളായി തരം തിരിക്കാം.

1. വിധവകളായ സ്ത്രീകൾ നിയന്ത്രിച്ചു നടത്തുന്ന ഭവനങ്ങൾ.
2. ഭർത്താവ് ഉപേക്ഷിച്ച കുടുംബങ്ങൾ.
3. കുടുംബനാഥൻ രോഗിയായുള്ള ഭവനങ്ങൾ.
4. കുടുംബത്തെ നോക്കാതെ മദ്യപാനികളായ കുടുംബനാഥൻമാരുള്ള ഭവനങ്ങൾ.
5. അവിവാഹിതകളായി കഴിയുന്ന സ്ത്രീകൾ മാത്രമുള്ള ഭവനങ്ങൾ.
6. ഭർത്താവ് വിദൂരസ്ഥലത്ത് ജോലിചെയ്യുന്ന കുടുംബങ്ങൾ.

സ്ത്രീകളും പുരുഷൻമാരും ഒരേ പോലെ പ്രവർത്തിക്കുന്ന പല മേഖലകളുണ്ടെങ്കിലും സ്ത്രീകൾക്കും പുരുഷൻമാർക്കും ഇന്നും തുല്യവേതനം നമ്മുടെ സംസ്ഥാനത്തു ലഭിക്കുന്നില്ല. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ ഇന്നും പല മേഖലകളിലേക്കും സ്ത്രീകൾ കടന്നുവരുന്നില്ല. എന്നാൽ അടുത്തകാലത്ത് നമ്മുടെ പഞ്ചായത്തിൽപ്പെട്ട 2 വനിതകൾ ഓട്ടോറിക്ഷാ ഡ്രൈവിംഗ് വിജയകരമായി പൂർത്തിയാക്കി ലൈസൻസും ബാഡ്ജും നേടിയെന്നത് പ്രത്യേകം പ്രസ്താവ്യമത്രേ.

അങ്കണവാടികളിലും, ബാലവാടികളിലും പ്രവർത്തിക്കുന്ന വനിതകൾക്ക് ലഭിക്കുന്ന വേതനം നാമമാത്രമാണ്. ബാലവാടികളും, അങ്കണവാടികളും പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഉണ്ടാകേണ്ടിയിരി ക്കുന്നു. പഞ്ചായത്തിൽ സ്ത്രീകളുടെ പരാതികൾ കേൾക്കുവാൻ പ്രത്യകസെല്ലുകൾ ഉണ്ടാകണം. കോയിപ്രം പോലീസ്റ്റേഷനിൽ വനിതാ പോലീസ് വിങ്ങ് നടപ്പാക്കണം. വനിതാ ജീവനക്കാർകൂടുതലുള്ള സ്ഥാപനങ്ങൾ, ബ്യൂട്ടിപാർലറുകൾ, സ്റ്റേഷനറികടകൾ, ജൗളിക്കടകൾ മുതലായവയാണ്. കൃഷിയിൽ ജനങ്ങൾക്ക് താൽപ്പര്യം കുറഞ്ഞതോടുകൂടി കർഷക തൊഴിലാളികളായ സ്തീകളുടെ എണ്ണം കുറയുകയും പുതിയമേഖലകൾ തേടേണ്ടതായും വന്നിരിക്കുന്നു. സ്ത്രീകൾക്ക് തോഴിൽ മേഖലകളിൽ വേണ്ടത്ര അവസരം ലഭിക്കുന്നില്ല. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകളുടെ പരമ്പരാഗതമായ തൊഴിലുകൾ പ്രോത്സാഹിപ്പിക്കുകയും ഉൽപ്പന്നങ്ങ ൾവിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾഉണ്ടാവുകയും വേണം.

സ്ത്രീകളുടെ ഇടയിൽ കൂട്ടുകൃഷി സൗകര്യങ്ങൾ ഉണ്ടാക്കണം റേഷൻകടകളിലും മാവേലിസ്റ്റോറിലും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും മുൻഗണനാക്രമത്തിൽ സാധനങ്ങൾ കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കുകയും വേണം. ജോലിക്കുപോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ്ഉണ്ടാക്കണം.

പി. എച്ച്. സി. സെൻഡറുകളിൽ മരുന്നും ചികിത്സയും കിട്ടുന്നതിനും, ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകപരിചരണം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. സ്ത്രീകൾക്ക് തൊഴിൽസംഘടിപ്പിച്ചു ചെയ്യാനുള്ള ബോധവൽക്കരണം ഉണ്ടാവണം. ജനസംഖ്യാനുപാതികപ്രാതിനിധ്യം തൊഴിൽ ലഭിക്കുന്നതിനുണ്ടാക്കണം. സമ്പൂർണ്ണ മദ്യനിരോധനം നിർബന്ധമാക്കണം. സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന യുവതികളുടെ വിവാഹാവശ്യത്തിനായി ഒരുവിവാഹനിധി പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കണം. മെഡിക്കൽ ക്യാമ്പുകൾ നടത്തി എയിഡ്സ് പോലുള്ള മാരകരോഗങ്ങളേക്കുറിച്ച് ബോധവൽക്കരണം നടത്തുക. സ്ത്രീപീഡനം, ലൈഗീക പീഡനം ഇവയ്ക്കെതിരെ പ്രതികരിക്കുക.

വനിതാസഹകരണസംഘങ്ങൾ ഉണ്ടാവണം SC/ST കൂടുതലുള്ളവാർഡുകളിൽ അവർക്കായി വനിതാസൊസൈറ്റികൾ ഉണ്ടാക്കണം. സുബല പോലുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കണം. സ്ത്രീകൾക്ക് ക്ഷീരോല്പാദകയൂണിറ്റുകൾ DWCRA മുഖാന്തിരം ഉണ്ടാക്കണം. സ്വയം തോഴിൽ സമ്പന്നരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ. ഉണ്ടാക്കണം. സ്വയംതൊഴിലുനു സന്നദ്ധരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം ലഭിക്കുവാനുള്ള സൗകര്യങ്ങളുണ്ടാക്കണം. വിധവകളായസ്ത്രീകൾക്ക് കുടുംബം പുലർത്തുന്നതിനു സഹായകമായ തൊഴിൽ പരിശീലനം ലഭിക്കണം. പത്താം ക്ലാസ് പാസായ പെൺകുട്ടികൾക്ക് തൊഴിൽ ലഭിക്കുവാൻ സൗകര്യമുള്ള കോഴ്സുകളെപറ്റി വിവരം നൽകുന്ന ഇൻഫർമേഷൻ സെന്റ്ർ തുറക്കണം. വിധവാപെൻഷനുകൾ അർഹരായ എല്ലാവർക്കും ലഭ്യമാക്കണം. സ്ത്രീപീഡനത്തിനും സ്ത്രീകളോടുള്ള ആക്രമണത്തിനും എതിരായി പ്രവർത്തിക്കാൻ എല്ലാവിഭാഗം സ്ത്രീകളേയും ഉൾപ്പെടുത്തി ഒരു സംഘടന ഉണ്ടാക്കണം. തൊഴിൽശാലകളിൽ പ്രാഥമീക സൗകര്യങ്ങളുണ്ടാക്കാക്കണം. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനം നിർബന്ധമാക്കണം. സ്ത്രീകളിൽ വായനാശീലം വർധിപ്പിക്കുവാൻ മോബൈൽ വായനാശാലകൾ ഉണ്ടക്കാണം. സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ ഉറപ്പാക്കാൻ ഒട്ടോറിക്ഷ, കാർ, തുടങ്ങിയ, വാഹനങ്ങൾ തവണവ്യവസ്ഥയിൽ കൊടുത്ത് ഡ്രൈവിംഗ് പരിശീലനം നടപ്പിലാക്കാൻ നടപടി ഉണ്ടാകണം, പഴവർഗ്ഗസംസ്ക്കരണത്തിനും, ക്ഷീര ഉൽപ്പന്നനിർമ്മാണത്തിനും ഉള്ള തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കണം. അശ്ലീല സാഹിത്യങ്ങളും ബ്ലൂഫിലിമുകളും നിർത്തലാക്കാൻ നടപടി എടുക്കക. സ്ത്രീകൾക്ക് 33% സംവരണം എല്ലാരംഗങ്ങളിലും നടപ്പാക്കുക.

5.10

# സഹകരണ മേഖല

ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ സഹകരണ പ്രസ്ഥാനം ആരംഭിച്ചിരുന്നു. 1904 ൽ നിലവിൽവന്ന സഹകരണ കാർഷിക വായ്പാസംഘ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ സഹകരണ സംഘങ്ങളുടെ ആവിർഭാവം. കോയിപ്രം പഞ്ചായത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. അമിത പലിശയ്ക്ക് സ്വകാര്യ പണമിടപാടുകാരിൽ നിന്നും പണം കടം വാങ്ങിയിരുന്ന കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുവാൻ വേണ്ടി പഞ്ചായത്തിൽ ആദ്യമായി രൂപീകൃതമായ സംഘമാണ് ഇന്നത്തെ 195 ാം നമ്പർ പുല്ലാട് സർവ്വീസ് സഹകരണസംഘം. 1906 മെയിൽ ഇത് പ്രവർത്തനം ആരംഭിച്ചു. ഇതിനെ തുടർന്ന് കോയിപ്രം, നെല്ലിക്കൽ, കടപ്ര, തട്ടക്കാട് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 875 ാം നമ്പർ കോയിപ്രം സർവ്വീസ് സഹകരണസംഘം 1100 മെയിൽ പ്രവർത്തനം ആരംഭിച്ചു. 1102 ൽ പുല്ലാട് വിവിധോദ്ദേശ സഹകരണസംഘം എന്ന പേരിൽ പുല്ലാട്, പൂവത്തൂർ, വരയന്നൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച സംഘമാണ് ഇന്നത്തെ 1375 ാം നമ്പർ പുല്ലാട് സർവ്വീസ് സഹകരണസംഘം.

കോയിപ്രം പഞ്ചായത്തിൽ ഈ മൂന്ന് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 12 സഹകരണസംഘങ്ങൾ നിലവിലുണ്ട്. കൂടാതെ ദക്ഷിണ ഏഷ്യയിലെ ഏറ്റവും വലിയ അർബൻ ബാങ്ക് ആയ കോ ഓപ്പറേറ്റീവ് ബാങ്കിന്റെ രണ്ട് ശാഖകളും, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും ഈ പ്രദേശത്ത് പ്രവർത്തിക്കുന്നു. തിരുവല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കിന്റേയും, തിരുവല്ലാ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റേയും പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ലിസ്റ്റ് തിഴെ ചേർക്കുന്നു.

1 പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 195

2 കോയിപ്രം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 875.

3 പുല്ലാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 1375.

4 കോയിപ്രം പഞ്ചായത്ത് പട്ടികജാതി, പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം.

5 കോയിപ്രം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ P.T. 15.

6 പുല്ലാട് ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ P.T. 64.

7 കുമ്പനാട് ക്ഷീരോത്പാദക സഹകരണ സംഘം.

8 കോയിപ്രം ബ്ലോക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ P.T. 65.

9 S.V. High School Co- Operative Society Ltd: Pullad.

10 Koipram Govt: High School Co-Operative Society Ltd: Koipram.

11 N.M. Hogh School Co-Operative Society Ltd: Kumbanad.

12 സർവ്വോദയ യു.പി. സ്ക്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി പൂവത്തൂർ.

ബ്രാഞ്ചുകൾ

1 തിരുവല്ലാ ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ കോയിപ്രം, കുമ്പനാട് ബ്രാഞ്ചുകൾ.

2 പത്തനംത്തിട്ട ജില്ലാ സഹകരണ ബാങ്കിന്റെ കരീയിലമുക്ക് ബ്രാഞ്ച്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

ഈ പഞ്ചായത്തിലെ ആകെ ജന സംഖ്യ ( പ്രായപൂർത്തി വോട്ടവകാശമുള്ളത് ) ഏതാണ്ട് 18000 വരും. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് കാർഷികവായ്പാ സഹകരണ സംഘങ്ങളിലും കൂടി ആകെ അംഗസംഖ്യ 6660 ആണ്. (30.6.96 ന്) അതായത് ആകെ ജനസംഖ്യയുടെ ഏതാണ്ട് 40 ശതമാനത്തിൽ കുറവ് ആളുകൾ മാത്രമേ ഇത്തരം സംഘങ്ങളിൽ അംഗങ്ങളായിട്ടൊള്ളൂ. ഈ അംഗങ്ങളിൽ വളരെക്കുറച്ചുപേർക്കുമാത്രമേ കാർഷിക വായ്പ നൽകികാണുന്നൊള്ളൂ. ഈ മൂന്ന് സർവ്വീസ് സഹകരണ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്ത് പ്രവർത്തന പരിധിയായി പ്രവർത്തിച്ചു വരുന്ന കോയിപ്രം പഞ്ചായത്ത് പട്ടികജാതി, പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഗത്തിന്റെ പ്രവർത്തനം കാര്യമായി നടക്കുന്നില്ല. പ്രവർത്തനം ആരംഭിച്ച് 12 വർഷങ്ങൾ കഴിഞ്ഞിട്ടും ഇതിൽ 458 പോർ മാത്രമേ അ്ഗങ്ങളായി ചേർന്നു കാണുന്നൊള്ളൂ. കോയിപ്രം ബ്ലോക്ക് പ്രവർത്തന പരിധിയായി പ്രവർത്തിച്ചു വരുന്ന വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനവും സക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ക്ഷീര സഹകരണ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നവയാണ്. ലാഭകരമായി പ്രവർത്തിച്ചു വരുന്ന ഇത്തരം സംഘങ്ങളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും എത്തുന്നില്ല.

കാർഷികേതര മേഖലയിൽ വായ്പ നൽകുന്നതിന് തിരുവല്ലാ ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ശാഖകൾക്ക് കഴിയുന്നുണ്ട്. ദീർഘകാല കാർഷിക വായ്പനൽകുന്ന തിരുവല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ പദ്ധതികൾ ഈ പ്രദേശത്തെയാളുകൾക്കുവേണ്ടി പ്രയോജനപ്പെടുത്തിക്കാണുന്നില്ല. തിരുവല്ലാ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിലാണങ്കിലും ഈ പഞ്ചായത്തിലെ ആളുകൾ ഭവന നിർമ്മാണത്തിന് സഹകരണ മേഖലയിൽ ഇവിടെ പ്രവർത്തിക്കുന്ന മറ്റു സഹകരണ ബാങ്കകളെയാണ് കൂടുതലും ആശ്രയിച്ചുകാണുന്നത്. സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതലും കുട്ടികൾക്കാവശ്യമായ പാഠപുസ്തക സാമഗ്രികൾ വിൽക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നു.

അങ്ങനെ നോക്കുമ്പോൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഇനിയും ശക്തി പ്രപിക്കേണ്ടതായിരിക്കുന്നു എന്നു കാണാം.

## കാർഷിക മേഖല

പഞ്ചായത്തിലെ ആകെ ജന സംഖ്യയുടെ ഏതാണ്ട് 70 ശതമാനം കർഷകരാണ്. കാർഷിക മേഖലയിൽ വായ്പ വിതരണം നടത്തുന്ന മൂന്ന് സർവ്വീസ് സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

1 പുല്ലാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം: നമ്പർ: 1375. കോയിപ്രം പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ പുല്ലാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തന പരിധി മൂന്നും നാലും വാർഡുകൾ ഭാഗീകമായും, ഒൻപതും പത്തും വാർഡുകൾ മുഴുവനായും വ്യപിച്ചു കിടക്കുന്നു. 1926 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 1997 അംഗങ്ങൾ ഉണ്ട്. വിധോദ്ദേശ സഹകരണ സംഘമായി പ്രവർത്തനമാരംഭിച്ച ഈ സംഘം 1961 ൽ സർവ്വീസ്

# കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യതി അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം | കടം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭം, നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷിക | കാർഷികേതര | | | |
| 1. | പുല്ലാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 1375 | 1102 M.E. | കോയിപ്രം പഞ്ചായത്തിലെ 9,10വാർഡുകളും 3,4വാർഡുകൾ ഭാഗികവും | 1997 | 764150 | 1948564 | 227752 | | | | | 2 |
| 2. | പുല്ലാട് ബാങ്ക് ക്ലിപ്തം നമ്പർ 195 | 1096 M.E. | കോയിപ്രം 1,2വാർഡുകൾ മുഴുവനും 3ാം വാർഡ് ഭാഗികവും | 2487 | 396556 | 3496780 | 215134 | | | | | 3 |
| 3. | കോയിപ്രം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 875 | 1100 M.E. | കോയിപ്രം പഞ്ചായത്തിലെ കോയിപ്രം, തട്ടക്കാട്, കടപ്ര നെല്ലിക്കൽ വാർഡുകൾ | 2476 | 337640 | 958748 | 852828 | | | | | 2 |

സഹകരണ സംഘവുമായി കാർഷിക, കാർഷികേതര ആവശ്യത്തിന് സംഘം വായ്പ വിതരണം നടത്തി വരുന്നു. 95, 96 വർഷത്തിൽ സംഘം നൽകിയ വായ്പ 3,63,500 രൂപയാണ്. സംഘം പ്രവർത്തന പരിധിയിലുള്ള മുഴുവൻ കർഷകരുടേയും കാർഷിക ആവശ്യത്തിന് പര്യാപ്തമായ രീതിയിൽ വായ്പ നൽകുവാൻ സംഘത്തിന് കഴിയുന്നില്ല. വളം, കീടനാശിനി മുതലായവയും സംഘം വിതരണം നടത്തുന്നു. ഈ പ്രദേശത്ത് കാർഷികോത്പന്നങ്ങളായ കോപ്രാ, റബ്ബർ, കുരുമുളക് എന്നിവയുടെ സംഭരണം, ചിട്ടി, ഓണച്ചന്തകൾ തുടങ്ങിയവ സംഘം നടത്തിവരുന്നു.

എന്നാൽ വായ്പാ പരിധിയിലുള്ള നിയന്ത്രണം കാർഷിക മേഖലയിൽ കൂടുതൽ തുക വായ്പനൽകുന്നതിന് സംഘത്തിനുള്ള സാദ്ധ്യത കുറയുന്നു. വായ്പ കൃത്യമായി തിരിച്ചടക്കുന്നതിന് അംഗങ്ങൾ ശുഷ്ക്കാന്തി കാണിക്കാത്തത് സംഘത്തിന്റെ വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു. ചുരുങ്ങിയ പലിശക്കുള്ള വിളവായ്പകൾ കർഷകർക്ക് ആവശ്യത്തിന് ലഭിക്കുന്നില്ല. ആൾ ജാമ്യത്തിൽ നൽകി വരുന്ന വായ്പയുടെ പരിധി വളരെക്കുറവാണ്.

### 2. പുല്ലാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 195

1096 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 2487 അംഗങ്ങൾ ഉണ്ട്. കോയിപ്രം പഞ്ചായത്തിന്റെ 1 2 വാർഡുകൾ പൂർണ്ണമായും 3 ാം വാർഡ് ഭാഗീകമായും പ്രവർത്തന പരിധിയിലുള്ള ഈ സംഘത്തിന്റെ ആസ്ഥാനം 3 ാം വാർഡിലുള്ള പുല്ലാട് വടക്കേ കവലയാണ്. 10,50,000 അംഗീകൃത ഓഹരി മൂലധനമുള്ള ഈ സംഘത്തിന്റെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 3,96,556 ആണ്. കാർഷികവായ്പ, സ്വർണ്ണ പണയ വായ്പ, വസ്തു ഈടിന്മേലുള്ള വായ്പ ഇവ നൽകി വരുന്നതുകൂടാതെ വളം, കീടനാശിനി എന്നിവയുടെ വിപണനവും ബാങ്ക് നടത്തിവരുന്നു. 95,96 വർഷങ്ങളിൽ ബാങ്ക് നൽകിയ കാർഷിക വായ്പ ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള് കർഷകരുടെ കാർഷിക ആവശ്യങ്ങൾ നേരിടുന്നതിന് പര്യാപ്തമല്ല. ഈ പ്രദേശത്ത് സുലഭമായ കാർഷിക വിളകളായ റബ്ബർ, കൊപ്രാ, കശുവണ്ടി മുതലായവ സംഭരിച്ച് വിപണനം നടത്തുന്നതിന് ICDP സഹായത്തോടെ ഗോഡൗൺ നിർമ്മാണം പൂർത്തിയായി വരുന്നു.

### കോയിപ്രം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.875

കോയിപ്രം ജില്ലയിലെ കോയിപ്രം, കടപ്ര, തട്ടക്കം, നെല്ലിക്കൽ എന്നീ വാർഡുകളാണ് ബാങ്കിന്റെ പ്രവർത്തന പരിധി . 1100 M.E.യിൽ സംഘം പ്രവർത്തനം ആരംഭിച്ചു. 2176 അംഗങ്ങൾ ഉണ്ട്. 37640 രൂപയാണ് ബാങ്കിന്റെ പിരിഞ്ഞടുത്ത ഓഹരി മൂലധനം. കാർഷിക,കാർഷികേതര വായ്പകൾ നൽകുന്നതു കൂടാതെ വളം, കീടനാശിനി, ഓണചന്ത ചിട്ടികൾ മുതലായവയും ബാങ്ക് നടത്തി വരുന്നു. ബാങ്കിന്റെ പ്രവർത്തനമേഖലയിലെ മുഴുവൻ കർഷകരും ബാങ്കിൽ അംഗങ്ങൾ അല്ല. ഈ മേഘലയിലെ കാർഷികാവശ്യത്തിന് കുറഞ്ഞത് 25 ലക്ഷം രൂപയെങ്കിലും ചിലവ് വരും. 95.96 വർഷം ഏതാണ്ട് 4ലക്ഷം മാത്രമാണ് കാർഷികാവശ്യങ്ങൾക്കു വേണ്ടി ബാങ്കിൽ നിന്നും വിതരണം ചെയ്തത്. കുറഞ്ഞ പലിശ നിരക്കിൽ വായ്പ വിതരണം ചെയ്യുന്നതിനുള്ള ഫണ്ടിന്റെ ലഭ്യതകുറവും വായ്പ രംഗത്തെ കുടിശികയും സബ്സിഡി നിർത്തലാക്കിയിരുന്നു വായ്പ വിതരണത്തെ കാര്യമായി ബാധിക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷിക വായ്പാ വിതരണ ക്രമത്തിലുള്ള അപാകതകൾ പരിഹരിക്കേണ്ടതായുണ്ട്.

2. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള കാർഷിക വായ്പകൾ ആവശ്യത്തിന് ലഭിക്കുന്നില്ല. ബാങ്കുകർ ആകെ വിതണം ചെയ്യുന്ന വായ്പയുടെ 40% പോലും കുറഞ്ഞ നിരക്കിലുള്ള കാർഷിക വായ്പയല്ല. ആയതിനാൽ കർഷകർക്ക് അവരുടെ കാർഷിക ആവശ്യങ്ങൾക്ക് കൂടിയ പലിശനിരക്കിൽ മറ്റു സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങേണ്ടി വരുന്നു.

3. പഞ്ചായത്തിലെ പ്രായപൂർത്തി വോട്ടവകാശം ഉള്ള ജനസംഖ്യയുടെ 40% ൽ കുറവുമാത്രമെ സഹകരണ സ്ഥാപനങ്ങളിൽ അ്ഗങ്ങളായി കാണുന്നുള്ളു.

4. കാർഷികമേഖലയിലെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളായ അ്ഗങ്ങളുടെ അഭിപ്രായങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി കാണുന്നില്ല.

5. വായ്പാ വിതരണത്തിനു ശേഷം സംഘവും അംഗവും തമ്മിലുള്ള ബന്ധം ഇല്ലാതാകുന്ന പ്രവണത കണ്ടുവരുന്നു.

6. വായ്പ യഥാർത്ഥ ആവശ്യത്തിന് വിനിയോഗിക്കുന്നുണ്ടോ എന്നും, യഥാസമയം തിരിച്ചടക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്താൻ മാനേജുമെന്റും, ജീവനക്കാരും വേണ്ടത്ര ശ്രദ്ധിച്ചു കാണുന്നില്ല.

7.ചുരുങ്ങിയപലിശക്കുള്ളവിളവായ്പകൾ കർഷകർക്ക്അവിശ്യത്തിന് ലഭിക്കുന്നില്ല .

8ആൾ ജാമ്യത്തിൽ നൽകി വരുന്ന വായ്പയുടെ പരിധി വളരെ കുറവാണ്.

9. 11 വാർഡുകളുള്ള പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രവർത്തനം എത്തത്തക്കവിധം കേന്ദ്രീകരിച്ച രീതിയിലല്ല മൂന്നും സർവ്വീസ് സഹകരണ സംഘങ്ങളുടെയും ആസ്ഥാനം സ്ഥതി ചേയ്യുന്നത്

കാർഷിക വായ്പാവിതരണത്തിനും സഹായകമാകാൻ പറ്റിയ ഏറ്റവും നല്ല പരിധി സഹകരണ ബാങ്കുകൾ ആയതിനാൽ ഇവയുടെ പ്രവർത്തനം സേവനവും പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങൾക്കും ലഭ്യമാക്കുന്ന വിധം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

10. കാർഷികാവശ്യങ്ങൾക്കുള്ള വായ്പ ലഭിക്കുന്നതിന് പലപ്പോഴും കർഷകർക്ക് കാലതാമസം നേരിടുന്നു. ഇത് കൃഷി ഫലവത്തായ രീതിയിൽ ചെയ്യുന്നതിനും, അതിൽ നിന്നും ലാഭമുണ്ടാക്കി വായ്പ തിരിച്ചടക്കുന്നതിനും തടസ്സം ഉണ്ടാക്കുന്നു.

11. സംഘങ്ങൾ ലാഭകരമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ കൂടുതൽ വായ്പ വിതരണം (കുറഞ്ഞ പലിശനിരക്കിലുള്ളത്) സാധ്യമാവുകയുള്ളു.

12. കോയിപ്രം പഞ്ചായത്തുപ്രദേശം കൂടി പ്രവർത്തന പരിധിയായുള്ള തിരുവല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനം ആളുകൾ വേണ്ടത്ര പ്രയോജനപ്പെടുത്തി കാണുന്നില്ല.

## നിർദ്ദേശങ്ങൾ

1. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ കൂടുതൽ വിതരണം ചെയ്യുക.

2. സഹകരണസംഘങ്ങളിൽ കൂടുതൽ ആളുകളെ അ്ഗങ്ങളായി ചേർക്കുക.

3. കാർഷിക മേഖലയിൽ പദ്ധതികൾ തയ്യാആക്കുമ്പോൾ ഗുണഭോക്താക്കളായ അ്ഗങ്ങളുടെ അഭിപ്രായത്തിന് പ്രാധാന്യം നൽകുക.

4. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുന്നതിലേക്ക് താഴെ പറയുന്ന സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കുക.

1. പുല്ലാട് Scs no 1375 - പൂവത്തൂർ ജംഗ്ഷൻ

2. പുല്ലാട് ScB no 195 - ഐരാക്കാവ്

3. കോയിപ്രം ScB no 875 - കരില മുക്ക്

കൂടാതെ തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ 9,10,11,7,8 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് 9-ാം വാർഡ് ആസ്ഥാനമാക്കി ആരംഭിക്കുക.

5. സംഘവും അംഗങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.

6. വായ്പ യഥാർത്ഥ ആവശ്യത്തിനും തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

7. മൂലധനം വർദ്ധിപ്പിക്കുകയും ചെലവ് ചിരുക്കി ലാഭം വർദ്ധിപ്പിക്കുകയും ചെയ്യുക.

8. ആൾ ജാമ്യത്തിൽ നൽകിവരുന്ന വായ്പയുടെ പരിധി വർദ്ധിപ്പിക്കുക.

9. സ്വർണ്ണപ്പണയത്തിന്റെ ഈടിന്മേൽ കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ നൽകുക.

10. കാർഷിക വികസന ബാങ്കിൽ നിന്നും ദീർഘ കാല വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക വായ്പ നൽകുകയും ചെയ്യുക. കൂടുതൽ ആളുകൾക്ക് ഇത് പ്രയോജനം ചെയ്യും.

11. സംഘം നിയമാവലിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വായ്പാ പദ്ധതികൾ വൈവിദ്ധീകരിക്കുക.

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

ക്ഷീര വ്യവസായ മേഖല വളരെയധികം അഭിവൃദ്ധി പ്രാപിക്കുവാൻ സാധ്യതയുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിൽ 3 ക്ഷീരസഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

1. കോയിപ്രം ക്ഷീരോത്പാദക സഹകരണസംഘം. ക്ലിപ്തം നമ്പർ .P.T. 15 (D) APCOS.

2. കുമ്പനാട് ക്ഷീരോത്പാദക സഹകരണസംഘം. ക്ലിപ്തം

3. പുല്ലാട് ക്ഷീരോത്പാദക സഹകരണസംഘം. ക്ലിപ്തം

മൂന്നു സംഘങ്ങൾ ഉണ്ടങ്കിലും ഇവയുടെ പ്രവർത്തനം 7,8,9 എന്നീ വാർഡുകളിൽ വേണ്ടത്ര എത്തുന്നില്ല.

മൂന്നു ക്ഷീരവ്യവസായ സംഘങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ ദിവസവും ശരാശരി 250 ലിറ്റർ മുതൽ 750 ലിറ്റർ വരെ പാൽ സംഭരിച്ച് വിപണനം നടത്തുന്നു. മൂന്നു സംഘങ്ങളിലുമായി ഏകദേശം 500 അംഗങ്ങൾ ഉണ്ട്. ഈ സംഘങ്ങളിൽ കോയിപ്രം ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം സ്തുത്യർഹമാണ്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് സംഘം 2 സ്കീമുകൾ ആവിഷ്കരിച്ച് നടപ്പാക്കി.

1.5 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്തു വിപണനം നടത്തി. ഇതു വഴി 1224 പുരുഷ തൊഴിലവസരങ്ങളും 1835 സ്ത്രീ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞു.

S.S.L.C വരെ പഠിച്ച മൂന്ന് വനിതകളെ ഉൾപ്പെടുത്തി നാടൻ ക്ഷിരോല്പന്ന യുണിറ്റ് സ്ഥാപിച്ച് 3 വനിതകൾക്ക് തൊഴിൽ അവസരം നൽകി.

കൂടാതെ വ്യക്തികൾക്ക് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി വിപണനം നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുക, സൗജന്യ നിരക്കിൽ പുൽവിത്തും വളങ്ങളും വിതരണം ചെയ്യുക. മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിനും സാമ്പത്തികസഹായം നൽകുക തുടങ്ങിയ പദ്ധതികൾ സംഘത്തിന്റെ നേതൃത്വത്തിൽ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

# ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | പ്രതിദിനം ശേഖരിക്കത്തക്ക പാൽ(ലിറ്റർ) | ജീവനക്കാർ |
|---|---|---|---|---|---|---|
| 1. | കോയിപ്രം ക്ഷീരോത്പാദക സഹകരണസംഘം (ക്ലിപ്തം)നമ്പർ PT15(D) Apcos | 1986 | 272 | | 650 | 3 |
| 2. | പുല്ലാട് ക്ഷീരോത്പാദക സഹകരണ സംഘം (ക്ലിപ്തം)നമ്പർ PT64(D) Apcos | 1988 | 34 | 2920 | 250 | 2 |
| 3. | കുമ്പനാട് ക്ഷീരോത്പാദക സഹകരണസംഘം (ക്ലിപ്തം)നമ്പർ (D) Apcos | | | | | |

## പ്രശ്നങ്ങൾ.

1 പാലിന്റെ ഉല്പാദനച്ചിലവും വിലയും തമ്മിലുള്ള അന്തരം ഈ മേഖലയിലെ ആളുകളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ടുതന്നെ 25 ശതമാനം പാൽ ഉല്പാദകരിൽ നിന്നും പാൽ ശേഖരിക്കുവാൻ സംഘങ്ങൾക്കു കഴിയുന്നില്ല.

2 ഗുണനിലവാരം കുറഞ്ഞ കന്നുകാലികൾ മറ്റൊരു പ്രശ്നമാണ്.

3 രോഗബാധിതരായ കന്നുകാലികളെ ചികിത്സിക്കുന്നതിന് യഥാസമയം സാമ്പത്തിക സഹായം ഇൻഷ്വറൻസിൽ നിന്നും ലഭിക്കുന്നില്ല.

4 ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ വളർത്തുന്നതിനുള്ള പരിശീലനം വേണ്ടത്ര ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ല.

5 പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമ്പോൾ ഓരോ പ്രദേശത്തേയും പ്രാദേശിക സ്ഥിതി കണക്കിലെടുക്കാനില്ല.

6 പദ്ധതികൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും കാലതാമസം ഉണ്ടാകുന്നു.

7 വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചപുൽകൃഷിക്ക് ആവശ്യമായ സഹായം ലഭിക്കുന്നില്ല.

8 വളരെക്കുറച്ച് ആളുകൾ മാത്രമേ സംഘങ്ങളിൽ അംഗങ്ങളാകുന്നുള്ളൂ.

9 ഈ മേഖലയിൽ വായ്പാ പദ്ധതികൾ വേണ്ടത്ര ആവിഷ്ക്കരിച്ചു നടപ്പാക്കി കാണുന്നില്ല.

10 സംഘം ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ വളരെ ശോചനീയമാണ്.

11 വൈക്കോൽ, കാലിത്തീറ്റ, ഔഷധങ്ങൾ എന്നിവയ്ക്ക് കർഷകർ അമിതവില നൽകേണ്ടി വരുന്നു.

## നിർദ്ദേശങ്ങൾ.

1 ക്ഷീരകർഷകർക്ക് അവരുടെ ഉല്പാദന ചെലവിന് അനുസരിച്ച് ലാഭകരമായ രീതിയിൽ വില ലഭിക്കത്തക്കവിധം പാലിന്റെ വിലയിൽ ആവശ്യമായ മാറ്റങ്ങൾ യഥാസമയം വരുത്തേണ്ടതാണ്.

2 നല്ലയിനം കന്നുകാലികൾ അംഗങ്ങൾക്ക് ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ സംഘം ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

3 ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ വളർത്തുന്നതിനുള്ള പരിശീലനം ക്ഷീരകർഷകർക്ക് നൽകുവാൻ ആവശ്യമായ സംവിധാനം സംഘം നേതൃത്വം നൽകി സംഘടിപ്പിക്കേണ്ടതാണ്.

4 നല്ലയിനം കന്നുകാലികളെ വാങ്ങുന്നതിനും, കന്നുകാലികൾക്ക് ബാധിക്കുന്ന രോഗങ്ങൾ ശുശ്രൂഷിക്കുന്നതിനും ആവശ്യമായ പണം കർഷകർക്ക് ലഭിക്കുന്നിന് ഉതകുന്ന വായ്പാ സമ്പ്രദായം ആവിഷ്ക്കരിക്കുന്നത് അഭികാമ്യമായിരിക്കും.

5 കാലിത്തീറ്റ, വൈക്കോൽ, ഔഷധങ്ങൾ ഇവ കുറഞ്ഞ വിലയ്ക്ക് ക്ഷീരകർഷകർക്ക് നൽകുവാനുള്ള സംവിധാനം ഓരോ സംഘത്തിലും ആരംഭിക്കണം.

6 സംഘത്തിന്റെ നേതൃത്വത്തിൽ വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇത് എല്ലാ സംഘങ്ങളിലും കൂടുതൽ പ്രാധാന്യം കൊടുത്ത് നടപ്പാക്കണം.

കോയിപ്രം ക്ഷീരോല്പാദക സംഘത്തിന്റെ നേതൃത്വത്തിൽ 10 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടപ്പിലാക്കാവുന്നതാണ്.

7 ക്ഷീരകർഷകർക്ക് മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം 10000 ശതമാനം രൂപയാക്കി വർദ്ധിപ്പിക്കുക. അംഗങ്ങളായ എല്ലാ ക്ഷീരകർഷകർക്കും അടുത്ത 5 വർഷക്കാലംകൊണ്ട് നല്ല കാലിത്തൊഴുത്ത് ഉണ്ടാകത്തക്കവിധം ഒരു പദ്ധതി ആവിഷ്ക്കരിച്ച് ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

8 മോഡൽ ഡയറി സ്ക്കീമിനുള്ള സാമ്പത്തിക സഹായം 25000 ശതമാനം ആയി വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ

# പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി | നിക്ഷേപം | വായ്പകൾ<br>കാർഷിക/കാർഷികേതര | പ്രവർത്തന മൂലധനം | കടം ലാഭം/നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| 1. | കോടിപ്രം പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർPT2 | 1984 | കോയിപ്രം പഞ്ചായത്ത് | 458 | 4580 | ഇല്ല | 2750(ബാക്കിനില്പ്) | 28250 | നഷ്ടം | 1 |

# കോയിപ്രം ബ്ലോക്ക് വനിതാ സഹകരണസംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി | നിക്ഷേപം | പ്രവർത്തന മൂലധനം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|
| 1. | കോടിപ്രം ബ്ലോക്ക് വനിതാ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർPT65 | 1989 | കോയിപ്രം ബ്ലോക്ക് | 285 | 25984 | 12186 | | 1 |

കൂടുതൽ കുടുംബാംഗങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം ആരംഭിക്കേണ്ടതാണ്.

9 ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഇത് ഗ്രാമവാസികളായ വനിതകൾക്ക് തൊഴിൽ അവസരം നൽകുന്നതാണ്.

10 കന്നുകുട്ടി പരിപാലനപദ്ധതി കൂടുതൽ കർഷകരെ ഉൾപ്പെടുത്തി സംഘങ്ങളിൽകൂടി നടപ്പാക്കുക.

11 9 ാം വാർഡ് പൂർണ്ണമായും, 10 ാം വാർഡ് ഭാഗികമായും ഉൾപ്പെടുത്തി 9 ാം വാർഡിലെ ചൊട്ടിപ്പാറ ജംഗ്ഷൻ ആസ്ഥാനമാക്കി ഒരു ക്ഷീരവ്യവസായ സഹകരണ സംഘവും, ചില്ലിംഗ് യൂണിറ്റും ആരംഭിക്കാവുന്നതാണ്..

7,8 വാർഡുകൾ പ്രവർത്തന പരിധിയാക്കി ഒരു ക്ഷീരവ്യവസായ സഹകരണ സംഘം ആരംഭിച്ചു പ്രവർത്തിക്കാവുന്നതാണ്.

12 4 ാം വാർഡിലെ ക്ഷീരസഹകരണ സംഘത്തോടു ചേർന്ന് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം പ്രവർത്തിക്കുന്ന ഒരു മൃഗ സംരക്ഷണ യൂണിറ്റാരംഭിക്കുക.

## പട്ടികജാതി, പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

പട്ടിജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തെ ലാക്കാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘമാമ് കോയിപ്രം പഞ്ചായത്ത്. പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ PT.2. ഈ സംഘത്തിന്റെ പ്രവർത്തന പരിധി കോയിപ്രം പഞ്ചായത്ത് മുഴുവൻ വ്യാപിച്ചു കിടക്കുന്നു. മൂന്നാം വാർഡിലുളള പുല്ലാട് ജംഗ്ഷനിലാണ് ഇതിന്റെ ആസ്ഥാനം.

സംഘത്തിൽ ഇപ്പോൾ കൃത്യമായ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. സംഘത്തിനു ലഭിച്ച സാമ്പത്തിക സഹായം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താത്തത് സംഘത്തിന്റെ സുഗമമായ പ്രവർത്തലത്തിനു തടസ്സം സൃഷ്ടിക്കുന്നു.

സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തന മാന്ദ്യത്തിന് പരിഹാരം ഉണ്ടാക്കി കൂടുതൽ നല്ലരീതിയിൽ പ്രവർത്തിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വ്യവസായ സഹകരണ സംഘങ്ങൾ.

വ്യവസായിക മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. പഞ്ചായത്തിൽ കോയിപ്രം ബ്ലോക്ക് വനിതാ സഹകരണ സംഘം നമ്പർ PT.65. ഈ മേഖലയിൽ പ്രവർത്തിക്കുന്നു. തയ്യൽ പരിശീലനവും ടൈപ്പ് റൈറ്റിംഗ് പരിശീലനവും, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണവും സംഘത്തിൽ നടത്തി വരുന്നു.

### പ്രശ്നങ്ങൾ

1 പ്രവർത്തന മൂലധനത്തിന്റെ കുറവും, എംബ്രോയിഡറി മെഷീൻ പരിശീലനത്തിന് വിദഗ്ധ പരിശീലകരുടെ അഭാവവും സംഘം പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

2 സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചെന്നെത്തുന്നില്ല.

3 ഖാദി ഗ്രാമ വ്യവസായ രംഗത്ത് കൃത്യമായി പ്രവർത്തിക്കുന്ന സംഘങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ലന്നു പറയാം വളരെയധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഒരു മേഖലയാണിത്. സ്ത്രീകളുടെ ഉന്നമനത്തിന് അവരുടെ തൊഴിൽ അവസരങ്ങൾ വളർത്തിയെടുക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ കുറവാണ്.

4 കാര്യ പ്രാപ്തിയുള്ള മാനേജ്മെന്റിന്റെ അഭാവവും സ്വന്തമായി ആസ്ഥാനം ഇല്ലാത്തതും ഈ രംഗത്ത് പ്രശ്നങ്ങളാണ്.

## നിർദ്ദേശങ്ങൾ

1 നിലവിലുളള കോയിപ്രം ബ്ലോക്ക് വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക. എംബ്രോയ്ഡറി മെഷീൻ പരിശീലനത്തിന് വിദഗ്ദ്ധ പരിശീലകരെ ലഭ്യമാക്കുക, ഒരു റെഡിമെയ്ഡ് ഗാർമെന്റെ യൂണിയൻ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നു.

2 വനിതകളെ സഹകരണ പ്രസ്ഥാനവുമായി കൂടുതൽ അടുപ്പിക്കുന്നതിനും, അവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനും വേണ്ടി എല്ലാ വാർഡുകളിലും സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

3 പഞ്ചായത്തിലെ 9 ാം വാർഡിലെ പ്രവർത്തനം ഇല്ലാതിരിക്കുന്ന ഒരു മഹിളാ സമാജത്തിന്റെ വക മൂന്ന് സെന്റ് സ്ഥലം പുല്ലാട് കോന്നാത്ത് കടവ് റോഡിന് സമീപമുണ്ട്, ഈ സ്ഥലം ഒരു വനിതാ സഹകരണ സംഘത്തിന്റെ ആവശ്യത്തിലേക്ക് കെട്ടിടം പണിയുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇവിടെ ഒരു റെഡിമെയ്ഡ് ഡ്രസ്സ് യൂണിറ്റ്, റബ്ബർബോർഡ് നിർമ്മാണ യൂണിറ്റ്, സോപ്പ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, റബ്ബർ ചപ്പൽ നിർമ്മാണ യൂണിറ്റ് മുതലായവ ആരംഭിച്ച് നടത്തുവാൻ സൗകര്യമുണ്ട്. കോയിപ്രം പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഇത്തരം ഒരു സഹകരണ പ്രസ്ഥാനം ഇവിടെ ആരംഭിക്കാവുന്നതാണ്. ഗ്രാമീണരായ കുറെ വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിന് ഇത് സഹായകമാകും. 7,8 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു വനിതാ സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

## ഹൗസിംഗ് സഹകരണ മേഖല

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ അതി പ്രധാന സ്ഥാനമാണ് പാർപ്പിടത്തിനുള്ളത്. പഞ്ചായത്തിലെ വളരെയധികം കുടുംബങ്ങൾ ഭവന രഹിതരാണ്. എല്ലാവർക്കും വായ്പ നൽകുവാൻ നിലവിലുളള തിരുവല്ലാ ഭവന നിർമ്മാണ സഹകരണ സംഘത്തിനു സാധിക്കുന്നില്ല. സ്ഥലത്തിന്റെ ദൗർലഭ്യം മൂലം കുറഞ്ഞ ചെലവിൽ വീടുകൾ അംഗങ്ങൾക്കു ലഭ്യമാക്കുന്നത് ദുഷ്ക്കരമാക്കുന്നു.

അംഗങ്ങൾക്കു വായ്പ ലഭിക്കുന്നതിന് കാലതാമസവും പ്രയോഗിക ബുദ്ധിമുട്ടും ഉണ്ടാകുന്നു.

വായ്പാ നടപടികൾ ലഘൂകരിച്ച് അംഗങ്ങൾക്ക് വായ്പ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോയിപ്രം പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി മൂന്നാം വാർഡിലെ പുല്ലാട് ജംഗ്ഷൻ ആസ്ഥാനമാക്കി ഒരു റൂറൽ ഹൗസിംഗ് സഹകരണ സംഘം പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യം നിലവിലുണ്ട് ഈ പഞ്ചായത്തിലുള്ള ആളുകളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ ഗണ്യമായ രീതിയിൽ പരിഹരിക്കുവാൻ ഇത്തരം ഒരു സംഘത്തിന് സാധിക്കും.

## കൺസ്യൂമർ മേഖല

കൺസ്യൂമർ മേഖലയിൽ കോയിപ്രം പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ കൺസ്യൂമർ സ്റ്റോർ നടത്താൻ താല്പര്യം കാണിക്കുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കൺസ്യൂമർ സ്റ്റോറുകൾ വഴി മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത് ജനോപകാരപ്രദമാണ്.

കൺസ്യൂമർ സഹകര സംഘങ്ങൾ പലപ്പോഴും നഷ്ടം നേരിടുന്നു എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രധാന പ്രശ്നം.

നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളോടനുബന്ധിച്ച് കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നത് അംഗങ്ങൾക്ക് ഉപകാര പ്രദമായിരിക്കും.

പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾ പ്രവർത്തന പരിധിയാക്കി ഓരോ കൺസ്യൂമർ സഹകര സംഘങ്ങൾ ആരംഭിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരു സംഘം 4 ാം വാർഡ് കേന്ദ്രമാക്കി ആരംഭിക്കുവാനുള്ള സാഹചര്യം ഉണ്ട്.

കൺസ്യൂമർ സഹകരസംഘങ്ങൾക്ക് നേരിടുന്ന നഷ്ടം നികത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് അനുയോജ്യമായ പദ്ധതികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

## മാർക്കറ്റിംഗ് മേഖല

പഞ്ചായത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഈ പ്രദേശത്ത് കാർഷിക വിളകളായ റബ്ബർ, നാളീകേരം, കുരുമുളക്, കശുവണ്ടി മുതലായവ ശരിയായ രീതിയിൽ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സൗകര്യം നിലവിലുള്ള സഹകരണ സംഘങ്ങളിലും വേണ്ടത്രയില്ല. പുല്ലാട് സർവ്വീസ് സഹകരണ സംഘം പ്രവർത്തന പരിധിയിലുള്ള അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ ഒരു പരിധിവരെ സാധിക്കുന്നുണ്ട്. എന്നാൽ അംഗങ്ങളെ പൂർണ്ണമായി സഹായിക്കുവാൻ ഈ സംഘത്തിനും സാധിക്കുന്നില്ല.

റബ്ബർ കൃഷിക്കാവശ്യമായ സാധനങ്ങൾ ഇപ്പോൾ അമിത വിലകൊടുത്താണ് കർഷകർ വാങ്ങുന്നത് റബ്ബർ കൃഷിക്കാവശ്യമായ മരുന്നു തളിക്കൽ നടത്തുന്നതിനുള്ള സൗകര്യം സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിക്കുന്നില്ല.

തെങ്ങിനും, കുരുമുളക് ചെടിയേയും ബാധിക്കുന്നതായ രോഗങ്ങൾക്ക് യഥാസമയം പ്രധിരോധ നടപടികൾ സ്വീകരിക്കുവാൻ കർഷകർക്ക് സാധിക്കുന്നില്ല.

പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

അംഗങ്ങൾക്ക് കാർഷി കോപ കരണങ്ങൾ മിതമായ വിലയ്ക്ക്ലഭിക്കുന്നതിന് ഇത് സഹായിക്കും.

കൂടാതെ കർഷകർക്ക് അവരുടെ കാർഷികോല്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുകയും ചെയ്യും.

## മറ്റു സഹകരണ സംഘങ്ങൾ

### മത്സ്യോത്പാദക സഹകരണ സംഘം

മത്സ്യം വളർത്തൽ വളരെ ആദായകരമായി നടത്താവുന്ന ഒരു തൊഴിലാണ്. മത്സ്യം വളർത്തി വിപണനം നടത്തുന്ന സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഇതിനു നേരിടുന്ന സാമ്പത്തിക ചിലവും പ്രായോഗിക ബുദ്ധിമുട്ടുമാണ് ഈ രംഗത്ത് ആളുകളെ ആകർഷിക്കാത്തതിനുള്ള കാരണം. 10 ാം വാർഡിലെ വിശാലമായ "ഉള്ളൂർ ചിറ" കേന്ദ്രമാക്കി 6 ാം വാർഡിലെ " മണക്കുളം" 9 ാം വാർഡിലെ " ചിക്കുഴിച്ചാൽ" 5 ാം വാർഡിലെ മുട്ടുമൺ " കാരക്കാട്ടുകുളം" എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മത്സ്യോത്പാദകസഹകരണസംഘം ആരംഭിക്കാവുന്നതുമാണ്.

അതുവഴി ഈ പഞ്ചായത്തിലെ കുറേ ആളുകൾക്ക് തൊഴിൽ നൽകുന്നതിനും ഈ ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും സാധിക്കും.

## ലേബർ കോൺട്രാക്ട് സഹകരണ സംഘം

തൊഴിലാളികളുടെ ക്ഷേമത്തിനും, അവർക്ക് സ്ഥിരം തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർകോൺട്രാക്ട് സഹകരണസംഘം രൂപീകരിച്ചാൽ ഈ മേഘലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുറേയൊക്കെ സഹായകമാകും.

## കോഴിവളർത്തൽ സഹകരണസംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ സഹകരണസംഘം വിജയകരമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. പഞ്ചായത്തിൽ ഇത്തരം സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

ഇറച്ചികോഴികളെ വില്പന നടത്തുന്ന സ്വകാര്യ മേഘലയിലുള്ള ഒന്നു രണ്ടു സ്ഥാപനങ്ങൾ മാത്രമെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ഇറച്ചിക്കോഴി, കോഴിമുട്ട മുതലായവ വിപണനം നടത്തുന്നതിനും, നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ മുതലായവ മിതമായ വിലയ്ക്ക് അംഗങ്ങൾക്ക് വിതരണം നടത്തുന്നതിനും ഇതു മുഖേന സാധിക്കും.

നെല്ലുത്പാദകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11 ാം വാർഡ് ആസ്ഥാനമാക്കി ഒരു നെല്ലുത്പാദക സഹകരണസംഘം രൂപീകരിക്കാവുന്നതുമാണ്.

## ഔഷധ സസ്യ പച്ചക്കറി ഉത്പാദക സഹകരണസംഘം

ഔഷധമൂല്യമുള്ള ചെടികൾ വളർത്തുന്നതിനുള്ള സാഹചര്യം നമ്മുടെ പ്രദേശത്ത് ഉണ്ട്. അതു പോലെ തന്നെ നമ്മുടെ ദൈനംദിന ആവശ്യത്തിനുള്ള പച്ചക്കറികൾ നാം നിത്യവും അമിത വില കൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ആണ് കൂടുതലുള്ള വിഭവങ്ങൾ നമ്മുടെ വിപണിയിൽ എത്തുന്നത്. നമ്മുടെ പഞ്ചായത്തിലുള്ള തരിശുകിടക്കുന്ന പല പാടശേഖരങ്ങളും.

കാലാവസ്ഥക്കനുസൃതമായി പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കാവുന്നയാണ്. പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു ഔഷധ സസ്യ പച്ചക്കറി ഉത്പാദക സഹകരണസംഘം രൂപീകരിച്ചാൽ ഈ രണ്ടു മേഖലയും സംയുക്തമായി പ്രവർത്തുവാൻ സാധിക്കും.

മുകളിൽ ഓരോ മേഖലകളിലെയും നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പാക്കുകയാണെങ്കിൽ അടുത്ത അഞ്ചു വർഷക്കാലയളവുകൊണ്ട് ഈ പഞ്ചായത്തിൽ ഇതായി 275പേർക്ക് തൊഴിൽ നൽക്കുന്നതിനും കൂടാതെ പരോക്ഷമായി വളരെയധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന്നും പഞ്ചായത്തിലെ വളരെയധികം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാക്കുന്നതിനും സാധിക്കാം.

5.11

# പട്ടികജാതി പട്ടികവർഗ്ഗം

## ആമുഖം

അടിമത്വത്തിന്റെയും അധീശശക്തികളുടെ ചാട്ടവാറടിയുടെയും, ദ്രാരിദ്രത്തിന്റെയും കഷ്ടപ്പാടുകളുടെയും ചരിത്രമാണ് പട്ടികജാതി പട്ടിക വർഗ്ഗത്തിനുള്ളത്. വിരലിലെണ്ണുവാനുള്ളവർ ഒഴിച്ചാൽ ഈ വിഭാഗത്തിലാർക്കും തന്നെ പ്രത്യേകിച്ച വകാശപ്പെടുവാനായി സ്വത്തുക്കൾ ഒന്നും ഇല്ല. മഹാനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അലയടിച്ചുയർന്ന വിദ്യാഭ്യാസ സമരത്തിൽ നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ സജീവമായി പങ്കെടുത്തു. കൊല്ലവർഷം 1090-ാംആണ്ട് ഇടവമാസം 19 ാംതിയതി ഒരു ഐതിഹാസിക സമരത്തിലൂടെ പട്ടികജാതി വർഗ്ഗത്തിൽ പെട്ടവർ ആദ്യമായി സ്കൂളിൽ പ്രവേശിച്ചു-ഇതിനെ ചരിത്രകാരന്മാർ പുല്ലാട് ലഹള എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനു നേതൃത്വംനൽകിയത് ശ്രീ. അയ്യൻകാളിയും തിരുക്കൊച്ചി നിയമസഭാസാമാജികനായിരുന്ന വെള്ളിക്കര ചോതിയുമായിരുന്നു. അറിവിന്റ വെളിച്ചം തേടി ആദ്യമായി വിദ്യാലയത്തിലേക്ക് കാലുകുത്തിയവർ ശ്രീ.ജോസഫ് സാർ, പൈങ്കനാശാൻ, എരുത്തിക്കൽ കൊച്ച്, മൂൻ ശ്രീമൂലം നിയമനിർമ്മാണസഭ ഉപാദ്ധ്യക്ഷനായിരുന്ന ശ്രീ.റ്റി. റ്റി കേശവശാസ്ത്രി എന്നിവരായിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം നല്കിയ സ്കൂൾ യാഥാസ്തികരായ ചിലർ തീവച്ച് നശിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഇപ്പോഴും ഈ സ്കൂൾ തീവെച്ചസ്കൂൾ (യു.പി.ജി.എസ്. കിഴക്കേപ്പുറം) എന്നപേരിലാണ് അറിയപ്പെടുന്നത്. ഗവൺമെന്റ് അംഗീകാരമുള്ളതും അല്ലാത്തതുമായ 32 കോളനികളിലായി ഏതാണ്ട് 1200 പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പട്ടികവർഗ്ഗകുടുംബങ്ങൾ മാത്രം 50 ഉം അവരുടെ ജനസംഖ്യ 150 ഉം ആണ്. പഞ്ചായത്തിലെ ജനസംഖ്യയുടെ 15.21% പട്ടികജാതി പട്ടികവർഗ്ഗമാണ് ഹരിജനോദ്ധാരണത്തിനു വേണ്ടി പഞ്ചായത്തുതലത്തിൽ പ്രവർത്തനങ്ങളാരംഭിച്ച വരിക്കണ്ണാമല വൈദ്യൻ എൻ നാരായണപ്പണിക്കരുടെ പേര് പ്രത്യേകം പ്രസ്താവ്യമത്രേ. പൊതുധാരയിൽനിന്നും ബഹുദൂരം പിന്നിൽനില്കുന്നവരുടെഉന്നമനത്തോടു കൂടി മാത്രമേ പഞ്ചായത്തിന്റെ വികസനം പൂർത്തിയാകുകയുള്ളു.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ വളരെ പിന്നിലാണ്. സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനു ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. സർക്കാർ നല്കിവരുന്ന ആനുകൂല്യങ്ങൾ ഭാഗീകമായിമാത്രമേ ഈ വിഭാഗങ്ങളിൽ എത്തിച്ചേരുന്നുള്ളു.

ജാതിപരവും സാമൂഹ്യപരവുമായ ഉച്ചനീചത്വങ്ങൾ ഇന്നും നിലനില്കുന്നു. വിവാഹം മുതലായ ചടങ്ങുകളിൽ സവർണ്ണരായ ആളുകൾ ഒരുകാലത്ത് പങ്കെടുക്കില്ലായിരുന്നു. എങ്കിലും ഇപ്പോൾ ആസ്ഥിതിക്കു മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്.

ഗിരിജൻ കോളനികൾ പഞ്ചായത്തിലില്ല. എന്നാൽ വിവിധ കോളനികളിലായി 50 കുടുംബങ്ങൾ താമസിക്കുന്നു. ഇവരിൽ മലവേടർവിഭാഗത്തെ വേടൻ, വേട്ടുവർ എന്ന് രണ്ടായി തരം തിരിച്ചിക്കുന്നതിനാൽ പട്ടികവർഗ്ഗത്തിനു കിട്ടുന്ന ആനുകൂല്യം വേട്ടുവർ സമുദായത്തിനു കിട്ടുന്നില്ല.

## വിദ്യാഭ്യാസം

പ്രാഥമികവിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ളവരാണ് ഈവിഭാഗത്തിലേറയും. പുതിയതലമുറയാകട്ടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തോടുകൂടി പഠനം നിർത്തിയ വരും. ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവർ വിരളമാണ്. കുടുംബ പശ്ചാത്തലവും, സാമ്പത്തികമായ പരാധീനതകളുമാണ് ഇതിന് അടിസ്ഥാനകാരണങ്ങൾ. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതലവസരങ്ങൾ നേടിയെടുക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം പട്ടികജാതി . പട്ടികവർഗ്ഗ വിഭാഗക്കാർ സാക്ഷരത നേടിയിട്ടുള്ളവരാണ്. വിദ്യാർത്ഥികളിൽ ദിനപത്രങ്ങളും ആനുകാലീക പ്രസിദ്ധീ കരണങ്ങളും വായിക്കുന്നവർ ചുരുക്കമാണ്. വിദ്യാഭ്യാസമേഖലയിലേ അൺഎയ്ഡഡ് സ്ക്കൂളുകളുടെ അനിയന്ത്രിതമായ കടന്നുകയറ്റം സാധാരണക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തെ ദോഷമായി ബാധിക്കുന്നു.

## തൊഴിൽ

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ പാരമ്പര്യാമായി കാർഷികമേഖലയുമായി ബന്ധപ്പെട്ടുള്ള തൊഴിലുകളിൽ ഏർപ്പെട്ടു വരികയായിരുന്നു. കാർഷികമേഖലയിൽ ഇന്നുണ്ടായികൊണ്ടിരിക്കുന്ന തകർച്ച ഈവിഭാഗത്തിന്റെ തൊഴിൽ സാധ്യതക്കു കുറവുവരുത്തിയിരിക്കുന്നു. നിർമ്മാണമേഖലയടക്കമുള്ള തൊഴിൽ രംഗത്ത് അന്യസംസ്ഥാനക്കാരായ തൊഴിലാളി കളുടെ കടന്നുകയറ്റം നിമിത്തം ഈ മേഖലകളിലും തൊഴിൽ സാധ്യതകുറഞ്ഞു വരുന്നു. അതുവഴി തൊഴിലില്ലായ്മക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ഭക്ഷ്യധാന്യ ഉൽപ്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് കാർഷികമേഖലക്ക് കൂടിതൽ തൊഴിലാളികളെ ആകർഷിപ്പിക്കു ന്നതിന് ആവശ്യമായനടപടികൾ ആവശ്യ മാണ്. കൂടാതെ കാർഷികമേഖലയിലേ കുറഞ്ഞ വേതനനിരക്ക് ഈ മേഖലയുടെ തകർച്ചയ്ക്ക് ഒരു കാരണമാണ്. ഭക്ഷ്യ സാധനങ്ങൾ ഉൽപ്പാദിപ്പിച്ചിരുന്ന കൃഷിസ്ഥലം ഇന്ന് റബ്ബർ തോട്ടങ്ങളായി മാറുന്നതുകൊണ്ട് റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് തൊഴിൽ അഭ്യസിക്കേണ്ടിവരുന്നു.

ഗവ: സർവ്വീസിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ജോലിയുള്ള ആളുകളുടെ ശതമാനം വളരെകുറവാണ്. ഈ വിഭാഗത്തിലെ അഭ്യസ്ഥവിദ്യരായ യുവാ ക്കൾക്കു മുഴുവൻ തൊഴിൽ ലഭിക്കണം. സ്പെഷ്യൽ റിക്രൂട്ട്മെന്റ് അടക്കമുള്ള തൊഴിൽ സാധ്യതകൾ നടപ്പിലാക്കിയാൽ മാത്രമേ ഇതിനൊരുപരിഹാരം ആവുകയുള്ളു.

## പാർപ്പിടം

പഞ്ചായത്തിന്റെ 4 സെന്റ് കോളനി, ലക്ഷം വീടുകോളനി 10 സ്റ്റ് കുടുയിടപ്പുകാർ പുറമ്പോക്കു നിവാസികൾ ഭൂരിപക്ഷവും കുടുംബമായി താമസിക്കുന്നു. ഇവരേ പുനരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഭൂരിപക്ഷമാളുകളുടെ കൈവശഭൂമിക്ക് പട്ടയം ഇല്ല. ഈ കോളനികളിൽ വസ്തുവും വീടും അനധികൃതമായി കൈമാറ്റം നടത്തിയിട്ടുള്ള വരാണധികവും. നിലവിലുള്ള താമസ ക്കാർക്കു പട്ടയം നൽകി പ്രശ്നം പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിൽ മിച്ചഭൂമി ഉണ്ടങ്കിൽ ഏറ്റെടുത്ത്

ഭൂരഹിതർക്കു വിതരണം ചെയ്യേണ്ടതാണ്.

സർക്കാറിന്റെ വിവിധപദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നൽകിവരുന്ന ഭവനിസഹായ പദ്ധതി പൂർണ്ണമായി ലക്ഷ്യത്തിലെത്തി ചേർന്നിട്ടില്ല. ഓലപ്പുരയിൽ താമസ്സിക്കുന്നവർ ധാരാളമുണ്ട്. കോളനിക്കു പുറത്തു താമസ്സിക്കുന്ന ഒറ്റപ്പെട്ടകുടുംബ ങ്ങളാണ് ഈ ദുഃസ്ഥിതിയിലുള്ളത്.

ഭവനനിർമ്മാണത്തിന് അനുവധിക്കുന്ന തുക അപര്യാപതമായതിനാൽ വീടുകൾ പൂർത്തികരിക്കാൻ കഴിയുന്നില്ല.

## പ്രശ്നങ്ങൾ

1. പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ അധികവും കൂട്ടുകുടുംബമായി താമസിക്കുന്നു.

2. അടിസ്ഥാനസൗകര്യങ്ങൾ തൃപതികരമല്ല.

3.നാല് സെന്റ് കോളനിയിലും ലക്ഷം വീടുകളിലും താമസ്സിക്കുന്ന കുടുംബങ്ങൾക്കു പട്ടയം ഇല്ല.

4. ശുചിത്വപരിപാലനസൗകര്യങ്ങൾ തൃപതികരമല്ല.

5. ഭൂരിപക്ഷം കോളനിയിലും വൈദ്യുതി എത്തിയിട്ടില്ല. കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു.

6. കാർഷീകമേഖലവിട്ട് തൊഴിലാളികൾ മറ്റുമേഖലകൾ കണ്ടെത്തുന്നു.

7. നെൽപ്പാടങ്ങൾ നികത്തി കരഭൂമിയാക്കിമാറ്റപ്പെടുന്നു.

8. റബ്ബർകൃഷികാർഷിക മേഖലയായി മാറ്റപ്പെടുന്നതിനാൽ കാർഷീകമേഖലയിലെ പരമ്പരാഗത തൊഴിലവസരങ്ങൾ കുറയുന്നു.

9.വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

10. വിദ്യാർത്ഥികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് സാധാരണയാണ്.

11. ആരോഗ്യസംരക്ഷണസംവിധാനമില്ല.

12. സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തന ങ്ങളേകുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല.

13. പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിൽ അധികവും ഓലപ്പുരകളിൽ താമസിക്കുന്നു.

14. IRDP, JRY തുടങ്ങിയ പദ്ധതികൾ ലക്ഷ്യപ്രാപ്തികൈവരിച്ചിട്ടില്ല.

15. ഭവനനിർമ്മാണത്തിനുള്ള ധനസഹായം അപര്യാപ്തമാണ്.

16. കോളനി റോഡുകൾ സഞ്ചാരയോഗ്യമല്ല.

17. യുവതീയുവാക്കളുടെ ഇടയിലെ തൊഴി ലില്ലായ്മ രൂക്ഷമാണ്.

18. സഹകരണ സ്ഥാപനങ്ങളിൽ സംവരണതത്ത്വം പാലിക്കുന്നില്ല.

19. എയിഡഡ് സ്ക്കുളുകളിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല.

20. പട്ടികജാതി പട്ടികവർഗ്ഗസഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപതികരമല്ല.

21. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനത്തിനുള്ള സൗകര്യ ങ്ങളില്ല.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ഒന്നാവാർഡിൽ തടത്തിൽ പഞ്ചായത്തുകോളനി, ആലുന്തറ ലക്ഷം വീടുകോളനി, 3-)ം വാർഡിൽ

പഞ്ചായത്തുകോളനി, തെറ്റുപാറപുറമ്പോക്ക് കോളനി, അഞ്ചാവാർഡിൽ മുല്ലശ്ശേരി ലക്ഷം വീട് കോളനി, വെള്ളിക്കര ലക്ഷം വീടുകോളനി, ഏഴാം വാർഡിൽ പൊട്ടുകുളത്തിൽചിറ, പ്ലാവേലിച്ചിറ കോളനി, എട്ടാം വാർഡിൽ ചെള്ളേത്തുപാറ, നുകത്തല കോളനി, പതിനൊന്നാം വാർഡിൽ കുന്നം ലക്ഷം വീട് കോളനി എന്നീ കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.

2. വീടുകൾ അനുവദിക്കുമ്പോൾ , കക്കൂസ്, കുളിമുറി, പുകയില്ലാത്ത അടുപ്പ് ഇവ നിർമ്മിക്കുന്നതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതിനാവശ്യമായ പണം അനുവദിക്കുകയും ചെയ്യണം.

3. അടിത്തറയും ഭിത്തിയുള്ള വീടുകൾക്ക് ഓട് മേയുന്നതിനും, അറ്റകുറ്റപണികൾക്കും ഗ്രാൻഡ് അനുവദിക്കണം.

4. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് പുനരധിവാസ പദ്ധതി പ്രകാരം സ്ഥലംവാങ്ങി വീടുനിർമ്മിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കണം.

5. ഇന്നുനിലവിലുള്ള ലക്ഷം വീടിന്റെ ഇരട്ടകുടുംബ സമ്പ്രദായം മാറ്റി പ്രത്യേക വീടുകൾ പണിത് നൽകുക.

6. ജീർണ്ണാവസ്ഥയിൽ നിലകൊണ്ടിരുന്ന ലക്ഷം വീടുകളുടെ പുനരുദ്ധാരണം അടക്കമുള്ള പണികൾ അർഹതപ്പെട്ടവർക്ക് അടിയന്തിരമായി ചെയ്തുകൊടുക്കുക.

7. ഭവനനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കണം.

8. പഞ്ചായത്തിലെ മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്കു വിതരണം ചെയ്യണം.

9. ഒന്നാം വാർഡിലെ തടത്തിൽ പഞ്ചായത്ത് കോളനി, വട്ടമല കോളനി, തെക്കേച്ചരുവിൽ കോളനികൾ മൂന്നാം വാർഡിലെ പഞ്ചായത്ത് കോളനി, ഏഴാം വാർഡിലെ പൊട്ടുകുളത്തിൽ ചിറ, പ്ലാവേലിച്ചിറ, എട്ടാവാർഡിലെ നുകത്തല പഞ്ചായത്തു കോളനി, ചെള്ളേത്തുപാറ കോളനി, ഒൻമ്പതാം വാർഡിലേ പടമൺ കോളനി, പതിനൊന്നാം വാർഡിലെ കുന്നം ലക്ഷം വീടുകോളനി, ചെറുതിട്ടകോളനി പാറയ്ക്കൽ കോളനി, നാലാവാർഡിലേ ചേന്നമല ഇവ വൈദ്യുതീകരിക്കണം. നാലാംവാർഡിൽ ചേന്നമല

10. വൈദ്യുതീകരണത്തിന്റെ പ്രയോജനം, വൈദ്യുതീകരിച്ചകോളനികളിലെ എല്ലാ കുടുംബങ്ങൾക്കും ലഭിക്കത്തക്കവണ്ണം നടപ്പിലാക്കണം.

11. സൗജന്യ വൈദ്യുതീകരണ പദ്ധതി എല്ലാകോളനികളിലും കോളനികളിൽ നടപ്പിൽ വരുത്തണം.

12. കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കണം.

13. ആരോഗ്യരക്ഷാ പ്രവർത്തകരുടെ വിദഗ്ദ്ധസംഘം കോളനികൾ സന്ദർശിച്ച് ആരോഗ്യവും ബോധവൽക്കരണവും ചികിത്സയും നിർദ്ദേശിക്കണം. സാനിട്ടറി സൗകര്യങ്ങൾ എല്ലാ കുടുംമ്പങ്ങൾക്കും നൽകുക.

14. സാനിട്ടറി സൗകര്യങ്ങൾ എല്ലാ കുടുംബങ്ങൾക്കും ഉറപ്പു വരുത്തണം.

15. ഒന്നാം വാർഡിൽ നിർമ്മിച്ചിരിക്കുന്ന സാംസ്ക്കാരീക കേന്ദ്രം അടിസ്ഥാനമാക്കി ഒരു പ്രാഥമീക ആരോഗ്യകേന്ദ്രം ആരംഭിക്കുക.

16. പ്രധാനപ്പെട്ട എല്ലാ കോളനികളിലും പൊതുശ്മശാനം നിർമ്മിക്കുക.

17. നാലാം വാർഡിലെ കരിയിലക്കുളത്തിൽ കെട്ടിക്കിടക്കുന്ന മലിനജലം ഒഴുകിപോകുന്ന

തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം.

18. കോളനി റോഡുകൾ പുനരുദ്ധാരണം നടത്തി ടാർ ചെയ്യുക. (വിശദവിവരത്തിന് പട്ടിക കാണുക)

19. ആനുകൂല്യങ്ങളും അവസരങ്ങളും മുൻകൂട്ടി പ്രസിദ്ധീകരിച്ച് വേണ്ടത്ര പ്രചരണം നടത്തണം.

20. പട്ടികജാതി വികസനവകുപ്പിന്റെയും പട്ടിജാതി ക്ഷേമകോർപ്പറേഷന്റെയും ക്ഷേമപദ്ധികൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

21. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും ജോലി ഉറപ്പു വരുത്തുക.

22. എല്ലാ കോളനികളിലും ബാലവാടി സ്ഥാപിക്കണം.

23. ഒന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ഡേകെയർ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. മറ്റുകോളനികളിലും ഡേകെയർ സെൻഡറുകൾ ആരംഭിക്കുക. എല്ലാ കോളനികളിലും വായനശാലകൾ സ്ഥാപിക്കുക.

24. 2 -ാംവാർഡിൽ ആന്താലിമൺ കോളനി, 5-ാം വാർഡിൽ വെള്ളിക്കരയിലെ പൊതുസ്ഥലം (R.D.S വക) , 7-ാംവാർഡിൽ കുന്നത്തുംകര കോളനി, 11-ാം വാർഡിൽ കുന്നം കോളനി എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

25. കുന്നത്തുംകര, ആന്താലിമൺ, വെള്ളിക്കര, പുലരികാട് എന്നീ കോളനികളിൽ T.V. സ്ഥാപിക്കണം.

26. പഞ്ചായത്തിലെ പൊതുമേഖല സ്ഥാപനങ്ങളിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകളിൽ അഭ്യസ്ഥവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻഗണന നല്കുക.

27. പ്രധാന കോളനികൾ കേന്ദ്രീകരിച്ച് സ്റ്റഡി സെന്റർ തുടങ്ങുക. സന്നദ്ധ സംഘടനകളുടെയും അഭ്യസ്ത വിദ്യരായ ആളുകളുടെയും സേവനം പ്രയോജന പ്പെടുത്താം.

28. കാർഷീകമേഖല അഭിവൃദ്ധിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

29. പഞ്ചായത്തുതലത്തിൽ സ്പോർട്സ്, ഗെയിംസ് വിഭാഗത്തിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തി ആവിശ്യമായ പ്രോത്സാഹനം നൽകുക.

30. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന യോഗ്യതയുള്ള കലാസംഘങ്ങൾക്കും കലാകാരന്മാർക്കും ആവശ്യമെങ്കിൽ സാമ്പത്തീകസഹായം നൽകി പ്രോൽ സാഹനം നൽകുക.

31. പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ടി സംഘത്തിൽ അനുവദി ച്ചിട്ടുള്ള ട്രാക്ടർ ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം. ടി സംഘത്തിൻകീഴിൽ കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

32. കോളനികൾ കേന്ദ്രമാക്കി പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ കൈക്കോള്ളണം.

33. കോളനികളിലെ മണ്ണൊലിപ്പ് തടയുന്ന തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.

34. പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൻമേൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പഞ്ചായത്തുസമതിയുടെ മേൽനോട്ട

ത്തിലായിരിക്കണം.

35. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ IRDP അടക്കമുള്ള കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക.

36. പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റൽ മൂന്നാം വാർഡ് കേന്ദ്രമാക്കി ആരംഭിക്കുക.

37. തൊഴിലതിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം കോടുത്തുകൊണ്ടുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം. 8, 10, 11 വാർഡുകളിൽ ഇതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

38. പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്കു കൊടുക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ അപേക്ഷകരുണ്ടെങ്കിൽ അത്തര ക്കാർക്ക് മുൻഗണനൽകുക.

39. നാലാം വാർഡിൽ പ്രവർത്തിക്കുന്ന സുബല എന്ന വനിതാക്ഷേമ സഹകരണ യൂണിറ്റിനു വേണ്ടസാമ്പത്തിക സഹായം ലഭ്യമാക്കുകയും പ്രോത്സാനം നൽകുകയും ചെയ്യുക.

40. വനിതകൾക്കായി ഒന്നാംവാർഡിൽ ഒരുതയ്യൽ പരിശീലനകേന്ദ്രം, ഒരു മെഴുകുതിരി നിർമ്മാണ കേന്ദ്രം. കറി പൗഡർ നിർമ്മാണ കേന്ദ്രം എന്നിവസ്ഥാപിക്കുക. മൂന്നാം വാർഡിൽ ഒരുതൊഴിൽ പരിശീലനകേന്ദ്രം അഞ്ചാവാർഡിൽ ഒരു കോഴിവളർത്തൽ കേന്ദ്രം 7,8,10,11 എന്നീ വാർഡുകളിൽ ഓരോതയ്യൽ പരിശീലന കേന്ദ്രവും റെഡിമേഡ് നിർമ്മാണകേന്ദ്രവും സ്ഥാപിക്കുക. കൂടാതെ പത്താം വാർഡിൽ കിഴക്കേകുന്നം കേന്ദ്രമാക്കി ഈറ ഉപയോഗിച്ചുള്ള കുടിൽ വ്യവസാത്തിനും മെറ്റൽ, പാറപ്പൊടി, വേലിക്കല്ല് തുടങ്ങിയവ്യവസാങ്ങൾക്കും സാധ്യയുണ്ട്. പഞ്ചായത്തിൽ ആധുനീക കൂൺകൃഷിക്കുള്ള സാദ്ധ്യതയുണ്ട്.

41. പഞ്ചായത്ത് തലത്തിൽ തൊഴിൽ രഹിതരായ യുവാക്കളെ സംഘടിപ്പിച്ച് സഹകരണാടി സ്ഥാനത്തിൽ ഹോളോബ്രിക്സിന്റെ ഒരു നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

42. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ അവരുടെ പ്രതിവാരവരുമാനത്തിന്റെ ഒരുനിശ്ചിതശതമാനം സമ്പാദ്യപദ്ധതിയിൽ നിക്ഷേപിച്ച് അവരിൽ സമ്പാദ്യശീലം വളർത്തിയെടുത്ത് കുടുംബങ്ങളുടെ ഭാവിസുരക്ഷിതപ്പെടുത്തുക.

43. 8-ൽ അധികം പട്ടികജാതി വർഗ്ഗ കുടുംബങ്ങൾ പാർക്കുന്ന കോളനികൾ ലിസ്റ്റിൽപ്പെടുത്തുക.

| വാർഡ് | ആകെ കുടും ബങ്ങൾ | വീടാവിശ്യ മുള്ളവർ | കക്കുസ്ആവ ശ്യമുള്ളവർ | വൈദ്യുതി ആവ ശ്യമുള്ളവർ |
|---|---|---|---|---|
| 1. | 144 | 40 | 80 | 85 |
| 2. | 41 | 20 | 20 | 23 |
| 3. | 230 | 62 | 190 | 84 |
| 4. | 87 | 22 | 32 | 20 |
| 5. | 60 | 6 | 37 | 29 |
| 6. | 58 | 15 | 25 | 29 |
| 7. | 96 | 38 | 77 | 89 |

| | | | | |
|---|---|---|---|---|
| 8. | 126 | 34 | 57 | 51 |
| 9. | 67 | 10 | 28 | 22 |
| 10. | 66 | 20 | 32 | 27 |
| 11. | 75 | 23 | 44 | 57 |
| ആകെ | 1050 | 290 | 622 | 516 |

പട്ടിക

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം | അംഗ സംഖ്യ |
|---|---|---|---|---|
| 1. | തടത്തിൽ കോളനി | 1 | 10 | |
| 2. | കാഞ്ഞിരപ്പാറ | 1 | 82 | 319 |
| 3. | വട്ടമല | 1 | 10 | 43 |
| 4. | തെക്കേചരിവ് | 1 | 12 | 50 |
| 5. | ആന്താലിമണ്ണിൽപാറ | 2 | 24 | 110 |
| 6. | പുലിക്കലും പുറം | 2 | 12 | 53 |
| 7. | കൊയിക്കാട്ടുകാവ് | 3 | 16 | 79 |
| 8. | ചിത്തിരമന്ദിരം | 3 | 25 | 143 |
| 9. | മുല്ലശേരിൽ | 5 | 17 | 88 |
| 10. | വെള്ളിക്കര | 5 | 11 | 58 |
| 11. | നെല്ലിമല | 6 | 25 | 133 |
| 12. | കുന്നുത്തുംകര തെക്ക് | 7 | 70 | 401 |
| 13. | കൊച്ചുപറമ്പിൽ | 7 | 18 | 77 |
| 14. | മീനാറംകുന്ന് | 7 | 14 | 112 |
| 15. | പൊട്ടുകുളം | 7 | 15 | 95 |
| 16. | നുകത്തല | 8 | 24 | 107 |
| 17. | പറങ്കിനിൽക്കുന്നതിൽ | 8 | 13 | 83 |
| 18. | കുണ്ടോത്തുകാലായിൽ | 9 | 16 | 62 |
| 19. | പടമൺ | 9 | 15 | 71 |
| 20. | മുട്ടളയിൽ | 9 | 10 | 51 |
| 21. | കുന്നം കോളനി | 11 | 34 | 200 |
| 22. | കുന്നം ലക്ഷം വീട് | 11 | 11 | 51 |
| 23. | പടിഞ്ഞാറേകുന്നം | 11 | 37 | 220 |
| 24. | നെല്ലിക്കൽ | 11 | 12 | 60 |
| 25. | നെല്ലിക്കൽ പാറഭാഗം | 11 | 10 | 43 |
| | | | 544 | 2693 |

മേൽപട്ടികയിൽ ഇല്ലാത്തവർ അംഗീകാരമില്ലാത്ത കോളനികളിലും മറ്റുഭാഗങ്ങളിലും താമസിക്കുന്നവരാണ്.

**പട്ടിക**
**അംഗീകാരത്തിനു സമർപ്പിച്ചത്**

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | ആലുംന്തറലക്ഷം വീട് | 1 | 13 |
| 2. | പുലരികാടുകോളനി | 3 | 16 |
| 3. | പൊര്യയക്കൽ കോളനി | 3 | 21 |
| 4. | കാലായികോളനി | 3 | 10 |
| 5. | തെറ്റുപാറ നാലുസെന്റ് കോളനി | 3 | 20 |
| 6. | നെടുമൺ | 3 | 18 |
| 7. | ചേന്നമല കോളനി | 4 | 18 |
| 8. | കല്ലുവാരിക്കൽ | 8 | 10 |
| 9. | മേപ്രത്ത് | 8 | 10 |
| 10. | ഉള്ളൂർചിറ | 10 | 33 |
| 11. | ഉള്ളൂർ ചാത്തൻപാറ | 10 | 15 |

പട്ടിക.

| ക്രമനമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | | കുടിവെള്ളം |
|---|---|---|---|---|---|---|---|
| | | ഗതാഗതയോഗ്യമായത് | ഗതാഗതയോഗ്യമല്ലാത്തത് | ഇപ്പം ഇല്ലാത്തവർ | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്ത് | ടാപ്പ് |
| 1. | കാഞ്ഞിരപ്പാറ | ഇല്ല | | | ഉണ്ട് | | ഉണ്ട് |
| 2. | വട്ടമല | ഉണ്ട് | | | | ഇല്ല | ഇല്ല |
| 3. | തെക്കേചരിവ് | | ഇല്ല | | | ഇല്ല | ഇല്ല |
| 4. | ആന്താലിമണ്ണിൽ പാറ | ഉണ്ട് | | | ഉണ്ട് | | ഉണ്ട് |
| 5. | പുലിക്കല്ലും പുറം | | ഇല്ല | | | ഇല്ല | ഇല്ല |
| 6. | കൊയിക്കാട്ടു കാവ് | | ഇല്ല | | ഉണ്ട് | | ഇല്ല |
| 7. | ചിത്തിരമന്ദിരം | ഉണ്ട് | | | ഉണ്ട് | | |
| 8. | പുലരിക്കാടുകോളനി | | | | ഉണ്ട് | | |
| 9. | പൊരിയിക്കൽ കോളനി | ഉണ്ട് | | | ഉണ്ട് | | |
| 10. | കാലായിൽക്കോളനി | | | | | | |
| 11. | തെറ്റുപാറ 4 സെന്റുകോളനി | ഇല്ല | | | ഇല്ല | | |
| 12. | നെടുമൺ | | | | | | |
| 13. | ചേന്നമല കോളനി | ഇല്ല | ഉണ്ട് | | | | ഇല്ല |
| 14. | കുറ്റിക്കാലാകോളനി | ഉണ്ട് | | | | | |
| 15. | കരിയിലക്കുളം | ഇല്ല | | | | | |
| 16. | മുല്ലശേരിൽ | ഇല്ല | | | ഉണ്ട് | | ഇല്ല |
| 17. | വെള്ളിക്കര | ഇല്ല | | | ഉണ്ട് | | ഇല്ല |
| 18. | വെള്ളിക്കരപാറ | ഇല്ല | | | ഉണ്ട് | | ഇല്ല |
| 19. | നെല്ലിമല | ഉണ്ട് | | | ഉണ്ട് | | ഉണ്ട് |
| 20. | കുന്നത്തും കരതെക്ക് | | ഇല്ല | | ഉണ്ട് | | ഇല്ല |
| 21. | കോച്ചുപറമ്പിൽ | | ഇല്ല | | ഉണ്ട് | | |
| 22. | മീനാറും കുന്ന് | ഇല്ല | | | | ഇല്ല | ഇല്ല |
| 23. | പോട്ടുകുളം | ഇല്ല | | ഇല്ല | | ഇല്ല | ഇല്ല |
| 24. | നുകത്തല | ഉണ്ട് | | | | ഇല്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 25. | പറങ്കിനിൽക്കുന്നതിൽ | ഉണ്ട് | | | ഉണ്ട് | | |
| 26. | കല്ലുവാരിക്കൽ | | | | ഉണ്ട് | | |
| 27. | മേപ്രത്ത് | | | | | | |
| 28. | കുണ്ടേത്തുകാലായിൽ | ഇല്ല | | | ഉണ്ട് | | ഇല്ല |
| 29. | പടമൺ | ഉണ്ട് | | | ഉണ്ട് | | |
| 30. | മുട്ടളയിൽ | ഉണ്ട് | | | ഉണ്ട് | | ഇല്ല |
| 31. | ഉള്ളൂ ർകോളനി. | ഉണ്ട് | | | ഉണ്ട് | | ഉണ്ട് |
| 32. | ഉള്ളൂർചാത്തൻപാറ | ഉണ്ട് | | | ഉണ്ട് | | |
| 33. | കുന്നം കോളനി | ഉണ്ട് | | | | | |
| 34. | കുന്നംലക്ഷംവീട് | ഇല്ല | | | | | |
| 35. | കുന്നംപടിഞ്ഞാറ് | | | | | | |
| 36. | നെല്ലിക്കൽ | | | | | | |
| 37. | നെല്ലിക്കൽപാറ ഭാഗം | | | | | | |

| പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇനംതിരിച്ചുള്ള കണക്ക് H.S. വിഭാഗം. | | | | | | |
|---|---|---|---|---|---|---|
| നമ്പർ | സ്ക്കുളിന്റെ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | പട്ടിക വർഗ്ഗം | |
| | | | | | ആൺ | പെൺ |
| 1 | കോയിപ്രം ഹൈസ്ക്കൂൾ | 76 | 73 | 149 | | |
| 2. | S.V.H.S. പുല്ലാട് | 105 | 112 | 217 | 3 | 5 |
| 3. | N.M.H.S. കുമ്പനാട് | 27 | 27 | 54 | | |
| 4, | ബ്രദറൻ ഇംഗ്ലീഷ്മീഡിയം എച്ച്. എസ്സ്. കുമ്പനാട് | ഇല്ല | ഇല്ല | | | |
| | | U.P. വിഭാഗം | | | | |
| 1. | ഗവൺമെന്റ് യു. പി. എസ്സ്. പുല്ലാട് | 37 | 35 | 72 | 1 | 1 |
| 2, | ഗവൺമെന്റ് യു. പി. എസ്സ്. പുല്ലാട് | 23 | 15 | 38 | 1 | 1 |
| 3. | ഗവൺമെന്റ് യു. പി. ബി. എസ്സ്. കുമ്പനാട് | 7 | 16 | 23 | | |
| 4, | എസ്സ്. യു. പി. എസ്സ്. പൂവത്തൂർ | 9<br>L.P. വിഭാഗം | 10 | 19 | | |
| 1. | ഗവൺമെന്റ് എൽ. പി. എസ്സ്. കുമ്പനാട് | 2 | 4 | 6 | | |
| 2. | ഗവൺമെന്റ് ന്യൂ എൽ. പി. എസ്സ് പുല്ലാട് | 4 | 12 | 16 | | |
| 3. | ഗവൺമെന്റ് എൽ. പി. എസ്സ് പൂവത്തൂർ | 3 | 3 | 6 | | |
| 4. | M.T.L.P.S. പുല്ലാട് | 1 | 2 | 1 | 3 | |
| 5. | E.A.L.P.S. പുലരിക്കാട്5 | 7 | 12 | | | |
| 6. | M.T.L.P.S. കുറങ്ങഴ ഭാഗം | 20 | 15 | 35 | | |
| 7. | M.T.L.P.S. കുന്നന്താനം | 12 | 8 | 20 | | |
| 8. | M.T.L.P.S. കടപ്ര | | | 17 | | |
| 9. | C.M.S.L.P.S.പൂവത്തൂർ | ഇല്ല | ഇല്ല | ഇല്ല | | |
| 10. | E.A.L.P.S. നെല്ലിമല | 5 | 1 | 6 | | |
| 11. | M.T.L.P.S പൂവത്തൂർ | 5 | 2 | 7 | | |
| 12, | M.T.L.P.S തട്ടക്കാട് | 3 | 3 | 6 | | |
| 13. | S.A.L.P.S. മടത്തുംഭാഗം | 4 | 3 | 7 | | |
| 14. | ഗ്രയിസ് മൗണ്ട് ഇംഗ്ലീഷ് മിഡിയം L.P.S. | ഇല്ല | ഇല്ല. | | | |

5.12

# വിഭവസമാഹരണം

കൃഷി, പ്രകൃതി വിഭവങ്ങൾ, മനുഷ്യവിഭവം,നികുതികളും വാടകയും, വ്യവസായം, സമ്പാദ്യങ്ങൾ എന്നിവയാണ് ഓരോ പ്രദേശത്തിന്റെയും പ്രധാന വിഭവങ്ങൾ. കൃഷിക്കനുയോജ്യമായ മണ്ണ്, കൂടിയ നിരക്കിലുള്ള കാലവർഷം, കുന്നിൻപ്രദേശങ്ങളും, പമ്പാനദീതടവും, ഇവക്കുമധ്യേയുള്ള സമതലപ്രദേശവുമാണ് കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത. ഏകദേശം ഭൂമിയുടെ മൂന്നിലൊന്ന് വയലാണ്. കരയുടെ പകുതിയിലധികവും റബ്ബറാണ് കൃഷി ചെയ്യുന്നത്. നെല്ല്, മരച്ചീനി, നാളികേരം എന്നിവയാണ് മറ്റു പ്രധാന വിളകൾ. കാർഷികവിളകൾ അസംസ്കൃത വസ്തുവായിതന്നെ കയറ്റി അയക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ,വിപണിയിലെ മത്സരവും അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും മൂലം തകർച്ചയിലാണ്. കർഷക തൊഴിലാളികളും പരമ്പരാഗത വ്യവസായ തൊഴിലാളികളും കൂടുതൽ കൂലി ലഭിക്കുന്ന നിർമ്മാണ മേഖലയിലേക്ക് കുടിയേറുക വഴി, കാർഷിക മേഖലയിൽ വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ല.

തൊഴിലില്ലാഴ്മ ഗ്രാമപഞ്ചായത്ത് നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ്. ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നത് മറ്റൊരു പ്രശ്നമാണ്. വ്യവസായങ്ങളുടെ അഭാവം തൊഴിലില്ലായ്മയ്ക്ക് കാരണമാണ്. തൊഴിലില്ലാത്തവരിൽ കൂടുതലും ഉന്നത വിദ്യാഭ്യാസം ലഭിച്ചവരാണ്. കാർഷികോല്പാദനം വർദ്ധിപ്പിച്ചു കൊണ്ടും അനുബന്ധ വ്യവസായങ്ങൾ ആരംഭിച്ചു കൊണ്ടും മാത്രമേ കോയിപ്രം ഗ്രാമപഞ്ചായത്തിന് മുന്നേറാനാവു. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമായ പഞ്ചായത്ത് എന്ന നിലയിൽ, പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റിത്തീർക്കുവാൻ കഴിയും.

കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ ചെലവുകളിൽ 70 ശതമാനത്തിലധികം ഭരണച്ചിലവിനും പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. 15 ശതമാനത്തിലധികം തെരുവുവിളക്കുകൾക്കാണ് ഉപയോഗിക്കുന്നത്. എന്നാൽ എല്ലാ തെരുവുവിളക്കുകളും കത്തുന്നില്ല. പൊതുമരാമത്ത് ജോലികൾ നോമിനി വഴിയോ, ലേലം ചെയ്തോ ആണ്നടത്തുന്നത്. മരാമത്ത് ജോലികൾ നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ കഴിഞ്ഞാൽ ചെലവുകളിൽ നല്ലൊരു ശതമാനം മറ്റു മേഖലകളിൽ വിനിയോഗിക്കുവാൻ കഴിയും.

## പുതിയ നികുതി നിർദ്ദേശങ്ങൾ

1 കെട്ടിടനിർമ്മാണ നിയമം ഫലപ്രദമായി നടപ്പിലാക്കണം. വീട്ടുകരം ശാസ്ത്രീയമായി പുനസംവിധാനം ചെയ്യണം.

2 ഇഷ്ടിക ചൂളകൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക. ചുടുകട്ട നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഭൂമിക്ക് റോയൽറ്റി ഈടാക്കുക.

3 ഗ്രാമ പഞ്ചായത്തിൽ സ്റ്റാൻന്റ് പെർമ്മിറ്റുള്ള വാഹനങ്ങൾക്ക് പാർക്കിംഗ് നികുതി ഏർപ്പെടുത്തുക.

4 പരസ്യ നികുതി ക്ലിപ്തപ്പെടുത്തുക.

നികുതിപ്പിരിവ് കാര്യക്ഷമമായി നടപ്പിലാക്കുവാൻ സംവിധാനം ഉണ്ടാക്കുക.

5 സ്വകാര്യ വാഹന ഉടമകൾക്ക് നികുതി ഏർപ്പെടുത്തുക. തുടക്കം എന്ന നിലയിൽ ചെറിയ തോതിലായിരിക്കണം നികുതി ചുമത്തേണ്ടത്.

6 റബ്ബർ നേഴ്സറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

7 കച്ചവടക്കാർക്കുള്ള ലൈസൻസ് ഫീസ് ശാസ്ത്രീയമായി പരിഷ്ക്കരിക്കണം.

8 നാട്ടിൻപുറങ്ങളിലെ സ്വകാര്യ പണമിടപാടുകാർക്ക് രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുക. ഇത്തരം പണമിടപാടുകാരെ നിയന്ത്രിക്കുവാൻ നിയമ നിർമ്മാണം നടത്തുകയും, നിയന്ത്രണാധികാരം ഗ്രാമ പഞ്ചായത്ത് നൽകുകയും ചെയ്യുക.

9 നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് ഫീസ് പരിഷ്ക്കരിക്കണം. ലൈസൻസ് ഇല്ലാത്ത നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കണം.

10 ഭൂമി കൈമാറ്റ ചുങ്കത്തിലെ അപാകതകൾ പരിഹരിക്കണം. വസ്തു കൈമാറ്റം നടക്കുന്ന മാർക്കറ്റ് വിലയിൽ വളരെ കുറച്ചുമാത്രമാണ് ആധാരങ്ങളിൽ രേഖപ്പെടുത്തുന്നത്. തൻമൂലം ഗണ്യമായ തോതിൽ നികുതിചോർച്ച ഉണ്ടാകുന്നു. ഇത് പരിഹരിക്കുവാൻ നിയമ നിർമ്മാണമടക്കമുള്ള നടപടികൾ ഉണ്ടാകണം.

11 നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ ജനപ്രതിനിധികളടങ്ങുന്ന മോണിറ്ററിംഗ് കമ്മറ്റി ഉണ്ടാക്കണം.

## കൂടുതൽ വരുമാനം കണ്ടെത്തുന്നതിനുള്ള മറ്റു നിർദ്ദേശങ്ങൾ.

1 മണൽവാരൽ ലേലം നിർത്തലാക്കുക. മണൽകൊണ്ടുപോകുന്ന വാഹനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയും, മണൽവാരുന്നതിന് നികുതി ചുമത്തിയും, മണൽവാരൽ ഗ്രാമപഞ്ചായത്ത് നേരിട്ട് നിയന്ത്രിക്കണം.

2 ഉപയോഗ ശൂന്യമായ കുളങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കുയും, അവ മത്സ്യ കൃഷിക്കായി ലേലം ചെയ്ത് കൊടുക്കുകയും ചെയ്യുക.

3 പഞ്ചായത്തിലെ പ്രധാനസ്ഥലങ്ങളിലെ പുറമ്പോക്ക് ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയണം. ധനകാര്യ ഏജൻസികളിൽ നിന്നുള്ള വായ്പയും, സംഭാവനകളും ഇതിനായി ഉപയോഗിക്കണം.

4 പുറമ്പോക്ക് ഭൂമികളിലെ പാറ പൊട്ടിക്കുന്നത് ഗ്രാമപഞ്ചായത്ത് നേരിട്ട് ലേലം ചെയ്തുകൊടുത്തു കൊണ്ടായിരിക്കണം.

5 കുമ്പനാട്ട് ഒരു മാർക്കറ്റ് സ്ഥാപിക്കുക.

6 കമ്മ്യൂണിറ്റി ഹാൾ പണിയണം. വായ്പയും, സംഭാവനകളും ഇതിനായി ഉപയോഗിക്കണം.

7 കടപ്ര പബ്ലിക്ക് മാർക്കറ്റ് പുനർജ്ജീവിപ്പിച്ച് വ്യവസായ പുരോഗതി ഉണ്ടാക്കുക.

## മറ്റ് വിഭവങ്ങൾ

കോയിപ്രം ഗ്രാമപഞ്ചായത്ത് നിവാസികളായ നൂറുകണക്കിനാളുകൾ ലോകമൊട്ടാകെയുള്ള രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ സമ്പാദ്യങ്ങളിൽ ഭൂരിഭാഗവും വാണിജ്യബാങ്കുകളിൽ നിക്ഷേപമാ യിട്ടാണുള്ളത്. വിദേശമലയാളികളിൽ നിന്നുള്ള സംഭാവനകളും, സഹായങ്ങളും, മുതൽമുടക്കുകളും വ്യവസായ മേഖലയിൽ ശേഖരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയണം. നിർമ്മാണ പ്രവർത്തനങ്ങളിൽ അടക്കം വിദേശമലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ പരിശ്രമിക്കണം. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നുമുള്ള സാമ്പത്തിക സഹായങ്ങളും, പഞ്ചായത്തിൽ ലഭ്യമായ മനുഷ്യാദ്ധ്വാനവും വിനിയോഗിച്ച് കാർഷിക വ്യവസായ മേഖലയിൽ പുരോഗതി കൈവരിക്കുവാൻ കഴിയണം. കാർഷികോൽപാദനം വർദ്ധിപ്പിക്കുവാൻ മുന്തിയ പരിഗണന നൽകണം. കാർഷിക വ്യവസായ മേഖലയിൽ ക്രമാനുഗതമായ വളർച്ച കൈവരിച്ച് തൊഴിലില്ലായ്മ പരിഹരിക്കുവാൻ പ്രാധാന്യം നൽകുവാൻ കഴിയണം.

## കോയിപ്രം ഗ്രാമ പഞ്ചായത്തിന്റെ വരവിനങ്ങൾ

| വരവിനങ്ങൾ | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| കെട്ടിടനികുതി | 367710 | 217447.05 | 581385.05 | 387511.45 |
| സർവീസ് ചാർജ്ജ് | 57654.97 | 80636.40 | 216698.90 | 146479.30 |
| തൊഴിൽനികുതി | 190587 | 126375 | 237560 | 218810 |
| വാഹന നികുതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| വിനോദനികുതി | 18000 | 18000 | 20100 | 22200 |
| അധികവിനോദനികുതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| പ്രദർശനനികുതി | 859 | 946 | 1951 | 1598 |
| പ്രദർശനനികുതിയിൽ മേലുള്ള സർചാർജ്ജ് | 214.75 | 236.50 | 479.75 | 399.50 |
| ചന്ത വരവ് | 48900 | 49407 | 50005 | 79145 |
| ലാന്റ് സെസ്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ലൈസൻസ് ഫീസ് | 7878 | 7089 | 10126 | 7664 |
| കെട്ടിടനികുതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സർചാർജ്ജ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| വസ്തു കൈമാറ്റനികുതി | | | | |
| 75 ശതമാനം | 161972 | 75402 | 292459 | 287221 |
| 25 ശതമാനം | 14238 | ഇല്ല | ഇല്ല | 50000 |
| സർക്കാർ ഗ്രാന്റുകളും മറ്റും | 350909 | 191000 | 303191 | 751602 |
| സംഭാവന | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഡെപ്പോസിറ്റ് | 13670 | 19020.17 | 25927 | 5050 |
| മറ്റുള്ളവ | 196831 20 | 26850 23 | 107387 20 | 87274 40 |
| ആകെ | 1429423 92 | 812459 35 | 1847219 90 | 2044954 65 |

## കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ ചിലവിനങ്ങൾ

| ചിലവിനങ്ങൾ | 1992–93 | 1993–94 | 94–95 | 95–96 |
|---|---|---|---|---|
| ഭരണം | 386127.00 | 3056 92.00 | 479622.00 | 353072.00 |
| പൊതുമരാമത്ത് | 361596.00 | 492517.00 | 842084.00 | 595383.00 |
| വിദ്യാഭ്യാസം | 30194.65 | 36540.00 | 41790.00 | 22829.00 |
| ജലവിതരണവും | ഇല്ല | ഇല്ല | 200000.00 | 150010.00 |
| ഓടകളും | | | | |
| പൊതുജനാരോഗ്യം | 20000.00 | ഇല്ല | ഇല്ല | ഇല്ല |
| തെരുവുവിളക്കുകൾ | 146389.00 | 166575.00 | 187958.00 | 184650.00 |
| മറ്റുള്ളവ | 21622.50 | 93285.00 | 58035.00 | 139360.00 |
| ആകെ | 965929.15 | 1074609.00 | 1809489.00 | 1645310.00 |

## ചെലവ്–പട്ടിക–ശതമാനം

| ഇനം | 1992–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| ഭരണചെലവ് | 39.97 | 27.92 | 26.51 | 33.61 |
| പൊതുമരാമത്ത് | 37.43 | 44.99 | 46.54 | 36.19 |
| വിദ്യാഭ്യാസം | 3.12 | 3.33 | 2.31 | 1.39 |
| ജലവിതരണവും | | | | |
| ഓടകളും | 2.07 | – | 11.05 | 9.12 |
| പൊതുജനാരോഗ്യവും | | | | |
| തെരുവു വിളക്കുകൾ | 15.15 | 15.22 | 10.38 | 11.22 |
| മറ്റിനങ്ങൾ | 2.26 | 8.54 | 3.21 | 8.47 |

# 6

# ഉപസംഹാരം

പഞ്ചായത്ത് രാജ് നിയമ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി 30-09-95 ശനിയാഴ്ച 11 മണിക്ക് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അന്ന് 11.45 ന് നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഈ പഞ്ചായത്തിന്റെ പ്രഥമ വനിതാ പ്രസിഡന്റായി എന്നെ തെരഞ്ഞെടുത്തു. സഹകരിച്ചവരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെ ഇന്നത്തെ ഭരണസമിതിക്ക് ചെയ്യാൻ സാധിച്ച വികസന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം നൽകുവാൻ ആഗ്രഹിക്കുകയാണ്. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് അർഹരായ 40 കുടുംബങ്ങൾക്ക് വീടുകൾ വച്ചു കൊടുക്കുകയുണ്ടായി. വീണ്ടും 21 വീടുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറായി കഴിഞ്ഞു. സോഷ്യോ എക്കണോമിക്ക് യൂണിറ്റിന്റെ സഹായത്താൽ 112 കക്കൂസുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. J.R.Y പദ്ധതി പ്രകാരം 1,10,000 രൂപ എസ്റ്റിമേറ്റ് വരുന്ന കടപ്ര ആയുർവേദാശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. 2,07,000 രൂപ മുടക്കി കരീലമുക്ക്-മീനാറംകുന്ന് റോഡ് ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കി. അൺടൈഡ് ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് 13 റോഡുകൾ സൈഡു കെട്ടിയും അറ്റകുറ്റപ്പണികൾ നടത്തിയും സഞ്ചാര യോഗ്യമാക്കി. V.T.C ഫണ്ട് ഉപയോഗിച്ച് ആന്താലിമൺ-ചേറ്റുതടം റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കി. അൺടൈഡ് ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് പുല്ലാട് മാർക്കറ്റ് റോഡ് കോൺക്രീറ്റ് ചെയ്തു. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ലക്ഷം രൂപ ചെലവു വരുന്ന് പതിനൊന്നു റോഡുകളുടെ പുനരുദ്ധാരണ പണികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കിയതിനുള്ള T.S ലഭിച്ചു കഴിഞ്ഞു. അർഹരായ 73 കുടുംബങ്ങൾക്ക് പുര മേയാൻ ഓലയും, 13 കുടുംബങ്ങൾക്ക് ഓടും കൊടുക്കുന്നതിനു സാധിച്ചു. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിർദ്ധനരായ കുട്ടികൾക്ക് കുട നൽകി സഹായിക്കുന്നതിന് സാധിച്ചു. ജപ്പാൻ ജ്വരത്തിനെതിരായി, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് സൗജന്യ നിരക്കിൽ മരുന്ന് കൊടുക്കന്നതിന് സാധിച്ചു. കൃഷിഭവന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 05-06-96 ൽ എലി നശീകരണ തീവ്രയത്ന പരിപാടി നടത്തി. പേ വിഷ നിർമ്മാർജ്ജനത്തിന്റെ മുന്നോടിയായി അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിപ്പിച്ച് നശിപ്പിച്ചു.

ഈ വർഷവും കേരളോത്സവം സമുചിതമായി കൊണ്ടാടി. വിജയികൾക്ക് സർട്ടിഫിക്കറ്റും ട്രോഫികളും വിതരണം ചെയ്തു. ആർട്ട്സ് വിഭാഗത്തിൽ ബ്ലോക്കു തലത്തിൽ തുടർച്ചയായി കൂടുതൽ പോയിന്റ് ഈ പഞ്ചായത്ത് തന്നെ നേടിക്കൊണ്ടിരിക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി S.S.L.C ക്ക് ഈ പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ജനറൽ വിഭാഗത്തിൽ ഒരു കുട്ടിക്കും, S.C

വിഭാഗത്തിൽ ഒരു കുട്ടിക്കും കാഷ് അവാർഡ് നല്കി അനുമോദിച്ചു. പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം അനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററിന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒന്നാം ഘട്ടത്തിൽ 9568 കുഞ്ഞുങ്ങൾക്കും രണ്ടാം ഘട്ടത്തിൽ 1808 കുഞ്ഞുങ്ങൾക്കും പൾസ് പോളിയോ മരുന്ന് നൽകുകയുണ്ടായി. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ പതിനായിരം വിവിധ ഇനം വൃക്ഷത്തൈകൾ പഞ്ചായത്തിൽ സൗജന്യമായി വിതരണം ചെയ്തു. 17-08-96 ൽ കൃഷി ഡിപ്പാർട്ടുമെന്റിന്റെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ കർഷക ദിനം ആചരിച്ചു. 01-11-96ൽ നടന്ന കർഷകദിനാചരണത്തിൽ തെരഞ്ഞെടുക്കപ്പെട്ട 5 മികച്ച കർഷകരെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി. 'ഓണത്തിനൊരു കുല' എന്ന പ്രോഗ്രാം അനുസരിച്ച് പഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ 17-12-96ൽ SVHS ലെ തെരഞ്ഞെടുക്കപ്പെട്ട 61 വിദ്യാർത്ഥികൾക്ക് 3 വാഴ വിത്തുകൾ വീതം വിതരണം നടത്തി. 1996 നവംബർ 1 ശ്രമദാന ദിനമായി ആഘോഷിച്ചു.

പിന്നിട്ട 15 മാസക്കാലം ഞങ്ങളിൽ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിക്കുവാൻ കഴിഞ്ഞു എന്നുള്ളത് ഞങ്ങൾക്ക് ചാരിതാർത്ഥ്യ ജനകമാണ്. ഈ പ്രവർത്തനങ്ങൾക്ക് ഞങ്ങൾക്കു വേണ്ട താങ്ങും തണലുമായി നിന്ന പഞ്ചായത്ത് സ്റ്റാഫിനും, മറ്റു ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർക്കും അകമഴിഞ്ഞ നന്ദി. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്ന മഹത്തായ യജ്ഞത്തിൽ ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുത്തും, ചർച്ചകൾ നയിച്ചും, വിലയേറിയ ഉപദേശങ്ങൾ തന്നും, രൂപരേഖ തയ്യാറാക്കി തന്നും സഹായ സഹകരണങ്ങൾ നൽകിയ മുഴുവൻ പേരോടുമുള്ള നന്ദി പഞ്ചായത്ത് ഭരണസമിതിക്കു വേണ്ടി രേഖപ്പെടുത്തുന്നു. ഈ പുതിയ സംരംഭത്തിന്റെ പരിസമാപ്തിയിലെത്താൻ ഇനിയും നാം ഒത്തൊരുമിച്ച് വളരെ ദൂരം പിന്നിടേണ്ടിയിരിക്കുന്നു. ആ മഹത്തായ യജ്ഞത്തിന്റെ പൂർത്തീകരണത്തിനു വേണ്ടി നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹാദരങ്ങളോടെ,

**കെ.പി.രാധക്കുട്ടിയമ്മ**
പ്രസിഡന്റ്

## കീ റിസ്സോഴ്സ് പേഴ്സൺ

ശ്രീമതി. മറിയാമ്മ സൈമൺ
ശ്രീ. രാധാകൃഷ്ണൻ

## ജില്ലാ റിസ്സോഴ്സ് പേഴ്സൺ

പ്രൊഫഃ പി. ജി. ചന്ദ്രശേഖരൻ നായർ
പ്രൊഫഃ പി.സി. തോമസ്സ്
ശ്രീ. മാത്യു ഫിലിപ്പ്
ശ്രീ. എം. പി. ജോൺ
ശ്രീ. പി. കെ. കരുണാകരൻ
അഡ്വഃ സി. കെ ശശി
അഡ്വഃ ഷാം കുരുവിള
ശ്രീമതി. നിർമ്മലാ മാത്യൂസ്
ശ്രീ. ജയാജി
ശ്രീ. എൻ. പ്രഭാകരൻ

## പെൻഷൻ-സഹായധനം സംബന്ധിച്ച വിവരങ്ങൾ

വിധവാ പെൻഷൻ 68 എണ്ണം
വികലാംഗ പെൻഷൻ 54
വാർദ്ധക്യകാല പെൻഷൻ 31
കുഷ്ഠരോഗ പെൻഷൻ 2
ക്ഷയരോഗ പെൻഷൻ 3
കാൻസർ പെൻഷൻ 4
കർഷക തൊഴിലാളി പെൻഷൻ 817
തൊഴിലില്ലായ്മ വേതനം 566
ആകെ 1545

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പിലെ അംഗങ്ങൾ

**1 കൃഷി ജലസേചനം**

ശ്രീ. പി.കെ.മാത്യു
ശ്രീ. വറുഗീസ് വി മാത്യു
ശ്രീ. എൻ.പി.മോഹൻദാസ്
ശ്രീ. പൊടിയൻ
ശ്രീ. സി.വി.വറുഗീസ്
ശ്രീ. കെ.എൻ.രാമചന്ദ്രൻ നായർ
ശ്രീ. വറുഗീസ് ജോസഫ്
ശ്രീ. പി.എം.വറുഗീസ്

## 2 മൃഗസംരക്ഷണം മത്സ്യബന്ധനം

ശ്രീ. കെ.ജെ.ജോസഫ്
ശ്രീ. വി.വി.നാരായണൻ
ശ്രീ. എം.എം.തോമസ്സ്
ശ്രീ. ഏബ്രഹാം ഫിലിപ്പോസ്
ശ്രീ. സി.എസ്.ഗോപാലകൃഷ്ണപിള്ള
ശ്രീ. എ.എം.ജോർജ്ജ്
ശ്രീ. സി.വി.ഗോപാലകൃഷ്ണൻ നായർ
ശ്രീ. കെ.ശാമുവൽ ജോൺ
ശ്രീ. കെ.ഒ.രതീഷ് കുമാർ
ശ്രീ. ബേബി തോമസ്സ്
ശ്രീ. സി.ഐ.ജോസഫ്
ശ്രീ. പി.ഐ.തോമസ്സ്
ശ്രീ. പി.എസ്.ഫിലിപ്പ്

## 3 വ്യവസായം

ശ്രീ. പ്രമോദ് കുമാർ
ശ്രീ. മാത്യു സഖറിയ
ശ്രീ. വി.കെ.ചന്ദ്രശേഖരൻ
ശ്രീ. ജോർജ്ജ് തോമസ്സ്
ശ്രീ. പി.കെ.സുരേന്ദ്രൻ

## 4 വിദ്യാഭ്യാസം

ശ്രീ. വി.ജി.ശ്രീധരപ്പണിക്കർ
ശ്രീ. സി.കേശവൻ
ശ്രീ. ഒ.എ.നൈനാൻ
ശ്രീ. തെള്ളിയൂർ ഗോപാലകൃഷ്ണൻ
ശ്രീ. എൻ.കെ.രാമൻ
ശ്രീ. കെ.ചന്ദ്രശേഖരൻ പിള്ള
ശ്രീ. കൃഷ്ണൻ നായർ
ശ്രീ. പി. സി. വേലായുധൻ
ശ്രീ. എൻ. സി. പോൾ
ശ്രീമതി. വി. കെ ജാനകി

## 5 സംസ്കാരം

ശ്രീ. രാധാകൃഷ്ണൻ കെ. റ്റി.
ശ്രീ. സണ്ണി ശാമുവേൽ

ശ്രീ.വി. എൻ ശ്രീധരൻ
ശ്രീ.ജയാജി
ശ്രീ.ഉദയൻ കെ. എൻ
ശ്രീ.ജോർജ്ജ് തോമസ്
ശ്രീ.അനിൽ ബാഷ

## 6 വനിത

. ശ്രീമതി. ചിന്നമ്മ കെ. ആർ
ശ്രീമതി. സുലോചന ശ്രീനിവാസൻ
ശ്രീമതി. അന്നമ്മ തമ്പി
ശ്രീമതി ഭാനുമതി
ശ്രീമതി കാർത്ത്യായിനിയമ്മാൾ
ശ്രീമതി ശാന്തമ്മ സുകുമാരൻ
ശ്രീമതി ഓമന രാജൻ
ശ്രീമതി സരസമ്മ എം കെ
ശ്രീമതി മറിയാമ്മ അനിരുദ്ധൻ
ശ്രീമതി വി കെ ജാനകി
പ്രൊഫഃ എൻ സരളാദേവി

## 7 സഹകരണം

ശ്രീ.ഗോപാലകൃഷ്ണപിള്ള
ശ്രീ.പി എം മാത്യു
ശ്രീ.രാമചന്ദ്രൻ വി. കെ
ശ്രീ.കെ ജെ വർഗീസ്
ശ്രീ.കെ എൻ വറുഗീസ്
ശ്രീ.കെ കെ കരുണാകരൻനായർ
ശ്രീ.കെ സി വറുഗീസ്
ശ്രീ.എം ജി ഗോപിനാഥൻ നായർ
ശ്രീ.കെ കെ പാപ്പി
ശ്രീ.എം ആർ രാഘവൻ

## 8. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ശ്രീ.എൻ പ്രഭാകരൻ
ശ്രീ.വി റ്റി ഗോപാലൻ
ശ്രീ.രാജൻ പി ടി
ശ്രീ.കെ വിജയൻ
ശ്രീ.എ കെ കുഞ്ഞുചെക്കൻ
ശ്രീമതി വത്സലകുമാരി വി

ശ്രീമതി ഓമന എൻ ജി
ശ്രീ.എം കെ ഗോപാലകൃഷ്ണൻ
ശ്രീ.ഗോപിക്കുട്ടൻ എം കെ
ശ്രീ.സി സി കുട്ടപ്പൻ
ശ്രീ.പൊടിയൻ ഉലകൻ
ശ്രീ.പി കെ കരുണാകരൻ

### 9 പാർപ്പിടം സാമൂഹ്യക്ഷേമം

ശ്രീ.വറുഗീസ് ജോർജ്ജ്
ശ്രീ.എം എൻ സുകുമാരൻ
ശ്രീ.കെ സി ജ്വാഷ്വാ
ശ്രീ.അനിൽകുമാർ കെ കെ
ശ്രീ.പി സി കുഞ്ഞച്ചൻ

### 10 ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

ശ്രീ.പി കെ ചന്ദ്രശേഖരപണിക്കർ
ശ്രീ.ജി ഫിലിപ്പോസ്

Type set by : **The Media D.T.P Centre**
9/113, Varayannur P.O, Pullad. ✆ 0473/664622.
Branch
Koithodathu Buildings, Maramon.

# വരാച്ചാൽ ഒരു ദൃശ്യം



